വലിയപറമ്പ ഗ്രാമ പഞ്ചായത്ത്

ജനകീയ ആസൂത്രണം

വികസന റിപ്പോർട്ട് '96

152-10

വലിയപറമ്പ ഗ്രാമ പഞ്ചായത്ത്
ജനകീയ ആസൂത്രണം

വികസന റിപ്പോർട്ട്

വലിയപറമ്പ് ഗ്രാമപഞ്ചായത്ത്

പൊതുവിവരണം

1. പഞ്ചായത്തിന്റെ പേര് : വലിയപറമ്പ് ഗ്രാമപഞ്ചായത്ത്
2. ഉൾപ്പെടുന്ന വില്ലേജുകൾ : പടന്ന, ഉദിനൂർ, തെക്കേ തൃക്കരിപ്പൂർ
3. ബ്ലോക്ക് പഞ്ചായത്ത് : നീലേശ്വരം
4. താലൂക്ക് : ഹോസ്ദുർഗ്ഗ്
5. ജില്ല : കാസർകോട്
6. അസംബ്ലി മണ്ഡലം : തൃക്കരിപ്പൂർ
7. പാർലമെൻറ് മണ്ഡലം : കാസർകോട്
8. അയൽ പഞ്ചായത്തുകൾ : ചെറുവത്തൂർ, പടന്ന, തൃക്കരിപ്പൂർ, രാമന്തളി
9. വിസ്തീർണ്ണം : 16.14 ച.കി.മീ
10. അതിരുകൾ : വടക്ക് നീലേശ്വരം അഴിമുഖം
    : തെക്ക് രാമന്തളി പഞ്ചായത്തിൽപ്പെടുന്ന നേവൽ അക്കാദമി കോമ്പൗണ്ട്
    : കിഴക്ക് തേജസ്വിനിയുടെ ഭാഗമായ വലിയപറമ്പ് പുഴ
    : പടിഞ്ഞാറ് അറബിക്കടൽ
11. ജനസംഖ്യ പുരുഷൻ 7174 സ്ത്രീ 7592 ആകെ 14766
    (അവലംബം സാമൂഹ്യ സാമ്പത്തിക സർവ്വേ 1996)
    ജനസാന്ദ്രത – 915
    സാക്ഷരർ – 13,786
    വാർഡുകളുടെ എണ്ണം– 8 എട്ട്

12. 1995 ഒക്ടോബർ 2 മുതലുള്ള ഭരണസമിതി

പഞ്ചായത്ത് പ്രസിഡണ്ട് : ശ്രീമതി ടി.വി. ഹേമലത
ഇടയിലക്കാട് ഫോൺ : 670813
പി.ഒ. വലിയപറമ്പ 671312

വൈസ് പ്രസിഡണ്ട് : ശ്രി.കെ.പി. അബ്ദുൾ സലാം
: പി.ഒ. വലിയപറമ്പ്. 671312
ഫോൺ: 670691

സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ : ശ്രീ. ഉസ്മാൻ പാണ്ട്യാല
പന്ത്രണ്ടിൽ, പാണ്ട്യാല ഹൗസ്
പി.ഒ. മാവിലാക്കടപ്പുറം 671344
ഫോൺ : 780280 + 760434

നിലവിലുള്ള ഭരണസമിതി

പേര്	സ്ഥാനം	വാർഡ് നമ്പർ
1. ശ്രീമതി ടി.വി. ഹേമലത	പ്രസിഡണ്ട്	3
2. ശ്രീ. കെ. പി. അബ്ദുൾസലാം	വൈസ് പ്രസിഡണ്ട്	4
3. ശ്രീ ഉസ്മാൻ പാണ്ട്യാല	സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	6
4. ശ്രീ. എം. ഗോപാലൻ	മെമ്പർ	1
5. ശ്രീ. എ. കുഞ്ഞികൃഷ്ണൻ മാസ്റ്റർ	"	2
6. ശ്രീമതി. പി.വി. കാർത്യായനി	"	5
7. ശ്രീ.ഇ.കെ. അഹമ്മദ് കുഞ്ഞി	"	7
8. കുമാരി. എം.ടി.പി. സഫൂറ	"	8

പഞ്ചായത്ത് രൂപീകരണത്തിനു മുൻപ്, തൃക്കരിപ്പൂർ, പടന്ന പഞ്ചായത്തുകളിൽ ഉൾപ്പെട്ടിരുന്ന കാലത്ത് പ്രദേശത്തെ പ്രതിനിധീകരിച്ചവർ.

1. ശ്രീ.വി. കുഞ്ഞിരാമൻ – ഇടയിലക്കാട്
2. ശ്രീ. എം.കെ ഇബ്രാഹിം ഹാജി, മാവിലാക്കടപ്പുറം പടന്ന പഞ്ചായത്ത് 1,2,3,
3. ശ്രീ. കെ.വി. ഗോപാലൻ – പടന്നക്കടപ്പുറം വാർഡുപ്രതിനിധികൾ
4. ശ്രീ. ടി. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ പഞ്ചായത്ത് പ്രതിനിധി)

പഞ്ചായത്ത് രൂപീകൃതമായപ്പോൾ 1978–ൽ നോമിനേറ്റ് ചെയ്ത് രൂപീകൃതമായ ഭരണസമിതി

1. പ്രസിഡണ്ട്. ശ്രീ.കെ. മമ്മുഹാജി (ഗവ: നോമിനി)
2. വൈസ് പ്രസിഡണ്ട്. ശ്രീ. കെ.വി. ഗംഗാധരൻ (" ")
3. മെമ്പർമാർ ശ്രീമതി കെ.പി. കുഞ്ഞായിഷ (" ")
4. " ശ്രീ. കെ. കുഞ്ഞികൃഷ്ണൻ (" ")

പടന്ന പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരുന്ന പ്രതിനിധികൾ

5. മെമ്പർമാർ ശ്രീ. വി. കുഞ്ഞിരാമൻ
6. " ശ്രീ. എം. കെ. ഇബ്രാഹിം ഹാജി
7. " ശ്രീ. കെ.വി. ഗോപാലൻ

തൃക്കരിപ്പൂർ പഞ്ചായത്ത് പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടവർ

8 മെമ്പർമാർ ശ്രീ. ടി. കുഞ്ഞിരാമൻ

1996 ഒക്ടോബർ 2 മുതൽ നിലവിലുള്ള ഭരണസമിതി



ശ്രീമതി. ടി.വി.ഹേമലത
ഇടയിലക്കാട്
പ്രസിഡണ്ട്
ഫോൺ : 780276
(മൂന്നാം വാർഡ്)



ശ്രീ. കെ.പി. അബ്ദുൽ സലാം
വലിയപറമ്പ്
വൈസ് പ്രസിഡണ്ട്
ഫോൺ : 670691
(നാലാം വാർഡ്)



ശ്രീ. ഉസ്മാൻ പാണ്ട്യാല
സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർമാൻ
ഫോൺ: 780280, 760434
(ആറാം വാർഡ്)



ശ്രീ. എം. ഗോപാലൻ
ഇടയിലക്കാട്
(ഒന്നാംവാർഡ്)



ശ്രീ. എ. കുഞ്ഞികൃഷ്ണൻ
ഉദിനൂർ കടപ്പുറം
(രണ്ടാം വാർഡ്)



ശ്രീ.ഇ.കെ. അഹമ്മദ് കുഞ്ഞി
മാവിലാകടപ്പുറം
ഫോൺ:780216
(ഏഴാം വാർഡ്)

കുമാരി.എം.ടി.പി.സഫൂറ
(ബി.എ.,ബി.എഡ്)
മാവിലാകടപ്പുറം, ഫോൺ : 780190
(എട്ടാം വാർഡ്)

ശ്രീമതി.പി.വി കാർത്യായനി
പടന്നക്കടപ്പുറം
(അഞ്ചാം വാർഡ്)

1978-ൽ പഞ്ചായത്ത് നിലവിൽ വന്നതുമുതൽ പ്രസിഡണ്ട് പദം അലങ്കരിച്ചവർ



ശ്രീ. കെ. മമ്മുഹാജി
മാവിലാകടപ്പുറം
സ്ഥാപക പ്രസിഡണ്ട്.



പി.കെ. അബ്ദുൽ ഗഫൂർ ഹാജി
വലിയപറമ്പ്
22-3-83 6-2-88

ശ്രീ. കെ.വി. ഗംഗാധരൻ
ഉദിനൂർ കടപ്പുറം
7-2-88 30-9-95



ശ്രീ. സി.വി. കണ്ണൻ
വലിയപറമ്പ്
17-9-80 21-3-83



ശ്രീ. എം.സി. മെഹ്റൂഫ്
ചെയർമാൻ
വികസന സ്റ്റാൻഡിംഗ് കമ്മിറ്റി
ജില്ലാ പഞ്ചായത്ത്

ശ്രീമതി. പി. ശ്യാമള
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ
വലിയപറമ്പ് ഗ്രാമ പഞ്ചായത്ത്

17 – 9 – 1980 മുതൽ 21 – 3 – 83 വരെ നിലവിലിരുന്ന ഭരണസമിതി

പ്രസിഡണ്ട്	ശ്രീ. സി.വി. കണ്ണൻ വലിയപറമ്പ്	വാർഡ്	4
വൈസ് പ്രസിഡണ്ട്	ശ്രീമതി. കെ.വി. നളിനി കന്നുവീട് കടപ്പുറം	വാർഡ്	1
മെമ്പർമാർ	ശ്രീ. കെ.പി. ബാലൻ തൃക്കരിപ്പൂർ കടപ്പുറം	വാർഡ്	2
"	ശ്രീ. കെ.വി. ഗംഗാധരൻ ഉദിനൂർ കടപ്പുറം	വാർഡ്	3
"	ശ്രീ. കെ.പി. അബൂബക്കർ	"	5
"	" പി.കെ.അബ്ദുൾഗഫൂർഹാജി	"	6
"	" കെ. മമ്മുഹാജി	"	7
"	" കെ. ചന്ദ്രൻ	"	8

ഭരണമാറ്റത്തിലൂടെ നേതൃത്വമാറ്റത്തെ തുടർന്ന് ശ്രീ.പി.കെ. അബ്ദുൾഗഫൂർഹാജി (പ്രസിഡണ്ട്) ശ്രീമതി. കെ.വി. നളിനി (വൈസ്. പ്രസിഡണ്ട്) ആയി മേൽപറഞ്ഞ ഭരണസമിതി 22 – 3 – 83 മുതൽ 6–2–88 വരെ ഭരണം നിർവ്വഹിച്ചു.

6–2–1988 മുതൽ 30–9–1995 വരെ ഭരണസമിതി

പ്രസിഡണ്ട്	ശ്രീ. കെ.വി. ഗംഗാധരൻ ഉദിനൂർ കടപ്പുറം	വാർഡ്	3
വൈസ് പ്രസിഡണ്ട്	" ഇ.കെ. അഹമ്മദ്കുഞ്ഞി മാവിലാക്കടപ്പുറം	"	6
മെമ്പർമാർ	ശ്രീമതി. പി.വി. ശാരദ ഇടയിലക്കാട്	"	1
"	ശ്രീ. കെ.പി. ബാലൻ തൃക്കരിപ്പൂർ കടപ്പുറം	"	2
"	" വി. ശ്രീധരൻ ഇടയിലക്കാട്	"	4
"	" കെ.വി.രാമൻ.പടന്നക്കടപ്പുറം	"	5
"	" കെ.പി. കുഞ്ഞായിഷ വലിയപറമ്പ്	"	7
"	" പി. ലക്ഷ്മണൻ മാവിലാക്കടപ്പുറം	"	8

വികസനറിപ്പോർട്ട് തയ്യാറാക്കിയവർ

ശ്രീമാൻമാർ

1. വി.എം. ബാലൻ മാസ്റ്റർ, പടന്നക്കടപ്പുറം ഡി.ആർ.പി. കൺവീനർ
2. ടി.കെ.പി റഹൂഫ് മാസ്റ്റർ, വലിയപറമ്പ് "
3. എം.കെ. മധുസൂദനൻ, ഇടയിലക്കാട് "
4. പി.പി. മോഹനൻ, തൃക്കരിപ്പൂർ കടപ്പുറം "
5. എം. ഭരതൻ " " "
6. കെ.പി. കുഞ്ഞിപ്പാത്തുമ്മ ടീച്ചർ " "
7. കെ. ഗംഗാധരൻ പഞ്ചായത്ത് സെക്രട്ടറി വലിയപറമ്പ്
8. കെ.വി. മോഹനൻ " യു.ഡി.സി
9. ടി.പി. ഹരിദാസ് " എൽ.ഡി.സി
10. കെ. ബാലകൃഷ്ണൻ കൃഷി അസിസ്റ്റൻറ് കൃഷിഭവൻ വലിയപറമ്പ്
11. പി. വിജയകുമാർ വി.ഇ.ഒ. വലിയപറമ്പ്
12. പി.കെ. രവി പടന്നക്കടപ്പുറം സഹകരണസംഘം സെക്രട്ടറി
13. പി. നാരായണൻ. ഹെൽത്ത് ഇൻസ്പെക്ടർ, വലിയപറമ്പ്
14. ഇയ്യക്കാട്ട് രാഘവൻ മാസ്റ്റർ, വലിയപറമ്പ്
15. സി. കുമാരൻ മാസ്റ്റർ "
16. കെ. നാരായണൻ, പോസ്റ്റ് മാസ്റ്റർ, വലിയപറമ്പ്
17. കെ. സുകുമാരൻ മാസ്റ്റർ ഇയ്യക്കാട്
18. എം. ജിതേഷ് തൃക്കരിപ്പൂർ കടപ്പുറം
19. എം. അശോകൻ "
20. അനിൽ മാസ്റ്റർ, എ.എൽ.പി.എസ്. ഇടയിലെക്കാട്
21. കെ.വി. വിജയൻ. വടക്കേക്കാട്
22. കുളങ്ങര പ്രഭാകരൻ വലിയപറമ്പ്
23. ഇ.കെ. മോഹനൻ "
24. ഖാദർ പാണ്ട്യാല പന്ത്രണ്ടിൽ
25. ടി.പി. അബ്ദുൾ നാസർ "

ചരിത്ര വസ്തുതകൾ ശേഖരിച്ചു നൽകിയവർ

1. പി.കെ. അബ്ദുൾ ഗഫൂർ ഹാജി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട്
2. ശ്രീ. സി.വി. കണ്ണൻ വലിയപറമ്പ് മുൻ പഞ്ചായത്ത് പ്രസിഡണ്ട്
3. " ഉസ്മാൻ പാണ്ട്യാല (സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)
4. " വി. കുഞ്ഞിരാമൻ ഇടയിലെക്കാട് (മുൻ പഞ്ചായത്ത് മെമ്പർ)
5. " എ. കുഞ്ഞികൃഷ്ണൻ നായർ (പഞ്ചായത്ത് മെമ്പർ)

വിഷയ വിവരം

ആമുഖം

ചരിത്രം

ഭൂപ്രകൃതി – ജനപ്രകൃതി – ജൈവപ്രകൃതി

സാമൂഹ്യ സാമ്പത്തിക മേഖലകൾ

1. കൃഷി
2. മൃഗസംരക്ഷണം -മത്സ്യബന്ധനം
3. വ്യവസായം
4. വിദ്യാഭ്യാസം
5. കുടിവെള്ളവും പൊതുജനാരോഗ്യവും
6. ഗതാഗതം - ഊർജ്ജം - മാർക്കറ്റ്
7. സഹകരണം
8. സാമൂഹ്യക്ഷേമം - പാർപ്പിടം
9. സംസ്കാരം
10. വനിതാക്ഷേമം
11. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
12. വിഭവ സമാഹരണം

ആമുഖം

ജനലക്ഷങ്ങളുടെ ജീവത്യാഗത്തിലൂടെ, ഭാരതമാതാവിനെ വരിഞ്ഞുമുറുക്കിയ കൊളോണിയൽ നുകം തകർത്തെറിഞ്ഞിട്ട് 50 വർഷം പിന്നിടുന്നു. എട്ടാം പഞ്ചവത്സര പദ്ധതി ഈ വരുന്ന മാർച്ചിൽ അവസാനിക്കുന്നു. സ്വാതന്ത്ര്യലബ്ധി മുതൽ ആസൂത്രിതമായി സാമ്പത്തികവളർച്ച കൈവരിക്കുന്നതിനാണ് നമ്മൾ ശ്രമിച്ചുകൊണ്ടിരുന്നത്. ഇതിന്റെ ഫലമായി പല നേട്ടങ്ങളും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ നാം തുടർന്നു വന്ന ആസൂത്രണ സമ്പ്രദായത്തിന് പല അടിസ്ഥാന വൈകല്യങ്ങളുമുണ്ടായിരുന്നുവെന്ന് അനുഭവങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു.

വികസന പദ്ധതികൾ സംബന്ധിച്ച കാര്യങ്ങളെല്ലാം ആദ്യം കേന്ദ്രത്തിലും തുടർന്ന് സംസ്ഥാനതലസ്ഥാനത്തും തീരുമാനങ്ങളെടുത്ത് വിവിധ വകുപ്പുകൾ വഴി നടപ്പാക്കുകയാണ് ചെയ്തത്. ഈ അതിരു കവിഞ്ഞ കേന്ദ്രീകരണം മൂലം ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്കോ ജനകീയാവശ്യങ്ങൾക്കോ അനുസൃതമായ സ്കീമുകളല്ല പദ്ധതിയുടെ ഭാഗമായി യഥാർത്ഥത്തിൽ നടപ്പാക്കപ്പെട്ടത്.

ആസൂത്രണം അതിന്റെ പ്രയോഗത്തിൽ വിവിധ വകുപ്പുകളുടെ പരസ്പര ബന്ധമില്ലാത്ത സ്കീമുകൾ തയ്യാറാക്കലായി അധഃപതിച്ചു. സ്ഥല-ജല വിഭവങ്ങളുടെ സാദ്ധ്യതകളേയും അവയുടെ വിനിയോഗ പ്രവർത്തനങ്ങളേയും സമഗ്രമായി കണ്ടു പരിപാടികൾ തയ്യാറാക്കുന്നതിനു പകരം ഡിപ്പാർട്ടുമെന്റലിസമായി തീർന്നു ഇന്ത്യൻ ആസൂത്രണത്തിന്റെ മുഖമുദ്ര. പദ്ധതികളുടെ ആസൂത്രണത്തിലോ നിർവ്വഹണത്തിലോ ജനപങ്കാളിത്തമുണ്ടായിരുന്നില്ല. തന്മൂലം പദ്ധതിപ്രവർത്തനം ജനങ്ങളിൽ നിന്ന് അന്യവൽക്കരിക്കപ്പെട്ടു. ഇതു പ്രാദേശികമായ വിഭവ സമാഹരണ സാദ്ധ്യതകളെ ഇല്ലാതാക്കി. നടത്തിപ്പിന്റെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിച്ചു.

കേരളം ഇന്ന് അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. കാർഷികമേഖല പ്രതീക്ഷകൾക്കൊപ്പം വളരുന്നില്ല. വ്യവസായ മേഖല മുരടിച്ചു നിൽക്കുന്നു. തന്മൂലം തൊഴിലില്ലായ്മ പെരുകുന്നു. സേവന മേഖലകളുടെ നിലവാരത്തകർച്ച ജനജീവിതത്തെ ബാധിച്ചിരിക്കുന്നു. വൈദ്യുതി ക്ഷാമം നിലവിലുള്ള വ്യവസായങ്ങളുടെ പോലും നടത്തിപ്പിനെ അവതാളത്തിലാക്കിയിരിക്കയാണ്. അതോടൊപ്പം കേരളത്തിലെ കാർഷിക-ചെറുകിട വ്യവസായ മേഖലകളുടെ ഉല്പാദനവും ഉല്പാദന ക്ഷമതയും ഉയർത്തുകയും സേവനത്തുറകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും വേണം.

കേരളത്തിന്റെ ഒമ്പതാം പദ്ധതി ജനപങ്കാളിത്തത്തോടു കൂടി ആവിഷ്കരിക്കുന്നതിനുവേണ്ടിയാണ് സംസ്ഥാന സർക്കാരും ആസൂത്രണബോർഡും ചേർന്ന് ജനകീയാസൂത്രണപ്രസ്ഥാനത്തിന് രൂപം കൊടുത്തിട്ടുള്ളത്. വികസന പദ്ധതികൾ കേന്ദ്രത്തിലും സംസ്ഥാനതലത്തിലും തീരുമാനമെടുത്ത് നടപ്പിലാക്കുന്ന പതിവിൽ നിന്നും വ്യത്യസ്തമായി ഒമ്പതാം പദ്ധതിയുടെ 30 -40 ശതമാനത്തിന്റെ ആസൂത്രണവും നടത്തിപ്പും പഞ്ചായത്തുകളേയും നഗരസഭകളേയും ഏല്പിക്കുന്നതിനാണ് തീരുമാനം. മനുഷ്യവിഭവവർദ്ധനം വർദ്ധിതോതിൽ വിഭവസമാഹരണം നടത്തി പ്രാദേശിക തലത്തിൽ സന്തുലിത വികസനം ഉറപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം.

ആസൂത്രണ ചരിത്രത്തിൽ പുതിയ ഒരു അദ്ധ്യായം എഴുതിച്ചേർത്തുകൊണ്ട് വമ്പിച്ച സാമൂഹിക മുന്നേറ്റത്തിന് കളമൊരുക്കുകയാണ്. വികസനമെന്നാൽ മുകൾത്തട്ടിൽ നിന്ന് ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട പ്രക്രിയയാണെന്ന മാമൂൽ ധാരണ തിരുത്തിക്കുറിക്കപ്പെടുന്നു. ജനങ്ങൾ. തങ്ങൾക്കു വേണ്ടതെന്തെന്ന് തിരിച്ചറിഞ്ഞ് ആവശ്യപ്പെടാനും പരിഹാരമാർഗ്ഗങ്ങൾ കൂട്ടായ ിർച്ചചെയ്ത് കണ്ടെത്താനും അങ്ങനെ പുതിയൊരു വികസന സംസ്കാരത്തിന് രൂപം കൊടുക്കാനുമുള്ള പരിശ്രമം. ആസൂത്രണവും നടത്തിപ്പും ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് കൈകാര്യംചെയ്യുന്ന വിഷയങ്ങളായി മാറുന്നു.

ഇതേവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ വൈകല്യങ്ങൾ ഇല്ലാതാക്കാൻ ആസൂത്രണം സമഗ്രവും ജനപങ്കാളിത്തപരവും വികേന്ദ്രീകൃതവുമാകണം. അത് ഗ്രാമപഞ്ചായത്ത് തലത്തിൽ നിന്നും ആരംഭിക്കണം. എല്ലാ കാര്യങ്ങളും പഞ്ചായത്തിൽ വെച്ച് തീരുമാനിക്കാനാവില്ല. എന്നാൽ എന്തെല്ലാം കാര്യങ്ങൾ തീരുമാനമെടുത്ത് നടപ്പിലാക്കാൻ കഴിയുമോ അവയെല്ലാം ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്കു ലഭിക്കണം. വലിയ ഉത്തരവാദിത്തമാണ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പോകുന്നത്. ചെയ്തു ശീലമില്ലാത്ത കാര്യമാണ് നമ്മൾ ചെയ്യാൻ പോകുന്നത്. മാമൂൽ വിട്ട് ചിന്തിക്കുവാനും പ്രയത്നിക്കുവാനും തയ്യാറാവണം. അതിവിപുലമായ തോതിൽ ജനങ്ങളെ അണിനിരത്തികൊണ്ടുവേണം ഈ കടമ നിർവ്വഹിക്കാൻ. ഈ ലക്ഷ്യം മുൻനിർത്തികൊണ്ടാണ് കേരള സർക്കാർ ജനകീയാസൂത്രണപ്രസ്ഥാനത്തിന് രൂപം നൽകിയിരിക്കുന്നത്.

വലിയപറമ്പ ഗ്രാമ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പ്രവർത്തനം ആരംഭിക്കുന്നത് സർക്കാരിന്റെ അറിയിപ്പുകൾ വന്നതിനു ശേഷം മാത്രമാണ്. ഇതിന്റെ ഭാഗമായി ഒട്ടേറെ പ്രവർത്തനങ്ങൾ നടന്നു. ഏത് പ്രവർത്തനവും ഏറ്റെടുക്കുവാൻ കഴിവുള്ള സന്നദ്ധ പ്രവർത്തകർ പഞ്ചായത്തിലുണ്ട്. എട്ടു വാർഡുകളിലായി നടന്ന വിശേഷാൽ ഗ്രാമസഭയിലൂടെ പ്രശ്ന. പരിഹാര. നിർദ്ദേശങ്ങളുടെ ക്രോഡീകരണം. രണ്ട് ഘട്ടങ്ങളിലായി നടന്ന ജില്ലാതല പഞ്ചായത്തുതല പരിശീലനങ്ങൾ. പ്രൊജക്ട്. പെക്കേജിംഗ് ഡാറ്റ കലക്ഷൻ. ഭൂപ്രകൃതി.ജലപ്രകൃതി. ജനപ്രകൃതി സർവ്വേക്കു വേണ്ടിയുള്ള പഠനപര്യടനം. സാമൂഹ്യസാമ്പത്തിക സർവ്വേ. അതിന്റെ ക്രോഡീകരണം തുടർന്ന് ഈ റിപ്പോർട്ട് എഴുതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ തുടങ്ങി നിരവധി പ്രവർത്തനങ്ങളിൽ ധാരാളം സന്നദ്ധ പ്രവർത്തകർ പങ്കെടുത്തു.

പരാധീനതകൾ പലതുണ്ടെങ്കിലും സഹകരണ മനോഭാവം ഏറെയുള്ള പ്രവർത്തകരുടെ നിസ്വാർത്ഥമായ സേവനങ്ങൾ ഈ പ്രവർത്തനങ്ങളുടെ പന്ഥാവ് സുഗമമാക്കിത്തീർക്കാൻ സഹായിച്ചു. ജനകീയാസൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാക്കാൻ. ചരിത്രത്തിന്റെ വർത്തമാനദശാസന്ധി നമ്മെ വെല്ലുവിളിക്കുകയാണ്. ഈ വെല്ലുവിളി നേരിടാനുള്ള അവസരമിതാ കൈവന്നിരിക്കുന്നു. വലിയപറമ്പ ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണം ഏറെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും എന്ന പ്രത്യാശ തങ്ങൾക്കുണ്ട്. നമ്മുടെ ബഹുജനരാഷ്ട്രീയ ബോധത്തിന്റെയും സന്നദ്ധ സേവന തൃഷ്ണയുടെയും അടിത്തറയിൽ. മുൻകാലസേവകരുടെ ഉത്തമപരസ്പരസംഭാവനകളിൽനിന്ന് ഊർജ്ജവും പ്രചോദനവും ഉൾക്കൊണ്ട്. ബഹുജനശക്തിയെ തുറന്ന് വിട്ട് കൊണ്ട് ജനകീയാസൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാക്കാൻ അവസരം കൈവന്നതിലുള്ള ആഹ്ലാദത്തോടെ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനരേഖയുടെ ചരിത്രയാഥാർത്ഥ്യമാക്കാനുള്ള മഹായത്നത്തിൽ ഇന്നുതന്നെ പങ്കുചേരാനുള്ള പ്രതിജ്ഞ ദൃഢനിശ്ചയത്തോടെ നമുക്ക് സ്വീകരിക്കാം.

സാമൂഹിക-സാംസ്ക്കാരിക ചരിത്രം

കേരളപ്പിറവിക്ക് മുമ്പ് വലിയപറമ്പ് ഗ്രാമപഞ്ചായത്ത് പ്രദേശം മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായി തെക്കൻ കർണ്ണാടക ജില്ലയിൽ ഉൾപ്പെട്ടതായിരുന്നു. പടന്ന, ഉദിനൂർ ഗ്രാമങ്ങളിൽ വടക്കൻ പ്രദേശങ്ങൾ ഉൾക്കൊണ്ടും, തെക്കേ തൃക്കരിപ്പൂർ ഗ്രാമത്തിൽ തെക്കൻ പ്രദേശങ്ങൾ ഉൾക്കൊണ്ടും നിലനിന്നു. പഞ്ചായത്തിന്റെ വടക്കൻ ഭാഗത്ത് നിന്ന് തെക്കോട്ട് ഒരിയര, മാവിലാക്കടപ്പുറം, മാവിലാക്കടപ്പുറം പന്ത്രണ്ട്, പടന്ന പന്ത്രണ്ട്, ബീച്ചാർ കടപ്പുറം, പടന്നക്കടപ്പുറം, പട്ടേൽക്കടപ്പുറം, വലിയപറമ്പ് തുടങ്ങിയ പടന്ന പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്ന പ്രദേശങ്ങൾ പ്രധാനമായും തെക്കേക്കോളയത്ത് പാറക്കടവ്, ഉദിനൂർ കല്ല് കെട്ടിയപുര, പാണ്ട്യാലക്കടവ്, വടക്കേക്കോളയത്ത് പാറക്കടവ്, തായലെ മാളിക, മാടാപ്പുറം, കുന്നത്ത് എന്നീ തറവാട്ടുകാരായ മുസ്ലീം ജന്മിമാരുടെ കൈവശമായിരുന്നു. ഇടയിലക്കാട് തളങ്കര തറവാട്ടുകാരായ ജന്മിയുടെ കൈവശവും.

കുന്നുവീടുകടപ്പുറം, തയ്യിൽനോർത്ത് കടപ്പുറം, തയ്യിൽ സൗത്ത് കടപ്പുറം, പൂച്ചാൽ കടപ്പുറം, മാടക്കാൽ ദ്വീപ് എന്നിവ ഉടുമ്പുന്തല പ്രദേശക്കാരായ മുസ്ലീം ജന്മിമാരുടെ കൈവശമായിരുന്നു. വളരെ പഴയകാലത്ത് മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് തൃക്കരിപ്പൂർ രാമന്തളി പ്രദേശങ്ങളിൽ നിന്ന് പഞ്ചായത്തിന്റെ തെക്കൻഭാഗങ്ങളിൽ കുടിയേറിയവർ കുടിൽ കെട്ടി താമസം തുടങ്ങിയെന്നും ക്രമേണ അവരുടെ സന്തതി പരമ്പരകൾ സ്ഥിരവാസം ആരംഭിച്ചുവെന്നും വയോവൃദ്ധരുടെ സംഭാഷണങ്ങളിൽ നിന്നും മനസിലാകുന്നു. ഇതിന് ബലം നൽകുന്ന വിധം മുക്കുവക്കുടുംബങ്ങൾ ഇപ്പോഴുണ്ട് തുടർന്ന് 1930-കളിൽ റവന്യൂസെറ്റിൽമെൻറ് പ്രവർത്തനകാലത്ത് മേൽപറഞ്ഞ ജന്മിമാരുടെ ഉടമസ്ഥതയിലേക്കെത്തിച്ചേർന്നതാണെന്നും അറിയപ്പെടുന്നു. അക്രമങ്ങളും അടിച്ചമർത്തലുകളും ഇതര പ്രദേശങ്ങളിലെന്നപോലെ ഈ പ്രദേശത്തും ഉണ്ടായിരുന്നു. അതിനെതിരെ ശക്തിയുക്തം പ്രതിഷേധിച്ച കർഷകരും ഒട്ടനവധിയുണ്ടായിരുന്നു..

1942ലെ ബ്രിട്ടീഷ് ഭരണകാലത്ത് തീരദേശസംരക്ഷണത്തിന് വലിയപറമ്പ് ആസ്ഥാനമായി ഒരു പോലീസ് പിക്കറ്റ് സ്ഥാപിക്കപ്പെട്ടിരുന്നു. ഇന്നത്തെ വലിയപറമ്പ്. എ.എൽ.പി. സ്ക്കൂളിന് സമീപത്തായിരുന്നു അത്. ചന്തേര പോലീസ് സ്റ്റേഷനിലെ ഒരുപോലീസ് ഉദ്യോഗസ്ഥനും ഡിഫൻസ് വളണ്ടിയർമാരായി നാട്ടുകാരായ പി.കെ. മുഹമ്മദ് കുഞ്ഞി, കെ.പി. അപ്പു നാല്പാടി, ടി.കെ. ഹൈദർ,കെ.പി. അബ്ദുള്ള, പോലീസ് അബ്ദുൾ റഹിമാൻ, കെ. കുഞ്ഞമ്പു, കുഞ്ഞപ്പു, ടി.വി, അമ്പാടി കുന്നുവീട് എന്നിവരടങ്ങുന്ന സംഘമായിരുന്നു പ്രവർത്തകർ. ഇവരിൽ ശ്രീ. ടി.വി. അമ്പാടി ഇന്നും ജീവിച്ചിരിക്കുന്നു.

1943-ൽ ജപ്പാൻ കാരായ നാലുപേർ പാതിരാസമയത്ത് റബ്ബർബോട്ടിൽ തൃക്കരിപ്പൂർ കടപ്പുറത്ത് കടൽ മാർഗ്ഗം എത്തിച്ചേർന്നുവെന്നും, പ്രസ്തുതവിവരം ഡിഫൻസ് വളണ്ടിയർമാർ സ്റ്റേഷനിൽ

അറിയിച്ചുവെന്നും, അവരെ ഒലവക്കോട് വെച്ച് പിടികൂടിയെന്നും രേഖയില്ലാത്ത ചരിത്രസംഭവമായി തലമുറകൾ കൈമാറുന്നു.

സ്ഥലനാമ ചരിത്രം

വലിയപറമ്പ് :- പഞ്ചായത്തിന്റെ പേരായി ഇന്നറിയപ്പെടുന്ന ഇതിന്റെ പിന്നിൽ ഉള്ള കേട്ടുകേൾവിയിതാണ്. ഇവിടെയുള്ള വലിയപറമ്പ് എ.എൽ.പി.എസ്. -ന്റെ തോട്ടടുത്തായി വളരെ പഴയ കാലം മുതൽ നിലനിന്നുവന്ന ഒരു ജുമാഅത്ത് പള്ളിയുണ്ട്. പള്ളിയെയും സ്ക്കൂളിനെയും തൊട്ട് പരിസരത്ത് വിസ്തൃതമായ നെൽപാടവുമുണ്ടായിരുന്നു. പാടത്തിനു നടുവിലൂടെ സ്ക്കൂളിനെയും പള്ളിയെയും ബന്ധിപ്പിക്കുന്ന വലിയ ഒരു വരമ്പ് അന്നുണ്ടായിരുന്ന ഈ 'വലിയ വരമ്പ്' ക്രമേണ വലിയപറമ്പ്' എന്നായിത്തീർന്നതാണെന്ന് അനുമാനിക്കപ്പെടുന്നു.

മണിയമ്മാട്

ഇടയിലക്കാട് പ്രദേശത്തിന്റെ വടക്കുകിഴക്കുഭാഗം മണിയമ്മാട് എന്നാണറിയപ്പെടുന്നത്. ഇതിനെപ്പറ്റിയുള്ള കഥയിങ്ങനെ പോകുന്നു. ഇടയിലക്കാട് ദ്വീപ് പഴയകാലത്ത് ഉദിനൂർ കോവിലകം ദേവസ്വം വകയായിരുന്നു. അതുകൊണ്ടുതന്നെ ക്ഷേത്രപാലകൻ ഈ പ്രദേശത്ത് സന്ദർശനം നടത്താറുണ്ടായിരുന്നുവെന്നും ഉദിനൂരിലേക്ക് ദേവന് എഴുന്നള്ളുവാൻ ദേവഗണങ്ങൾ 'മണിപ്പീഠം' തീർത്ത് പുഴകടത്താറുണ്ടായിരുന്നുവെന്നും പഠയപ്പെടുന്നു. ആ പേരിൽ നിന്ന് 'മണിയമ്മാട്' ഉത്ഭവിച്ചുവെന്നും ഐതീഹ്യമായി നിലനിൽക്കുന്നു.

വലി വന്നു ഒരിയരയായി

വലിയപറമ്പ ഗ്രാമപഞ്ചായത്തിൽ വടക്കേ അറ്റമായ മാവിലാക്കടപ്പുറം ഒരിയര അഴിമുഖത്ത് വർഷങ്ങൾക്കു മുമ്പ് ഒരു വലിയ്യ് (മുസ്ലീം മതാചാരങ്ങളിൽ ശ്രേഷ്ഠനായ വ്യക്തി) യുടെ മയ്യിത്ത് വന്ന് അടുക്കുകയുണ്ടായി.

തൃക്കരിപ്പൂർ വെള്ളാപ്പിലെ ഒരു പ്രമുഖ മുസ്ലീം കുടുംബത്തിലെ ഒരു അംഗമായിരുന്നു പ്രസ്തുത വ്യക്തി എന്ന് പഴമക്കാർ പറയുന്നു. മയ്യിത്ത് കടൽതീരത്തു വന്ന് അടുക്കുകയും മതാചാരപ്രകാരം മയ്യിത്ത് മറമാടുകയും മറമാടിയതിനുശേഷം പലതരം അത്ഭുതങ്ങൾ കണ്ടു തുടങ്ങിയപ്പോൾ അവിടെ ഒരു ചെറിയ പള്ളി പണിയുകയും ചെയ്തു.

ഏകദേശം പ്രസ്തുതസ്ഥലം ഇന്നത്തെ നീലേശ്വരം പഞ്ചായത്തിൽപ്പെട്ട അഴിമുഖം വരെ വ്യാപിച്ചു കിടന്ന പ്രദേശമായിരുന്നു ഇത്. എന്നാൽ പ്രസ്തുത പ്രദേശത്ത് വർഷങ്ങളോളം തുടർച്ചയായ കടലാക്രമണത്തിൽ പള്ളിയുടെ മതിലുകൾ വരെ തിരമാലകൾ ശക്തിയായി അടിക്കാറുണ്ട്.

കടലാക്രമണം ശക്തിപ്പെട്ടു തുടങ്ങിയപ്പോൾ പള്ളിയുടെ തൊട്ടടുത്തുകൂടി കുത്തി ഒലിക്കുകയും അത് വഴി ഒരു ഒഴുക്ക് ഉണ്ടാവുകയും ചെയ്തു. അന്ന് പടന്ന പഞ്ചായത്തിന്റെ ഒരു ഭാഗമായിരുന്ന പ്രസ്തുത പ്രദേശം കുത്തി ഒലിപ്പിലൂടെ രണ്ടായി മുറിയുകയും ഒരു ഭാഗം നമ്മുടെ പ്രദേശത്ത് നിന്ന് വിട്ട് പോവുകയും ചെയ്തു. എന്നാലും പ്രസ്തുത പ്രദേശത്തുള്ള ധാരാളം ജനങ്ങളുടെ വീടുകളും ഇന്ന് പടന്ന പഞ്ചായത്തിന്റെ ഭാഗം തന്നെയാണ്. ഏകദേശം 50-ഓളം കുടുംബങ്ങൾ നീലേശ്വരം പഞ്ചായത്തുമായി തൊട്ടടുത്താണെങ്കിലും പടന്ന പഞ്ചായത്തിന്റെ ഒന്നാം വാർഡിൽ പ്രസ്തുത പ്രദേശം ഉൾപ്പെടുന്നു.

നേരത്തെ പറഞ്ഞ വലിയുടെ ഖബറിടവും പള്ളിയും കുത്തി ഒലിച്ചു പോയെങ്കിലും വർഷങ്ങൾ നൂറിലധികം കഴിഞ്ഞിട്ടും ഇന്നും തൈക്കടപ്പുറം അഴിത്തലയിൽ പ്രസ്തുത പള്ളിയുടെ അവശിഷ്ടങ്ങൾ ഉണ്ട്.

പ്രസ്തുത വലിയുടെ പേരിലാണ് ഒരിയര അറിയപ്പെടുന്നത്. വലി വന്ന സ്ഥലമായതിനാൽ

വലിയര എന്ന് വിളിക്കാറുള്ളത് കാലപ്പഴക്കങ്ങൾ കൊണ്ട് ലോപിച്ച് ലോപിച്ച് വലിയര എന്നുള്ളത് ഒരിയരയായി മാറുകയായിരുന്നു.

വർഷങ്ങൾക്ക് മുമ്പ് ധാരാളം കാടുകളും, വയലുകളും തിങ്ങിനിറഞ്ഞു നിന്നിരുന്ന പ്രസ്തുത പ്രദേശം ഇന്നും എട്ടാം വാർഡിൽ ഒരിയര പുനത്തിൽ എന്ന പേരിലാണ് അറിയപ്പെടുന്നത്.

പന്ത്രണ്ട് പന്ത്രണ്ടിൽ ആയ ചരിത്രം

വർഷങ്ങൾക്കു മുമ്പ് ഈ പ്രദേശത്ത് പന്ത്രണ്ട് കുടുംബങ്ങളാണ് ഉണ്ടായത് എന്ന് പഴമക്കാർ പറയുന്നു. ഈ പന്ത്രണ്ട് കുടുംബങ്ങളിൽ നിന്നും പ്രതിനിധികളെ ഉൾപ്പെടുത്തി ഇന്ന് നിലവിലുള്ള പന്ത്രണ്ടിൽ പള്ളിയിൽ ജുമുഅ നിസ്കാരം സ്ഥാപിക്കുകയും നിസ്കാരത്തിനു മുമ്പായി നടത്തുന്ന അംഗശുദ്ധീകരണത്തിനുള്ള ഹൗളിന് പന്ത്രണ്ട് ഇരിപ്പിടം നിർമ്മിക്കുകയും, ഇന്നും പള്ളിയുടെ ഹൗളിന് 12 സീറ്റ് തന്നെ നിലനിൽക്കുന്നതായും പറയുന്നു. ഇതാണ് പിന്നീട് പന്ത്രണ്ട് എന്നത് പന്ത്രണ്ടിൽ ആയ ചരിത്രമെന്ന് പറയപ്പെടുന്നത്.

പന്ത്രണ്ടിൽ തെക്ക്യാവ് രിഫായി മഖാമിനെക്കുറിച്ച് പഴമക്കാർ തലമുറകളിലേക്ക് കൈമാറിവരുന്ന കഥയിതാണ്. ഏകദേശം 1942 കാലഘട്ടത്തിൽ ഈ പ്രദേശങ്ങളിൽ കോളറബാധ രൂക്ഷമായുണ്ടായിരുന്നു. അതുമൂലം ആൾക്കാർ കൂട്ടത്തോടെ മരണമടഞ്ഞിരുന്നു. ഇതിന്റെ പരിഹാരമായി 'രിഫായി ദഫ്റാത്തീബ്' കഴിച്ച് പ്രാർത്ഥനകൾ നടത്തണമെന്നും പൗരാണികനായ മതപണ്ഡിതന് 'അല്ലാഹു' സ്വപ്നദർശനം വഴി സൂചിപ്പിച്ച് കൊടുത്തു. അതുകാരണം ഇന്നത്തെ മഖാം സ്ഥാപിതമാവുകയും ചെയ്തു. ഇതേ മഖാം സ്ഥാനീകരും തെക്കുഭാഗത്തുള്ള സ്വാമിമഠത്തിലെ സ്ഥാനീകരും തമ്മിൽ സഹവർത്തിത്വത്തിലൂടെ കഴിഞ്ഞുവരികയും ചെയ്തുവെന്നും പറയപ്പെടുന്നു. കാര്യം എന്തായാലും പഴയകാലം മുതൽ തന്നെ പഞ്ചായത്തിൽ മതസൗഹാർദ്ദം നിലനിന്നിരുന്നു എന്നതിനൊരു തെളിവായി ഈ വിശ്വാസം സാക്ഷിനില്ക്കുന്നു. പഞ്ചായത്ത് പ്രദേശങ്ങളിൽ ഇരുമതക്കാരും സൗഹാർദ്ദത്തിലും സാഹോദര്യത്തിലും വർത്തിക്കുകയും, ആഘോഷാവസരങ്ങളിൽ മധുരപലഹാരങ്ങളും മറ്റും കൈമാറുകയും ഗൃഹസന്ദർശനങ്ങൾ നടത്തുകയും ചെയ്യുന്നു. പെരുന്നാൾ, തിരുവോണം അവസരങ്ങളിലുണ്ടാകുന്ന ആഘോഷപരിപാടികളിൽ സഹവർത്തിത്വം പുലർത്തുകയും ചെയ്യുന്നു. ഉദ്ദേശസഫലീകരണത്തിനായി അന്യപ്രദേശങ്ങളിൽ നിന്നുപോലും ജനങ്ങൾ ഇവിടെ സന്ദർശനത്തിനെത്താറുണ്ട്. വർഷത്തിൽ ഇവിടെ കഴിച്ചുവരുന്ന ദഫ് റാത്തിബ് ഉറൂസിൽ ജാതിമതഭേദമന്യേ നിരവധി ജനങ്ങൾ പങ്കെടുക്കുന്നു. ഇവിടെ നടത്തപ്പെടുന്ന ഉറൂസ് ഈ പ്രദേശത്തിന്റെ മുഴുവൻ ഉത്സവമായാണ് നടത്തപ്പെടാറുള്ളത്. പഞ്ചായത്തിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള മുസ്ലീം പള്ളികളിൽ ഖിള്ർ ജുമാമസ്ജിദ് വലിയപറമ്പ, പുനത്തിൽ ജുമുഅത്തു പള്ളി, മാവിലാക്കടപ്പുറം, പന്ത്രണ്ടിൽ ജുമാമസ്ജിദ് എന്നിവ ഉൾപ്പെടുന്നു.

വലിയപറമ്പ് ഗ്രാമപഞ്ചായത്തിലെ ഇന്നത്തെ 6-ാം വാർഡായ പടന്ന പന്ത്രണ്ടിൽ ഭാഗത്ത് 1950 കാലഘട്ടത്തിൽ ജന്മി, കുടിയാൻ സമരം രൂക്ഷമായി. കുന്നത്ത് തറവാട് ഗൃഹമായ, ഇന്നും നിലനിൽക്കുന്ന കുന്നത്ത് പുരയിൽ 25 പേർ അടങ്ങുന്ന ഒരു പോലീസ് ഔട്ട്പോസ്റ്റ് അന്ന് സ്ഥാപിതമായിരുന്നു. ഏറണാകുളം കോടതിയിൽ ഫയൽചെയ്ത കേസ് പിന്നീട് ഇന്ന് കർണ്ണാടകത്തിൽപ്പെടുന്നതും പഴയ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്നതുമായ കിഴക്കൻ പുത്തൂർകോടതിയിൽ വെച്ച് മദ്ധ്യസ്ഥരുടെ സാന്നിദ്ധ്യത്തിൽ ഒത്തുതീർപ്പാക്കുകയും കൃഷിനിലത്തിനു പകരം 10 സെന്റ് പറമ്പ് പതിച്ചുനൽകാൻ തീരുമാനമാകുകയും ചെയ്തു എന്നതാണ് ചരിത്രം.

ഇരുഭാഗത്തുമായി മൺമറഞ്ഞുപോയ നേതാക്കൾ എ.കെ.ജി, വി.വി. കുഞ്ഞമ്പു, എ.വി. കുഞ്ഞമ്പു, ടി.കെ. ചന്തൻ, അഴീക്കോടൻ രാഘവൻ, കീളി കണ്ണൻ, കുന്നത്ത് അന്തുഞ്ഞി,

മമ്മുഞ്ഞിഹാജി, കോളയത്ത് കുഞ്ഞാമത്, സി. മൊയ്തീൻ, യൂസഫ് ഹാജി ഇന്നു ജീവിച്ചിരിക്കുന്ന ശ്രീമാൻമാർ കെ.പി.ആർ. ഗോപാലൻ, കെ. മഹമൂദ്ഹാജി, എൽ.കെ. അബൂബക്കർ, ടി.കെ. കണ്ണൻ, പി.കെ. കുഞ്ഞമ്പു, എം.പി. കണ്ണൻ എന്നിവരും സജീവമായി പങ്കെടുത്തിരുന്നതായി പ്രായമായ ആൾക്കാർ ഓർക്കുന്നു.

കേരളപ്പിറവിക്കുശേഷം 1978 വരെ ഇന്നത്തെ പഞ്ചായത്തു പ്രദേശങ്ങൾ പടന്ന, തൃക്കരിപ്പൂർ പഞ്ചായത്തുകളിൽ ഉൾപ്പെട്ടുകിടന്നു. 1978-ൽ വലിയപറമ്പ് പഞ്ചായത്ത് നിലവിൽ വന്നു. പഞ്ചായത്ത് രൂപീകരണത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഒട്ടനവധി ആളുകൾ പ്രവർത്തിച്ചു. ഈ കമ്മിറ്റിയുടെ പ്രസിഡണ്ട് യശ:ശരീരനായ കെ. മമ്മുഹാജി മാവിലാകടപ്പുറം, ശ്രീമാൻമാർ പി.കെ. കുഞ്ഞമ്പു (മാവിലാക്കടപ്പുറം) കെ.വി. ഗംഗാധരൻ (കന്നുവീട്) എന്നിവരും ജനറൽ കൺവീനർ ശ്രീ.കെ. കുഞ്ഞിക്കണ്ണൻ മാസ്റ്റർ (റിട്ടയേർഡ് എച്ച്.എം ഒളവറ) സെക്രട്ടറിമാർ ശ്രീമാൻമാർ പി.കെ. അബ്ദുൾ ഗഫൂർ ഹാജി വലിയപറമ്പ്, സി.വി. കണ്ണൻ വലിയപറമ്പ് എന്നിവരും ട്രഷറർ സ്രീ. കെ.പി.സി. അഹമ്മദ് വലിയപറമ്പ് എന്നവരും ആയിരുന്നു. ഇവരോടൊപ്പം കമ്മിറ്റി അംഗങ്ങളും ചേർന്ന് നിരന്തരമായി സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി അന്ന് ഉപമുഖ്യമന്ത്രിയായിരുന്ന മർഹും.സി.എച്ച്. മുഹമ്മദ് കോയ സാഹിബ് വലിയപറമ്പ് പഞ്ചായത്ത് രൂപീകരണ ഉത്തരവിറക്കി.

പഞ്ചായത്തിൽ ആദ്യം സ്ഥാപിക്കപ്പെട്ട വിദ്യാലയം മാവിലാക്കടപ്പുറം ജി.എൽ.പി.എസ് ആയിരുന്നു. തുടർന്ന് വലിയപറമ്പ എ.എൽ.പി.എസ് ഉദിനൂർ കടപ്പുറം ജി.എഫ്.യു.പി.എസ്. 1982-ൽ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ട പടന്നക്കടപ്പുറം ജി.എച്ച്.എസ്, തയ്യിൽ സൗത്ത് കടപ്പുറം, ജി.എൽ.പി.എസ്, തയ്യിൽ നോർത്ത് കടപ്പുറം ജി.എൽ.പി.എസ്, മാടക്കാൽ ജി.എൽ.പി.എസ്, ഇടയിലക്കാട്എ.എൽ.പി.എസ്, ഏറ്റവും ഒടുവിൽ എം.എ.യു.പി.എസ് മാവിലാക്കടപ്പുറം തുടങ്ങിയ വിദ്യാലയങ്ങളും സ്ഥാപിതമായി.

പഞ്ചായത്തിലെ പ്രധാന അമ്പലങ്ങൾ ഒരിയര വിഷ്ണുമൂർത്തിക്ഷേത്രം, ചെക്കിത്തടം കുതിരുമൽ ദേവസ്ഥാനം പടന്നക്കടപ്പുറം, കുതിരുമ്മൽ തൊണ്ടച്ചൻ ദേവസ്ഥാനം പടന്നക്കടപ്പുറം, വലിയപറമ്പ് നാഗാലയം, വലിയുദിനൂർ കടപ്പുറം, കാലിച്ചാൻ കാവ്, കന്നുവീട് സ്വാമിമഠം, വടക്കേവളപ്പ് ദേവാലയം, മാടക്കാൽ ഗുളികൻ തറ, ഇടയിലക്കാട് ഭുവനേശ്വരി ക്ഷേത്രം, മുകയവംശരുടെ ഒരു കാവ്, നാഗേശ്വരി കാവ്, വടക്കേക്കാട് പാലിച്ചോൻ ദേവാലയം എന്നിവയും പ്രശസ്തമായ മുസ്ലീം ജുമാ അത്ത് പള്ളികൾ 1) പുനത്തിൽ ജുമാമസ്ജിദ് മാവിലാക്കടപ്പുറം 2) പന്തണ്ടിൽ ജുമാ അത്ത് പള്ളി, ബീച്ചാരക്കടവ്. ബദർ ജുമാ മസ്ജിദ് പാണ്ട്യാല വളപ്പ് ജുമാ മസ്ജിദ്, വലിയപറമ്പ് ഖിളർ ജുമാ മസ്ജിദ് തൃക്കരിപ്പൂർ കടപ്പുറം, തൃക്കരിപ്പൂർ കടപ്പുറം നോർത്ത്, സൗത്ത് ജുമാ മസ്ജിദുകൾ, മാടക്കാൽ ജുമാമസ്ജിദ്, മാടക്കാൽ എന്നിവയാണ്. കൂടാതെ പതിനഞ്ചോളം നമസ്ക്കാരപള്ളികളും, തൃക്കരിപ്പൂർ കടപ്പുറം മഖാം, പന്തണ്ടിൽ തെക്യാവ് മഖാം എന്നിവയുമാണ്.

കന്നുവീട് കടപ്പുറത്തെക്കുറിച്ച് പ്രശസ്തമായ ഐതിഹ്യമിതാണ്. പഴയകാലത്ത് ആ പ്രദേശം മത്സ്യത്തൊഴിലാളികളും തെങ്ങുകയറ്റക്കാരും അധിവസിച്ചതായാണ് പറയപ്പെടുന്നത്. ഒരു ദിവസം കടൽതീരത്തുകൂടി ഒരു സന്യാസി നടന്നു വന്നു എന്നും കന്നുവീട് ഭാഗത്ത് എത്തിയ അദ്ദേഹം ഒരു തെങ്ങു കയറ്റതൊഴിലാളിയോട് ദാഹശമനത്തിനായി ഇളനീർ ആവശ്യപെട്ടുവെന്നും പറയപ്പെടുന്നു. ഇളനീർ പറിച്ച് ചെത്തിക്കൊടുത്ത നാട്ടുകാരനായ തൊഴിലാളി സന്യാസിയുടെ കൈയിലെ സ്വർണ്ണ കമണ്ഡലു കണ്ട് മോഹിച്ചെന്നും ഇളനീർ കുടിച്ചു കൊണ്ടിരുന്ന സന്യാസിയെ കഴുത്തിൽ വെട്ടിക്കൊന്നുവെന്നും പറയപ്പെടുന്നു. എന്നാൽ അതൊടെ സന്യാസിയും സ്വർണ്ണ കമണ്ഡലുവും അപ്രത്യക്ഷമായി. നാളുകൾ പിന്നിട്ടപ്പോൾ പ്രദേശത്ത് പല തരത്തിലുള്ള

അശുഭലക്ഷണങ്ങളും മാറാവ്യാധികളും പ്രത്യക്ഷപ്പെടാൻ തുടങ്ങി. പ്രശ്നവിചാരത്തിൽ പ്രസ്തുത സന്യാസിയുടെകൊലപാതകം മൂലമാണ് അതെല്ലാം എന്നും പരിഹാരമായി ക്ഷേത്രം പണിത് സ്വാമിയെ പ്രതിഷ്ഠിച്ച് പൂജാദി കർമ്മങ്ങളും, കോലം കെട്ടി ആടിക്കലും നടത്തണമെന്നും തെളിഞ്ഞു കണ്ടു. അതിന്റെ അടിസ്ഥാനത്തിൽ പഴയകാലത്ത് സ്ഥാപിച്ച ക്ഷേത്രം 1964ൽ കടലെടുത്തു പോയെങ്കിലും ഇന്നുള്ള സ്ഥലത്ത് പുനർ നിർമ്മിച്ചു. രണ്ടു വർഷത്തിലൊരിക്കൽ ഇവിടെ നടക്കുന്ന ഉത്സവം പഞ്ചായത്തിന്റെയും സമീപ പ്രദേശത്തിന്റെയും ജനങ്ങളുടെയെല്ലാം സംഗമമായിത്തീരുന്നു. ജാതിമതഭേദമെന്യേ നേർച്ചകളും കാണിക്കകളും ജനങ്ങൾ അർപ്പിക്കുന്നു. ഇവിടത്തെ പ്രധാന തെയ്യക്കോലമായ ഘണ്ടാകർണൻ സമീപസ്ഥമായ മറ്റൊരു ദേവാലയത്തിലും കാണപ്പെടാത്തതാണ്.

പ്രധാനപ്പെട്ട മറ്റൊരു വിശേഷതയുള്ളത് ഇടയിലെക്കാട് നാഗേസ്വരി കാവിന്നാണ്. ഈ കാവിനകത്ത് അതിവിശിഷ്യങ്ങളായ അനവധി ഔഷധസസ്യങ്ങളുടെ കേന്ദ്രമാണ്. മാത്രമല്ല ചൂരൽക്കാടുകളാൽ നിബിഡവും. വാനരന്മാർ ഇതിനകത്ത് സൈരമായി വസിക്കുന്നു. അവ നാട്ടുകാരിൽ നിന്ന് പഴങ്ങളും മറ്റും കാവിന്നു പുറത്തു വന്ന് സ്വീകരിക്കുന്നു. വൻ മരങ്ങൾ തലയുയർത്തി നിൽക്കുന്ന ഈ കാവിന്റെ വടക്കുഭാഗത്ത് മത്സ്യബന്ധനം കുലതൊഴിലാക്കിയ മുകയ സമുദായകകാരുടെ വകയാണ്. അവരവിടെ ആരാധലകൾ നടത്തി വരുന്നു. നാഗേസ്വരിക്കാവിലനകത്ത് എല്ലാവർഷവും ആയില്യം ഉത്സവനാളിൽ ഉദിനൂർ ക്ഷേത്ര പാലക ക്ഷേത്രത്തിൽ നിന്നും സംഘങ്ങൾ എത്തുകയും നാഗ പ്രസാദത്തിനായി പൂജകളും നിവേദ്യ സമർപ്പണം നടത്തുകയും ചെയ്യുന്നു. സാംസ്ക്കാരിക ഉന്നമനവുമായി ബന്ധപ്പെടുന്ന വസ്തുതകൾ ആഭാഗത്ത് പ്രതിപാദിക്കുമെന്നതിനാൽ ഇവിടെ പ്രത്യേകം പരാമർശിക്കുന്നില്ല.

ഏതു പ്രദേശത്തിന്റെയും സമഗ്രമായ പുരോഗതിയിൽ ഗണനീയ സ്ഥാനം ഗതാഗതത്തിനുണ്ട്. എന്നാൽ പഞ്ചായത്ത് തീർത്തും പ്രധാന കരയിൽനിന്ന് ഒറ്റപ്പെട്ടുകിടക്കുന്ന ഒരു ദ്വീപായതിനാൽ നാടൻ കടത്തു തോണികൾ മാത്രമാണ് മറ്റു പ്രദേശങ്ങളിലെത്താനുള്ള ഏകമാർഗ്ഗം. അതുകൊണ്ടുതന്നെ ദ്വീപു നിവാസികൾ അത്യാവശ്യത്തിനുമാത്രം യാത്രചെയ്യുക എന്ന സ്വഭാവത്തിനുടമകളായി ഇത് മറ്റു പ്രദേശങ്ങളിൽ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഉണ്ടായ മാറ്റങ്ങൾ ഈ പ്രദേശത്തെ ജനങ്ങളിലെത്തിക്കാൻ കാലതാമസമുണ്ടാക്കിയതായിക്കാണാം. അതുപോലെ തന്നെ വികസന, സേവന മേഖലകളിലെ ഉദ്യോഗസ്ഥർ ഈ പ്രദേശം സന്ദർശിക്കുന്നതും വിരളമായിരുന്നു. എന്നതിനാൽ മാറ്റത്തിന്റെ സന്ദേശം ഉൾക്കൊള്ളാൻ ഈ തീരദേശ പഞ്ചായത്ത് തുലോം വൈകിപ്പോയെന്നത് തർക്കമറ്റ വസ്തുതയാണ്. ഇക്കാര്യങ്ങളെക്കുറിച്ചൊക്കെ അന്യത്ര വിശദമായി പ്രതിപാദിക്കുമെന്നതിനാൽ ഇവിടെ സൂചിപ്പിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. ■

ഭൂപ്രകൃതി, ജനപ്രകൃതി, ജൈവപ്രകൃതി

ഭൂപ്രകൃതി:-

ലൊക്കേഷൻ – 12 12 അക്ഷാംശം 75 10 രേഖാംശം

വലിയപറമ്പ് ഗ്രാമപഞ്ചായത്ത് തീരപ്രദേശത്തിൽ ഉൾപ്പെടുന്നതാണ്. 24 കിലോമീറ്റർ നീളത്തിൽ ഒരു പ്രധാനദ്വീപും മാടക്കാൽ, ഇടയിലക്കാട്, വടക്കേക്കാട് തുടങ്ങിയ ചെറുദ്വീപുകളും ഉൾപ്പെടുന്ന 16.14 ച.കി.മീ. വിസ്തൃതിയുള്ള പഞ്ചായത്ത് കാസർകോട് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ, നീലേശ്വരം ബ്ലോക്കിന്റെ തെക്കുപടിഞ്ഞാറ് മൂലയിൽ അറബിക്കടലോരപ്രദേശമായി നിലകൊള്ളുന്നു. പൊതുവിൽ ജൈവാംശം കുറഞ്ഞ പൂഴിമണലാണ് പൊതുവേ എല്ലാ പ്രദേശവും. പുഴക്കരകളിൽ മാത്രം ഏക്കൽമണ്ണുകാണപ്പെടുന്നു.

പ്രധാനദ്വീപ് 24 കി.മീ. നീളത്തിൽ ശരാശരി 500–700 മീറ്റർ വീതിയിൽ കിടക്കുന്നു. തെക്കോട്ടു പോകുന്തോറും ദ്വീപിന്റെ വീതി കുറഞ്ഞുവരുന്നതായിക്കാണാം. തെക്കൻഭാഗങ്ങളിൽ ചിലയിടങ്ങളിൽ 50–60 മീ വീതിയായി ചുരുങ്ങിയതായും കാണാം. സമുദ്രനിരപ്പിൽ നിന്ന് കടൽത്തീരങ്ങൾ 8–10 മീറ്റർ ഉയരത്തിൽ ഒരു മൺതിട്ടയായി രൂപാന്തരം പ്രാപിച്ച് [illegible]ക്കോട്ട് ചരിഞ്ഞ് പുഴക്കരയോടടുക്കുമ്പോൾ സമുദ്രനിരപ്പിൽ നിന്ന് 1–2 മീറ്റർ മാത്രം ഉയർന്നുനിൽക്കുന്ന [illegible]യായി രൂപാന്തരപ്പെടുന്നു. നെടുനീളത്തിലുള്ള പ്രധാനദ്വീപിന്റെ 3/4 ഭാഗം മണൽ പ്രദേശവും, 1/4 പുഴക്കര ഏക്കൽ മണ്ണ് നിറഞ്ഞതുമായിക്കാണാം.

മാടക്കാൽ ദ്വീപ് പൊതുവിൽ പൂഴിമണൽ നിറഞ്ഞ കൊവ്വൽ പ്രദേശങ്ങളായാണ് കാണപ്പെടുന്നത്. ഈ കൊവ്വലുകൾ പഴയകാലത്ത് തരിശായിക്കിടന്നു. ക്രമേണ പുഴക്കരകൾ വയലുകളായി മാറുകയും, ആൾപ്പാർപ്പ് ആരംഭിക്കുകയും ചെയ്തു. കൊവ്വൽ പ്രദേശങ്ങളിൽ കശുമാവ് കൃഷിക്ക് തുടക്കമിടുകയും ചെയ്തു. നാട്ടുകാരുടെ ശ്രമഫലമായി ദ്വീപിനെ ബണ്ട് വഴി മറുകരയുമായി ബന്ധപ്പെടുത്തിയതോടെ ദ്വീപിന്റെ മുഖച്ഛായ മാറിവരികയാണ്. റോഡുഗതാഗതം ഈ പ്രദേശത്ത് വ്യാപകമായി തുടങ്ങിയതോടെ തൃക്കരിപ്പൂർ, കടപ്പുറം ഭാഗങ്ങളിൽ നിന്ന് ആൾക്കാർ മാടക്കാൽ ദ്വീപിൽ ആവാസമാരംഭിച്ചു തുടങ്ങിയിരിക്കയാണ്. സമീപഭാവിയിൽ ഈ പ്രദേശം ജനസാന്ദ്രതയേറിയതായിത്തീരുകയും ചെയ്യും. സമുദ്രനിരപ്പിൽ നിന്ന് 4–5 മീറ്റർ ഉയരത്തിൽ കിടക്കുന്നു ഈ ദ്വീപ്.

ഇടയിലക്കാട് പ്രദേശം പഴയകാലത്ത് നിബിഡവനമായിരുന്ന എന്നതാണ് വൃദ്ധജനങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരം. ഈ വനപ്രദേശത്ത് കന്നുകാലികൾക്കാവശ്യമായ പുല്ല് ശേഖരിക്കുന്നതിനും വീടുനിർമ്മാണത്തിനാവശ്യമായ മരത്തടികൾക്കുമായി ജനങ്ങൾ ബന്ധപ്പെട്ടുതുടങ്ങിയെന്നും ക്രമേണ പുഴയുടെ തീരങ്ങൾ വയലുകളായി രൂപാന്തരപ്പെടുകയും കൃഷി ആവശ്യത്തിന് ദ്വീപു പ്രദേശത്ത് ജനവാസം ആരംഭിച്ചുവെന്നുമാണ് പഴമക്കാരുടെ ഭാഷ്യം. ഈ വിവരങ്ങൾക്ക് അടിസ്ഥാനമായി വിശ്വാസ്യത നല്കുന്നത് ഇന്ന് ഇടയിലക്കാട്ടിൽ കാവ് എന്ന സങ്കൽപ്പത്തിൽ സംരക്ഷിച്ചു പോരുന്ന 'മിനിവനം' ആണ്. പഴയകാലത്ത് നിബിഡവനമായിരുന്നുവെന്ന ചൊല്ലിന് ഈ കാവിൽക്കാണുന്ന മർക്കടക്കൂട്ടം വിശ്വാസ്യതയേറ്റുന്നു. വൻമരങ്ങൾ കാവിന്നകത്തിന്നുമുണ്ട്. കൂടാതെ നിബിഡവനത്തിൽ കാണപ്പെടുന്ന ചൂരൽക്കാടുകളും, ഔഷധസസ്യങ്ങളും ഈ കാവിന്നകത്തുണ്ട്. സമുദ്രനിരപ്പിൽനിന്ന് 3–4 മീറ്റർ ഉയരത്തിൽ കിടക്കുന്ന ദ്വീപാണിത്.

വടക്കേക്കാട് പ്രദേശം ഏക്കൽമണ്ണും ചെളിയും തുല്യാനുപാതത്തിൽക്കൂടിക്കലർന്ന വായുസഞ്ചാരം സുഗമമല്ലാത്ത മണ്ണുകലർന്ന പ്രദേശമാണ്. പഴയകാലത്ത് വടക്കേക്കോളയത്ത് പാട്ടില്ലക്കാരായ ജന്മിമാരുടെ

കൈവശമായിരുന്ന ഈ പ്രദേശത്ത് തെങ്ങുകൃഷിക്കായി കുടിയാന്മാരെ താമസിപ്പിക്കുകയും ക്രമേണ തെങ്ങിൻതോപ്പായി മാറ്റിയെടുക്കുകയും ചെയ്തു. ദ്വീപിനെ തൊട്ടടുത്ത പടന്നപഞ്ചായത്തിന്റെ ഭാഗമായ തെക്കേക്കാട് ദ്വീപുമായി നടപ്പാലം വഴി ബന്ധിപ്പിച്ചിട്ടുണ്ട്. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം 1-2 മീറ്ററിനകത്താണ്. ദ്വീപുനിവാസികൾക്ക് നാടൻതോണികൾ മാത്രമാണ് ഏക ആശ്രയം. ദ്വീപിന്റെ കിഴക്കും പടിഞ്ഞാറും ചതുപ്പുനിലങ്ങൾ കാണപ്പെടുന്നുണ്ട്.

ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ – കൃഷി ജലസേചനം – ഭാഗത്ത് പ്രതിപാദിക്കുന്നതിനാൽ ഇവിടെ ചേർത്തിട്ടില്ല.

ജലപ്രകൃതി

വലിയപറമ്പ് ഗ്രാമപഞ്ചായത്ത്

കഴിഞ്ഞ പത്തുവർഷകാലത്ത് ശരാശരി പെയ്ത മഴ 3601 മി.മീ

ഒരു വർഷത്തിൽ ശരാശരി മഴ ലഭിക്കുന്ന ദിവസങ്ങൾ 109

ഏറ്റവും കൂടുതൽ മഴ ലഭിച്ച വർഷം 1994 – 4801.5 മി.മീ

ഏറ്റവും കുറവ് മഴ ലഭിച്ചത് 1986 2729.5 മി.മീ

അവലംബം : **RARS** പിലിക്കോട്

പഞ്ചായത്തുപ്രദേശം മണൽത്തീരമായതിനാൽ പെയ്തമഴയിൽ വലിയ ഒരു ഭാഗം ഒഴുകി പുഴയിൽ ചേരുകയും ബാക്കി മണ്ണിൽ താഴ്ന്നിറങ്ങുകയും ചെയ്യുന്നു. ഡിസംബർ മാസത്തോടെ വരൾച്ചക്ക് തുടക്കം കുറിക്കുകയും ചെയ്യുന്നു. പഞ്ചായത്തു പ്രദേശത്ത് പ്രധാന ദ്വീപിന്റെ വടക്കൻ മേഖലകളിൽ കരയുടെ വിസ്തൃതി കൂടുതലുള്ള ഭാഗത്തുമാത്രമാണ് കിണറുകളിൽ ശുദ്ധജലം ലഭിക്കുന്നത്. വലിയപറമ്പുമുതൽ തെക്കോട്ട് ഉപ്പുവെള്ളം മാത്രമേ കിണർ കുഴിച്ചാലും ലഭിക്കുകയുള്ളൂ എന്നതാണ് വസ്തുത. വടക്കേക്കാട് ദ്വീപിൽ ശുദ്ധജല ആവശ്യം പൂർണ്ണമായും നിറവേറ്റുന്നത് പടന്ന പഞ്ചായത്തിൽ സ്ഥാപിച്ച ടാങ്കിൽ നിന്നുകൊണ്ടുവരുന്ന പൈപ്പുവെള്ളം കൊണ്ടാണ്. ഇടയിലക്കാട്, മാടക്കാൽ ഭാഗങ്ങളിൽ പ്രായേണ എല്ലാ കാലത്തും കിണർ വഴി ശുദ്ധജലം ലഭ്യമാകുന്നുണ്ട്. എന്നാൽ നാലാം വാർഡുമുതൽ തെക്കോട്ട് പ്രധാനദ്വീപിൽ ജനവരി മദ്ധ്യം മുതൽ ശുദ്ധജലക്ഷാമം രൂക്ഷമായിത്തുടങ്ങുന്നു.

ജനപ്രകൃതി

1991-ലെ സെൻസസ് കണക്ക്

ആകെ വീടുകൾ	1739
ആകെ ജനസംഖ്യ	11917
പട്ടികജാതി	495
സാക്ഷരർ	8682

സമഗ്ര സമൂഹ്യ സാമ്പത്തിക സർവ്വേ – കണക്ക്

ആകെ ജനസംഖ്യ – 14,776

തൊഴിലെടുക്കുന്നവർ	ഭാഗികമായി തൊഴിലുള്ളവർ	തൊഴിലില്ലാത്തവർ
3959	2456	8351

ജനങ്ങളിൽ പുരുഷന്മാരിൽ ഭൂരിഭാഗവും കാർഷിക, മത്സ്യബന്ധന മേഖലകളിൽ ജോലി ചെയ്യുന്നവരാണ്. മറ്റൊരു വലിയ വിഭാഗം പുരുഷന്മാർ ബോംബെ, ഗൾഫുമേഖലകളിൽ തൊഴിൽതേടിപോയവരും. വിദ്യാഭ്യാസകാര്യങ്ങളിൽ മുതിർന്നവരിൽ 90% പേരും പ്രൈമറി ഘട്ടത്തിൽ മാത്രം ഒതുങ്ങുന്നവരാണെന്നതാണ് വസ്തുത. സ്ത്രീകളിൽ പൊതുവേ തൊഴിലിനോട് ആഭിമുഖ്യം കുറവായികാണുന്നു. എന്നാൽ മാറിവരുന്ന സാമ്പത്തിക പശ്ചാത്തലം അല്പം ഒരു വിഭാഗം സ്ത്രീകളെ തൊഴിലെടുക്കാൻ നിർബന്ധിതരാക്കുന്നു.

പഴയകാലത്ത് ധാരാളമായി ഉണ്ടായിരുന്ന കാർഷികമേഖലയിലെ തൊഴിലവസരങ്ങൾ നഷ്ടമായതും, മറുകരയിൽ തൊഴിൽ തേടിപോകാനുള്ള അസൗകര്യവും സ്ത്രീകളെ വീട്ടിലൊതുക്കി എന്നതാവാം കൂടുതൽ ശരി. പ്രധാനമായും സ്ത്രീകളിൽ വലിയൊരു വിഭാഗം ചുവടെടുപ്പുരംഗത്തും, നിർമ്മാണമേഖലയിലുമാണ് പ്രവർത്തിക്കുന്നത്. മതാചാരപരമായ കെട്ടുപാടുകളാലായിരിക്കാം മുസ്ലീം സ്ത്രീകൾ തൊഴിൽമേഖലയിലേക്ക് തീരെ കടന്നുചെല്ലുന്നില്ല എന്നതാണ് മറ്റൊരു യാഥാർത്ഥ്യം.

വലിയപറമ്പ് ഗ്രാമപഞ്ചായത്ത്

കൃഷി - ജലസേചന സൗകര്യങ്ങൾ

സ്വന്തം കിണർ	പൊതു കുളം ഉപയോഗിക്കുന്നവർ	സ്വന്തം കുളം ഉപയോഗിക്കുന്നവർ	പുഴ ഉപയോഗിക്കുന്നവർ	തോട് ഉപയോഗിക്കുന്നവർ	വേണ്ടത്ര ലഭ്യതയില്ല
882	104	18	51	186	453

അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വേ 11/96

വലിയപറമ്പ് ഗ്രാമപഞ്ചായത്ത്

ആരോഗ്യ രംഗം - കുടിവെള്ളത്തിന്റെ ഗുണനിലവാരം

നല്ല ശുദ്ധ ജലം ലഭിക്കുന്ന വീടുകൾ	മോശപ്പെട്ട ജലം ലഭിക്കുന്ന വീടുകൾ	ആകെ വീടുകൾ
1442	431	1873

അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വേ 11/96

ജനപ്രകൃതി

വലിയപറമ്പ് ഗ്രാമപഞ്ചായത്ത്

ജനസംഖ്യാ കണക്കുകൾ

ആകെ ജനങ്ങൾ			5ൽ താഴെ	6 മുതൽ 15 വരെ	16 മുതൽ 35 വരെ	36 മുതൽ 55 വരെ	55 മേൽ
പുരുഷൻ	സ്ത്രീ	ആകെ					
7174	7592	14766	783	2954	6151	3511	1367
സ്ത്രീ - പുരുഷ വ്യത്യാസം 418 സ്ത്രീകൾ കൂടുതൽ							

അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വേ 11/96

വലിയപറമ്പ് ഗ്രാമപഞ്ചായത്ത്

ജനസംഖ്യാ കണക്കുകൾ - വൈവാഹിക നില

വിവാഹിതർ	അവിവാഹിതർ	വിവാഹ ബന്ധം വേർപെടുത്തിയവർ	വിധവ / വിഭാര്യൻ	ആകെ
7051	6723	190	802	14766

അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വേ 11/96

വലിയപറമ്പ് ഗ്രാമപഞ്ചായത്ത്

ജനപ്രകൃതി - തൊഴിൽ തുറകൾ

ക്രമ നമ്പർ	തൊഴിൽ	എണ്ണം
1	കൃഷി	576
2	കാർഷികത്തൊഴിൽ	1,081
3	മത്സ്യബന്ധനം(നാടൻ)	1,191
4	കല്ലുവെട്ട്	30
5	കൈത്തറി	17
6	കയർ	67
7	ബീഡി	320
8	ഫാകട്റി / മില്ല്	12
9	വർക്ക്ഷോപ്പ്	88
10	കെട്ടിട നിർമ്മാണം	295
11	കച്ചവടം	256
12	സെയിൽസ് മാൻ / ഗേൾ	132
13	ചുമടെടുപ്പ്	16
14	മോട്ടോർ വാഹനം	44
15	സ്ക്കൂൾ / കോളേജ്	129
16	പാരലൽ	13
17	സർക്കാർ ഓഫീസ്	28
18	പോലീസ്	6
19	പട്ടാളം	9
20	ഡോക്ടർ	-
21	എഞ്ചിനീയർ	-
22	വക്കീൽ	-
23	ആയുർവേദം	7
24	ബാങ്കിംഗ്	6
25	തെങ്ങ് ചെത്ത്	4
26	തെങ്ങ് കയറാം	18
27	പുഴിയിറക്കൽ	13
28	കൈത്തൊഴിൽ	87
29	യന്ത്രവൽകൃത മത്സ്യബന്ധനം	46
30	തയ്യൽ	80
31	ആധാരമെഴുത്ത്	32
32	ആശാരി/മൂശാരി തുടങ്ങിയവർ	116
33	മറ്റുള്ളവർ	1762
	ആകെ ജനസംഖ്യ	14,766

വലിയപറമ്പ് ഗ്രാമപഞ്ചായത്ത്

ജനപ്രകൃതി - ജനങ്ങൾ മതം, ജാതി അടിസ്ഥാനത്തിൽ

മതം				ജാതി									
ഹിന്ദു	ഇസ്ലാം	ക്രിസ്ത്യൻ	ആകെ	ബ്രാഹ്മണർ	നായർ	മറ്റു മുന്നാക്ക വിഭാഗം	ഈഴവ/തിയ്യ	മുസ്ലീം	പിന്നാക്ക ക്രിസ്ത്യാനികൾ	ഒ.ഇ.സി.	പട്ടിക ജാതി	പട്ടിക വർഗ്ഗം	മറ്റുപിന്നാക്ക ജാതികൾ	ആകെ
8379	6327	60	14766	ഇല്ല	46	-	7741	6327	60	108	240	10	234	12766

അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വേ

വലിയപറമ്പ് ഗ്രാമപഞ്ചായത്ത്

സാക്ഷരതാ കണക്കുകൾ

നിരക്ഷരർ	സ്കൂൾ വിദ്യാഭ്യാസ മില്ലാത്ത സാക്ഷരർ	പ്രൈമറി പൂർത്തിയാക്കിയവർ	പ്രീപ്രൈമറി പൂർത്തിയാക്കിയവർ	പ്രൈമറി	അപ്പർ പ്രൈമറി	സെക്കന്ററി	ഗ്രീഡിഗ്രി	ബിരുദം	ബിരുദാനന്തര ബിരുദം	പ്രൊഫഷണൽ	എസ്.എസ്.എൽ.സി.	ഡിപ്ലോമ	മറ്റുള്ളവർ	ആകെ
980	912	1390	788	3023	3282	3397	706	115	35	60	54	13	21	14766

ജനസംഖ്യാ കണക്കുകൾ - താമസ സ്ഥലം സംബന്ധിച്ച വിവരം

വീട്ടിൽ താമസിക്കുന്നവർ	വീടിനു പുറത്ത് ഇന്ത്യയിൽ താമസിക്കുന്നവർ	വിദേശത്ത് താമസിക്കുന്നവർ	ആകെ
13773	472	521	14766

ജനങ്ങൾ - തൊഴിൽ രംഗം

തൊഴിൽ ഉള്ളവർ	ഭാഗികമായി തൊഴിൽ ഉള്ളവർ	തൊഴിലില്ലാത്തവർ	ആകെ
3959	2456	8351	14766

അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വേ 1196

കൃഷി

വലിയപറമ്പ തികച്ചും ഒരു കാർഷിക ഗ്രാമമാണ്. പ്രകൃതിയുടെ വരദാനമായി ലഭിച്ച 24 കി.മീറ്റർ നീളത്തിലും കൂടിയാൽ 500 മീറ്റർ വീതിയിലും പടിഞ്ഞാറ് അറബിക്കടലും കിഴക്ക് ഭാഗത്ത് വലിയപറമ്പ പുഴയിലും ചുറ്റപ്പെട്ട പ്രകൃതിസൗന്ദര്യം തുളുമ്പുന്ന നമ്മുടെ പഞ്ചായത്ത് പൊതുവേ പറഞ്ഞാൽ പ്രശ്നഭൂമിയാണ്. ഇടയിലെക്കാട്, മാടക്കാൽ, വടക്കേക്കാട് തുടങ്ങിയ ദ്വീപുകളും ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു. 16.14 ച.കി.മീ. വിസ്തീർണ്ണമുള്ള വലിയപറമ്പ് പഞ്ചായത്തിൽ മുഖ്യകൃഷി തേങ്ങ, നെല്ല് ഇടവിളകളായി ധാന്യങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷിചെയ്യുന്നു. ഭൂരിഭാഗം ഭൂവുടമസ്ഥരും ഒരു ഏക്കറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. ഇത് സംബന്ധിച്ച വിശദവിവരം താഴെ കൊടുക്കുന്നു.

ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റെത് 0.07 ആണെങ്കിൽ പഞ്ചായത്തിന്റെത് 0.17 ഏക്കർ ആണ്.ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും നല്കിയിരുന്നത് നെൽകൃഷിക്കായിരുന്നു. പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ പൂർണ്ണമായും മഴയെ ആശ്രയിച്ചുമാത്രമാണ് കൃഷി നടത്തിയിരുന്നത്. ഭൂപരിഷ്ക്കരണം നടപ്പിലായതോടെ സ്വന്തമായി വയലുകൾ ലഭിച്ച കർഷകർ വീട് വെക്കുന്നതിന്നും വേണ്ടത്ര പരിചരണം ആവശ്യമില്ലാത്ത തെങ്ങ് നടുന്നതിന്നും വേണ്ടി നികത്താൻ തുടങ്ങിയതോടെ നേരത്തെ ഉണ്ടായിരുന്ന ഉല്പാദന ക്രമങ്ങളിൽ മാറ്റം വരാൻ തുടങ്ങി. 1970കളിൽ ഇടത്തരം കർഷകരും പാടങ്ങൾ നികത്തുന്നതിന്ന് തുടക്കം കുറിച്ചു. ഇത് വളരെയധികം വ്യാപകമായതോടെ നീരൊഴുക്കിന്റെ ക്രമം തെറ്റി നീർക്കെട്ടുകൾ രൂപപ്പെടുന്നതിന് കാരണമായി. ഇതോടൊപ്പം നിലവിലുള്ള കൃഷിഭൂമി തരിശിടുവാനും ജീവിതവരുമാന മാർഗ്ഗം കൃഷിയിൽ നിന്ന് മറ്റ് മേഖലകളിലേക്ക് തിരിയുവാനും തുടങ്ങി. കൃഷിച്ചെലവ് ഉയർന്നുവരുന്നതിനനുസരിച്ച് കൃഷി ഭൂമിയിൽ നിന്ന് ആദായത്തിന്റെ അളവ് ക്രമേണ കുറഞ്ഞുവരുന്നു. ഇവയെല്ലാം നെൽവയലുകൾ നികത്തുന്നതിന്റെ ആക്കം വർദ്ധിപ്പിക്കുകയാണുണ്ടായത്.

വൈവിദ്ധ്യമാർന്ന കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിൽ കേരളത്തിന്റെ പൊതുവായി അനുഭവപ്പെടുന്ന കാലാവസ്ഥ അതാതു കാലത്തുതന്നെ അനുഭവപ്പെടുന്നു. കാലവർഷം ജൂൺമുതൽ സെപ്തമ്പർ വരെയും തുലാവർഷം ഒക്ടോബർ നവമ്പറിലും, ശൈത്യകാലം ഡിസംമ്പർ ഫിബ്രവരിയും ഉഷ്ണകാലം മാർച്ച് മുതൽ മെയ് വരെയും ആണ് അനുഭവപ്പെടുന്നത്.

നമ്മുടെ പഞ്ചായത്തിൽ 1986 മുതൽ 95 വരെയുള്ള മഴയുടെ കണക്ക് പരിശോധിച്ചാൽ (പട്ടിക) ഒരു വർഷം ശരാശരി 100 ദിവസം മഴ ലഭിക്കുന്നുണ്ട്. ശരാശരി മഴ 3381 മി.മീറ്ററാണ്. 1994 ലാണ് ഏറ്റവും കൂടുതൽ മഴ ലഭിച്ചത് (4801.5 മി.മീ) ഏറ്റവും കുറവ് 1986ലാണ് (2729.5 മി.മീ) ആ വർഷം ആകെ 90 ദിവസം മാത്രമാണ് മഴ പെയ്തത്.

പഞ്ചായത്തിലെ കഴിഞ്ഞ 10 കൊല്ലകാലത്തെ കാലാവസ്ഥ കലണ്ടർ കൊടുത്തിരിക്കുന്നു.

നെൽകൃഷി

സമ്പന്നമായ കാർഷികപൈതൃകമുള്ള പടന്ന, ഉദിനൂർ, സൗത്ത് തൃക്കരിപ്പൂർ ഗ്രാമ്ള ചേർന്നതാണ് വലിയപറമ്പ് പഞ്ചായത്ത്. പതിറ്റാണ്ട് മുമ്പുവരെ ജനങ്ങൾ മുഖ്യമായും നെൽകൃഷിയിൽ കേന്ദ്രീകരിച്ചിരുന്നു. പരമ്പരാഗതമായ രീതിയിൽ, തികച്ചും പ്രാദേശികമായി ലഭ്യതക്കനുസരിച്ചുള്ള വിത്തും വളവും സർക്കാരിൽ നിന്നുള്ള നെൽകൃഷി രീതിക്കാണ് അവലംബിച്ചിരുന്നത്. എന്നാൽ അടുത്ത കാലത്തായി ഈ പ്രവണത പൂർണ്ണമായും നിലച്ചു.

കാർഷികമേഖലയിൽ പ്രത്യേകിച്ച് നെൽകൃഷി ചെയ്യുന്നതിനുള്ള തൊഴിലാളികളുടെ ദൗർലഭ്യവും, കാർഷികവൃത്തിയോടുള്ള വിദ്യാസമ്പന്നരായ ആളുകളുടെ ആഭിമുഖ്യമില്ലായ്മ, നെൽവയലുകൾ

ആദായകരമായ തെങ്ങുകൃഷിക്കായും വഴിമാറികൊടുത്തു. ഇതുകൂടാതെ കെട്ടിടനിർമ്മാണത്തിനും നെൽവയലുകൾ നികത്തപ്പെടുകയും ചെയ്തു. റവന്യൂ സെമിനാറിൽ രജിസ്റ്റർ പ്രകാരം ..... ഹെക്ടർ ആയിരുന്ന നെൽപ്പാടം ഇപ്പോൾ 40 ഹെക്ടറായി ചുരുങ്ങിയിരിക്കുകയാണ്.

വിവിധ ഭാഗങ്ങളിലുള്ള നെൽപ്പാടങ്ങളിലെ നീരൊഴുക്ക് ക്രമമായി നിയന്ത്രിക്കുന്നതിന് ചെറിയ ചെറിയ തോടുകളും നിർമ്മിക്കുന്ന കൂട്ടായ പ്രവർത്തനം പണ്ടുമുതലെ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഇത്തരത്തിലുള്ള തോടുകളെല്ലാം സംരക്ഷണമില്ലാത്തതിനാൽ നികത്തപ്പെട്ടിരിക്കുന്നു.

പഞ്ചായത്തിലെ മൊത്തം പാടശേഖരം വിസ്തൃതി 40 ഹെക്ടർ ആണ്. ഇതിൽ 30 ഹെക്ടർ ചതുപ്പുനിലങ്ങളും 10 ഹെക്ടർ മൂന്നാം വിളയും ചെയ്തു വരുന്നു. നെൽകൃഷി വിസ്തൃതിയുടെ പട്ടിക താഴെ കൊടുത്തിരിക്കുന്നു.

പട്ടിക

പാടശേഖരം	ഒന്നാംവിള	രണ്ടാം വിള	മൂന്നാംവിള
1. ഇടയിലെക്കാട്	20ഹെ	15ഹെ	7.6
2. വലിയപറമ്പ്	15ഹെ	12ഹെ	7.2
3. മാടക്കാൽ	5ഹെ	5ഹെ	2ഹെ

അവലംബം: കൃഷിഭവൻ

പട്ടിക 2

കൈവശഭൂമി വിസ്തീർണ്ണം

0.5 ഏക്കർവരെ	1570 കർഷകർ
0.5 ഏക്കർ മുതൽ 1-10	415 "
1-10 മുതൽ 2.5	125 "
2.5 മുതൽ മുകളിൽ	13 "

അവലംബം : കൃഷിഭവൻ

മൊത്തം വിസ്തൃതിയുടെ 20% നെൽവയലുകളാണ്. അത്യുല്പാദനവിളകളുടെ ഉപയോഗം പൊതുവേ കുറവാണ്. നാടൻ ഇനങ്ങളായ അല്ലിക്കണ്ണൻ, മുങ്ങേൻ, ചിറ്റേനി, മാലക്കാരൻ തുടങ്ങിയവയും ജയ, അശ്വതി തുടങ്ങിയ ഇനങ്ങളും കൃഷി ചെയ്യുന്നു. നെൽകർഷകർ ഇന്നും പഴഞ്ചൻ രീതികളാണ് തുടർന്നുവരുന്നത്. രാസവളം, കീടനാശിനി എന്നിവയുടെ ലഭ്യതയും ഉപയോഗവും കുറവാണ്. നെൽകൃഷിയിൽ ഭൂരിഭാഗവും മഴയെ ആശ്രയിക്കുന്നതുകൊണ്ട് മിക്ക പാടശേഖരങ്ങളിലും മൂന്നാം വിളയിറക്കുന്നതിന് സാധിക്കാതെ വരുന്നു. നാടൻ ജലസേചന ഉപകരണങ്ങളായ ഏത്താംകൊട്ട, ഉവ്വേണി തുടങ്ങിയവ അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു.ഇതോടുകൂടി ജലസേചനത്തിന് പമ്പ് സെറ്റ് ഉപയോഗിക്കുവാൻ തുടങ്ങി.

പട്ടിക 3

നെല്ലുല്പാദനം

ഒന്നാംവിള	40ഹെ	108ഹെ.ടൺ	2700 കി.മീ
രണ്ടാംവിള	30ഹെ	84 "	2800 "
മൂന്നാംവിള	10ഹെ	29.5	2950 കി

അവലംബം : കൃഷിഭവൻ

പട്ടിക 4

വിളവിസ്തീർണ്ണവും ഉല്പാദനവും

			ഉല്പാദനം	ഉല്പാദനക്ഷമത
1. നെൽകൃഷി	1-ാംവിള	40ഹെ	108	2700കി
	2-ാം വിള	30ഹെ	84	2800
	3-ാംവിള	10ഹെ	29.5	2950
2. തെങ്ങ്	1510 ഹെ	264,25,000		ശരാശരി 70
3. കശുമാവ്	5 ഹെക്ടർ	4 മി.ടൺ		5കിലോ ഒരു മാവിന്

4. പയർ	3 ഹെ	0.9 മി.ട	300
5. പച്ചക്കറികൾ	2 ഹെ	15 മി.ട	7500 കിലോ/ ഹെക്ടർ

അവലംബം : കൃഷിഭവൻ

വൈവിദ്ധ്യമാർന്ന കാർഷികമേഖലയായ നമ്മുടെ പഞ്ചായത്തിൽ കേരളത്തിൽ പൊതുവായി അനുഭവപ്പെടുന്ന കാലാവസ്ഥ അതാത് കാലത്ത് തന്നെ അനുഭവപ്പെടുന്നു. കാലവർഷം ജൂൺ മുതൽ സെപ്തംബർ വരെയും തുലാവർഷം ഒക്ടോബർ നവമ്പറിലും, ശൈത്യകാലം ഡിസംമ്പർ ഫിബ്രവരിയിലും ഉഷ്ണകാലം മാർച്ച് മുതൽ മെയ് വരെയും ആണ് അനുഭവപ്പെടുന്നത്.

നമ്മുടെ പഞ്ചായത്തിൽ 1986 മുതൽ 95വരെയുള്ള മഴയുടെ കണക്ക് പരിശോധിച്ചാൽ (പട്ടിക 6) ഒരു വർഷം ശരാശരി 109 ദിവസം മഴ ലഭിക്കുന്നുണ്ട്. ശരാശരി മഴ 3381.57 മി.മീറ്ററാണ്. 1994ലാണ് ഏറ്റവും കൂടുതൽ മഴ ലഭിച്ചത് (4801.5 മി.മീ) ഏറ്റവും കുറഞ്ഞത് 1986ലാണ്. (2729.5 മി.മീ) ആ വർഷം ആകെ ലഭിച്ചത് 90 ദിവസങ്ങൾ മാത്രമാണ്.

പഞ്ചായത്തിലെ കഴിഞ്ഞ 10 കൊല്ലകാലത്തെ കാലാവസ്ഥ കലണ്ടർ പട്ടിക 7-ൽ കൊടുത്തിരിക്കുന്നു. ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നത് മെയ് മാസത്തിലാണ് ഏറ്റവും കുറഞ്ഞ ചൂട് അനുഭവപ്പെടുന്നത് ഡിസംമ്പർ മാസത്തിലും അനുഭവപ്പെടുന്നു. 1942 മുതൽ പഞ്ചായത്തിൽ ലഭിച്ച മഴയുടെയും അനുഭവപ്പെട്ട ഊഷ്മാവിന്റെയും അളവ് ഗ്രാഫിൽ സൂചിപ്പിച്ചിട്ടുണ്ട്.

പട്ടിക 8-ൽ കാണുന്ന പ്രകാരം പഞ്ചായത്തിൽ 37 പൊതുകിണറുകളും 6 പൊതു കുളവും ഒരു ക്രോസ്ബറും നിലവിലുണ്ട്. എങ്കിലും കൃഷി ആവശ്യത്തിന് വേണ്ട വെള്ളം ഇതുവഴി ലഭ്യമല്ല. കുളങ്ങൾ പലതും ചെറുതും കാലപ്പഴക്കത്താൽ നശിച്ചതും വേനൽക്കാലത്തു വറ്റുന്നതുമാണ്.

ഈ പഞ്ചായത്തിൽ സഹകരണമേഖലയിലോ സ്വകാര്യമേഖലയിലോ വളം, കീടനാശിനി ചില്ലറ വില്പനശാല ഇല്ല. ആയത് രാസവളകീടനാശിനി ലഭ്യതയും ഉപയോഗവും കുറവാണ്. മാത്രവുമല്ല സാമ്പത്തികബാധ്യത ഇത് കർഷകരിൽ അടിച്ചേല്പിക്കുകയും ചെയ്യുന്നു.

(പഞ്ചായത്തിൽ രാസവളം കീടനാശിനി വില്പന ഡിപ്പോ ഉള്ളതിൽ രാസവളകീടനാശിനി) ഉപയോഗം വിലയിരുത്തുവാൻ സാധിച്ചിട്ടില്ല. പടന്നക്കടപ്പുറം സഹകരണസംഘം,കന്നുവീട് കടപ്പുറം, നോർത്ത് മലബാർ ഗ്രാമീണബാങ്ക് ശാഖ ഹോസ്ദുർഗ്ഗ് കാർഷികവികസന ബാങ്കിൽ നിന്ന് കർഷകർക്ക് വായ്പ ലഭിക്കുന്ന 95-96 സാമ്പത്തികവർഷം കാർഷിക വായ്പാ ഇനത്തിൽ വിതരണം ചെയ്തതിന്റെ പട്ടിക ചുവടെ കാണിച്ചിരിക്കുന്നു.

1. പടന്നക്കടപ്പുറം സഹകരണസംഘം	538471-00
2. കന്നുവീട് കടപ്പുറം നാളികേര ഉല്പാദക വിപണന സംഘം	135,261-00
	73732.00

പരമ്പരാഗതമായ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള കൃഷിരീതി ഇന്നും തുടർന്നു വരുന്നത്. യന്ത്രവൽക്കരണം ഈ മേഖലയിൽ കൈകടത്തുവാൻ തുടങ്ങിയിരിക്കുന്നു. ട്രില്ലാർ ഉപയോഗിച്ച് കർഷകർ നിലം ഉഴുവാൻ തുടങ്ങിയിരിക്കുന്നു.

ഇടയിലക്കാട് പാടശേഖരണക്കമ്മിറ്റിക്ക്,

കൃഷിഭവൻ മുഖേന സബ്സിഡി നിരക്കിൽ കൊടുത്ത ഒരു പവ്വർ ടില്ലർ ഉപയോഗിച്ച് നിലം ഉഴുവുണ്ട്. കൃഷി ഭവന്റെ കണക്കനുസരിച്ചുള്ള കാർഷികോപകരണങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 10

കാർഷിക ഉപകരണങ്ങളുടെ പട്ടിക

ഉപകരണങ്ങളുടെ പേർ	എണ്ണം	
പവ്വർ ടില്ലർ	1	ഇടയിലെക്കാട് പാടശേഖരം
നാടൻ കലപ്പ	5	കർഷകരുടെ പക്കൽ
റോക്കർ സ്പ്രേയർ	5	"
നാപ്സാക്ക് സ്പ്രേയർ	3	"

റോക്കർ സ്പ്രേയർ	5	കൃഷിഭവൻ
തെങ്ങുകയറ്റ യന്ത്രം	1	കർഷകരുടെ പക്കൽ
പോർട്ടബിൾ പമ്പ് സെറ്റ്	63	"

വലിയപറമ്പ് പഞ്ചായത്തിൽ ഇടയിലെക്കാട്, വലിയപറമ്പ്, മാടക്കാൽ എന്നിവിടങ്ങളിലായി മൂന്ന പാടശേഖര കമ്മിറ്റികൾ നിലവിലുണ്ട്. ഇതിൽ മാടക്കാൽ സമിതി ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ല. ഇവയുടെ പ്രവർത്തനം ഫലപ്രദമാണ് എന്ന് പറയുവാൻ സാധിക്കുകയില്ല.

പഞ്ചായത്തിനെ സംബന്ധിച്ച് നെല്ല് ഒരു ഭക്ഷ്യവിളയാണെങ്കിലും കന്നുകാലി സമ്പത്തിന്റെ നിലനില്പിനുവേണ്ടി വൈയ്ക്കോലും കാർഷികരംഗത്ത് ഏറ്റവും അധികം തൊഴിൽ അവസരങ്ങളും പ്രദാനം ചെയ്യുന്നത് നെൽകൃഷിയാണ്. നമ്മുടെ പരിസ്ഥിതി സംരക്ഷണം കാത്തുസൂക്ഷിക്കുന്നതിനും ഭൂഗർഭ ജലവിതാനം സുരക്ഷിതമായി നിലനിർത്തുന്നതിനും നെല്പാടം വഹിക്കുന്ന പങ്ക് പ്രധാനമാണ്.

തെങ്ങുകൃഷി :–

പഞ്ചായത്തിൽ മൊത്തം 1510 ഏക്കർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്തുവരുന്നു. ഓരോ വർഷവും തെങ്ങുകൃഷി സ്ഥലത്തിന്റെ വിസ്തൃതി കൂടുമെങ്കിലും ആനുപാതികമായി വിളവ് വർദ്ധനവ് കാണുന്നില്ല. കടൽ പുഴയുടെ സാമീപ്യവും കൂടുതൽ തദ്ദേശീയമായ ഇനങ്ങളുടെ കൃഷിയും അശാസ്ത്രീയമായ കൃഷിരീതികളുമാണ് അവലംബിച്ചുകാണുന്നത്. ശാസ്ത്രീയമായ കൃഷിരീതിക്കനുസരിച്ചാണെങ്കിൽ ഒരേക്കറിൽ 80 തെങ്ങുകളാണ് വേണ്ടുന്നതെങ്കിൽ നമ്മുടെ പഞ്ചായത്തിൽ അത് 125 മുതൽ 150 വരെയാണ്. പൊതുവേ ഉല്പാദന ക്ഷമത കൂടുതലാണ്.

പഞ്ചായത്തിലെ ഭൂരിഭാഗം തെങ്ങുകർഷകരും ചെറുകിട കൃഷിക്കാരാണ്. തെങ്ങുകൃഷിക്ക് സർവ്വസാധാരണയായി ഇവിടങ്ങളിൽ മീൻ വളമാണ് ചേർക്കുന്നത്. അതിനു പുറമേ, മറ്റു സ്ഥലങ്ങളിൽ നിന്ന് ഏജൻറുകൾ മുഖേന വരുത്തുക ജൈവവളങ്ങളും നാട്ടിൻപ്രദേശങ്ങളിൽ നിന്ന് ലഭ്യമാകുന്ന ജൈവവളങ്ങൾക്കു പുറമെ ചുരുക്കം രാസവളങ്ങളും പ്രയോഗിക്കുന്നു. ശാസ്ത്രീയമായ വള പ്രയോഗം തീരെ ഇല്ല. അതുപോലെ തന്നെ തെങ്ങിന് ജലസേചനവും പരിമിതമാണ്.

രാസവളങ്ങളുടെ അമിതപ്രയോഗം നല്ലതല്ലാത്തതിനാൽ രോഗകീടത്തെ അതിജീവിക്കുവാൻ കർഷകർക്ക് കഴിഞ്ഞിട്ടുമുണ്ട്. ചെറുകിട തെങ്ങുകർഷകരിൽ മിക്കവരും ഇന്നും തെങ്ങ് പാട്ടത്തിന് കൊടുക്കുന്ന സമ്പ്രദായം ഇന്നും തുടർന്ന് വരുന്നു. ഈ പ്രവണതക്ക് ചെറിയതോതിൽ മാറ്റം കണ്ടുവരുന്നു. പ്രാദേശികമായ ഒരു കൊപ്രസംഭരണകേന്ദ്രം ഇല്ലാത്തതുകൊണ്ട് കർഷകരിൽ ഭൂരിഭാഗവും വൻകിടമുതലാളിമാർക്ക് കിട്ടിയ വിലക്ക് കൊപ്രവില്ക്കുകയാണ് പതിവ്.

ശാസ്ത്രീയമായ കൃഷിരീതി തെങ്ങ് കൃഷിയിൽ ഇതുവരെയായി വ്യാപിച്ചു കാണുന്നില്ല. പച്ചിലവളത്തിന്റെ ലഭ്യതക്കുറവും വിലക്കൂടുതലും ജൈവവളത്തിന് ആശ്രയിക്കേണ്ടുന്ന സ്ഥിതി നികത്താൻ പൊതുമേഖലയിൽ ഇതിനുള്ള സൗകര്യമില്ല. തെങ്ങുകൾ തമ്മിലുള്ള അകലം, ജലസേചനരീതി എന്നിവയിൽ പ്രാചീനരീതികളാണ് തുടർന്നുവരുന്നത്. ഭൂമിശാസ്ത്രപരമായ കിടപ്പും കടൽ പുഴ സാമീപ്യവും അത്യുല്പാദനങ്ങളായ കേരഗംഗ, അനന്തഗംഗ, പക്ഷഗംഗ ടി ക്ല ഡി മുതലായ ഇനങ്ങളിൽ കർഷകർക്ക് താല്പര്യമില്ല. രോഗകീടബാധക്കെതിരേ പ്രതിരോധശക്തിയുള്ള നാടൻ ഇനങ്ങളാണ് തെങ്ങുകർഷകരുടെ ആശ്രയം.

പഞ്ചായത്തിൽ ഒരു നാളികേരവികസന സമിതി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സമിതിയുടെ പ്രവർത്തനം തൃപ്തികരമല്ല. തെങ്ങുകർഷകരുടെ പുരോഗതിക്ക് വേണ്ടി സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ കർശകരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും സമിതിയുടെ പ്രവർത്തനം ഇല്ല.

സമഗ്രനാളികേര വികസന പദ്ധതിയുടെ തെങ്ങുകൃഷിവികസനത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. എന്നാൽ സംസ്ഥാനതല ആസൂത്രണത്തിന്റെ ഫലമായി പ്രാദേശികതല ആവശ്യങ്ങളും കർഷകരുടെ താത്പര്യങ്ങളും പരിഗണിക്കാതെ കിടക്കുന്നു. പ്രാദേശിക സമിതികളുടെയും ക്രിയാത്മക സഹകരണവും ജനകീയ പങ്കാളിത്തത്തിന്റെയും കൂട്ടായ്മയുടെയും അഭാവം പ്രശ്നമാണ്.

തെങ്ങിന് കാര്യമായ അണുകീടബാധകൾ ഇല്ല എന്നുള്ളത് പ്രസ്താവ്യമാണ്. ചുരുക്കമായി മണ്ട

ചീയ്യൽ,കന്നുവീട് കടപ്പുറം, തൃക്കരിപ്പൂർ കടപ്പുറം ഭാഗങ്ങളിൽ ചെറിയ തോതിൽ തെങ്ങോലപ്പുഴുവിന്റെ ഉപദ്രവം കണ്ടുവരുന്നു.

പ്രശ്നങ്ങൾ

1. ചില പ്രദേശങ്ങളിൽ മണ്ണിനു ഫലപുഷ്ടികുറവാണ്, മണ്ണുപരിശോധന നടത്തണം.
2. പുഴക്കരയിൽ മണ്ണിടിച്ചാൽ തടയുന്നതിന് പാർശ്വഭിത്തികെട്ടി സംരക്ഷിക്കണം
3. കടൽക്കര, പ്രത്യേകിച്ച് പഞ്ചായത്തിന് ഏറ്റവും വീതികുറഞ്ഞ കരയുള്ള പ്രദേശങ്ങളിൽ കടൽഭിത്തികെട്ടി സംരക്ഷിക്കണം.
4. പുഴയിൽ നിന്ന് കൃഷിയിടങ്ങളിലേക്ക് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനാവശ്യമായ ക്രോസ് ബാറുകൾ നിർമ്മിക്കണം.
5. കൃഷി ചെയ്യാവുന്ന ഭൂമി മുഴുവൻ കൃഷി ചെയ്തിട്ടില്ല, തരിശിടുന്നു.
6. മണ്ണൊലിപ്പ് ചില പ്രദേശങ്ങളിൽ ഗണ്യമാണ്.
7. ചില സ്ഥലത്ത് ജലസേചനത്തിനുള്ള വെള്ളം വേണ്ടത്ര കിട്ടാനില്ല.
8. പാടങ്ങൾ നികത്തപ്പെടുന്നു.
9. സ്ഥിരമായി കൃഷി ചെയ്യാറുണ്ടായിരുന്ന പാടങ്ങൾ തരിശിടപ്പെടുന്നു.
10. തെങ്ങിനുണ്ടാകുന്ന രോഗബാധയ്ക്ക് ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നില്ല.
11. നല്ല നടീൽ വസ്തുക്കൾ കിട്ടാനില്ല.
12. നീർക്കെട്ട് വിളനാശത്തിന് കാരണമാകുന്നു.
13. ഉല്പാദന ക്ഷമത കുറഞ്ഞുവരുന്നു.
14 ജൈവവളങ്ങൾ കിട്ടാനില്ല
15. കർഷകതൊഴിലാളികളെ കിട്ടാനില്ല
16. ആവശ്യമായ യന്ത്രോപകരണങ്ങൾ കിട്ടാനില്ല
17. ഉല്പന്നങ്ങൾക്ക് വിലക്കുറവ്
18. കൃഷിഭവനിൽ നിന്ന് ആവശ്യമായ സഹായങ്ങൾ കിട്ടണം
19. വായ്പാസൗകര്യങ്ങൾ ലഭിക്കുന്നില്ല
20. ഉല്പന്നസംസ്ക്കരണത്തിനുള്ള സൗകര്യങ്ങൾ ഇല്ല.

സാധ്യതകൾ

1. തരിശുഭൂമികൾ കൃഷിയോഗ്യമാക്കാനുള്ള പദ്ധതികൾ.
2. മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക
3. നിലവിലുള്ള ജലസേചന പദ്ധതികൾ അത്യാവശ്യമായ റിപ്പേർ ചെയ്യുക
4. പുതിയ ജലസേചന സംവിധാനങ്ങൾ പണിയുക.
5. പാടങ്ങൾ നികത്തുന്നതിനെതിരെ നിയന്ത്രണങ്ങൾ കൊണ്ടുവരിക
6. പുതിയ നഴ്സറികൾ ആരംഭിക്കുക.
7. ആവശ്യമായ യന്ത്രോപകരണങ്ങൾ ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ ആഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുക.
8. പർച്ചേസിങ്ങ് സെൻററുകൾ സ്ഥാപിക്കാനും പൊതുമാർക്കറ്റ് സ്ഥാപിക്കാനും മുൻകൈ എടുക്കുക.
9. പമ്പുസെറ്റുകൾ സൗജന്യനിരക്കിൽ ലഭ്യമാകുന്നതിന് (കൂടുതലും കുറഞ്ഞ വിസ്തൃതിയുള്ള ഭൂവുടമകളായതിനാൽ) നിലവിലുള്ള 30 സെൻറ് സ്ഥലം വേണം എന്ന നിബന്ധന മാറ്റി പത്തുസെൻറ് വേണം എന്നു നിശ്ചയിക്കുക.
10. ജലസേചനത്തിനായി വാർഡുകളിൽ പൊതുകുളം, കിണർ എന്നിവ പണികഴിപ്പിക്കുക
11. നെൽകൃഷിക്കാർക്ക് ജലസേചനത്തിന് വൈദ്യുതി വിതരണം സൗജന്യമാക്കിയ പോലെ കേരകർഷകർക്കും ആ സമ്പ്രദായം ഏർപ്പെടുത്തുക.
12. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിത്ത്, വളം, എന്നിവ സൗജന്യമായി വിതരണം നടത്തുക.
13. നവീനരീതിയിലുള്ള കൃഷി രീതികളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും, മെച്ചപ്പെട്ട കൃഷിക്കാർക്ക്

പ്രോത്സാഹന സമ്മാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

14. കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് വാർഡുകളിൽ വിപണന കേന്ദ്രങ്ങൾ അനുവദിക്കുക

15. കൊപ്രശേഖരണ കേന്ദ്രം വാർഡടിസ്ഥാനത്തിലല്ലെങ്കിൽ മേഖലാടിസ്ഥാനത്തിൽ ആരംഭിക്കുക.

16. കേരകർഷകരെ ചൂഷണം ചെയ്യുന്നതു തടയുന്നതിനായി ധനകാര്യ സ്ഥാപനങ്ങൾ വഴി വായ്പാവിതരണം നടത്തുകയും, കൊപ്രാസംഭരണം അഥവാ കേരസംഭരണം ഏർപ്പെടുത്തുകയും ചെയ്യുക.

17. അർഹരായ എല്ലാ കർഷകതൊഴിലാളികൾക്കും പെൻഷൻ അനുവദിക്കുക.

18. ഓവുചാലുകൾ ആവശ്യമായ മേഖലകളിൽ നിർമ്മിച്ച് കെട്ടിനില്ക്കുന്ന ജലം ഒഴുക്കിക്കളയുക.

നടപ്പുപദ്ധതികളുടെ അവലോകനം

പ്രകൃതിയുടെ വരദാനമായി ലഭിച്ച 24 കി.മീറ്റർ നീളത്തിലും കൂടിയാൽ 300 മീറ്റർ വീതിയിലും പടിഞ്ഞാറ് ഭാഗത്ത് അറബിക്കടലും കിഴക്ക് ഭാഗത്ത് ആയിറ്റിപ്പുഴയാലും ചുറ്റപ്പെട്ട, പ്രകൃതി സൗന്ദര്യം തുളുമ്പുന്ന നമ്മുടെ പഞ്ചായത്ത്, പൊതുവേ പറഞ്ഞാൽ പ്രശ്നഭൂമിയാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ പടിവാതിൽക്കൽ കാലൂന്നി നില്ക്കുന്ന ഇന്നും വൻകരയുമായി ബന്ധപ്പെടുവാൻ കടത്തുതോണിമാത്രം ആശ്രയിക്കുന്നത്. അദ്ധ്വാനശീലരായ കർഷകരും മത്സ്യത്തൊഴിൽ ഉപജീവനമാർഗ്ഗമായി കഴിയുന്നവരും ഹിന്ദു മുസ്ലീം മതമൈത്രിയോടുകൂടി ജീവിക്കുന്ന ഈ പഞ്ചായത്തിനുള്ളിൽ യാത്രാ സൗകര്യത്തിന്റെ അപര്യാപ്തത വളരെ വളരെയാണ്.

കാർഷിക വൃത്തിയുമായി ബന്ധപ്പെടുന്ന കർഷകരിൽ മിക്കവരും ഇന്നും തങ്ങളുടെ പഴഞ്ചൻ കൃഷിരീതികളും വളപ്രയോഗങ്ങളുമാണ് തുടർന്ന് വരുന്നത്. ഇതുകാരണം കാർഷികവിളകളുടെ ഉല്പാദനം കുറയുന്നു. ഉള്ള നെൽകൃഷിക്കുതന്നെ യഥാസമയം ആവശ്യത്തിനുള്ള വളം, കീടനാശിനി ഇവ ഉപയോഗിക്കുവാൻ സാധിക്കുന്നില്ല. മാത്രവുമല്ല, അത്യുല്പാദനശേഷിയുള്ള നടീൽ വസ്തുക്കൾ, വിളകൾ എന്നിവ കൃഷി വകുപ്പിൽ നിന്ന് ലഭ്യമായാൽ തന്നെ അത് ഇവിടേക്ക് യഥാസമയം എത്തിക്കുവാൻ സാധിക്കുന്നില്ല. നൂതന കാർഷിക അറിവുകളും, നടപ്പിലാക്കിവരുന്ന വികസന പദ്ധതികളൊക്കെ ജനങ്ങളിൽ യഥാസമയം എത്തിക്കുന്നതിന് കർഷകർക്ക് അനുഭവഭേദ്യമാക്കുന്നതിനും സാധിക്കുന്നില്ല.

കൃഷിഭവന് സ്വന്തമായി ഒരു കെട്ടിടമില്ല, വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അതിനേറെതായ അസൗകര്യങ്ങളുമുണ്ട്. ആവശ്യങ്ങളായ സൗകര്യങ്ങളോടുകൂടിയ സ്വന്തമായൊരു കെട്ടിടസൗകര്യം വളം, വിത്ത്, നടീൽ വസ്തുക്കൾ എന്നിവ സൂഷ്ടിക്കുന്നതിനുള്ള സംവിധാനം എന്നിവ ഏർപ്പെടുത്താൻ ഇതിനൊരു പരിഹാരം ആകുമായിരുന്നു.

ഈ പഞ്ചായത്തിന്റെ പരിധിയിൽ ഒരു അംഗീകൃത രാസവള കീടനാശിനി ചില്ലറവില്പനശാല തുറക്കുവാൻ സാധിച്ചാൽ ആയത് കർഷകർക്ക് ചുരുങ്ങിയ ചെലവിൽ ആവശ്യമായ രാസവളം എളുപ്പത്തിൽ ലഭിക്കുന്നതിനുള്ള സൗകര്യം ആകും.

വലിയപറമ്പ് കൃഷിഭവനിലേക്ക് നടീൽ വസ്തുക്കൾ, വിളകൾ മുതലായവ ഇന്ന് തൃക്കരിപ്പൂർ കൃഷിഭവനിലാണ് ഇറക്കി വെക്കുന്നത്. അതുകൊണ്ട് തന്നെ യഥാസമയം കർഷകർക്ക് വിതരണം ചെയ്യുവാനും സാധിക്കുന്നില്ല. ആയത് വലിയപറമ്പ് കൃഷിഭവനിൽ എത്തിക്കുന്നതിനും അവിടെ നിന്ന് പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ കർഷകർക്ക് വിതരണം നടത്തുന്നതിന് ഭൂമിശാസ്ത്രപരമായ കിടപ്പുകാരണം കൃഷിക്കാർക്കും ഉദ്യോഗസ്ഥൻമാർക്കും പ്രശ്നങ്ങൾ ഏറെയാണ്. ഇതിനൊരു പരിഹാരം കാണേണ്ടിയിരിക്കുന്നു. കൂടുതൽ കർഷക പങ്കാളിത്തവും ജനപ്രതിനിധികളുടെ മുൻകൈയ്യും ഇക്കാര്യത്തിലുണ്ടായാൽ അത് യഥാസമയം കർഷകരിൽ എത്തിക്കുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുവാനും കഴിയും.

പഞ്ചായത്തിൽ പൊതുവേ നാമമാത്രകർഷകരാണെങ്കിലും അവരിൽത്തന്നെ, അധികം ആൾക്കും 10 സെൻറു ഭൂമിമുതൽ 25 സെൻറുഭൂമി കൈവശക്കാരാണ്. അതുകൊണ്ട് സമഗ്രനാളികേരവികസനപദ്ധതി മുഖേനയുള്ള ആനുകൂല്യങ്ങൾ യഥാർത്ഥ കർഷകരിൽ എത്തിക്കുന്നതിന് പ്രയാസം അനുഭവപ്പെടുന്നു. ഇത് മാറ്റിയെടുക്കുന്നതിന് പഞ്ചായത്തിലെ കർഷകരുടെയും ജനപ്രതിനിധിയുടെയും കൂട്ടായ്മ അത്യാവശ്യമാണ്. ചുരുങ്ങിയത് 20സെൻറ് ഭൂമിയെങ്കിലും സ്വന്തം പേരിലുള്ള കർഷകർക്ക് ഈ ആനുകൂല്യം ലഭിക്കുവാൻ നടപടികൾ ഉണ്ടാക്കാൻ ആള് പഞ്ചായത്തിലെ ഭൂരിപക്ഷത്തിനും ഉപകരിക്കുവാൻ സാധിക്കും.

വർഷത്തിൽ രണ്ടോ മൂന്നോ തവണ കാർഷിക വിളയായ തെങ്ങിനെയും കാർഷികഭൂമിയെയും നഷ്ടപ്പെടുത്തുന്ന രൂക്ഷമായ കടൽക്ഷോഭത്തിന് ഇരയാകുന്ന ഭൂമിയാണ് നമ്മുടെത്. ഇതുവരെയായും ഇതിനൊരു പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ല, വളരെ അത്യാവശ്യമായി ചെയ്യേണ്ടുന്ന കാര്യമാണ്. അതുപോലെ വളരെയധികം ആളുകൾ ഇന്ന് കടൽപുറംമ്പോക്ക് ഭൂമി കൈവശക്കാരാണ് അവരുടെ പ്രശ്നം പഞ്ചായത്തിന്റെ മൊത്തം പ്രശ്നമായി ഇന്നും അവശേഷിക്കുന്നു. ആയതിന് വ്യക്തമായ ഒരു തീരുമാനവും നടപടികളും ഉണ്ടാകേണ്ടിയിരിക്കുന്നു.

മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് ഭൂമിശാസ്ത്രപരമായ പല വിഷമതകളും അനുഭവപ്പെട്ടിട്ടുണ്ടെങ്കിലും, ജനസംഖ്യാകുറവ് എന്ന കാരണത്താലും ഒരു കൃഷി ഓഫീസ്സറും രണ്ട് കൃഷി അസിസ്റ്റൻറുമാരും മാത്രമാണ് ഇവിടെയുള്ളത്. ഇത് പദ്ധതിപ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുന്നു. എന്നാൽ മറ്റു പഞ്ചായത്തുകളിലാണെങ്കിൽ ഒരു കൃഷി ഓഫീസ്സറും മൂന്ന് അസിസ്റ്റൻറുമാരും ഉണ്ട്. 1987– നുശേഷം വിവിധ പദ്ധതികളും സ്ക്കീമുകളും പതിൻമടങ്ങ് വർദ്ധിച്ചുവെങ്കിലും താഴെ തട്ടിൽ ജീവനക്കാരുടെ കാര്യത്തിൽ യാതൊരു മാറ്റവും ഉണ്ടായിട്ടില്ല. അതുകൊണ്ട് തന്നെ കൃഷിക്കാരുടെ പ്രശ്നങ്ങളിൽ യഥാസമയം ഇടപെടുന്നതിനോ നൂതന കൃഷിരീതികൾ യഥാസമയം ലഭ്യമാക്കുന്നതിനോ സാധിക്കാതെ വരുന്നു.

നടീൽ വസ്തുക്കൾ, വിളകൾ മറ്റും യഥാസമയം എത്തിക്കുന്നതിനും, പ്രകൃതിക്ഷോഭം മൂലം വിളനാശമുണ്ടാകുന്ന സമയത്ത് നാശനഷ്ടങ്ങളുടെ കണക്കെടുക്കുന്നതിനും, പഞ്ചായത്തിന്റെ എല്ലാ ഭാഗത്തുമായി കിടക്കുന്ന കർഷകരുമായും ആവശ്യാനുസരണം ബന്ധപ്പെടുന്നതിനും മറ്റുമായി പഞ്ചായത്തിന് സ്വന്തമായി ഒരു ബോട്ട് ഉണ്ടായാൽ, വളരെ ഏറെ ഉപകാരപ്രദമായിരിക്കും.

2. 1. ഇപ്പോൾ നിലവിലുള്ള പദ്ധതികൾ

സമഗ്രനാളികേരവികസന പദ്ധതി:– 30 സെൻറ് തെങ്ങിൻതോപ്പ് സ്വന്തം കൈവശമുള്ള കർഷകർക്ക് ജലസേചനസൗകര്യത്തിനായി കിണർ കുഴിക്കുന്നതിനോ നിലവിലുള്ള കിണറിന് പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുമായി 2500/ക സബ്സിഡി നല്കുന്നു. അതിൽ താഴെ പറയുന്ന വഴി അടങ്ങിയിരിക്കുന്നു.

1. ഈ വർഷം 14 ജനറലും ഒരെണ്ണം പട്ടികജാതി/പട്ടികവർഗ്ഗത്തിനായി മൊത്തം സബ്സിഡിയോടുകൂടി 15 കിണർ
2. ഈ വർഷം 30 പമ്പ് സെറ്റും നല്കുന്നു.
3. ഫിൽട്ടർ പോയൻറ് ട്യൂബ് വെൽ 3 എണ്ണം സബ്സിഡി 750/
4. തെങ്ങുകയറ്റ യന്ത്രം 2 എണ്ണം സബ്സിഡി 500/
5. പച്ചിലവളവിള 60കിലോ ഒരു കിലോവിന് 5/ രൂപ സബ്സിഡി
6. സമൂഹജലസേചന പദ്ധതി

5 മുതൽ 10 കുടുംബങ്ങൾക്ക് ഉപകരിക്കുന്ന വിധത്തിൽ ചുരുങ്ങിയത് 5 ഹെക്ടർ സ്ഥലത്തേക്കുള്ള പദ്ധതി. ഇതിന് 85% സബ്സിഡി നിരക്കിൽ ഒരു ഹെക്ടറിന് ഏറ്റവും കൂടിയ സബ്സിഡി 15,000/ രൂപ

2.ദേശീയ പയർകൃഷി വികസന പദ്ധതി

പയർകൃഷി വികസിപ്പിക്കുന്നതിന് സബ്സിഡി നിരക്കിൽ 25 കിലോ പയർ വിത്തും റൈസോബീയം കടപ്പുറം വിതരണം ചെയ്യുന്നു.

3. സ്ക്കൂൾ പച്ചക്കറികൃഷി വികസന പദ്ധതി

ഈ പഞ്ചായത്തിലെ 3 സ്ക്കൂളിലെ 350 കുട്ടികൾക്ക് ഓരോ പാക്കറ്റ് പച്ചക്കറി വിത്ത് സൗജന്യമായി വിതരണം ചെയ്യുന്നു. അവരവരുടെ വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നിന് പ്രോത്സാഹന സമ്മാനമായി

ഒന്നാം സമ്മാനം 250
രണ്ടാം സമ്മാനം 150
മൂന്നാം സമ്മാനം 100/ക നിരക്കിൽ വിതരണം ചെയ്യുന്നു.

കൂടാതെ ഇവർക്ക് തന്നെ സംസ്ഥാനതലത്തിലും മത്സരം നടത്തി സമ്മാനങ്ങൾ കൊടുക്കുന്നു.

4. വിള ഇൻഷ്വറൻസ് പദ്ധതി:– എല്ലാ കാർഷികവിളകളും നാമമാത്രമായ പ്രീമിയം അടച്ച് ഇൻഷ്വർ ചെയ്താൽ പ്രകൃതിക്ഷോഭത്താലും കീടരോഗബാധയാലും നശിച്ചാൽ വർദ്ധിച്ച തോതിലുള്ള ആനുകൂല്യങ്ങൾ നല്കുന്നു.

5. സംഘകൃഷി:- ചുരുങ്ങിയത് 10 ഹെക്ടർ സ്ഥലത്ത് കൃഷിക്കാർ സംഘടിച്ച് ഒരു രജിസ്റ്റേർഡ് സൊസൈറ്റിയുടെ കീഴിൽ വിത്തിറക്കുന്നതുമുതൽ കൊയ്ത്തിറക്കുന്നതുവരെ സംഘടിതമായി ചെയ്തുവരുന്നു. ഇങ്ങനെ പാടശേഖരത്തിൽ ഉഴവു യന്ത്രം, മെതി യന്ത്രം, നടീൽ വസ്തു മുതലായവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു.

6. കൃഷി വികസനത്തിൽ പൊതുജന പങ്കാളിത്തം:- ഈ പദ്ധതിയിൻ കീഴിൽ എല്ലാ വർഷവും പഞ്ചായത്തിലെ ഏറ്റവും നല്ല തെങ്ങ് പച്ചക്കറി സമ്മിശ്രകൃഷിക്കാരനെ തെരഞ്ഞെടുത്ത് 500 രൂപ വീതമുള്ള സമ്മാനം നല്കുന്നു.

7. പച്ചക്കറി മിനി കിറ്റ്:- 10 രൂപ ടോക്കൺ ഫീസ് കൃഷി ഓഫീസിൽ അടച്ചാൽ 10 സെൻറ് സ്ഥലങ്ങൾ കൃഷി ചെയ്യുന്നതിനാവശ്യമായ വളവും, കീടനാശിനിയും സൗജന്യമായി ലഭിക്കുന്നു.

8. നെല്ലുല്പാദന ബോണസ്സ്:- 1 ഏക്കർ സ്ഥലത്ത് നെല്ലുല്പാദന ബോണസ്സായി 100 രൂപ നെൽകൃഷിക്കാർക്കായി നല്കിവരുന്നു.

ഇത്രയും പദ്ധതികളാണ് വലിയപറമ്പ് കൃഷിഭവൻ മുഖേന നടപ്പിലാക്കിവരുന്നത്.

മൃഗസംരക്ഷണം - മത്സ്യബന്ധനം

വലിയപറമ്പ് പഞ്ചായത്തിന്റെ ഭൂപ്രകൃതി മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് സഹായകമല്ലാത്തതുകൊണ്ടാവാം ഈ രംഗത്ത് തീർത്തും പിന്നോക്കാവസ്ഥായാണെന്നു തന്നെ പറയാം. ഉള്ളവയിൽ കൂടുതൽ കാണപ്പെടുന്നത് പശു, ആട്, എന്നിവയാണ്. മണൽപ്രദേശത്ത് തീറ്റപ്പുല്ല് ലഭ്യത കുറവായതാകാം ഇതിന്നുകാരണം. പഴയകാലത്ത് കൃഷി സ്ഥലങ്ങൾ കൂടുതലായിരുന്നു. അക്കാലത്ത് വൈക്കോലിന്റെ സഹായത്തോടെ കന്നുകാലികളെ വളർത്തിയിരുന്നു.

പിൽകാലത്ത് വയലുകൾ തെങ്ങിൻ പറമ്പുകളായതോടെ വൈക്കോലിന്റെ ലഭ്യത കുറഞ്ഞു. മറുകരയിൽ നിന്ന് തീറ്റപ്പുല്ല് കൊണ്ടുവന്ന് മൃഗസംരക്ഷണം നടത്തുക അനാദായകരവും. ക്ലേശപൂർണ്ണവുമാകയാൽ ഈ രംഗത്ത് ജനങ്ങൾക്ക് താല്പര്യം കുറഞ്ഞുവന്നു. പഞ്ചായത്തിലെ ജനങ്ങളുടെ പാലിന്റെ ആവശ്യകതക്ക് അനുസരിച്ച പാലുല്പാദനം നടക്കുന്നില്ല എന്നാണ് ഇന്നത്തെ അവസ്ഥ.

മൃഗസംരക്ഷണവകുപ്പ് നൽകിയിരിക്കുന്ന പഞ്ചായത്തിലെ കന്നുകാലി സമ്പത്തിന്റെ കണക്ക്

വാർഡ് നമ്പ്ർ	കാള	നാടൻ	പശു	നാടൻ		പശു	സങ്കരം		ആട്	പട്ടി	എരുമ		
			കറവ ഉള്ളത്	കറവ ഇല്ലാത്തത്		കറവ ഉള്ളത്	കറവ ഇല്ലാത്തത്				കറവ ഉള്ളത്	കറവ ഇല്ലാത്തത്	
1	19		80	115		45	08		28	09	–	–	
2	–		08	06		–	–		07	03	–	–	
3	–		10	21		08	03		03	–	–	–	
4	–		24	22		21	14		01	–	01	–	
5	7		16	20		04	02		–	–	–	–	
6	–		03	04		12	20		–	–	–	–	
7	–		07	05		30	26		–	–	–	–	
8	–		03	05		12	08		–	–	–	–	
ആകെ	16		151	198		132	81		39	12	01	–	

വലിയപറമ്പ് പഞ്ചായത്ത്

വളർത്തു പക്ഷികൾ - പട്ടിക

വാർഡ് നമ്പർ	പൂവൻകോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ടയിടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ	
1	102	205	472	–	–	–
2	44	50	135	–	–	–
3	40	30	79	01	02	–
4	26	60	88	–	–	–
5	16	35	55	–	–	–
6	10	48	57	–	–	–
7	04	102	297	01	03	–
8	14	40	99	–	–	–
ആകെ	256	570	1282	02	05	–

(അവലംബം :- മൃഗസംരക്ഷണവകുപ്പ് കണക്ക്)

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

(അവലംബം :- മൃസംരക്ഷണ വകുപ്പ് കണക്ക്)

വളർത്തുമൃഗം - ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ
പശു	372	269
കിടാരി	160	132
എരുമ	01	01

സാധാരണയായി പശു, ആട് എന്നിവയിൽ കണ്ടുവരുന്ന രോഗം - ദഹനസംബന്ധിയായവ. പഞ്ചായത്തിൽ വലിയപറമ്പ കേന്ദ്രമാക്കി ഒരു മൃഗാശുപത്രിയും മാവിലക്കടപ്പുറത്ത് ഒരു സബ്സെൻററും പ്രവർത്തിക്കുന്നുണ്ട്. പ്രദേശത്തിൻെറ പ്രത്യേകതകൾ കാരണം ഇവയുമായി ബന്ധപ്പെടുന്നതിന് ജനങ്ങൾക്ക് വിഷമതകൾ ഏറെയാണ്. മൃഗഡോക്ടറുടെ സേവനവും കൃത്യമായി ലഭ്യമാകുന്നില്ല എന്നത് മറ്റൊരു ന്യൂനതയായി നിലനില്ക്കുന്നു. കാലികളിൽ പൊതുവേ കണ്ടുവരുന്നത് ദഹനസംബന്ധമായ രോഗമാണെങ്കിലും അകിടുവീക്കം, പനി എന്നിവയും കാണപ്പെടുന്നുണ്ട്. മൃഗാശുപത്രിയുടെ സേവനം 4-ാം വാർഡിൽ മാത്രവും സബ്സെൻററിൻെറ സേവനം 8-ാം വാർഡിൽ മാത്രവും ഒതുങ്ങുന്ന സ്ഥിതിയാണുള്ളത്. കൃഷിക്കാവശ്യമായ ജൈവവളത്തിൻെറ വലിയൊരു പങ്ക് കാലിവളർത്തലിലൂടെ നിറവേറ്റാൻ കഴിയുമെങ്കിലും ലാഭകരമല്ലാത്തതിനാൽ കന്നുകാലികൃഷിയിൽ ജനങ്ങൾ വിമുഖത കാട്ടുന്നു.

മുൻകാലങ്ങളിലേതുപോലെ കോഴിവളർത്തലിൽ ജനങ്ങൾ താല്പര്യം കാട്ടുന്നില്ലെന്നതാണ് എടുത്തുപറയേണ്ടുന്ന മറ്റൊരു വസ്തുത. പ്രധാനമായും ഇതിന്ന് കാരണം കോഴിവസന്തമൂലം അവ കൂട്ടത്തോടെ ചത്തൊടുങ്ങുന്നതാണ്. അതുകാരണം മുട്ടയും, ഇറച്ചിക്കോഴിയും വ്യാപകമായി മറ്റു പ്രദേശങ്ങളിൽ നിന്ന് വാങ്ങികൊണ്ടു വന്നാണ് ഉപഭോഗം നിർവ്വഹിക്കുന്നത്. കോഴി വളർത്തലിന് വൻ സാദ്ധ്യതയുണ്ടെങ്കിലും അത് ഫലപ്രദമായി ഉപയോഗിക്കാൻ സംവിധാനമുണ്ടാക്കേണ്ടിയിരിക്കുന്നു. വിശാലമായ പുഴയോരവും തോടുകളും ഉണ്ടെങ്കിലും താറാവുവളർത്തലിൽ ജനങ്ങൾ വിമുഖരാണ്.

ഇടയിലക്കാട്, മാടക്കാൽ തുടങ്ങി ചില പോക്കറ്റുകളിൽ വിരളമായി കൗതുകത്തിനുവേണ്ടി മാത്രം മുയൽവളർത്തുന്ന സ്വഭാവം ഉണ്ട്. എന്നാൽ ഈ കൃഷി നടപ്പിലാക്കുവാൻ ബോധവൽക്കരണവും സഹായങ്ങളും നൽകേണ്ടിയിരിക്കുന്നു. അങ്ങനെ വന്നാൽ ഇറച്ചിയുടെ ആവശ്യം ഒരു പരിധി വരെ പരിഹരിക്കുവാൻ കഴിയുന്നതാണ്.

മൃഗസംരക്ഷണ രംഗത്തെ പ്രധാന പ്രശ്നങ്ങൾ

1. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്.
2. മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത
3. കാലിത്തീറ്റ, കോഴിത്തീറ്റ വിപണന കേന്ദ്രങ്ങൾ പഞ്ചായത്തിലില്ലാത്തതും, അവയുടെ വില വർദ്ധനയും.
4. കോഴി വസന്ത രോഗം തടയാൻ ഫലപ്രദമായ സംവിധാനമില്ലായ്മയും, മരുന്നുകളുടെ ലഭ്യതക്കുറവും.
5. കന്നുകാലി വളർത്തലിൽ ബോധവൽക്കരണമില്ലായ്മയും വികസന കഷേമപ്രവർത്തനങ്ങൾ ഈ ദ്വീപു പഞ്ചായത്തിൽ എത്താത്ത അവസ്ഥയും.
6. കന്നുകാലി വളർത്തലിന് സാമ്പത്തികസഹായം ലഭിക്കാനുള്ള പ്രയാസം.
7. ക്ഷീര വിപണനത്തിന് സൗകര്യമില്ലാത്ത അവസ്ഥ.
8. കുറുക്കന്റെ ശല്യം ഒഴിവാക്കുക.

സാധ്യതകൾ

1. മൃഗസംരക്ഷണ ഉപകേന്ദ്രങ്ങൾ വാർഡുകളിൽ സ്ഥാപിക്കുകയും സേവനം ക്രമമായി ലഭ്യമാക്കുകയും ചെയ്യുക.
2. നിലവിലുള്ള മൃഗാശുപത്രി ആധുനിക സൗകര്യങ്ങളോടുകൂടി വികസിപ്പിക്കുക.
3. തീറ്റപ്പുൽകൃഷിക്ക് സഹായം, വിത്ത്, ബോധവൽക്കരണം ഇവ ഏർപ്പെടുത്തുക.
4. ക്ഷീര സംഭരണ വിപണന കേന്ദ്രങ്ങൾ, മിൽക്ക് സൊസൈറ്റികൾ എന്നിവ സ്ഥാപിക്കുക.
5. കോഴി, മുയൽ വളർത്തുകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്ന് ബോധനവും, ധനസഹായവും ലഭ്യമാക്കുക. മാതൃകയായി സർക്കാർ തലത്തിൽ ഒരു കേന്ദ്രം ആരംഭിക്കുക.
6. അലഞ്ഞുതിരിയുന്ന പട്ടികളെ കൊല്ലുകയും, കുറുക്കന്റെ ശല്യം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
7. കന്നുകാലി പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും കൃഷിക്കാരന് സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

ക്ഷീരവകുപ്പ് കാസർകോടു ജില്ലയിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതിപ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു. (അവലംബം:- ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ലഭിച്ച വിവരങ്ങൾ)
1. ഗ്രാമീണ വിജ്ഞാന വ്യാപനം :- ബ്ലോക്കുതലത്തിൽ വർഷത്തിൽ ഒരു തവണ ക്ഷീരവികസന സെമിനാറും കന്നുകാലി പ്രദർശനവും നടത്തുന്നു. പ്രദർശന ചെലവിലേക്ക് 900 രൂപ നൽകുന്നു. ചെലവിനും സമ്മാനങ്ങൾ നൽകുന്നതിനും ഈ തുക വിനിയോഗിക്കുന്നു.
2. മാതൃകാ ഡയറി യൂനിറ്റ് :- ക്ഷീരവ്യവസായ രംഗത്തേക്ക് കൂടുതൽ ജനങ്ങളെ ആകർഷിക്കുന്നതിന്നും, മാതൃകയായി കാണിക്കുന്നതിന്നും മാതൃകാ കർഷകനെ തിരഞ്ഞെടുക്കുന്നു. ചിരുങ്ങിയത് 2 പശുക്കളെങ്കിലും വേണം. ശാസ്ത്രീയമായി പരിചരണം നടത്തണം, ശാസ്ത്രീയമായി പണിത തൊഴുത്ത്, 50 സെൻറ് പുൽകൃഷി ജലസേചനത്തിന് പമ്പുസെറ്റ് തുടങ്ങിയ സൗകര്യങ്ങൾ വേണം. ഒരു യൂണിറ്റിന് മൊത്തം ചെലവാകുന്ന തുകയുടെ 25% ആയ 7000 രൂപ ധനസഹായം നൽകി വരുന്നു.
3. കർഷകസമ്പർക്ക പരിപാടി/ക്ഷീരോല്പന്ന നിർമ്മാണ പ്രദർശനം:- ആധുനിക ക്ഷീര വിജ്ഞാനം കർഷകരിലെത്തിക്കുന്നതിന് ക്ഷീരസഹകരണസംഘം, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ

സഹകരണത്തോടെ ചുരുങ്ങിയത് 30 കർഷകരെ പങ്കെടുപ്പിച്ച് കൊണ്ട് ക്ഷീരകർഷകചർച്ചാക്ലാസ്, സെമിനാറുകൾ എന്നിവ നടത്തുന്നു. 200 രൂപ ഇതിലേക്ക് ധനസഹായം നല്കുന്നു.

4. മാതൃകാ തൊഴുത്ത് നിർമ്മാണം:- 2 കറവപ്പശുക്കളെ പാർപ്പിക്കുവാൻ കഴിയുന്ന ഗുണനിലവാരമുള്ള തറയും, ശാസ്ത്രീയമായി നിർമ്മിച്ചതുമായ 3750 രൂപ ചെലവുവരുന്ന തൊഴുത്തിന് 1250 രൂപാ ധനസഹായം നല്കുന്നു.

5. ധാതുലവണം, വിറ്റാമിൻ സപ്ലിമെൻറ് വിതരണം:- ക്ഷീരസഹകരണസംഘങ്ങൾ വഴി ഇവ പകുതി വിലയ്ക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു.

6. പാലുല്പാദന കിറ്റ്:- ശുദ്ധമായ പാലുല്പാദനത്തിനും, കന്നുകാലി പരിചരണത്തിനുമായി കയർബ്രഷ്, തൊഴുത്ത് വൃത്തിയാക്കൽ ലോഷൻ, അകിടു കഴുകാൻ പൊട്ടാസിയം പെർമാംഗനേറ്റ് തുടങ്ങിയവ അടങ്ങുന്ന കിറ്റ് സൗജന്യനിരക്കിൽ ക്ഷീരകർഷകർക്കു നൽകുന്നു.

തീറ്റപ്പുൽകൃഷി വികസനം:- കറവപ്പശുക്കൾക്ക് തീറ്റച്ചെലവു കുറക്കുന്നതിന്നായി തീറ്റപ്പുൽകൃഷി വികസന പരിപാടി നടപ്പാക്കി വരുന്നു.

1. ഒരു ഹെക്ടർ പുൽകൃഷിത്തോട്ടം:- ക്ഷീരസഹകരണസംഘങ്ങൾക്കോ, വ്യക്തിക്കോ ഒരു ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി നടത്തുന്നതിന്ന് കൃഷിച്ചെലവിന്നും അനുബന്ധ ഘടകങ്ങൾ ശേഖരിക്കുന്നതിനും 15,000 രൂപ നൽകിവരുന്നു.

2. 5 ഹെക്ടർ പുൽകൃഷി :- ക്ഷീരസഹകരണ സംഘങ്ങൾക്ക് തരിശുനിലങ്ങളിലോ, തെങ്ങിൻതോപ്പിൽ ഇടവിളയായോ പാട്ടത്തിന്നു കൃഷിചെയ്യുന്ന പദ്ധതിക്കായി പാട്ടസംഖ്യ, അനുബന്ധഘടകശേഖരണം എന്നിവക്കായി 7500 രൂപാ നൽകി വരുന്നു.

3. പുൽപ്പയർ മിശ്രിതം:- തെങ്ങിൻതോപ്പിൽ ഇടവിളയായി കൃഷി ചെയ്യുന്നതിന് 5 സെൻറിന് 240 ഗ്രാം എന്ന തോതിൽ വിത്ത് പകുതിവിലക്ക് നൽകി വരുന്നു. ഒരു പാക്കറ്റ് വിത്തിന് 10 രൂപാ വെച്ച് രാസവള സബ്സിഡി അനുവദിക്കുന്നു.

4. പുൽക്കടകൾ ഉപയോഗിച്ചുള്ള കൃഷി:- പാര, ഗിനി, സങ്കരനേപ്പിയർ എന്നിവയുടെ പുൽക്കടകൾ ഉപയോഗിച്ച് കൃഷിചെയ്യുന്നപദ്ധതിക്കായി ഹെക്ടറിന്ന് കടയുടെ വിലയായി 500 രൂപയും, രാസവളത്തിന് 500 രൂപയും നൽകുന്നു.

ഇതുകൂടാതെ നിരവധി പദ്ധതികൾ നിലവിലുണ്ട്. ഇവയ്ക്കുള്ള വിവരശേഖരണത്തിന് ജില്ലാ ക്ഷീരവികസന വകുപ്പ് ഓഫീസുമായി ബന്ധപ്പെടുന്നത് നല്ലതാണ്.

മത്സ്യബന്ധനം

വലിയപറമ്പ് പഞ്ചായത്തിന് 24 കിലോമീറ്റർ നീളത്തിൽ കടലോരമുണ്ട്. അത്രയും പുഴയുടെ തീരവും ഉണ്ട്. മത്സ്യബന്ധനമേഖലയിൽ ഏറെ വികസന സാദ്ധ്യതയുണ്ടെന്ന് ഇക്കാര്യത്തിൽ നിന്നു തന്നെ ഊഹിക്കാവുന്നതാണല്ലോ.

പഴയകാലത്ത് പുരുഷൻമാരിലേറെയും കടൽ, മത്സ്യബന്ധനം, പുഴമത്സ്യബന്ധനം എന്നിവയിലും സ്ത്രീകൾ മത്സ്യം ഉണക്കൽ, വില്പന എന്നിവയിലും ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്നു. പായകെട്ടിയ വള്ളങ്ങൾ കായികശക്തി മാത്രം ഉപയോഗിച്ച് മത്സ്യബന്ധനത്തിന് പോയി വരുന്ന കടലോരദൃശ്യവും ചാകരകൊയ്ത്തും, അതുവഴി കടൽതീരത്തുണ്ടാവുന്ന ആഹ്ലാദാരവങ്ങളും ഇന്ന് പഴമക്കാരുടെ വർണ്ണനകളിൽ മാത്രം ഒതുങ്ങുന്നു. സന്ധ്യാസമയത്ത് 'വേപ്പ്' ഓടങ്ങൾ കടലിലിറങ്ങുന്നതും പിറ്റെദിവസം വള്ളം നിറയെ വലിയ മത്സ്യങ്ങളുമായി കരയ്ക്കണയുന്നതും ഇന്ന് കഥകളായി മാറിയിരിക്കുന്നു. ഈ കടൽതീരങ്ങൾ നിറയെ നിരന്നു നിന്നിരുന്ന മത്സ്യബന്ധനവള്ളങ്ങളും 'മീൻ ചാപ്പകളും' മത്സ്യത്തിൻെറ വരവുനോക്കിയിരിക്കുന്ന വള്ളമുതലാളിമാരും, അയാളുടെ വിളിയുണ്ടാവുമ്പോൾ കടലിലിറങ്ങാൻ തയ്യാറായി കടൽതീരത്തെ പഞ്ചാരമണലിൽ ഉറങ്ങികിടക്കുന്ന മത്സ്യത്തൊഴിലാളിക്കൂട്ടവും പഞ്ചായത്തിൻെറ വടക്കൻ ഭാഗങ്ങളിൽ ഒതുങ്ങിക്കിടക്കുന്നു.

മത്സ്യബന്ധന രംഗത്തെ ആധുനികവൽക്കരണവും, ക്രമം തെറ്റിയ മത്സ്യബന്ധനവും, തീരക്കടലിൽ

മത്സ്യബന്ധനബോട്ടുകൾ മത്സ്യബന്ധനം നടത്തുന്നതും, ട്രോളറുകൾക്കും വൻകിടകമ്പനികൾക്കും മത്സ്യബന്ധന സൗകര്യം അനുവദിച്ചുകൊടുത്തതും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ തൊഴിൽ നഷ്ടത്തിലേക്കും അതുവഴി മത്സ്യബന്ധനമേഖലയോടുള്ള വിമുഖതയിലേക്കും എത്തിച്ചു. നാടൻ വള്ളങ്ങൾ കൂടുതലും ജില്ലയുടെ വടക്കൻ ഭാഗങ്ങളിലേക്കും കണ്ണൂർ ജില്ലയിലേക്കും കടത്തപ്പെട്ടു. മത്സ്യത്തൊഴിലാളികളിൽ ഒരു വലിയ വിഭാഗം ഗൾഫ് മേഖലകളിലേക്ക് ചേക്കേറി, ആദ്യകാലത്ത് വലിയപറമ്പിലും, പടന്നക്കടപ്പുറത്തും, ബീച്ചാർ കടപ്പുറത്തും കന്നുവിടു കടപ്പുറത്തും പന്ത്രണ്ടിലും പ്രവർത്തിച്ചിരുന്ന 'മീൻ എണ്ണ' പ്രസ്സുകൾ അവശിഷ്ടങ്ങൾ പോലും ബാക്കിയാവാതെ കരകടത്തപ്പെട്ടു. പഴയകാലത്ത് അനവധി പേർക്ക് ജോലി നൽകിയവയായിരുന്ന ഈ പ്രസ്സുകൾ. ഇതിനൊക്കെ പുറമേ കടൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്ന മത്സ്യത്തൊഴിലാളികളിൽ അധികഭാഗവും ഉൾനാടൻ മത്സ്യബന്ധനമേഖലയിലേക്ക് മാറുന്ന പ്രവണത ഇക്കാലത്ത് കൂടി വരികയാണ്. ഫിഷ്ലാൻറിംഗ് സെൻററിൻെറ അഭാവം, കടൽ മത്സ്യലഭ്യതയിലെ അനിശ്ചിതാവസ്ഥ എന്നിവ ഇതിന് കാരണമായി വിദഗ്ർ ചൂണ്ടികാട്ടുന്നു. മറ്റൊരു വസ്തുത പിടിച്ചുകൊണ്ടുവരുന്ന മത്സ്യസമ്പത്തിന്, ഗതാഗതസൗകര്യങ്ങളുടെ അവര്യാപ്തത കാരണം കൃത്യസമയത്ത് വിപണിയിലെത്തിക്കാൻ കഴിയാതെ വരുന്നു. യഥാർത്ഥ തൊഴിലാളിക്ക് അർഹമായ പ്രതിഫലം കിട്ടാത്ത അവസ്ഥ വരുന്നു എന്നതാണ്.

പ്രധാനമായി ലഭിക്കുന്ന മത്സ്യ ഇനങ്ങൾ

കടൽമത്സ്യം

അയല, മത്തി, ചമ്പാൻ, മാന്തൽ (നങ്ക്) നത്തോലി, ആവോലി, അയക്കൂറ, കറ്റ്ല, പാര, തളയൻ, കേതൽ, വാമീൻ, കൂന്തൽ, മുള്ളൻ, സ്രാവ്. തെരണ്ടി

പുഴ മത്സ്യം

മാലാൻ, ഞണ്ട്, ചെമ്മീൻ, ചെമ്പല്ലി, ഏരി, തോങ്ങോൽ, കടുവ മീൻ, കരിമീൻ, തിരുത, എറിയൻ, ഏട്ട, പ്രാച്ചി, തെരണ്ടി, കകക, കല്ലുമ്മക്കായ, മുരു, കൊയല.

മത്സ്യബന്ധനം ഗ്രാമങ്ങൾ, പ്രവർത്തന പരിധി

നമ്പ്ർ	പേര്	പ്രവർത്തനപരിധി	അംഗീകൃത മത്സ്യ തൊഴിലാളി അംഗസംഖ്യ
1	തൃക്കരിപ്പൂർ കടപ്പുറം	വാർഡ് 1	257
2	വലിയപറമ്പ്	വാർഡ് 2,3,4	348
3	പടന്നക്കടപ്പുറം	വാർഡ് 5,6,7,8	532
ആകെ	3	–	1137

(അവലംബം:- മത്സ്യഫെഡ് പ്രൊജക്ട് – കാസർകോട്)

അംഗീകൃത കണക്കനുസരിച്ച് 1137 ആണെങ്കിലും തൊഴിലാളികളുടെ എണ്ണം ഇതിലും വളരെയേറെയാണെന്നതാണ് വസ്തുത. സ്ത്രീ തൊഴിലാളികളെ മത്സ്യ തൊഴിലാളിയായി അംഗീകരിച്ചത് തുലോം കുറവാണ്. അറിവില്ലായ്മ, അലംഭാവമനോഭാവം എന്നിവ കാരണം രജിസ്റ്റർ ചെയ്യാത്ത മത്സ്യതൊഴിലാളികൾ നിരവധിയാണ്. മറ്റൊരു പ്രവണത 18നും 14നും ഇടയിലുള്ള കുട്ടികളും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും അവർ അംഗീകരിക്കപ്പെടുന്നില്ല എന്നാണ്.

17–10–96ന്റെ സാമൂഹ്യസാമ്പത്തിക സർവേ അനുസരിച്ചുള്ള കണക്ക്
മത്സ്യതൊഴിലാളി വികസന ക്ഷേമ സംഘങ്ങൾ

1. തൃക്കരിപ്പൂർ കടപ്പുറം മ. വി. ക്ഷേ സംഘം
2. കുന്നുവീട് കടപ്പുറം മ. വി. ക്ഷേ സംഘം
3. വലിയപറമ്പ് മ. വി. ക്ഷേ. സംഘം
4. പടന്നക്കടപ്പുറം ബീച്ചാർകടവ് മ. വി. ക്ഷേ സംഘം

ഇവയിൽ ആകെ അംഗങ്ങൾ 2919
സംഘങ്ങളുടെ ആകെ ഓഹരി മൂലധനം1,30,000 രൂപ
NCDC പദ്ധതിപ്രകാരം 31 –10 – 96 വരെ
വിതരണം ചെയ്ത വായ്പ
81 യൂണിറ്റ് 195 ഗുണഭോക്താക്കൾ 19,37,404 രൂപ വായ്പ
വായ്പാ കാലാവധി 3 വർഷം
പലിശ നിരക്ക് 14.25%
സബ്സിഡി 25%
പ്രസ്തുത – 81 യൂണിറ്റുകളിൽ – 71 എണ്ണം ഉൾനാടൻ മത്സ്യബന്ധനമേഖലയിൽ
ഫണ്ടുശേഖരണം – ലഘുസമ്പാദ്യ പദ്ധതി, ഭവന നിക്ഷേപ പദ്ധതി
മത്സ്യഫെഡ് – മറ്റു വായ്പകൾ
1. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങാൻ
2. മത്സ്യബന്ധന ഉപകരണങ്ങൾ റിപ്പയർ ചെയ്യാൻ
3. വിദ്യാഭ്യാസ വായ്പ

ഉൾനാടൻമത്സ്യബന്ധനമേഖലയിൽവളരെയേറെ സാമ്പത്തികപിന്നോക്കാവസ്ഥയുള്ളവരാണ് ഏർപ്പെട്ടിട്ടുള്ളത്. കൂലിക്കും, പ്രതിമാസം 300–ഉം അതിലേറെയും രൂപക്ക് തോണി വാടകക്കെടുത്തും മത്സ്യബന്ധനത്തിലേർപ്പെടുന്ന ഇവർക്ക് ക്ഷേമപ്രവർത്തനങ്ങൾ ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. അതുപോലെ സേവനമേഖലകളിലൂടെ അർഹതയുള്ള സാമ്പത്തികാനുകൂല്യങ്ങൾ നേടികൊടുക്കാനുള്ള ബോധവലക്കരണവും അനിവാര്യമാണ്.

വർഷം തോറും കൂടികൂടി വരുന്ന കടലാക്രമണം, പുഴയും കടലും കേന്ദ്രീകരിച്ച അനിയന്ത്രിതമായ മണൽ വാരൽ പടന്നപ്പുഴയിൽ ഉടനളം കാണപ്പെടുന്ന 'പുഴനികത്തൽ' പ്രവണത ഒഴുക്കിനു തടസ്സമുണ്ടാക്കുന്ന ബണ്ടുകൾ എന്നിവ മത്സ്യതൊഴിലാളികളുടെ വരുമാനം നഷ്ടപ്പെടുത്തുകയും, ജീവിതം ദുരിതപൂർണ്ണമാക്കുകയും ചെയ്യുന്നു. പഞ്ചായത്തിലുടനീളം മത്സ്യതൊഴിലാളികൾ എന്നും കടലാക്രമണ ഭീതിയിൽ കഴിയുന്നവരാണ്.

പ്രശ്നങ്ങൾ

1. രോഗം കാരണം മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്നു.
2. കാലവർഷത്തിനുശേഷം 'കെടുവെള്ളം വന്ന് മത്സ്യങ്ങൾ കൂട്ടത്തോടെ നശിക്കുന്നു.
3. അനിയന്ത്രിതമായ പുഴ നികത്തൽ
4. ബണ്ടുനിർമ്മാണം മൂലമുള്ള ഒഴുക്കിന്റെ തടസ്സം
5. നിരോധിക്കപ്പെട്ട വലകൾ ഉപയോഗിച്ച് അന്യപ്രദേശങ്ങളിൽ നിന്നുവന്ന മത്സ്യക്കുഞ്ഞുങ്ങളെപ്പോലും പിടിച്ചു നശിപ്പിക്കുന്ന അവസ്ഥ.
6. മത്സ്യസമ്പത്ത് മാർക്കറ്റുകളിലെത്തിക്കാൻ ഗതാഗത സൗകര്യമില്ലായ്മ.
7. ചെമ്മീൻ രോഗവും, രോഗം മൂലം നഷ്ടം വരുന്ന കർഷകന് ആശ്വാസപദ്ധതിയില്ലാത്ത അവസ്ഥയും.
8. മത്സ്യബന്ധന ഉപകരണങ്ങൾ വിപണനം ചെയ്യുന്ന കേന്ദ്രങ്ങൾ പഞ്ചായത്തിലില്ലാത്ത സ്ഥിതി.

9. മത്സ്യം ശേഖരിച്ച് സൂക്ഷിച്ച് വിപണനം നടത്താനുള്ള സൗകര്യമില്ലായ്മ.
10. കടലാക്രമണവും, അഴിമുഖത്തിന്റെ അപകടകരമായ അവസ്ഥയും.
12. യമഹ എഞ്ചിനുകൾക്കാവശ്യമായ ഇന്ധനക്ഷാമം.
13. മത്സ്യബന്ധന ബോട്ടുകൾ നിരോധന മേഖലയിൽ നടത്തുന്ന മത്സ്യബന്ധനം.

പരിഹാരങ്ങൾ

1. മത്സ്യരോഗം തടയാനാവശ്യമായ പരിസ്ഥിതി സംരക്ഷണം.
2. മത്സ്യബന്ധന ഉപകരണങ്ങൾ ലഭ്യമാകുന്ന കേന്ദ്രങ്ങൾ പഞ്ചായത്തിൽ ആരംഭിക്കൽ
3. യമഹ എഞ്ചിൻ റിപ്പയർ ചെയ്യുന്ന വിശ്വസനീയമായ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ആരംഭിക്കൽ.
4. യമഹ എഞ്ചിനുകൾക്കാവശ്യമായ ഇന്ധനങ്ങൾ പഞ്ചായത്തിൽ തന്നെ ന്യായവിലക്ക് ലഭ്യമാക്കൽ.
5. പഞ്ചായത്തിൽ മത്സ്യശേഖരണ, സംസ്ക്കരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കൽ
6. ഗതാഗതസൗകര്യം മെച്ചപ്പെടുത്തുവാൻ പഞ്ചായത്തിനെ മറുകരയുമായി ബന്ധിപ്പിക്കുന്ന പാലങ്ങളുടെ നിർമ്മാണം.
7. മത്സ്യതൊഴിൽ ഇല്ലാത്ത പഞ്ചമാസങ്ങളിൽ മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് ആശ്വാസധനവും, സൗജന്യറേഷനും അനുവദിക്കൽ.
8. മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ പെട്ടെന്ന് ലഭ്യമാക്കുക, രോഗാതുരതയ്ക്ക് സഹായധനം നൽകുക, പെൺകുട്ടികളുടെ വിവാഹത്തിന് സഹായം നല്കുക, ഭവന പദ്ധതികൾ വർദ്ധിപ്പിക്കുക, അപകട ഇൻഷൂറൻസ് തുക വർദ്ധിപ്പിക്കുകയും, അത് അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്യുക.
9. അപകടങ്ങളിൽപ്പെടുന്നമത്സ്യത്തൊഴിലാളികൾക്കുള്ള രക്ഷാപ്രവർത്തനം ശക്തമാക്കുകയും വിശ്വാസ്യത വർദ്ധിപ്പിക്കുകയും ചെയ്യുക.
10. മത്സ്യം കേന്ദ്രീകരിച്ചിരിക്കുന്ന സ്ഥലങ്ങളെക്കുറിച്ച് വാർത്താമാധ്യമങ്ങൾ വിവരം നൽകുക.
11. യഥാർത്ഥ മത്സ്യത്തൊഴിലാളികളെ നിർണ്ണയിക്കാനുള്ള അധികാരം പഞ്ചായത്തിന് നൽകുക.
12. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളേയും വള്ളങ്ങളേയും സംരക്ഷിക്കുന്നതിനു വേണ്ട സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.
13. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.
14. ഫിഷറീസ് ടെക്നിക്കൽ സ്ക്കൂൾ – മത്സ്യബന്ധനം – സംസ്ക്കരണം – യന്ത്രസാമഗ്രികളുടെ റിപ്പയർ എന്നിവയിലൊക്കെ തൊഴിലധിഷ്ഠിതമായ ശിക്ഷണം ലഭിക്കുന്നത് – അനുവദിക്കുക.
15. മത്സ്യത്തൊഴിലാളികൾക്ക് വൈദ്യുതി നൽകുന്ന 'കൂടിൽജ്യോതി പദ്ധതി ആരംഭിക്കുക.
16. കക്ക–സംഭരണ – സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുക.

മത്സ്യത്തൊഴിലാളികളിൽ നല്ലൊരു ഭാഗം കക്കസംഭരണത്തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്. കക്കയുടെ പുറന്തോട് കുമ്മായം, സൂപ്പർവൈറ്റ് എന്നിവയുടെ നിർമ്മാണത്തിനായി തമിഴ്നാട്ടിലേക്ക് വ്യാപകമായി കടത്തികൊണ്ടുപോകുന്നുണ്ട്. ഇത്തരം ഒരു യൂണിറ്റ് ആരംഭിച്ചാൽ കൂടുതൽ പേർക്ക് തൊഴിൽ നൽകാവുന്നതാണ്.

കക്കയിറച്ചി സംസ്ക്കരിച്ചെടുക്കാതെ കരയിലിട്ട് ചീച്ച് കളയുകയാണ്. എന്നാൽ ഇതു ശേഖരിച്ച് സംസ്ക്കരിച്ച് പോഷകാംശം ധാരാശം ലഭിക്കുന്ന ഭക്ഷണമാക്കാനും, അച്ചാർ നിർമ്മാണത്തിനുപയോഗിക്കാവുന്നതുമാണ്. 20,000 രൂപയുടെ കക്കസംഭരണ വായ്പയും, 8,000 രൂപയുടെ കക്കസംസ്ക്കരണ വായ്പയും 8 വനിതാംഗങ്ങൾ ഉൾപ്പെടുന്ന യൂണിറ്റിന് മത്സ്യഫെഡ് വായ്പ നൽകുന്നുണ്ട്. ഇത് ഉപയോഗിച്ച് യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.
17. അയില, നത്തോലി, മാന്ത, മുള്ളൻ, തിരണ്ടി, സ്രാവ്, മത്തി തുടങ്ങിയ പൊതുവേ കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്ന മത്സ്യങ്ങൾ ശേഖരിക്കുകയും സംസ്ക്കരിച്ച് ഉണക്കി സംഭരിച്ച് വിപണനം ചെയ്യുന്ന കേന്ദ്രങ്ങൾ ആരംഭിക്കുക വഴി വനിതകൾക്കും പുരുഷൻമാർക്കും തൊഴിൽ സാധ്യതയും വരുമാനവും വർദ്ധിപ്പിക്കാവുന്നതാണ്.

18. കല്ലുമ്മക്കായ, ഞണ്ട് കൃഷി യൂണിറ്റുകൾ സ്ഥാപിക്കുവാൻ ലീസ്, വായ്പ, മാർഗ്ഗനിർദ്ദേശം എന്നിവ നൽകുക വഴി തൊഴിൽമേഖല വിപുലീകരിക്കാവുന്നതാണ്.

19. ഭവനനിർമ്മാണ വായ്പ, കക്കൂസ് നിർമ്മാണ ധനസഹായം, വീട് റിപ്പയർ വായ്പ എന്നിവ വർദ്ധിപ്പിക്കുക വഴി മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.

20. മത്സ്യഫെഡ് പ്രൊജക്ട് വഴി **NBCFDC** പദ്ധതിയിലൂടെ തഴപ്പായ നിർമ്മാണം, ഓലമടയൽ, ഓട്ടോറിക്ഷ, ലോറി, കോൾഡ് സ്റ്റോറേജ് യൂണിറ്റ് എന്നിവ നൽകി തൊഴിൽ-സാമ്പത്തിക മേഖലയെ പോഷിപ്പിക്കാവുന്നതാണ്.

ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുക വഴി മത്സ്യബന്ധനം ആദായകരമാക്കിത്തീർക്കുകയും, നൂതനമത്സ്യബന്ധനരീതികൾ പരിചടപ്പെടുത്തുകയും സുരക്ഷാബോധം ഉണ്ടാക്കുകയും ചെയ്ത് ഈ മേഖലയിലേക്ക് പഞ്ചായത്തിലെ തൊഴിൽരഹിതരെ ആകർഷിക്കുവാൻ വിദഗ്ദരും, സന്നദ്ധസംഘടനാപ്രവർത്തകരും, ഭരണകർത്താക്കളും ഒരുമിച്ച് പ്രവർത്തിച്ചാൽ ആശാവഹമായ മാറ്റം നമ്മുടെ പഞ്ചായത്തിൽ അനധിവിദൂരമല്ല. ■

വ്യവസായം

പഞ്ചായത്തിലെ വ്യാവസായികരംഗത്തെ അവലോകനം ചെയ്യുമ്പോൾ ഫലം 'ഒന്നുമില്ല' എന്നതാണവസ്ഥ. ഒരു പഞ്ചായത്തിൽ ഏറ്റവുമധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പറ്റുന്ന ഈ രംഗത്ത് കടന്നുചെല്ലാൻ പഞ്ചായത്തിൽ സാമ്പത്തികശേഷിയുള്ളവരോ, വിദേശത്തുള്ള ഈ പഞ്ചായത്ത് നിവാസികളോ ശ്രദ്ധിച്ചില്ല. അതു മാത്രമല്ല സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും സർക്കാർ, ധനകാര്യസ്ഥാപനങ്ങൾ തുടങ്ങിയവ വഴി നിരവധി പദ്ധതികൾ ഉണ്ടെങ്കിലും ആ സാധ്യതകളും മുതലെടുക്കുവാൻ ആരും തന്നെ മുന്നോട്ടു വന്നില്ല. സഹകരണസ്ഥാപനങ്ങളും ഈ രംഗത്ത് കടന്നു വന്നതായിക്കാണുന്നില്ല.

എന്നാൽ വിശാലമായ കായൽ വ്യവസായത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ കലവറയായി കിഴക്കുഭാഗത്തും, അനന്തമായ അസംസ്ക്കൃത വസ്തുക്കളുടെ ഗർഭ ഭാരം പേറി അറബിക്കടൽ പടിഞ്ഞാറുഭാഗത്തും നിലകൊള്ളുന്നുണ്ട്. കായലിൽ നിന്ന് കക്ക, ഞണ്ട്, മത്സ്യം ഇവ ധാരാളമായി ചൂഷണം ചെയ്യപ്പെടുന്നുണ്ടെങ്കിലും അവയെല്ലാം എടുത്ത ഉടനെ സ്വകാര്യ മാർക്കറ്റിൽ വിറ്റ് തുച്ഛമായ വരുമാനം കൊണ്ടൊതുങ്ങി ഞെരുങ്ങിക്കഴിയാനാണ് ഈ തീരദേശത്തെ ജനങ്ങൾ ആഗ്രഹിക്കുന്നതെന്നു തോന്നുന്നു.

പഞ്ചായത്തിൽ ഇക്കാലത്ത് ഇടതിങ്ങി വളരുന്ന നാളികേരസമ്പത്തുണ്ട്. ഇവയിൽ നിന്നു ലഭിക്കുന്ന സാധ്യതകളൊന്നും തന്നെ ഫലവത്തായി ഉപയോഗിച്ച് വ്യവസായമാരംഭിച്ച് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാൻ ഒരു സമീപനവും ഏതുകോണിൽ നിന്നായാലും ഉണ്ടായില്ല. എന്നാൽ കായലോരങ്ങളിൽ ചകിരി ചീച്ചെടുക്കുന്നുണ്ട്. അവ അടിച്ച് നാരാക്കി കയറ്റി വില്ക്കുന്നതല്ലാതെ കയർ വ്യവസായ രംഗത്തേക്ക് കടന്നുചെല്ലാൻ ഒരു ശ്രമവും ഉണ്ടായില്ല. പച്ചത്തൊണ്ട് ധാരാളമായി തൊട്ടടുത്തുള്ള പഞ്ചായത്തിലെ ചകിരി കമ്പനിക്ക് കൈമാറുകയാണ്.

അറബിക്കടലിലെ മത്സ്യസമ്പത്തിനെ ചൂഷണം ചെയ്ത് മീനെണ്ണയും, മത്സ്യവളവും, കോഴിത്തീറ്റയും ഉല്പാദിപ്പിച്ചിരുന്ന 4 കേന്ദ്രങ്ങൾ പത്തുപത് കൊല്ലം മുമ്പുവരെ ഇവിടെ പ്രവർത്തിച്ചിരുന്നതായിക്കാണുന്നു. എന്നാൽ ഇന്ന് അവയും കരകടന്നിരിക്കയാണ്. അകലങ്ങളിൽ അനവരതം അസംസ്ക്കൃത സാധനങ്ങൾ എത്തിച്ചുകൊടുക്കുക. അതിൽ നിന്നു കിട്ടുന്ന നിസ്സാര വരുമാനത്തിൽ അഭയം തേടുക. അത് സ്വഭാവവും പൈതൃകവുമാക്കിയ ഈ കരയെ തൊട്ടുണർത്താൻ പുതിയ തൊഴിൽ സംരംഭകർ മുന്നോട്ടുവന്നെങ്കിൽ !!!

നിലവിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏകാംഗതൊഴിലാളി സംരംഭങ്ങളെ ചുവടെ സൂചിപ്പിക്കുകയാണ്.

1. ചകിരി ഉല്പാദനരംഗത്ത്	15 പേർ
2. കൊപ്ര ഉല്പാദനം, വിപണനം	21 പേർ
3. റൈസ്, പ്ലവർ മില്ലുടമസ്ഥത	3 പേർ
4. ഓയിൽ മില്ലുടമസ്ഥത	3 പേർ
5. യന്ത്രം ഉപയോഗിച്ച് കയർ പിരിക്കുന്നവർ	4 പേർ

6. ഫർണിച്ചർ കട നടത്തുന്നവർ 3 പേർ
7. മത്സ്യം ശേഖരിച്ച് വില്പന നടത്തുന്നവർ 2 പേർ
(അവലംബം:- സ്ഥാപന റജിസ്റ്റർ വലിയപറമ്പ് പഞ്ചായത്ത് 1995-96)

DWCRA കയർ യൂണിറ്റുകൾ

വലിയപറമ്പ് - ഗുണഭോക്താക്കൾ - 10 പേർ
പടന്നക്കടപ്പുറം - " - 10 പേർ

മേൽകൊടുത്തിരിക്കുന്ന കണക്കുകൾ മറ്റൊരു പഞ്ചായത്തിനോടും തുലനം ചെയ്യാനാവാത്തതാണ്. ഈ പഞ്ചായത്തിലെ അസംസ്കൃത വസ്തുക്കളുടെ ലഭ്യതയെക്കുറിച്ചോർക്കുമ്പോൾ വ്യവസായ സംരംഭകർ എന്തുകൊണ്ട് ഈ രംഗത്തേക്ക് കടന്നുവന്നില്ല എന്ന പ്രസക്തമായ ഒരു ചോദ്യമുയർന്നേക്കാം. ഗതാഗതസൗകര്യക്കുറവ്, വൈദ്യുതി പ്രതിസന്ധി, വിദഗ്ദ ഉപദേശകരുടെ അഭാവം തുടങ്ങിയവയാണ് അതിന്നുകിട്ടുന്ന ഉത്തരങ്ങളിൽ പ്രധാനം. എന്തുതന്നെയായാലും സാധ്യതകൾ ഏറെയുള്ള ഈ പഞ്ചായത്തിനെ വ്യാവസായിക ഭൂപടത്തിൽ ഉൾപ്പെടുത്തിക്കിട്ടാൻ നാനാതരത്തിലുള്ള യത്നം ജനകീയാസൂത്രണ പദ്ധതി വഴി ആരംഭിക്കുമെന്നു തന്നെ പ്രത്യാശിക്കാം.

പ്രധാന പ്രശ്നങ്ങൾ

1. ഗതാഗതരംഗത്തെ പിന്നോക്കാവസ്ഥ
2. വൈദ്യുതി രംഗത്ത് പഞ്ചായത്തിന്റെ പരിതാപകരമായ അവസ്ഥ.
3. ധനകാര്യസ്ഥാപനങ്ങളുടെ സമീപനത്തിലെ പോരായ്മകൾ
4. മാർക്കറ്റിംഗ് സൗകര്യമില്ലായ്മ, സംസ്ഥാനങ്ങൾ, വൻകിടക്കാർ തുടങ്ങിയവരുടെ കിടമത്സരങ്ങൾ
5. മാനേജ്മെൻറ് രംഗത്തെ പാടവക്കുറവും വിദഗ്ധപരിശീലനത്തിന്റെ അഭാവവും
6. ആത്മവിശ്വാസം, ക്രീയാത്മക പ്രവർത്തന ശേഷി, റിസ്ക് എടുക്കാനുള്ള സന്നദ്ധത, നേതൃത്വപരമായ കഴിവ്, സാങ്കേതികമായ അറിവും പരിചയവും തുടങ്ങിയവയുടെ അഭാവം.
7. വിദഗ്ധതൊഴിലാളികളുടെ അഭാവവും, പരിശീലനം നല്കാനുള്ള സൗകര്യങ്ങളുടെ കുറവും
8. സംസ്ഥാനങ്ങൾക്കിടയിൽ സ്ഥിത ചെയ്യുന്ന കൂലി നിരക്കിന്റെ അന്തരം (ഇക്കാരണത്താൽ കൂലിനിരക്ക് കുറവായ സംസ്ഥാനങ്ങളിൽ വ്യവസായ സംരംഭകർ കേന്ദ്രീകരിക്കുന്നു.)
9. സർക്കാർ സഹായങ്ങൾ - സബ്സിഡി, ടാക്സ് സൗജന്യം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ യഥാസമയങ്ങളിൽ ലഭിക്കായ്ക.
10. ലൈസൻസുകളും ക്ലിയറൻസുകളും യഥാവസരങ്ങളിൽ ലഭിക്കാത്ത സ്ഥിതി
11. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായം നിലവിലില്ലാത്ത സ്ഥിതി.

ഇങ്ങനെ വ്യവസായ രംഗത്ത് പ്രവേശിക്കുന്നവരെ നിരുത്സാഹപ്പെടുത്തുന്ന നിരവധി പ്രശ്നങ്ങൾ ഇന്നു നിലവിലുണ്ട്.

സാധ്യതകൾ

പഞ്ചായത്ത് തലത്തിൽ ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും പരിശോധിച്ചതിൽ ഇനി പറയുന്ന സാധ്യതകൾ തെളിഞ്ഞുകാണുന്നു. അവയെ വിഭാവധിഷ്ഠിതമായി പ്രതിപാദിക്കുന്നു.

1. തെങ്ങ്, തേങ്ങ

റീ റിഫൈൻസ് വെളിച്ചെണ്ണ, ഫെർഫ്യൂംഡ് കോക്കനട്ട് ഹെയർ ഓയിൽ, മെഡിക്കേറ്റഡ് ഹെയർ ഓയിൽ, സോൾവൻറ് എക്സ്ട്രാക്ഷൻ, കാലിത്തീറ്റ, കോഴിത്തീറ്റ, തെങ്ങിൻ തടികൊണ്ടുള്ള ഫർണിച്ചറുകളും,

കെട്ടിട സാമഗ്രികളും, കയർമാറ്റ്സ് ആൻറ് മാറ്റിംഗ്സ്, കോൾഡ് ഫൈബർ യൂണിറ്റ്, റബ്ബറൈസ്ഡ് കയർ പ്രൊഡക്ട്സ്, തേങ്ങാപ്പൊടി, ക്രീം, തേങ്ങാ ചോക്കലേറ്റ് തുടങ്ങിയ ഉല്പന്നങ്ങൾ ഉണ്ടാക്കാവുന്ന വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്.

2. മത്സ്യം

മീനെണ്ണ, കോഴിത്തീറ്റ, ചെമ്മീൻ സംസ്ക്കരണം തുടങ്ങിയവയുമായി ബന്ധപ്പെടുന്ന വ്യവസായങ്ങൾക്ക് സാധ്യതകൾ നിരവധിയുണ്ട്.

3. കക്ക

കായലിൽ നിന്ന് ശേഖരിച്ചെടുക്കുന്ന കക്ക ഉപയോഗിച്ച് കുമ്മായം, സൂപ്പർവൈറ്റ്, കക്കയിറച്ചി സംസ്ക്കരിച്ചുള്ള പോഷകാഹാരസാധന നിർമ്മാണം, അച്ചാർ നിർമ്മാണം തുടങ്ങിയ വ്യവസായ സംരംഭങ്ങൾക്ക് സാധ്യത ഏറെയുണ്ട്.

4. കല്ലുമ്മക്കായ- ഞണ്ട്- മത്സ്യ ചെമ്മീൻ കൃഷി

കല്ലുമ്മക്കായ, ഞണ്ട്, ചെമ്മീൻ കൃഷികൾ ആരംഭിക്കുവാനും അതുവഴിയുള്ള തൊഴിൽ സാധ്യതകൾക്ക് പഞ്ചായത്തിന്റെ ഭൂപ്രകൃതി തീർത്തും അനുയോജ്യമാണ്.

5. സിമൻറ് ഇഷ്ടിക നിർമ്മാണം

കടൽക്കരയിലെ തടിച്ച പൂഴി മണൽ ഉപയോഗിച്ച് സിമൻറ് ഇഷ്ടിക നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക വഴി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാവുന്നതാണ്.

6. ഓലമടയൽ പായ നിർമ്മാണം

വൃദ്ധജനങ്ങൾക്ക് കർമ്മരംഗമൊരുക്കുന്നതിനും, സാമ്പത്തികവരുമാനം ഉറപ്പു വരുത്തുന്നതിനും ഈ രംഗത്തെ ഉപയോഗപ്പെടുത്താവുന്നതാണ്.

7. ഗാർമെൻറ്സ് മേക്കിംഗ്

പഞ്ചായത്തിൽ തയ്യൽ പരിശീലനം നേടിയിരിക്കുന്നവരെ ഉൾപ്പെടുത്തിക്കൊണ്ട് ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള സാധ്യതകൾ ഉണ്ട്.

8. ബീഡി തൊഴിൽ

ബീഡിത്തൊഴിലാളികൾ പഞ്ചായത്തിലുണ്ട്. പക്ഷേ ബീഡിയില, മറ്റു അവശ്യസാധനങ്ങൾ തുടങ്ങിയവ് മറുകരയിൽ പോയി കൊണ്ടുവരേണ്ടുന്ന അവസ്ഥയുണ്ട്. മേഖലാടിസ്ഥാനത്തിൽ - ബീഡിയില, പുകയില തുടങ്ങിയവ വിതരണം ചെയ്യുന്ന കേന്ദ്രങ്ങൾ ആരംഭിക്കുക വഴി ഈ രംഗം കാര്യക്ഷമമാക്കാം.

9. കോഴി താറാവു വളർത്തൽ

താറാവു വളർത്തൽ, കോഴി വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള ഭൗതികസാഹചര്യങ്ങൾ നിലവിലുണ്ട്. അവ ചൂഷണം ചെയ്തുകൊണ്ട് ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുക വഴി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാം.

വ്യവസായ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1. എല്ലാ വാർഡുകൾക്കും ഉപയോഗപ്രദമാകുന്ന വിധം വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.
2. വൈദ്യുതി ലഭ്യത ഉറപ്പാക്കുക, ഗതാഗത സൗകര്യം ഉണ്ടാക്കുക
3. താലൂക്ക് തലത്തിലെങ്കിലും വ്യവസായ പദ്ധതികൾക്ക് വായ്പ നൽകുന്ന കേന്ദ്രങ്ങൾ ആരംഭിക്കുക.
4. നേവൽ അക്കാദമി പ്ലാനിൽ പറഞ്ഞിരിക്കുന്ന നിർദ്ദിഷ്ട മംഗലാപുരം ഹാർബർ ബന്ധിതത റോഡ് ഗതാഗതം ഉറപ്പാക്കുക.
5. പാലങ്ങളുടെ നിർമ്മാണം ഉടൻ പൂർത്തീകരിക്കുക.
6. ജനവാസമില്ലാത്തതും വ്യവസായ ആവശ്യത്തിനുപയോഗിക്കാവുന്നതുമായ ഭൂമി കണ്ടെത്തുക.

വിദ്യാഭ്യാസം

പഞ്ചായത്തിന്റെ സാമൂഹിക സാംസ്ക്കാരിക പശ്ചാത്തലത്തെ വിലയിരുത്തുമ്പോൾ വിദ്യാഭ്യാസ മേഖലയുടെ ചിരിത്രം സ്പർശിക്കാതിരിക്കാൻ കഴിയില്ല. ഈ പ്രദേശത്തിന്റെ സാമൂഹിക മാറ്റത്തിൽ സുപ്രധാനമായൊരു പങ്ക് ഇവിടുത്തെ വിദ്യാലയങ്ങൾ നിർവ്വഹിച്ചിട്ടുണ്ടെന്നത് നിസ്കർക്കമാണ്. ബാഹ്യലോകത്തിൽ നിന്നും ഒറ്റപ്പെട്ടു കിടക്കുന്ന ഈ ദ്വീപിൽ ആദ്യകാലത്തു വിദ്യാഭ്യാസത്തിനു സൗകര്യം തീരെ ഉണ്ടായിരുന്നില്ല. എന്നാൽ വിദ്യാഭ്യാസത്തിൽ തല്പരരായ ചില വ്യക്തികൾ, ആശാൻ പള്ളിക്കൂടങ്ങളെ അനുസൂരിക്കുന്ന തരത്തിൽ ചില വിദ്യാകേന്ദ്രങ്ങൾ നടത്തിവന്നിരുന്നു. പട്ടണപ്രദേശങ്ങളുമായി ബന്ധപ്പെടേണ്ടി വന്നപ്പോൾ വിദ്യാഭ്യാസം ലഭിക്കാത്തതുമൂലം നേരിടേണ്ടിവന്ന വിഷമതകൾ സ്വാനുഭവത്തിൽ നിന്നും മനസ്സിലാക്കിയ പ്രസ്തുത വ്യക്തികളുടെ ഈ സംരംഭം, എന്തുകൊണ്ടും ശ്ലാഘനീയമാണ്. പിന്നീട് ഗവൺമെൻറിൽ നിന്നും ലഭിച്ചിരുന്ന തുച്ഛമായ ഗ്രാൻറുകൾ ഈ പ്രവർത്തനത്തിനു ആക്കം കൂട്ടി.

പഞ്ചായത്തിൽ ആദ്യമായുണ്ടായത് മാവിലാക്കടപ്പുറം ബി.എൽ.പി. സ്കൂളാണ് (1928). പിന്നീട് വലിയ പറമ്പ എ.എൽ.പി സ്കൂളും. ഉദിനൂർ കടപ്പുറത്തും പടന്നക്കടപ്പുറത്തും ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഓരോ പ്രാഥമിക വിദ്യാലയങ്ങളും നിലവിൽ വന്നു. ആധുനിക കാലഘട്ടത്തിൽ പോലും യാത്രാ സൗകര്യം പരിമിതമായ പഞ്ചായത്തിൽ അന്നത്തെ വിദ്യാർത്ഥികൾ പ്രാഥമിക വിദ്യാഭ്യാസത്തോടും വിദ്യാലയത്തോടും വിട പറയേണ്ടിവന്നെങ്കിൽ അതു സ്വാഭാവികം മാത്രം. അതുകൊണ്ടുതന്നെ കൂടുതൽ ആളുകളും കാർഷികമേഖലയിലും മത്സ്യബന്ധനത്തിലും ഒതുങ്ങിക്കഴിയേണ്ടി വന്നു. പിൽകാലത്ത് ഈ മേഖലയിലും തൊഴിലവസരങ്ങൾ കുറഞ്ഞുവന്നപ്പോൾ പുരുഷന്മാരിൽ ഭൂരിഭാഗവും ബോംബെ, ഗൾഫ് മേഖലകളിലേക്ക് തൊഴിൽ തേടി പോയതായി കാണാം.

പഞ്ചായത്തിൽ ഇന്നു നിലവിലുള്ള വിദ്യാലയങ്ങൾ

1. എം.എ.യു.പി. സ്കൂൾ, മാവിലാക്കടപ്പുറം — 5 **to** 8 **std**
2. ജി.എൽ.പി. സ്കൂൾ, മാവിലാക്കടപ്പുറം — 1 **to** 4 **std**
3. ജി.എഫ്.എച്ച്.എസ്. പടന്നക്കടപ്പുറം — 1 **to** 10**std**
4. എ.എൽ.പി.എസ്. വലിയപറമ്പ — 1 **to** 4 **std**
5. എ.എൽ.പി.എസ്. എടയിലെക്കാട്ട് — 1 **to** 4 **std**
6. ജി.എഫ്.യു.പി.എസ്. ഉദിനൂർ കടപ്പുറം — 1 **to** 7 **std**
7. ജി.എൽ.പി.എസ്. മാടക്കാൽ — 1 **to** 4 **std**
8. ജി.എൽ.പി.എസ്. തയ്യിൽ നോർത്ത് കടപ്പുറം — 1 **to** 4 **std**
9. ജി.എൽ.പി.എസ്. തയ്യിൽ സൗത്ത് കടപ്പുറം — 1 **to** 4 **std**

വിദ്യാലയങ്ങളുടെ വിശദമായ റിപ്പോർട്ട് അന്യത്ര ചേർത്തിട്ടുണ്ട്.

ആകെയുള്ളത് ഒരു ഹൈസ്കൂൾ ആണെന്നു മേൽ കാണിച്ച പട്ടിക വ്യക്തമാക്കുന്നു. പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ കാണാനില്ല. ഏതാനും വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്തതൊഴിച്ചാൽ 20 വർഷങ്ങൾക്കുള്ളിൽ പുതിയ വിദ്യാലയങ്ങൾ ഈ പഞ്ചായത്തിൽ അനുവദിച്ചിട്ടില്ല. ഏറ്റവും ഒടുവിൽ അനുവദിച്ചത് എടയിലെക്കാട്ട്. എ.എൽ.പി. സ്കൂളാണ്. പടന്നക്കടപ്പുറം ഫിഷറീസ്

യു.പി. സ്കൂൾ, ഹൈസ്കൂളായും ഉദിനൂർ കടപ്പുറം ഫിഷറീസ് എൽ.പി.സ്കൂൾ യു.പി. സ്കൂളായും ഉയർത്തിയതാണ്. മദാരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന കാലത്തു ഫിഷറീസ് ഡിപ്പാർട്ട്മെൻറിന്റെ കീഴിൽ ആരംഭിച്ചു എന്നതൊഴിച്ചാൽ പ്രസ്തുത വകുപ്പുമായി ഇന്ന് ഈ വിദ്യാലയങ്ങൾക്ക് ഒരു ബന്ധവുമില്ല.

യാത്രാസൗകര്യം തീരെയില്ലാത്തതുകൊണ്ട് മറ്റു മേഖലകളിലെ ഹൈസ്കൂളുകളിൽ എത്തുന്ന കുട്ടികളുടെ എണ്ണവും വിരലിലെണ്ണാവുന്നതുമാത്രം. പടന്നക്കടപ്പുറം ഹൈസ്കൂളിനെ ആശ്രയിക്കുന്നത് പ്രധാനമായും 3 മുതൽ 8 വരെ വാർഡുകളിലുള്ള കുട്ടികളാണ്. ഇവരിൽ 90% കുട്ടികളും പത്താം തരം വരെ കഴിയുന്നതോടെ പഠനം അവസാനിപ്പിച്ചു മറ്റു തൊഴിൽ മേഖലകളിലേക്കു തൊഴിൽ തേടി പോകുന്നവരാണ്.

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം ദിനംദിനം കുറഞ്ഞുവരുന്നതായി കാണുന്നു. ഇതിനു പ്രധാന കാരണം ഭൗതിക സാഹചര്യം കൂടുതൽ ഉള്ള സ്ഥലങ്ങളിലേക്ക് ജനങ്ങൾ കുടിയേറിപാർക്കുന്നു എന്നതാണ്. ഒന്നു രണ്ട് വാർഡുകളിലെ തയ്യിൽ. കടപ്പുറം, തൃക്കരിപ്പൂർ, കടപ്പുറം എന്നീ പ്രദേശങ്ങൾ ഇതിനുദാഹരണമാണ്. തയ്യിൽ നോർത്ത്, തയ്യിൽ എൽ.പി. സ്കൂളുകൾ അൺ എക്കണോമിക്ക് പ്രഖ്യാപിച്ചു നിർത്തൽ ചെയ്യാൻ ഗവ: നടപടികൾ സ്വീകരിച്ചതാണ്. അവ നിർത്തലാക്കിയാൽ ആ പ്രദേശത്തെ കുട്ടികൾ വിദ്യാഭ്യാസത്തോടു തന്നെ വിട പറയേണ്ടിവരും. ഇതിനൊരപവാദം മാവിലാക്കടപ്പുറം ജി.എൽ.പി. സ്കൂളാണ്. അവിടെ കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കണക്കുകൾ തെളിവു നൽകുന്നു. (480)

വിദ്യാലയങ്ങളിലെ വിശദമായ വിവരങ്ങൾ പട്ടിക കാണുക

സ്കൂളുകളിലെ ഭൗതിക സാഹചര്യം തികച്ചും പരിതാപകരമാണ്. ആവശ്യത്തിനു കെട്ടിടങ്ങളോ ഫർണിച്ചറോ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുവാനുള്ള സൗകര്യങ്ങളോ ഇല്ല. എന്നാൽ അദ്ധ്യാപകരക്ഷാകർത്തൃ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. ചില സ്കൂളുകളിലെങ്കിലും പി.ടി.എ. സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. കുടിവെള്ള പ്രശ്നം സ്കൂളുകൾക്കും കാര്യമായ വിഷമം സൃഷ്ടിക്കുന്നുണ്ട്. സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണത്തിന് ഇതു തടസ്സമാകുന്നു. വിദ്യാലയങ്ങൾക്കു സ്ഥിരമായ കഞ്ഞിഷെഡ് ആവശ്യമാണ്.

സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. പടന്ന കടപ്പുറം ഫിഷറീസ് ഹൈസ്കൂളിൽ അടുത്തായി അനുവദിച്ച കമ്പ്യൂട്ടർ കോഴ്സാണ് ഈ രംഗത്തെ ഏക മാറ്റം. ശിശു വിദ്യാഭ്യാസത്തിനും സൗകര്യം വളരെ കുറവാണ്. രണ്ടു ബാലവാടികളും പ്രൈവറ്റ് മേഖലയിലെ രണ്ടു നേഴ്സറി സ്കൂളുകളുമാണ് ഇന്ന് പഞ്ചായത്തിൽ ആകെയുള്ളത്.

കോളേജ് വിദ്യാഭ്യാസത്തിന് ഇവിടുത്തെ കുട്ടികൾക്ക് സൗകര്യം തീരെ കുറവാണ്. അതുകൊണ്ടു തന്നെ ബിരുദവും ബിരുദാനന്തബിരുദവും നേടിയവരുടെ മൊത്തം സംഖ്യ അംഗുലീപരിമിതമാണ്. (പട്ടിക കാണുക)

പഞ്ചായത്തിലെ ഏക ഹൈസ്കൂളിലെ വിജയശതമാനം വളരെ താഴ്ന്നതാണ്.

ടൈപ്പ് റൈറ്റിംഗ്, കമ്പ്യൂട്ടർ പരിശീലനം എന്നിവയ്ക്കു ഇന്നു തീരെ സൗകര്യമില്ല. പഞ്ചായത്തിൽ ഒരിടത്തും അംഗൻവാടി നിലവിലില്ല.

പ്രശ്നപരിഹാരത്തിന് ഗ്രാമസഭകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള എൽ.പി. സ്കൂളുകൾ യു.പി. ആയി ഉയർത്തുക.
2. സ്കൂളുകളിൽ മൂത്രപ്പുര, കക്കൂസുകൾ, ശുദ്ധജലവിതരണം, കളിസ്ഥലം എന്നിവ ലഭ്യമാക്കണം.
3. വാർഡുകൾ കേന്ദ്രീകരിച്ച് അംഗൻവാടികളും, സ്കൂളുകൾ കേന്ദ്രീകരിച്ച് പ്രി-പ്രൈമറി വിദ്യാലയങ്ങളും ആരംഭിക്കുക.
4. സർക്കാർ വിദ്യാലയങ്ങളിലെ വാടകക്കെട്ടിടങ്ങൾ ഒഴിവാക്കി സൗകര്യവും ഉറപ്പുമുള്ള കെട്ടിടങ്ങൾ അനുവദിക്കുക.
5. പഞ്ചായത്തിനെ മേഖലകളിലാക്കി ഓരോ മേഖലയിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുക.

6. നിലവിലുള്ള ഹൈസ്ക്കൂളുകളിൽ പ്ലസ് ടൂ കോഴ്സ് അനുവദിക്കുക.
7. പഞ്ചായത്തിൽ ഒരു ഫിഷറീസ് ടെക്ക്നിക്കൽ ഹൈസ്ക്കൂൾ അനുവദിക്കണം.
8. സ്ക്കൂളുകൾക്ക് ലൈബ്രറി, ലാബറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തണം.
9. സൗജന്യട്യൂഷൻ സ്ക്കൂളുകൾ കേന്ദ്രമാക്കി വിദ്യാർത്ഥികൾക്കു ലഭ്യമാക്കണം.
10. പുസ്തകങ്ങൾ, പഠനസാമഗ്രികൾ എന്നിവ സ്കൂൾ വർഷാരംഭത്തിനു മുമ്പുതന്നെ വിതരണം നടത്തുകയും അടിക്കടിയുള്ള അദ്ധ്യാപക സ്ഥലമാറ്റങ്ങൾ ക്രമീകരിക്കുകയും ചെയ്യുക.
11. പടന്നക്കടപ്പുറം ഗവ : ഫിഷറീസു ഹൈസ്ക്കൂളിൽ നിന്ന് പ്രൈമറി വിഭാഗം വേർപെടുത്തി പ്രത്യേകം സ്ക്കൂളാക്കുക. ഹൈസ്ക്കൂളിനോടനുബന്ധിച്ച് വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം ആരംഭിക്കുകയും ചെയ്യുക.
12. ഉച്ചഭക്ഷണം പാകം ചെയ്യാനും വിതരണം ചെയ്യാനും പ്രത്യേകം ഷെഡ് ഉണ്ടാക്കികൊടുക്കുക.
13. വിജയശതമാനവും വിദ്യാഭ്യാസ നിലവാരവും പിന്നോക്കമുള്ള വിദ്യാലയങ്ങളെ വേർതിരിച്ചു നിരീക്ഷിക്കുകയും അതു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
15. പി.ടി.എ, മദർ പി.ടി.എ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും രക്ഷിതാക്കളെ പഠനകാര്യത്തിൽ ബോധവാന്മാരാക്കുന്നതിന് സ്ക്കൂളുകൾ കേന്ദ്രീകരിച്ചു സെമിനാറുകളും ചർച്ചാക്ലാസ്സുകളും സംഘടിപ്പിക്കുകയും ചെയ്യുക.
16. പഞ്ചായത്തിൽ വാർഡുകൾ കേന്ദ്രീകരിച്ചു പഞ്ചായത്തു ലൈബ്രറികൾ ഏർപ്പെടുത്തുകയും അവിടങ്ങളിൽ പുസ്തകങ്ങൾ, വർത്തമാന പത്രങ്ങൾ, ടി.വി. റേഡിയോ തുടങ്ങിയവ അനുവദിക്കുകയും ചെയ്യുക.
17. വാർഡുകളിൽ ജനവിദ്യാകേന്ദ്രങ്ങൾ അനുവദിക്കുകയും പ്രവർത്തനസൗകര്യങ്ങൾ അനുവദിക്കുകയും ചെയ്യുക.
18. നിലവിലുള്ള ഗ്രന്ഥാലയങ്ങൾക്കും വായനശാലകൾക്കും കലാകായിക സംഘടനകൾക്കും പത്രമാസികകളും ഫർണിച്ചറും അനുവദിക്കുക.
19. വിദ്യാലയങ്ങളിൽ കളിസ്ഥലങ്ങൾ അനുവദിച്ചു കായിക പരിശീലനത്തിന് സൗകര്യമുണ്ടാക്കുക. മേഖലാടിസ്ഥാനത്തിൽ മിനിസ്റ്റേഡിയം നിർമ്മിക്കുക.
20. വിദ്യാലയങ്ങളുടെ വാർഷികാഘോഷങ്ങൾക്കു സഹായം നൽകുക വഴി കലാ-കായിക രംഗത്ത് മത്സരങ്ങൾക്കു വേദി വർദ്ധിപ്പിക്കുകയും വർഷത്തിലൊരിക്കൽ രക്ഷിതാക്കളുടെ യോഗത്തിൽ വിദ്യാലയ പ്രശ്നങ്ങൾ അവതരിപ്പിക്കുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യുക.
21. ഓരോ വിദ്യാലയത്തിലേയ്ക്കു മികച്ച ജേതാക്കളെ സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക.
22. ഏറ്റവും കൂടുതൽ ജനങ്ങൾ തിങ്ങിപാർക്കുന്ന 6-ാം വാർഡിൽ ഒരു എൽ.പി. സ്ക്കൂൾ അനിവാര്യമാണ്. പ്രാഥമിക വിദ്യാഭ്യാസത്തിന് വേണ്ടി ഇന്നു പിഞ്ചു കുട്ടികൾ മൈലുകൾ താണ്ടി മാവിലാക്കടപ്പുറത്തും പടന്നക്കടപ്പുറത്തും എത്തേണ്ട ഗതികേടിലാണ്.
23. കേന്ദ്രഗവൺമെൻറിന്റെ ന്യൂനപക്ഷ വിദ്യാഭ്യാസ ഉദ്ധതി പ്രകാരം ലിസ്റ്റിൽ ഉൾപ്പെടുത്തിയ വലിയ പറമ്പ എൽ.പി. സ്ക്കൂൾ യു.പി. ആയി അപ്ഗ്രേഡ് ചെയ്യലും, ബീച്ചാരക്കടവിൽ എൽ.പി. സ്ക്കൂൾ അനുവദിക്കലും എത്രയും പെട്ടെന്ന് അംഗീകരിക്കേണ്ടതാണ്.

വിദ്യാലയങ്ങളുടെ നിലവാരം ഉയരണമെങ്കിൽ അവയിൽ നല്ല അദ്ധ്യയന അന്തരീക്ഷം ഉണ്ടാവേണ്ടതുണ്ട്. സമൂഹം വിദ്യാലയത്തെ ഏറ്റെടുക്കുന്നതുകൊണ്ടേ ഇതു സാദ്ധ്യമാകൂ. വിദ്യാലയങ്ങൾ ത്രിതല പഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ വന്നത് ജനകീയ ഇടപെടലുകൾക്കു അവസരം ലഭിക്കുന്നു. ഇന്നുള്ള പി.ടി.എ യും മദർ പി.ടി.എ യും കൂടുതൽ സജീവമായാൽ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം ഒരു പരിധി വരെ ഉയർത്താൻ കഴിയും. അക്കാദമിക് സൗകര്യം വർദ്ധിപ്പിക്കുക വഴി അദ്ധ്യായന നിലവാരം ഉയർത്താൻ കഴിയും. അതിനു പഞ്ചായത്തുതലത്തിൽ ദൃശ്യ ശ്രാവ്യ സങ്കേതങ്ങൾക്കു രൂപം നൽകാം. എല്ലാ സ്ക്കൂളുകളെയും ഈ സങ്കേതവുമായി ബന്ധിപ്പിക്കാം. സ്ക്കൂൾ കോംപ്ലക്സ്, മാസാന്തര പരീക്ഷകൾ, പൊതു പരീക്ഷകൾ എന്നിവയും പഠന നിലവാരം ഉയർത്താൻ സഹായിക്കും. കൂടാതെ അദ്ധ്യാപകർക്കു പുനഃപരിശീലനം നൽകുന്നതിനുള്ള സംവിധാനവും പഞ്ചായത്തുതലത്തിൽ പരീക്ഷിക്കാവുന്നതാണ്.

പാഠ്യേതര പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾ പൊതുവേ തല്പരരല്ല. സാമ്പത്തിക പരാധീനത

ഒരളവോളം ഇതിനു കാരണമാണ്. കലാകായിക രംഗങ്ങളിൽ തങ്ങളുടെ കുട്ടികളെ വിജയസോപാനത്തിലെത്തിക്കാൻ പരിഷ്കൃത സമൂഹം ചിലവഴിക്കുന്ന തുക എത്രയാണെന്നു പറയേണ്ടതില്ലല്ലോ?

അനൗപചാരിക വിദ്യാഭ്യാസരംഗത്തു തുടർപ്രവർത്തനത്തിന്റെ അഭാവം മൂലം നവസാക്ഷരർ നിരക്ഷരരായികൊണ്ടിരിക്കുന്നു. പഞ്ചായത്തിന്റെ ഏറ്റവും വലിയ ശാപമായ യാത്രാ പ്രശ്നം തുടർ വിദ്യാഭ്യാസത്തേയും പഠനനിലവാരത്തേയും കാര്യമായി ബാധിക്കുന്നു.

വലിയ പറമ്പ പഞ്ചായത്തിനെ സംബന്ധിച്ചേടത്തോളം വിദ്യാഭ്യാസ രംഗത്തു ഒരു കുതിച്ചു ചാട്ടം തന്നെ വേണ്ടിവന്നിരിക്കുന്നു. ഇതരപ്രദേശങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ വിദ്യാഭ്യാസ മേഖലയിൽ നാം വളരെ പിറകിലാണ്. എല്ലാവരുടെയും കൂട്ടായ ശ്രമം മൂലം ഈ പ്രശ്നത്തിനു പരിഹാരം കണ്ടെത്തുമെന്നു പ്രതീക്ഷിക്കാം. ■

പട്ടിക 2

ഗവ: സ്ക്കൂളുകളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

പഞ്ചായത്തിലെ ആകെ അധ്യാപകർ	ഗവ: സ്ക്കൂളുകളിലെ അധ്യാപകർ	ശതമാനം	പഞ്ചായത്തിലെ ആകെവിദ്യാർത്ഥികൾ	ഗവ: സ്കൂളുകളിലെ വിദ്യാർത്ഥികൾ	ശതമാനം
83	61	75.3	2139	1617	75.5

ഉച്ചക്കഞ്ഞി കുടിക്കുന്നവരുടെ കണക്ക്

ക്രമനമ്പർ	സ്ക്കൂളിന്റെ പേര്	ആകെ കുട്ടികൾ	ഉച്ചക്കഞ്ഞി കുടിക്കുന്ന കുട്ടികൾ
1	ജി.എൽ.പി.എസ്. മാടക്കാൽ	92	82
2	ജി.എൽ.പി.എസ് തയ്യിൽ സൗത്ത് കടപ്പുറം	47	40
3	ജി.എൽ.പി.എസ് തയ്യിൽ നോർത്ത്കടപ്പുറം	17	15
4	ജി.എഫ്.യു.പി.എസ്.ഉദിനൂർ കടപ്പുറം	129	109
5	എ.എൽ.പി.എസ് ഇടയിലെക്കാട്	91	82
6	എ.എൽ.പി.എസ് പടന്നക്കടപ്പുറം	118	96
7	ജി.എഫ്.എച്ച്.എസ് പടന്നക്കടപ്പുറം	899	412
8	ജി.എൽ.പി.എസ് മാവിലാകടപ്പുറം	433	390
9	എ.യു.പി.എസ്. മാവിലാകടപ്പറം	313	290
	ആകെ	2139	1516

പട്ടിക. 1 ബി

എൽ.പി, യു.പി, എച്ച്.എസ്.

വിഭാഗങ്ങളിൽ ആൺ - പെൺ കുട്ടികളുടെ വിവരം

1996–97

	ആൺ	പെൺ	ആകെ
എൽ.പി	322	325	647
യു.പി	184	158	342
എച്ച്.എസ്	208	194	402
ആകെ	714	677	1391

പട്ടിക 1 ഡി

ആൺകുട്ടികൾ, പെൺകുട്ടികൾ ശതമാനത്തിൽ		
വർഷം	ആൺ	പെൺ
1996–97	50.72	49.28

പട്ടിക.1 ഇ

പട്ടികജാതി-പട്ടിക വർഗ വിദ്യാർത്ഥികളുടെ വിവരം

ക്രമ നമ്പർ	സ്ക്കൂളിന്റെ പേരു്	ആൺ	പെൺ	ആകെ
1	ജി.എൽ.പി.എസ് മാടക്കാൽ	5	6	11
2	ജി.എൽ.പിഎസ് തയ്യിൽ	–	–	–
3	ജി.എൽ.പി.എസ് തയ്യിൽ നോർത്ത് കടപ്പുറം	–	–	–
4	ജി.എഫ്.യു.പി.എസ് ഉദിനൂർ കടപ്പുറം	1	0	1
5	എ.എൽ.പി.എസ് ഇടയിലെക്കാട്	1	3	4
6	എ.എൽ.പി.എസ് പടന്നക്കടപ്പുറം	0	1	1
7	ജി.എഫ്.എച്ച്.എസ് പടന്നക്കടപ്പുറം	7	6	13
8	ജി.എൽ.പി.എസ് മാവിലാകടപ്പുറം	19	15	34
9	എ.യു.പി.എസ് മാവിലാകടപ്പുറം	11	14	25
	ആകെ	44	45	89

കുട്ടികളുടെ സ്ക്കൂൾ തിരിച്ചുള്ള കണക്ക്

പട്ടിക 1 എ

നമ്പർ	സ്ക്കൂളിന്റെ പേര്	സ്ഥാപിച്ച വർഷം	മാനേജ്മെൻറ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ	
				ആൺ	പെൺ	ആകെ	ഉള്ളത്	വേണ്ടത്
1	ജി.എൽ.പി.എസ് മാടക്കാൽ		ഗവൺമെൻറ്	49	43	92	4	5
2	ജി.എൽ.പിഎസ്. തയ്യിൽസൗത്ത് കടപ്പുറം		ഗവൺമെൻറ്	26	21	47	3	4
3	ജി.എൽ.പി.എസ് തയ്യിൽനോർത്ത് കടപ്പുറം	1946	ഗവൺമെൻറ്	12	5	17	2	4
4	ജി.എഫ്.യു.പി.എസ്. ഉദിനൂർ കടപ്പുറം	1946	ഗവൺമെൻറ്	63	66	129	9	9
5	എ.എൽ.പി.എസ് ഇടയിലെക്കാട്		എയ്ഡഡ്	42	49	91	4	4
6	എ.എൽ.പി.എസ് പടന്നക്കടപ്പുറം	1934	എയ്ഡഡ്	51	67	118	5	5
7	ജി.എഫ്.എച്ച്.എസ് പടന്നക്കടപ്പുറം	1953	ഗവൺമെൻഡ്	469	430	899	31	31
8	ജി.എൽ.പി.എസ് മാവിലാകടപ്പുറം	1928	ഗവൺമെൻഡ്	213	220	433	12	14
9	എ.യു.പി.എസ് മാവിലാകടപ്പുറം		എയ്ഡഡ്	160	153	313	13	13
	ആകെ			1085	1054	2139	83	89

കുടിവെള്ളവും പൊതുജന ആരോഗ്യവും

ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന പ്രധാനപ്പെട്ട മൂന്ന് ഘടകങ്ങളാണല്ലോ ശുദ്ധമായവായുവും ശുദ്ധമായ വെള്ളവും ശുചിത്വമുള്ള പാർപ്പിടവും.

ഈ പഞ്ചായത്തിലെ ജനസംഖ്യയുടെ 80% ശുദ്ധജലക്ഷാമം അനുഭവിക്കുന്നു. ഏതാനു ദ്വീപുകളും ഉപദ്വീപുകളും കൂടിച്ചേർന്നതാണ് ഈ പഞ്ചായത്ത്. ഉപ്പുവെള്ളത്താൽ ചുറ്റപ്പെട്ടതാണ് കരഭാഗം കടൽ തീരത്തിനും പുഴയ്ക്കിടയിലെ കരയുടെ വീതി വളരെ കുറഞ്ഞതാകയാൽ ഇവിടുത്തെ ഭൂരിഭാഗം കിണറുകളിൽ ഉപ്പുവെള്ളം മാത്രമേ ലഭിക്കുകയുള്ളൂ. ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള മൂന്ന് മാസക്കാലം മാത്രമേ ഉപ്പ് രുചിക്കും നിറഭേദത്തിനും അൽപമൊരു കുറവ് ഉണ്ടാകുന്നുള്ളൂ. ഇത് കൂടുതലായി ബാധിക്കുന്നത് പഞ്ചായത്തിന്റെ തെക്കേ അറ്റം മുതൽ വലിയപറമ്പ് പഞ്ചായത്താഫീസുവരെയുള്ള സ്ഥലത്താണ്. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 95% വും കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ കേരള വാട്ടർ അതോറിട്ടിയുടെ ഒരു ജലവിതരണ പദ്ധതി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

രാമന്തളിയിലുള്ള വാട്ടർ ടാങ്കിൽ നിന്നും ശുദ്ധജലം ലഭിച്ചുകൊണ്ടിരുന്ന പഞ്ചായത്തിന്റെ തെക്കേ അറ്റത്തെ 200-ഓളം കുടുംബങ്ങൾക്ക് ഇപ്പോൾ വേണ്ട വിധം ശുദ്ധജലം ലഭിക്കുന്നില്ല. പഴകിത്തുരുമ്പിച്ച പൈപ്പ് ലൈനും ടാപ്പും കാരണം വെള്ളംപലഭാഗത്തും പുഴവെള്ളവുമായി കലർന്ന് നിറഭേദവും രുചിഭേദവും കണ്ടുവരുന്നു. ഈ പ്രദേശത്തുകാർ തോണിയുമായി കുടിവെള്ളത്തിന് മറ്റ് പ്രദേശത്തെ ആശ്രയിച്ചുകഴിയുന്നു.

34 വീടുകൾക്ക് പൈപ്പ് കണക്ഷൻ ഉണ്ട്. വിവിധ വാർഡുകളിലായി 164 പൊതുടാപ്പുകളും 113 പഞ്ചായത്തിന്റെ പൊതുകിണറുകളും ഉണ്ടെങ്കിലും വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല.

ശുദ്ധജലസ്രോതസ്സുകൾ

കിണറുകൾ

പൊതുകിണറുകൾ 113 സ്വകാര്യകിണറുകൾ 967 കുഴൽകിണറുകൾ ഇല്ല മൊത്തം കിണറുകൾ 1080

1995-96 വർഷത്തിൽ പടന്നക്കടപ്പുറത്തെയും മവിലക്കടപ്പുറത്തെയും പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ കണക്കനുസരിച്ച് 698 പേർക്ക് ജലജന്യരോഗങ്ങൾ ബാധിക്കുകയുണ്ടായി. കുടിവെള്ളം വേണ്ടവിധം അണുനശീകരണം നടത്താത്തതുകൊണ്ട് ഇത്രയും പേർക്ക് രോഗപ്പകർച്ചയുണ്ടായത്.

കുടിവെള്ളം ശേഖരിക്കുന്നതിനായി തോണികളിൽ കുടിവെള്ള പാത്രവുമായി മറ്റു പ്രദേശത്തു പോകേണ്ടിവരുന്ന ഈ അനുഭവം പഞ്ചായത്തിലെ മിക്ക സ്ഥലത്തും കണ്ടുവരുന്നു. അതിനു പ്രധാന കാരണം കടലും പുഴയോരവും തമ്മിൽ വളരെ വീതികുറഞ്ഞ പ്രദേശമുള്ള സ്ഥലങ്ങളിൽ വേനൽകാലത്ത് ഉപ്പുവെള്ളം മാത്രം കിണറുകളിൽ ഒഴുകിയെത്തുന്ന ഒരു സ്ഥിതിവിശേഷം ഉള്ളതുകൊണ്ടാണ്.

ഭൂമിശാസ്ത്രപരമായ നമ്മുടെ പഞ്ചായത്തിന്റെ കിടപ്പുകാരണം ഫെബ്രുവരി മാസം മുതൽ ജൂൺ മാസം വരെ പഞ്ചായത്തിലെ മിക്കപ്രദേശത്തും കിണറുകളിൽ ഉപ്പുവെള്ളം തന്നെയാണ്. ഉപ്പുവെള്ളത്തിന്റെ ഭീഷണി കൂടുതൽ നേരിടുന്ന പ്രദേശങ്ങളിൽ അവിടുത്തെ പ്രാദേശിക സംഘടനകളും സന്നദ്ധ സംഘടനകളും തോണിവഴി വെള്ളം എത്തിച്ചിരുന്നു. കൂടാതെ പഞ്ചായത്ത് മുൻകൈ എടുത്ത് പല സ്ഥലങ്ങളിലും തോണിവഴി കുടിവെള്ളം വിതരണം ചെയ്തിരുന്നു. അശാസ്ത്രീയമായി നിർമ്മിച്ച ചില ബണ്ടുകളുടേയും പുഴ നികത്തി പറമ്പുണ്ടാക്കുമ്പോഴും നീരൊഴുക്കും മറ്റും വഴിമാറിപ്പോകേണ്ടിവരുമ്പോൾ നിലവിൽ ശുദ്ധജലം കിട്ടിയിരുന്ന കിണറുകളിലും അശുദ്ധജലം ഒഴുകിയെത്താൻ ഇടയാക്കുന്നു. ഇവയൊക്കെ കുടിവെള്ളസ്രോതസ്സുകളെ ബാധിക്കുകവഴി നാം പല രോഗത്തിനും അടിമയായിത്തീരുകയും ചെയ്യുന്നു.

കുടിവെള്ളം പ്രശ്നപ്രദേശങ്ങളും നിർദ്ദേശങ്ങളും

പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
1–ാം വാർഡിലെ സൗത്ത് തൃക്കരിപ്പൂർ കടപ്പുറം	1. രാമന്തളിയിലുള്ള വാട്ടർടാങ്കിൽ നിന്നും സപ്ലൈ ചെയ്യുന്ന പൈപ്പ് ലൈൻ പുതുക്കി മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം എത്തിക്കുക.
2–ാം വാർഡിലെ കന്നുവീടുകടപ്പുറം, 3–ാം വാർഡിലെ ഇടയിലക്കാട്ടിലെ കൈപ്പാട്, വലിയപറമ്പ, 4–ാം വാർഡിലെ മുഴുവൻ പ്രദേശവും.	2–ഉം,3–ഉം,4–ഉം വാർഡിലെ കുടിവെള്ള പ്രശ്നപരിഹാരത്തിന് ഇടയിലെക്കാട്ടിൽ ഒരു വാട്ടർ ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുക.
5–ാം വാർഡിലെ പുഴക്കരപ്രദേശം 6–ാം വാർഡിലെ പുഴയോരം 7–ാം വാർഡിലെ വടക്കേക്കാട് ദ്വീപ് 8–ാംവാർഡിലെ മാവിലാക്കടപ്പുറം ഒരിയര ഫിഷറീസ്, അംബേദ്കർ കോളനികൾ ഈ പഞ്ചായത്തിലെ ഇത്രയും പ്രദേശത്ത് ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. കിണറിലെ വെള്ളത്തിൽ നിറഭേദവും മണവും ഉപ്പും ചളിയും കണ്ടുവരുന്നു.	5,6,7 വാർഡുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ 6–ാം വാർഡിൽ പഞ്ചായത്ത് കുളത്തിനുസമീപം വാട്ടർടാങ്ക് നിർമ്മിച്ച് വിതരണം ചെയ്യുക. വടക്കേക്കാട് ദ്വീപിലേക്ക് പടന്നയിൽ നിലവിലുള്ള സംഭരണിയിൽ നിന്ന് ഏതാനും കണക്ഷൻ അനുവദിക്കുക. 8–ാം വാർഡിലെ പ്രശ്നത്തിന് പ്രദേശത്ത് 2 പൊതു കിണറുകൾ അനുവദിക്കുക. നിലവിലുള്ള ടാപ്പുകൾ പ്രവർത്തനക്ഷമമാക്കുക.

കുടിവെള്ളക്ഷാമബാധിത പ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

വാർഡ് 1

വലിയപറമ്പ പഞ്ചായത്തിലെ ശുദ്ധജലക്ഷാമമനുഭവിക്കുന്ന ഏറ്റവും തെക്കേ അറ്റത്തെ വാർഡാണിത് സൗത്ത് തൃക്കരിപ്പൂർ കടപ്പുറം ഉൾപ്പെടുന്ന ഭാഗം രാമന്തളിയിലെ വാട്ടർ ടാങ്കാണ് ഏക ആശ്രയം. പഴകിത്തുരുമ്പിച്ച പൈപ്പ് ലൈൻ മാറ്റിസ്ഥാപിച്ച് ടാപ്പ് കണക്ഷൻ വീടുകൾക്കടുത്ത് കേന്ദ്രീകൃതമായി നല്കണം.

വാർഡ് 2

ഏറ്റവും കൂടുതൽ ശുദ്ധജലക്ഷാമമനുഭവപ്പെടുന്ന പ്രദേശമാണ് കന്നുവീടുകടപ്പുറം. വേനൽക്കാലത്തിന്റെ ആരംഭത്തോടുകൂടി എല്ലാ കിണറുകളിലും ഉപ്പും ചെളിയും കലർന്ന വെള്ളമാണ്. ഇടയിലെക്കാട് ഒരു മിനി വാട്ടർ സപ്ലൈസ്കീം ആരംഭിച്ച് പ്രസ്തുത സ്ഥലത്ത് ശുദ്ധജലം എത്തിക്കാവുന്നതാണ്.

വാർഡ് 3

ഇടയിലെക്കാട്ടിലെ കൈപ്പാട് പ്രദേശം വലിയപറമ്പിലെ ആവിത്തോട് പരിസരം റേഷൻഷാപ്പുവരെയുള്ള പ്രദേശം ഇവിടെ ഉപ്പുവെള്ള ഭീഷണിയാണ് പ്രശ്നം. കിണറുകൾ ഏതാണ്ട് വറ്റിപോകുന്ന അവസ്ഥ കൂടാതെ കിണറിൽ ചെളിയും മണവും നിറവ്യത്യാസവും കണ്ടുവരുന്നു. ശുദ്ധജലം സുലഭമായിക്കിടുന്ന ഇടയിലെക്കാട് ശുദ്ധജലവികരണ പദ്ധതി തുടങ്ങി പ്രസ്തുത സ്ഥലത്ത് ശുദ്ധജലം എത്തിച്ച് പരിഹരിക്കാവുന്നതാണ്.

വാർഡ് 4

വലിയപറമ്പ പഞ്ചായത്തിന്റെ സിരാകേന്ദ്രമാണ് ഈ വാർഡ് കടവിനടുത്തും കൈപ്പാട്ടിലും സ്കൂൾ, പഞ്ചായത്ത്, ബേങ്ക്, പോസ്റ്റോഫീസ്, കൊത്തിമുറിച്ചാവി തുടങ്ങിയ സ്ഥലങ്ങളിലെ വീടുകളിലെ കിണറ്റിൽ ദുർഗന്ധവും ഉപ്പ്രസവും മണവും ചെളിയുമടങ്ങിയ വെള്ളമാണ് കിട്ടുന്നത്. ഇടയിലെക്കാട് ഒരു വാട്ടർ ടാങ്ക് നിർമ്മിച്ച് പൈപ്പ് കണക്ഷൻ നൽകുന്നതുവഴി ഇവിടുത്തെ കുടിവെള്ള പ്രശ്നം

പരിഹരിക്കാവുന്നതാണ്.

വാർഡ് 5

പടന്നക്കടപ്പുറം പ്രദേശം ഉൾകൊള്ളുന്ന പുഴയോരപ്രദേശത്ത് മലിനജലമാണ് കിണറുകളിൽ ലഭിക്കുന്നത് അതിനാൽ 6-ാം വാർഡിൽ പഞ്ചായത്ത് കുളത്തിന്റെ അടുത്ത് സ്ഥാപിക്കുന്ന സ്ക്കീം പടന്നക്കടപ്പുറത്തെക്കൂടി ഉൾപ്പെടുത്തി പൈപ്പ് കണക്ഷൻ നൽകി പരിഹരിക്കുക.

വാർഡ് 6

ബീച്ചാർക്കടവ്, പന്ത്രണ്ട് പ്രദേശങ്ങളിലെ പുഴയോര പ്രദേശത്ത് ഉപ്പും ചെളിയും കലർന്ന വെള്ളമാണ് കിട്ടുന്നത്. 6-ാം വാർഡിൽ പഞ്ചായത്ത് കുളത്തിന്റെ അടുത്ത് സ്ഥാപിക്കുന്ന ടാങ്കിൽ നിന്നും പൈപ്പ് കണക്ഷൻ ലഭ്യമാക്കി ശുദ്ധജലക്ഷാമം പരിഹരിക്കുക.

വാർഡ് 7

വാർഡ് പ്രദേശമായ വടക്കേക്കാട്ടിലാണ് ശുദ്ധജലക്ഷാമം നേരിടുന്നത്. പടന്നയിലെ നിലവിലുള്ള വാട്ടർ സപ്ലൈസ്ക്കീമിൽ നിന്നും പുതിയ കണക്ഷൻ അനുവദിക്കുകയും ചെയ്യുക.

വാർഡ് 8

പഞ്ചായത്തിന്റെ വടക്കേ അറ്റത്തു സ്ഥിതിചെയ്യുന്ന ഈ പ്രദേശം ജനനിബിഡമാണ്. ഫിഷറിസ് കോളനിയും അംബേദ്കർ കോളനിയിലും ശുദ്ധജലക്ഷാമമുണ്ട്. ഓരിയിലുള്ള മിനി വാട്ടർ സപ്ലൈസ്ക്കീമിൽ നിന്നും പൈപ്പ് കണക്ഷൻ കോളനി പ്രദേശത്ത് അനുവദിച്ച് പരിഹരിക്കുക. 2 സ്ഥലത്തും പൊതുകിണറുകൾ അനുവദിക്കുക.

ചെറുകിട ശുദ്ധജല പദ്ധതി

രാമന്തളിയിലുള്ള ശുദ്ധജലപദ്ധതി പഞ്ചായത്തിൽ ഏതാനും വീടുകൾക്കു മാത്രമേ ഉപയോഗപ്പെടുന്നുള്ളൂ. കാലാകാലത്ത് വേണ്ടുന്ന അറ്റകുറ്റപ്പണികൾ നടത്താത്തതുകാരണം ഇപ്പോൾ വെള്ളം വീടുകളിലെത്തുന്നതിനുമുമ്പേ പുഴയിലും പറമ്പിലും ലീക്കായിപോകുകയാണ് നിലവിലുള്ള പൈപ്പ് ലൈൻ മാറ്റി പുതിയ പൈപ്പ് നിർമ്മിക്കുകയും ടാപ്പുകളുടെ എണ്ണം വീടുകൾക്കനുപാതമായി വർദ്ധിപ്പിക്കുകയും ചെയ്താൽ ഈ പദ്ധതി ഗുണം ചെയ്യുന്ന അവസ്ഥയിലേക്കെത്തിക്കാവുന്നതാണ്.

ഇടത്തരം പദ്ധതി

നിർത്തിവെച്ച മാടക്കാലിലുള്ള ഇടത്തരം പദ്ധതി പുനരുജ്ജീവിപ്പിച്ച് മുമ്പ് ജലവിതരണം നടത്തിയ സ്ഥലത്തു കൂടാതെ കന്നുവീട് കടപ്പുറം ഭാഗത്തും ഉപയോഗപ്പെടുത്തിയാൽ ഈ പദ്ധതികൊണ്ട് ഒരളവുവരെ ശുദ്ധജലക്ഷാമ പരിഹാരം കാണാവുന്നതാണ്.

പഞ്ചായത്തുതല പദ്ധതി

ശുദ്ധജല വിതരണത്തിനായി പഞ്ചായത്തിന്റെ പദ്ധതികൾ ഒന്നും തന്നെ ഇവിടെ ഇല്ല. ഏതാനും കിണറുകൾ നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. അവയൊന്നും ഉപയോഗയോഗ്യമല്ലാതായിക്കിടക്കുകയുമാണ്.

പഞ്ചായത്ത്, പന്ത്രണ്ടിലും മാവിലാക്കടപ്പുറത്തും ഒരു ശുദ്ധജല പദ്ധതി തുടങ്ങേണ്ടത് അത്യാവശ്യമാണ്. ഒരു മിനിജലവിതരണപദ്ധതി ശുദ്ധജല ലഭ്യതയനുസരിച്ച് തുടങ്ങിയാൽ കൂടുതൽ ശുദ്ധജലക്ഷാമമനുഭവിക്കുന്ന വീടുകൾക്കു മാത്രം ഉപയുക്തമാക്കുന്നവിധം അതിന്റെ പ്രവർത്തനത്തിൽ ശ്രദ്ധിക്കുകയുമായാൽ ഒരു പരിധിവരെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് സാധിക്കുന്നതാണ്. പുഴയുടെയും കടലിന്റെയും വീതി ഏറ്റവും കൂടുതലുള്ള സ്ഥലത്തായിരിക്കണം പ്രസ്തുത പദ്ധതി.

പ്രാവർത്തികമാക്കാവുന്ന മറ്റു നിർദ്ദേശങ്ങൾ

തൃക്കരിപ്പൂർ പഞ്ചായത്തിലെ ആയിറ്റിപ്രദേശം ശുദ്ധജലം സുലഭമായിക്കിട്ടുന്ന പ്രദേശമാണ്. ഇവിടെ ഒരു മിനി വാട്ടർ സപ്ലൈസ്ക്കീം നടപ്പിലാക്കികൊണ്ട് പഞ്ചായത്ത് പ്രദേശമായ ഇടയിലെക്കാട്ടിലെ കൈപ്പാട്, വലിയപറമ്പിലെ റേഷൻഷാപ്പുമുതൽ പട്ടേൽ കടപ്പുറം വരെ പൈപ്പ്ലൈൻ കണക്ഷൻ നൽകിക്കൊണ്ട് ഈ പഞ്ചായത്തിലെ കുടിവെള്ളത്തിന് ശാശ്വതമായ ഒരു പരിഹാരം കണ്ടെത്താവുന്നതാണ്.

പൊതുജനാരോഗ്യം

രോഗമോ അംഗവൈകല്യമോ ഇല്ലാത്ത അവസ്ഥ മാത്രമല്ല ആരോഗ്യം എന്നു പറയുന്നത് മറിച്ച് ഒരു മനുഷ്യന്റെ ശാരീരികവും മാനസികവും സാമൂഹികവുമായ പരിപൂർണ്ണ സുസ്ഥിയെയാണ് ലോകാരോഗ്യസംഘടന അർത്ഥമാക്കുന്നത്.

ആരോഗ്യമുള്ള ശരീരത്തിൽ മാത്രമേ ആരോഗ്യമുള്ള മനസ് കുടികൊള്ളുക.ഉള്ളൂ അതുകൊണ്ടുതന്നെ ശുചിത്വബോധവും ആരോഗ്യപരിപാലനവും, ഒരു ജനതയുടെ സാംസ്ക്കാരിക നിലവാരത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഏറെ മുന്നിലാണെന്നു കണക്കുകൾ വിളിച്ചുപറയുന്നു.

രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതെ നോക്കുകയല്ലെ നന്ന് എന്ന് ഇന്ന് സാധാരണ ജനങ്ങളും മനസിലാക്കിത്തുടങ്ങിയിരിക്കുന്നു. നാം നിർമ്മാർജ്ജനം ചെയ്തു എന്നഭിമാനിക്കുന്ന പലരോഗങ്ങളും വീണ്ടും തിരിച്ചു വരുന്ന അവസ്ഥ സംജാതമായിരിക്കുകയാണ്.

2000–ാമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കാൻ പോകുന്ന ഈ വേളയിൽ കേരളത്തിന് മലമ്പനി വീണ്ടും ഭീഷണിയായിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിലെ അന്യസംസ്ഥാനങ്ങളിൽ ജോലിക്കുപോകുന്നവർ മലമ്പനിരോഗം പിടിപെട്ട് അത്യാസന്ന നിലയിലാണ് തിരിച്ചു വരാറ്. ഇങ്ങനെ സംഭവിക്കുന്നത് ആരോഗ്യബോധവൽക്കരണത്തിന്റെ പോരായ്മയാണ്.

നമ്മുടെ പഞ്ചായത്തിൽ രണ്ടക്കം കവിഞ്ഞ കുഷ്ഠരോഗികളുമുണ്ട്. കുഷ്ഠരോഗം നിർമ്മാർജ്ജനം ചെയ്യാൻ സർക്കാർ പ്രതിജ്ഞാബദ്ധമായിരിക്കയാണ്. ഇപ്പോൾ യുവാക്കളുടെ ജീവൻ കാർന്നു തിന്നുന്ന എയിഡ്സ് കേരളത്തിൽ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഒറ്റമന്തുരോഗിപോലുമില്ലാത്ത പഞ്ചായത്താണ് നമ്മുടേത്. ടി.ബി. രോഗം നിയന്ത്രിച്ചുനിർത്താനുള്ള തയ്യാറെടുപ്പും സർക്കാർ എടുത്തുകഴിഞ്ഞു. ഇപ്പോൾ ഭാരത സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും 145 രാജ്യങ്ങൾ നിർമ്മാർജ്ജനം ചെയ്തുകഴിഞ്ഞതുമായ പോളിയോ രോഗം നമ്മുടെ കുരുന്നു കുഞ്ഞുങ്ങളുടെ ജീവനെയാണ് ബാധിക്കുന്നത് ഈ പരിപാടിയുടെ രണ്ടാംഘട്ടം 1996 ഡിസംമ്പർ 7നും 1997 ജനുവരി 18നു രാജ്യത്തെമ്പാടും നടത്തുകയാണ്. ഈ പരിപാടി 100% വിജയമാക്കുന്നതിന് നമുക്കോരോരുത്തർക്കും പ്രതിജ്ഞയെടുക്കാം.

തീരദേശ ആരോഗ്യപരിപാടിയിൽ ഉൾപ്പെട്ടു നമ്മുടെ പഞ്ചായത്തിന് ആരോഗ്യപരപാലന രംഗത്ത് വമ്പിച്ച ഒരു മുന്നേറ്റം നമുക്ക് പ്രതീക്ഷിക്കാവുന്നതാണ്. അതേസമയം തീരപ്രദേശമായതിനാൽ ഏതൊരു സാംക്രമികരോഗങ്ങളും നിയന്ത്രിച്ചുനിർത്താനാവാത്തവിധം ഭീഷണി സൃഷ്ടിക്കാറുമുണ്ട്.

കേരളത്തിന് തനതായൊരു പ്രാചീന ചികിൽസാരീതി പഴയകാലം മുതൽക്കുതന്നെ നിലവിലുണ്ടായിരുന്നു. അതിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിലും പ്രാചീന ചികിത്സാരീതികൾ അവലംബിച്ചിരുന്നതിൽ പ്രധാനപ്പെട്ടതായിരുന്നു പരേതനായ ഇടയിലേക്കാട്ടിലെ കുഞ്ഞിക്കണ്ണൻ വൈദ്യർ, പടന്നക്കടപ്പുറം കേന്ദ്രീകരിച്ച് പ്രവർത്തിച്ച ഹോമിയോ ഡോക്ടർ പി.മൈക്കിൾ വിഷചികിത്സാരംഗത്തെ പ്രഗത്ഭനായ പരേതനായ കന്നുവീട്ടിലെ പി.പി. ദാമോദരൻ വലിയപറമ്പിലെ രാമൻ എന്നിവരെ ഇത്തരുണത്തിൽ സ്മരിക്കേണ്ടതുണ്ട്. കൂടാതെ ഗൈനക്കോളജി വിഭാഗം ഡോക്ടറുടെ സേവനം അന്ന് ലഭ്യമല്ലാത്ത ഒരു കാലത്ത് പി.പി. കരിപ്പിരി ഇടയിലെക്കാട്ടിലെ എം. പാറു, കുന്നുവീട്ടിലെ കെ.വി. കല്ല്യാണി എന്നിവരുടെ പ്രസവമെടുപ്പ് വിദ്യയും അത്യൽഭുതമായിരുന്നു.

ഇവയ്ക്കു പുറമെ അന്ധവിശ്വാസത്തിലതിഷ്ഠിതമായ ചികിത്സാ രീതിയും നിലവിലുണ്ടായിരുന്നു. പാടു ജപിച്ചുകെട്ടൽ, പ്രേതബാധ അകറ്റൽ, വെള്ളം മന്ത്രിച്ചു ഒഴിക്കൽ, ഹോമം, ഉറുക്കെഴുത്ത് എന്നിവയും നിലവിൽ ഉണ്ടായിരുന്നു. ഏന്നാൽ ഇന്ന് അതിൽ ഏറെക്കുറെ മാറ്റം വന്നിട്ടുണ്ട്.

പ്രാചീന ചികിത്സാ രീതിയിൽ മാത്രം അഭയം കണ്ടെത്തിയ നമ്മുടെ പൂർവ്വികർ നമുക്ക് പഠിപ്പിച്ചുതന്ന പല ഔഷധങ്ങളും ഇന്ന് അന്യപ്പെട്ടുപ്പോവുകയാണ്. വില കൂടിയ അലോപ്പതി ഔഷധങ്ങളെമാത്രം ആശ്രയിച്ച് രോഗശമനം പ്രതീക്ഷിക്കുന്ന നമ്മുടെ സാമാന്യ ജനതക്ക് പ്രകൃതി ഔഷധങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഇടയിലെക്കാട്ടിൽ നിലവിലുള്ള നാഗത്തിലുള്ള അപൂർവ്വ ആയുർവേദ മരുന്നുകൾ സംരക്ഷിച്ചു നിലനിർത്തേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ ആരോഗ്യസേവന രംഗത്ത് സർക്കാർ മേഖലയിൽ ആദ്യമായുണ്ടായ സ്ഥാപനം പടന്നക്കടപ്പുറം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെന്ററും (1989ൽ)

പിന്നീട് മാവിലാക്കടപ്പുറം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെൻററും (1989) 31.3.92ൽ മാടക്കാലിൽ സ്ഥാപിച്ച ഗവ: ആയുർവേദ ഡിസ്പൻസറിയുമാണ്. പഞ്ചായത്തിൻെറ വ്യത്യസ്ത വാർഡുകളിലായി 3 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളുടെ സഹായം ജനങ്ങൾക്ക് ലഭ്യമാകാറില്ല എന്നതാണ് പൊതു പരാതി. മാവിലാക്കടപ്പുറത്തും പടന്നക്കടപ്പുറത്തും പ്രവർത്തിക്കുന്ന പി.എച്ച്. സി കളുടെ സേവനം കേവലം ഒരു മണിക്കൂർമാത്രമെ ലഭിക്കുന്നുള്ളൂ എന്നാണ് ഗ്രാമ സഭകളിൽനിന്നും ഉയർന്നു വന്ന പരാതി. കടത്തു തോണിയുടെ പ്രശ്നം പറഞ്ഞ് സ്റ്റാഫ് സമയക്ലിപ്തത പാലിക്കാറില്ല. ഈ സ്ഥാപനങ്ങളുടെ സേവനംകൊണ്ടുമാത്രം ഈ പഞ്ചായത്തിലെ നിവാസികൾക്ക് രോഗശമനം സാദ്ധ്യമല്ലെന്ന് പൊതുവെ അഭിപ്രായമുണ്ട്.

കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ

തയ്യിൽ കടപ്പുറം: തയ്യിൽ നോർത്ത് കടപ്പുറം പ്രവർത്തിച്ചു വരുന്ന ഈ കുടുംബക്ഷേമ കേന്ദ്രം സർക്കാർ കെട്ടിടമായിരുന്നിട്ടും അത്യാവശ്യ അറ്റകുറ്റപ്പണി എടുക്കാത്തതിനാൽ അവിടെ താമസം അനുവദനീയമല്ല. ഈ സെൻററിൽ അത്യാവശ്യ മരുന്നുകളും ജീവനക്കാരെയും ലഭ്യമാക്കണം. കുത്തിവെപ്പുകളും ആരോഗ്യബോധവൽക്കരണ ക്ലാസുകളും നടത്തുക. ആരോഗ്യ പ്രവർത്തകരുടെ ഗൃഹ സന്ദർശനം തൃപ്തികരമല്ല, കാര്യക്ഷമമാക്കുക.

ഇടയിലെക്കാട്: ഇടയിലെക്കാട്ടിലെ കുടുംബക്ഷേമ ഉപകേന്ദ്രം ജനങ്ങളുടെ വിമർശനത്തിനു പല തവണ വിധേയമായതാണ്. അവിടെ അത്യാവശ്യത്തിനുവേണ്ട മരുന്നോ ഫർണിച്ചറോ ഇല്ല. ഇത് വാടക കെട്ടിടമാണ്. സ്വന്തമായി കെട്ടിടം പണിത് നേഴ്സിനെ താമസിപ്പിക്കുക. കുട്ടികൾക്കുള്ള കുത്തിവെപ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുക. ആരോഗ്യ പ്രവർത്തകരുടെ ഗൃഹസന്ദർശനം തൃപ്തികരമല്ല, കാര്യക്ഷമമാക്കുക.

വലിയപറമ്പ: വലിയപറമ്പ കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന കുടുംബക്ഷേമ ഉപകേന്ദ്രം എൽ.പി സ്ക്കൂളിനടുത്തുള്ള ഒരു വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ ഇന്നതിൻെറ പ്രവർത്തനമില്ല. സ്വന്തമായി കെട്ടിടം പണിയണം. ആവശ്യത്തിനുവേണ്ട മരുന്നുകളും കുത്തിവെപ്പും ബോവൽക്കരണ ക്ലാസുകളും നടത്തണം. ഗൃഹസന്ദർശനം കാര്യക്ഷമമാക്കണം.

ഇത്തരം സ്ഥാപനങ്ങൾ കൃത്യമായും ചിട്ടയായും പ്രവർത്തിച്ചാൽ 10% പേർക്കെങ്കിലും പ്രയോജനപ്പെടുമായിരുന്നു. രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നതിന് ഒരു സ്ഥാപനത്തിലും സൗകര്യമില്ല. സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ അഭാവംകൊണ്ടും കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ലാത്തതുകൊണ്ടും തോണിയാത്ര കഴിഞ്ഞ് വിദൂര സ്ഥലങ്ങളിലേക്ക് രോഗികളെ എത്തിക്കേണ്ട അവസ്ഥയാണ്. തോണിയാത്ര കഴിഞ്ഞ് മറുകരക്കെത്തുമ്പോഴക്കും രോഗി മരിച്ച എത്രയോ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ആരോഗ്യ സേവന രംഗം ഊർജ്ജസ്വലമാക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങളുടെ സ്ഥിതി വിവരം

നമ്പർ	സ്ഥാപനത്തിൻെറ പേര്	ഇനം	കെട്ടിടം		ഡോക്ടർമാർ	മറ്റു ജീവനക്കാർ	സ്ഥാപിച്ച വർഷം
			സ്വന്തം	വാടക			
1	പി.എച്ച്.സി വലിയപറമ്പ	കോൺക്രീറ്റ്	സ്വന്തം	–	1	6	1989
2	" മാവിലാക്കടപ്പുറം	"	"		1	7	1989
3	എഫ്.ഡബ്ല്യു.സി തയ്യിൽകടപ്പുറം	ഓട്	"	–	–	2	"
4	" ഇടയിലെക്കാട്	–"		വാടക	–	2	"
5	" വലിയപറമ്പ	–		വാടക	–	2	"

റൂറൽ ഡിഫിക്കൽറ്റ് ഏറിയായിൽ ഈ പഞ്ചായത്ത് ഉൾപ്പെട്ടിട്ടില്ല. റൂറൽ ഡിഫിക്കൽറ്റ് ഏരിയായിൽ ഈ പഞ്ചായത്തിനെ ഉൾപ്പെടുത്തുക.

താഴെ ചേർത്ത കാര്യങ്ങൾ ഈ പഞ്ചായത്തിലെ മൊത്തം ആരോഗ്യനിലയെ സൂചിപ്പിക്കുന്നു.
ഈ പഞ്ചായത്തിൽ 1 വയസ്സിൽ താഴെയുള്ള 244 കുട്ടികളും 1വയസ്സിനും 5 വയസ്സിനും ഇടയിലുള്ള 1544 കുട്ടികളും അതിൽ പ്രതിരോധ കുത്തിവെപ്പ് നടത്തിയത് 232 കുട്ടികളുമാണ്.

ആകെ ഗർഭിണികൾ	:	234
1കുട്ടിയുള്ള അമ്മമാർ	:	276
2കുട്ടിയുള്ള അമ്മമാർ	:	471
2ൽ കൂടുതലുള്ള അമ്മമാർ	:	872

കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ

1 കുട്ടിയുള്ള അമ്മമാർ	:	109
2 കുട്ടിയുള്ള അമ്മമാർ	:	323
2 ൽ കൂടുതലുള്ള അമ്മമാർ	:	371

വയറിളക്കം, ചർമ്മരോഗം, ആസ്ത്മ, പ്രമേഹം എന്നിവയാണ് പ്രധാന രോഗങ്ങൾ. ചില പ്രത്യേക കാലാവസ്ഥയിൽ ചെങ്കണ്ണ്, ചിക്കൻപോക്സ്, ചൊറി മുതലായ രോഗങ്ങൾ കണ്ടുവരുന്നു. പഞ്ചായത്തിലെ മാവിലാക്കടപ്പുറം പി.എച്ച്.സിയിൽ നിന്ന് ലഭിച്ച കണക്കനുസരിച്ച് 1995-96 വർഷത്തിൽ മൊത്തം 7758 പേർ ചികിത്സക്കെത്തി. എത്തിയവരിൽ 984 ത്വക്ക് രോഗം, 1293 വാതരോഗം, 4036 സാംക്രമിക രോഗം മറ്റു രോഗങ്ങൾ 1415ഉം ആണ്.

വലിയപറമ്പിലെ പി.എച്ച്.സിയിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് 1995-9 വർഷത്തിൽ മൊത്തം 6857 പേർ ചികിത്സക്കെത്തി. അതിൽ 696 പേർക്ക് ത്വക്കു രോഗങ്ങളും 1028 പേർക്ക് വാതരോഗങ്ങളും 3964 പേർക്ക് സാംക്രമിക രോഗങ്ങളും 1169 പേർക്ക് മറ്റു രോഗങ്ങളും ഉണ്ടായി.
ജലത്തിൽകൂടി പകരുന്ന രോഗങ്ങൾ 198 പേർക്കും വായുവിലൂടെ 2933പേർക്കു മലമ്പനി 7പേർക്കും മറ്റു രോഗങ്ങൾ 824 പേർക്കും കാണപ്പെട്ടു.

മാടക്കാലിലെ ഗവ: ആയുർവേദ ഡിസ്പൻസറിയിൽ 1995 -96 വർഷത്തിൽ 21,177 രോഗികൾ ചികിത്സക്കെത്തിയിരുന്നു.

പഞ്ചായത്തിലെ ആരോഗ്യപ്രവർത്തകരുടെ സേവനം തൃപ്തികരമല്ല. കുടുംബാസൂത്രണ രംഗത്തുള്ള പ്രവർത്തനം വളരെ മോശമാണ്. ആകെയുള്ള 1853 ദമ്പതിമാരിൽ 803 പേർ മാത്രമാണ് കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചവർ.

സാധ്യതകൾ

വാർഡ്.1

കുടുംബക്ഷേമ കേന്ദ്രത്തിലെ രണ്ടു ജീവനക്കാരും കൃത്യമായി ഗൃഹസന്ദർശനം നടത്തുക. മാസംതോറും കുത്തിവെപ്പു സംഘടിപ്പിക്കുക, മരുന്നുകൾ ലഭ്യമാക്കുക, നിലവിലുള്ള വീക്ക്ലി ഡിസ്പൻസറി റഗുലർ ആസ്പത്രിയാക്കി ഉയർത്തി ആരോഗ്യസേവനം മെച്ചപ്പെടുത്തുക, കുടംബക്ഷേമ കേന്ദ്രത്തിന്റെ അറ്റകുറ്റപണി തീർക്കുക, മാടക്കാലിലെ ഡിസ്പൻസറി ആയുർവേദ ആസ്പത്രിയാക്കി ഉയർത്തുക, കെട്ടിടം പണിയുക, ജീവനക്കാർക്ക് താമസ സൗകര്യം ഏർപ്പെടുത്തുക.

വാർഡ്.2

വാർഡിൽ ഒരു കുടുംബ കേന്ദ്രം ആരംഭിക്കുക. കൊതുകു നിവാരണം ഊർജ്ജിതമാക്കുക.ആംബുലൻസ് ബോട്ട് ഏർപ്പെടുത്തുക, പൊതു ശുശാനം അനുവദിക്കുക, ആരോഗ്യപ്രവർത്തകർ ഗൃഹ സന്ദർശനം നടത്തുക, ഒരു ഹോമിയോ ഡിസ്പൻസറി സ്ഥാപിക്കുക.

വാർഡ്.3

ഇടയിലെക്കാട്ടിലെ എഫ്.ഡബ്ല്യു.സിയുടെ പണി പൂർത്തിയാക്കുക, ഹോമിയോ ആസ്പത്രി, പി.എച്ച്.സി

എന്നിവ സ്ഥാപിക്കുക. വലിയപറമ്പ ആവിത്തോടിന്റെയും കൈപ്പാട് ആവിത്തോടിന്റെയും വീതി കൂട്ടി ഒഴുക്ക് നല്ലനിലയിലാക്കി കൊതുകു നിവാരണം നടത്തുക, ചകിരി കുഴിച്ചുമൂടുന്ന പ്രവണത നിർത്തലാക്കുക, ആവി നികത്തി പറമ്പാക്കുന്നത് തടയുക, ഒരു പൊതു ശൗചാനം അനുവദിക്കുക,ആരോഗ്യ വകുപ്പിന്റെ സേവനം ലഭ്യമാക്കുക.

വാർഡ്.4

കുടുംബക്ഷേമ കേന്ദ്രം പ്രവർത്തനമില്ല, അതു തുടങ്ങി വീക്ലി ഡിസ്പൻസറി ആയി ഉയർത്തുക, 25 കിടക്കകളുള്ള ഒരു ആസ്പത്രി തുടങ്ങുക. സ്പെഷലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുക. ആംബുലൻസ് ബോട്ട് അനുവദിക്കുക. കൊതുകു നശീകരിണത്തിനായി കൈപ്പാടിലെ ആവിത്തോട് ഒഴുക്കുള്ളതാക്കുക. ചകിരി കുഴിച്ചിടുന്നത് നിർത്തലാക്കുക. ആരോഗ്യപ്രവർത്തകരുടെ ഗൃഹസന്ദർശനം കാര്യക്ഷമമാക്കുക.

വാർഡ്.5

നിലവിലുള്ള വലിയപറമ്പ പി.എച്ച്.സി. 10 കിടക്കകളുള്ള ആസ്പത്രിയായാക്കി ഉയർത്തുക, പൊതുശൗചാനം അനുവദിക്കുക. ആരോഗ്യപ്രവർത്തകരുടെ സേവനം ലഭ്യമാക്കുക, ഗൃഹ സന്ദർശനം കാര്യക്ഷമമാക്കുക.

വാർഡ് 6.

കൊതുകു നിവാരണ പ്രവർത്തനത്തിന് തൊട്ടിയിൽപീടിക പരിസരത്തുനിന്ന് പൂഴക്കരയിലേക്ക് ഓവുചാൽ വെള്ളം ഒഴുകിപോവാനുള്ള സംവിധാനം ഉണ്ടാക്കുക. ഒരു പി.എച്ച്.സി അനുവദിക്കുക. ആരോഗ്യപ്രവർത്തകരുടെസേവനം തൃപ്തികരമല്ല. പൊതുശൗചാനം നിർമ്മിക്കുക. നിർദ്ദിഷ്ട കുടുംബക്ഷേമ കേന്ദ്രം സ്ഥാപിക്കുക.

വാർഡ് 7.

വലിയപറമ്പ പി.എച്ച്.സിയിൽ 10 കിടക്കയോടുകൂടി കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടാക്കുക. കൊതുകു നശീകരണം നടത്തുക. ആരോഗ്യബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക. പൊതു ശൗചാനം നിർമ്മിക്കുക.

വാർഡ് 8.

വാർഡിൽ ഒരു പി.എച്ച്.സി ഉണ്ടെങ്കിലും ജീവനക്കാരോ അത്യാവശ്യ മരുന്നുകളോ ഇല്ല. ഡോക്ടറുടെ സേവനം രണ്ടു മണിക്കൂർമാത്രമെ കിട്ടുന്നുള്ളൂ. സ്ഥിരം ഡോക്ടറെ നിയമിക്കുക. 10 കിടക്കകളുള്ള ആസ്പത്രിയായി ഉയർത്തുക.

നിർദ്ദേശങ്ങൾ

ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ ചികിത്സാ സൗകര്യത്തിന് ഒരു പാട് യാത്രാ ക്ലേശം അനുഭവിക്കുന്ന പഞ്ചായത്താണിത്.

വലിയപറമ്പ പഞ്ചായത്തിലൊതുങ്ങുന്ന ഒരു പി.എച്ച്.സി യാണിന്നാവശ്യം. ഉടുമ്പുന്തലയിൽ പെട്ടതാണ് വലിയപറമ്പ് പി.എച്ച്.സി. ആയതിനാൽ വലിയപറമ്പിലെ പി.എച്ച്.സി ക്ക് സ്വയംഭരണാവകാശം നൽകുക. ആ വഴി പുതിയ തസ്തികകൾ സൃഷ്ടിക്കുക. ജനസംഖ്യ കണക്കിലെടുക്കാതെ വലിയപറമ്പിലും, കന്നുവീട് കടപ്പുറത്തും പന്ത്രണ്ടിൽ ബീച്ചാർ കടപ്പുറത്തും പി.എച്ച്.സി.അനുവദിക്കുക.

മാവിലാക്കടപ്പുറത്ത് പി.എച്ച്.സി ഓഫീസ് ആവശ്യത്തിന് ഒരു പ്രത്യേക കെട്ടിടം പണിയുക. ആസ്പത്രിയിൽ ഒരു നഴ്സിനെ നിയമിക്കുകയും ഒരു എച്ച്.ഐ യെയും ഒരു ജൂനിയർ എച്ച്ഐ യെയും നിയമിക്കുക. ജലവിതരണ സൗകര്യം ഉണ്ടാക്കുക. ഫർണിച്ചർ ലഭ്യമാക്കുക. ഒരു ആംബുലൻസ് ബോട്ട് അനുവദിക്കുക. പടന്നക്കടപ്പുറം ആസ്പത്രിയുടെ ഓഫീസ് സൗകര്യം മെച്ചപ്പെടുത്താൻ ഫർണിച്ചർ അനുവദിക്കുക.

എല്ലാ വാർഡിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക. പഞ്ചായത്തിൽ 25 കിടക്കകളുള്ള ആസ്പത്രി സ്ഥാപിച്ച് എല്ലാ വിഭാഗം ഡോക്ടർമാരെയും നിയമിച്ചാൽ 2000-ാം ആണ്ടോടെ എല്ലാവർക്കുമാരോഗ്യം എന്ന സങ്കല്പത്തിലെത്താൻ സാധിക്കും. പഞ്ചായത്തിലെ മുഴുവൻ ആരോഗ്യ പ്രവർത്തകരും അവരുടെ സേവനം യഥാസമയം വിനിയോഗിക്കുക. ആരോഗ്യപ്രവർത്തകരുടെ ഗൃഹ സന്ദർശനം തൃപ്തികരമല്ലെന്ന് എല്ലാ ഗ്രാമസഭകളിലും ഉണ്ടായ പരാതിയാണ്. അത് പരിഹരിക്കാൻ ജീവനക്കാർ

ശ്രദ്ധിക്കുക. ഗൃഹസന്ദർശനം കാര്യക്ഷമമാക്കുക.

പൊതുജനാരോഗ്യ രംഗത്ത് കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ശുചിത്വം. പരിസര ശുചിത്വം പാലിക്കാൻ ഓരോ വീടിനും ഓരോ കക്കൂസ് നിർബന്ധമാക്കുക.

ഈ പഞ്ചായത്തിലെ വീടുകളിൽ കക്കൂസ് ഉണ്ട്. ബാക്കി വീടുകളിൽ കക്കൂസ് ഇല്ല എന്നത് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇതുമൂലം വയറിളക്കവും വിര ശല്യവും കൂടുതലായി കണ്ടുവരുന്നു.

ഈ പഞ്ചായത്തിലെ ഭൂരിഭാഗം ആൾക്കാരും കടൽതീരവും പുഴയോരവുമാണ് പ്രാഥമികാവശ്യത്തിന് ഉപയോഗിക്കുന്നത്. വയറിളക്കരോഗങ്ങൾ പെട്ടെന്ന് പിടിപെടാൻ ഇത് ഇടയാക്കുന്നു. ടോട്ടൽ സാനിറ്റേഷൻ പരിപാടി നമ്മുടെ പഞ്ചായത്തിലും അത്യാവശ്യമായിവന്നിരിക്കയാണ്. കക്കൂസില്ലാത്ത കുടുംബങ്ങൾക്ക് ധനസഹായം നൽകിക്കൊണ്ട് സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിൽ എല്ലാവർക്കും കക്കൂസ് എന്ന മഹത്തായ കർമ്മം നാം ചെയ്യേണ്ടിയിരിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ടാണ് കക്കൂസ് നിർമ്മിക്കാൻ കഴിയാത്തിന് കാരണമെന്നാണ് ഗ്രാമസഭയിൽ ഉരുത്തിരിഞ്ഞ കാര്യം.

വ്യവസായ ശാലകളില്ലാത്ത പഞ്ചായത്താണിത്. കാര്യമായ പരിസര മലിനീകരണം ഈ പഞ്ചായത്തിൽ അനുഭവപ്പെടുന്നില്ല. വീടും പരിസരവും ശുചിയായി സൂക്ഷിക്കുന്നതിനുള്ള ബോദവൽക്കരണം നടത്തുന്നതോടൊപ്പം കെട്ടിക്കിടക്കുന്ന അഴുക്കുചാൽ വെള്ളം, പാഴ്വസ്തുകൾ,എന്നിവ നശിപ്പിക്കുവാനുള്ള ഡ്രെയിനേജ് പരിപാടി നടത്തി ശുചിത്വം പാലിക്കേണ്ടതാണ്.

ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ – സാധ്യതകൾ

ഈ പഞ്ചായത്തിൽ 2 പി.എച്ച്.സികളും ഒരു ഗവ: ആയുർവേദ ഡിസ്പൻസറിയും 3 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുമുണ്ട്.

1. അത്യാവശ്യമരുന്നുകൾ ആസ്പത്രികളിൽ ലഭ്യമല്ല.
2. ഡോക്ടറുടെ സേവനം ജോലികഴിഞ്ഞെത്തുന്ന സാധാരണക്കാർക്കുകൂടി ലഭ്യമാകുന്നവിധം സമയത്തിൽ മാറ്റം വരുത്തുക.

സ്വകാര്യ പ്രാക്ടീസിലുള്ള താല്പര്യംമൂലം ഡ്യൂട്ടി സമയത്തുപോലും ഡോക്ടർ ആസ്പത്രികളിൽ ഉണ്ടാകുന്നില്ല.

രോഗ നിർണയിത്താനായി ലബോറട്ടറി സൗകര്യങ്ങളോ പാരാമെഡിക്കൽ സ്റ്റാഫോ ഈ പഞ്ചായത്തിലെ ആസ്പത്രികളിൽ ഇല്ല. സ്പെഷലിസ്റ്റ് ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.
അമ്മമാർക്കും കുട്ടികൾക്കും പോഷകാഹാര വിതരണം നടത്തുക. പച്ചക്കറി കൃഷിക്ക് അമിതവും അശാസ്ത്രീയവുമായ കീടനാശിനി പ്രയോഗം ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്നു.
അംഗൻവാടികൾ ഈ പഞ്ചായത്തിലില്ല. അത്യാവശ്യമാണ്.
അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കുക
ആരോഗ്യബോധവൽക്കരണ ക്ലാസുകൾ നടത്തുക
ഫീൽഡ്വർക്കർമാരുടെ സേവനം പൂർണ്ണമായി ഉറപ്പുവരുത്തുക
ഓരോ വാരഡിലും ഓരോ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക
വയോജനാരോഗ്യ കേന്ദ്രം എല്ലാ വാർഡിലും സ്ഥാപിക്കുക
പൊതുശൗചാലയം എല്ലാ വാർഡിലും സ്ഥാപിക്കുക
ഹെൽത്ത് കാർഡ് സംവിധാനം എല്ലാ വാർഡിലും കാര്യക്ഷമമാക്കുക
ജനസംഖ്യാനുപാതത്തിൽ പി.എച്ച്.സി സ്ഥാപിക്കുന്നതിനുപകരം ഭൂപ്രകൃതി, യാത്രസൗകര്യം എന്നിവ കണക്കിലെടുക്കുക. പഞ്ചായത്തിൽ 2 പി.എച്ച്.സി സെൻററുകൾ സ്ഥാപിക്കുക.

പരിസര ശുചിത്വം

പഞ്ചായത്ത്തലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

വ്യവസായശാലകളോ മറ്റോ ഇല്ലാത്ത നമ്മുടെ പഞ്ചായത്തിൽ പരിസരമലിനീകരണം നാം തന്നെ സൃഷ്ടിക്കുന്നതാണ്. 80% ശതമാനവും നാം വീടുകളിൽനിന്നും വലിച്ചെറിയപ്പെടുന്ന പാഴ്വസ്തുക്കളിൽനിന്നുമാണ്. നാം അറിയാതെ നമ്മുടെ പരിസരം ഒരു രോഗവില്പനകേന്ദ്രമാക്കുകയാണ്. നമുക്കറിയാം രോഗം പകരുന്നത് വായുവിലൂടെയും, വെള്ളത്തിലൂടെയും ചില പ്രാണികളുടെ കടിയേറ്റുമാണെന്ന്. ഇതിനെ നേരിടാൻ നാം ആരോഗ്യബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും പൊതുജനങ്ങളെ ബോധവാൻമാരാക്കുകയും ചെയ്യേണ്ടതാണ്.

ഓരോ വാർഡിലും ജനങ്ങൾ തിങ്ങിപാർക്കുന്നിടത്ത് കുപ്പകളിൽ മാലിന്യം സംഭരിച്ച് കത്തിച്ചു കളയേണ്ടതാണ്. പഞ്ചായത്തിൽ ഒരറവുശാല സ്ഥാപിച്ച് അവിടെവച്ചുമാത്രം മൃഗങ്ങളെ പരിശോധനാവിധേയമാക്കി അറുക്കേണ്ടതാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ശീതളപാനീയ ശാലകൾ, എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില്പന ആരോഗ്യനിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതും നിയമം പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഹോട്ടലുകളിൽ ജോലി ചെയ്യുന്നവർക്ക് ഹെൽത്ത് കാർഡ് സമ്പ്രദായം നടപ്പിലാക്കേണ്ടതാണ്.

വർഷകാലത്തും വരൾച്ച സമയത്തും പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിൽ പകർച്ചവ്യാധികൾ പെട്ടെന്ന് പകർന്നു പിടിക്കുന്നതുകൊണ്ട് ഇതിനെതിരെ കിണറുകളിൽ ക്ലോറിനേഷൻ, ഈച്ച നശീകരണം, കൊതുകു നശീകരണം, എന്നിവ ഫലപ്രദമായി നടത്തുക.ഒരു ജോഡി ഈച്ചകൾ ഒരു വേനൽകാലം കൊണ്ട് 3,25,92,320 ഈച്ചകളെ ഉല്പാദിപ്പിക്കുന്നതിനാൽ പഴകിയ മത്സ്യങ്ങളും മറ്റും പൊതുസ്ഥലങ്ങളിൽ ദിവസങ്ങളോളം വെക്കുന്നത് തടയേണ്ടതാണ്. അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പുചവറുകളും കമ്പോസ്റ്റാക്കിമാറ്റിയാൽ അടുക്കള തോട്ടത്തിൽ വളമായി ഉപയോഗിക്കാവുന്നതാണ്. കൊതുകിനെയും കൂത്താടികളെയും നശിപ്പിക്കുക, ഡി.ഡി.ടി. സ്പ്രേ ചെയ്യുക, കെട്ടിക്കിടക്കുന്ന വെള്ളം ഒഴുകിപോവാൻ നടപടി എടുക്കുക.

പൊതുശ്മശാനം

ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന വസ്തുതയാണ് അശാസ്ത്രീയമായി ശവം മറവുചെയ്യുന്നത്.ഇത് കൂടുതൽ ശാസ്ത്രീയവും പ്രാവർത്തികവുമാക്കുന്നതിനുവേണ്ട ബോധവൽക്കരണം നടത്തുക. ഈ പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം മാത്രമെ ഉള്ളൂ. അനുയോജ്യമായ സ്ഥലം കണ്ടെത്തി ഓരോ വാർഡിലും പൊതുശ്മശാനം തുടങ്ങേണ്ടത് അത്യാവശ്യമാണ്.

വയോജന ആരോഗ്യകേന്ദ്രം

സമൂഹത്തിലെ ഒരു മുഖ്യ ആശ്രിതവിഭാഗമായ വൃദ്ധജനങ്ങൾക്ക് കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കേണ്ടതാണ്. വൃദ്ധജനങ്ങളുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ പ്രത്യേകം പരിശീലനം നേടിയവരെ ഉൾപ്പെടുത്തി അവരുടെ ആരോഗ്യകരമായ ഉയർച്ചക്ക് പദ്ധതികൾ ഉണ്ടാക്കേണ്ടതാണ്.

ഹെൽത്ത് കാർഡ് സംവിധാനം

ചികിത്സാരംഗത്ത് വളരെയേറെ ഗുണം ചെയ്യുന്ന ഒരു സംവിധാനമാണ് ഹെൽത്ത് കാർഡ് സമ്പ്രദായം. ചികിത്സക്കായി ആസ്പത്രികളിൽ എത്തുന്ന രോഗിയുടെ മുൻകാല ആരോഗ്യനിലയെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയതാണ് ഈ കാർഡ്.

ഇതു കാരണം രോഗനിർണ്ണയം വേഗത്തിലും കുറ്റമറ്റതുമാക്കാൻ സാധിക്കും. ആരോഗ്യപ്രവർത്തകരുടെയും സന്നദ്ധപ്രവർത്തകരുടെയും സേവനം ഇതിനു ലഭ്യമാക്കാവുന്നതാണ്. രക്തഗ്രൂപ്പ്, തൂക്കം, നീളം തുടങ്ങിയ അടിസ്ഥാന വിവരങ്ങളെല്ലാം ഈ കാർഡിൽ രേഖപ്പെടുത്തുകയും ഇതിന്റെ പ്രാധാന്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

യോഗകേന്ദ്രം

പഞ്ചായത്തിലെ ജനങ്ങളുടെ കായികപരിശീനത്തിനും യോഗാഭ്യാസത്തിനും ഉതകുന്ന ഒരു യോഗ

പരിശീലന കേന്ദ്രം പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുക. ശരിയായ പരിശീലനം നൽകുക വഴി ജനതയുടെ കായികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്താവുന്നതാണ്.

പൊതുജനാരോഗ്യപ്രശ്നങ്ങൾ : വലിയപറമ്പ ആവി

വലിയപറമ്പ മൂന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന വളരെ പഴക്കവും ചരിത്ര പ്രാധാന്യവുമുള്ള ഒരു തോടാണിത്. ഇത് വന നിബിഡമായിരുന്നു. ഇന്ന് സമീപവാസികൾ അവരുടെ പറമ്പിനു വിസ്തൃതി കൂട്ടുന്നതിന്റെ ഭാഗമായി മണ്ണിട്ടു നികത്തി തോടിന്റെ ഒഴുക്ക് തടസ്സപ്പെടുകയും ചെയ്തതിന്റെ ഫലമായി തോടിന്റെ വിസ്തൃതി കുറഞ്ഞിരിക്കയാണ്. ഇതു കാരണം സമീപവാസികളുടെ കിണറിൽ ചെളിയും നിറവ്യത്യാസവും വെള്ളത്തിന് രുചിഭേദവും വന്നിരിക്കുന്നു.

ധാരാളം മത്സ്യസമ്പത്തുള്ള ഇവിടം ഒഴുക്കില്ലാത്തതുകാരണം മത്സ്യങ്ങൾ ചത്തൊടുങ്ങുകയാണ്. ഒഴുകാത്ത വെള്ളമായതിനാൽ ഇതൊരു കൊതുകു വളർത്തു കേന്ദ്രമായിരിക്കയാണ്. പഞ്ചായത്ത് മുൻകൈയെടുത്ത് ഒരു നീന്തൽ കുളമോ ഒരു ഓരുജല മത്സ്യകൃഷിയോ നടത്തിയാൽ നന്നായി.

കൈപ്പാട്ടിലെ ആവിത്തോട്

പുഴയിൽ നിന്നും 150 കിലോമീറ്റർ ദൂരെയാണ് ഈ തോടിന്റെ കേന്ദ്രം. 50ഓളം ഏക്കർ സ്ഥലത്തെ നെൽകൃഷിയെ ബാധിക്കുന്ന പ്രശ്നമാണ്. ഇപ്പോൾ പരിസരവാസികൾ മണ്ണിട്ട് നികത്തി ഒഴുക്കു തടസ്സപ്പെടുത്തുകയാണ്. ഈ തോടിനെ സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ഇപ്പോൾ ചകിരി കുഴിച്ചുടുകയും മണ്ണിട്ടു നികത്തി പറമ്പാക്കുന്നതിലും സമീപവാസികൾക്ക് ദുർഗന്ധവും ശുചിത്വപ്രശ്നവും നേരിടുന്നു. കിണറുകളിൽ ചെളിയും നിറഭേദവും വരാൻ ചകിരി കുഴിച്ചിടുന്നത് കാരണമാകുന്നു. അടിയന്തിരമായും ഈ ആവിത്തോട് സംരക്ഷിക്കേണ്ടതാണ്. ■

വലിയപറമ്പ് ഗ്രാമപഞ്ചായത്ത്

ആരോഗ്യ രംഗം - മലവിസർജന സൗകര്യം

സ്വന്തം സംരക്ഷിത കക്കൂസ്	തുറസ്സായിടം	പൊതു കക്കൂസ്	പുഴയോരം	സ്വന്തം പറമ്പിൽ	വെള്ളിനേഴിൽ	കടലോരം മറ്റുള്ളവ	ആകെ വീടുകൾ	കക്കൂസ് ഇല്ലാത്ത വീടുകൾ
714	28	19	383	87	613	29	1873	1159

അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വേ

വലിയപറമ്പ് ഗ്രാമപഞ്ചായത്ത്

ഊർജ്ജരംഗം - അടുപ്പ് സംബന്ധിച്ച വിവരം

ആകെ വീടുകൾ	വിറകടുപ്പ്	പുകയില്ലാത്ത അടുപ്പ്	പൊടി അടുപ്പ്	മണ്ണെണ്ണ സ്റ്റൗവ്	ഗ്യാസ് അടുപ്പ്	മറ്റുള്ളവ	പുകയില്ലാത്ത അടുപ്പുള്ളവർ
1873	1873	48	4	88	3	38	-	1106

അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വേ

ഗതാഗതം - ഊർജ്ജം - മാർക്കറ്റ്

ഈ ദ്വീപു പഞ്ചായത്തിനെ സംബന്ധിച്ചേടത്തോളം ഗതാഗതസൗകര്യങ്ങൾ ഇല്ലെന്നുതന്നെ പറയാം. പഴയകാലത്ത് തരിശായി കിടന്ന ഈ പഞ്ചായത്തുപ്രദേശത്ത് മറുകരയിൽ നിന്ന് സമ്പന്നൻമാർ കൃഷിപ്പണിക്കായി കൊണ്ടുവന്നു താമസിപ്പിച്ച കുടിയാന്മാരായിരുന്നു. ഒപ്പം മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് കുടിയേറിയവരും. സമ്പന്നൻമാർക്ക് സ്ഥലം സന്ദർശിക്കാൻ സാമാന്യം ഭേദപ്പെട്ട തോണികൾ ഒരുക്കിയിരുന്നു. എന്നാൽ കുടിയാന്മാരും മറ്റു നിവാസികളും യാത്രകൾ പരിമിതപ്പെടുത്തുക തന്നെ ചെയ്തു. ക്രമേണ മത്സ്യക്കയറ്റുമതികകായും, വൈദ്യസഹായങ്ങൾക്കായും മറുകര പറ്റുന്നതിന് ചില കേന്ദ്രങ്ങളിൽ കടത്തുവള്ളങ്ങൾ സ്വകാര്യവ്യക്തികളുടെ മേൽനോട്ടത്തിൽ നിലവിൽ വന്നു. മാവിലാക്കടപ്പുറത്തുനിന്നും ഓരിയിലേക്കും പടന്നക്കടപ്പുറത്തുനിന്നും പടന്നയിലേക്കും വലിയപറമ്പിൽ നിന്നും ആയിറ്റിയിലേക്കും കന്നുവീട് കടപ്പുറത്ത് നിന്നും വയലോടിയിലേക്കും ഇടയിലക്കാടുനിന്നും വെള്ളാപ്പിലേക്കും മാടക്കാലിൽ നിന്ന് ഉടുമ്പുന്തലയിലേക്കും തൃക്കരിപ്പൂർ കടപ്പുറത്തു നിന്നും മാടക്കാലിലേക്കും പൂച്ചക്കൽ കടപ്പുറത്തുനിന്നും രാമന്തളിയിലേക്കും ഉള്ളവയായിരുന്നു ഇവ. സ്വകാര്യ വ്യക്തി തോണി, തുഴ, കയറ് തുടങ്ങിയവ ഏർപ്പെടുത്തി ഒരാളെ നിശ്ചയിച്ചാൽ കടവു കടക്കുന്നവർ നൽകുന്ന ചില്ലറ നാണയതുട്ടുകൾ മാത്രമെ കടത്തുകാരനു ലഭിക്കുമായിരുന്നുള്ളൂ. എന്നാൽ ജന്മിമാർ വിള കൊയ്തെടുത്താൽ നെല്ലായിട്ടാണ് കൂലി നൽകുക. ഇത് തോണി ഉടമസ്ഥനുള്ളതായിരുന്നു.

എന്നാൽ പഞ്ചായത്തുകൾ രൂപീകൃതമായതിനുശേഷം പ്രസ്തുത കടത്തുകൾ പഞ്ചായത്ത് ലേലം ചെയ്തു കൊടുക്കുകയും വരുമാനം സ്വന്തമാക്കുകയും ചെയ്തു. പടന്ന പഞ്ചായത്തിലേക്കാണ് ഈ പ്രദേശത്തുള്ള കടത്തുകളുടെ ഭാരിച്ച വരുമാനം ഒഴുകിപ്പോയത്. മാടക്കാൽ കടവിലേത് തൃക്കരിപ്പൂർ പഞ്ചായത്തിലേക്കും. വളരെക്കാലത്തെ ഇടപെടലുകൾക്ക് ശേഷം പടന്ന, തൃക്കരിപ്പൂർ പഞ്ചായത്തുകളുമായി സർക്കാർ തലത്തിൽ ഒത്തുതീർപ്പുണ്ടാക്കിയതു പ്രകാരം കന്നുവീട് കടപ്പുറം, മാടക്ക കടപ്പുറം കടവുകളിൽ നിന്നു ലഭിക്കുന്ന വരുമാനം വലിയ പറമ്പു പഞ്ചായത്തിനു സ്വന്തമായി ലഭിക്കും. ആയിറ്റി- വലിയപറമ്പ് കടവിന്റെ വരുമാനം തൃക്കരിപ്പൂർ, വലിയപറമ്പ് പഞ്ചായത്തുകൾ തുല്യമായി പങ്കുവെക്കാമെന്നും, അതുപോലെ പടന്ന-പടന്നകടപ്പുറം, മാവിലാക്കടപ്പുറം-ഓരിക്കടവ് കടത്തുകളിൽ നിന്നുള്ള വരുമാനം പടന്ന-വലിയപറമ്പ പഞ്ചായത്തുകൾ പങ്കിട്ടെടുക്കാമെന്നും ധാരണയായിരിക്കയാണ്. അതിനു വേണ്ടുന്ന രേഖകളും തയ്യാറായിട്ടുണ്ട്.

ഗതാഗതത്തിന് പഴയകാലത്ത് കൊറ്റി - പെരുമ്പട്ട ബോട്ട് സർവീസായിരുന്നു ഏക ആശ്രയം. ഈ ബോട്ട് സർവ്വീസ് പറശ്ശിനി മടപ്പുര മടയനൂരുടെ ഉടമസ്ഥതയിലായിരുന്നു. ഒളവറ- പയ്യന്നൂർ റോഡുപാലം, കാര്യങ്കോട് റോഡ് പാലം എന്നിവ അക്കാലത്തില്ലാത്തതിന്റെ പേരിൽ തൃക്കരിപ്പൂർ, ചെറുവത്തൂർ പഞ്ചായത്തിലെ ആളുകൾക്ക് പയ്യന്നൂരുമായും നിലേശ്വരമായും ബന്ധപ്പെടുന്നതിന് ഈ ബോട്ടു സർവ്വീസ് ഏറെ പ്രയോജനപ്പെട്ടു. എന്നാൽ പിൽക്കാലത്ത് റോഡുകൾ കൂടുതൽ വന്നതോടെ ബോട്ടു സർവീസ് വരുമാനക്കുറവുകാരണം നിർത്തിവെക്കപ്പെട്ടു. അടുത്ത കാലത്ത് 1987ൽ സർക്കാർ ജലഗതാഗത വകുപ്പിന്റെ കീഴിൽ കെ.എസ്.ഡബ്ല്യു.ടി.സി. ബോട്ടു സർവ്വീസ് ഏർപ്പെടുത്തിയെങ്കിലും പിന്നീട് അതു നിലക്കുകയാണുണ്ടായത്. അതോടെ ജലഗതാഗതത്തിനു തിരശ്ശീല വീണു എന്നു തന്നെ പറയാം.

പ്രദേശത്തിന്റെ സമഗ്ര വികസനത്തിന്റെ വേഗത വർദ്ധിപ്പിക്കുക ഗതാഗത സൗകര്യമാണല്ലോ. എന്നാൽ പഞ്ചായത്തിൽ റോഡു ഗതാഗതം ഒരു മരീചികയായി ഇന്നും അവശേഷിക്കുന്നു.

ചരിത്ര പശ്ചാത്തലത്തിൽ 1943ലെ ജപ്പാൻകാരുടെ നുഴഞ്ഞു കയറ്റത്തെ പരാമർശിച്ചുവല്ലോ. ഇതിനെ നേരിടാൻ തീര സംരക്ഷണത്തിനു വളണ്ടിയർ സേന രൂപീകൃതമായതും സൂചിപ്പിച്ചിട്ടുണ്ട്. ഈ തീരദേശ സംരക്ഷണത്തിന്റെ ആവശ്യകത ഉൾപ്പെടുത്തികൊണ്ട് സുരക്ഷിതത്തിനായി പ്രദേശത്തെ മറ്റു കരയുമായി ബന്ധിപ്പിച്ചുകൊണ്ട് പാലവും റോഡും അനുവദിക്കണമെന്നു കാണിച്ച് 1977ൽ കേന്ദ്രഗവൺമെണ്ടിന് ഒരു നിവേദനം അയച്ചു. ഇതേ അപേക്ഷയുടെ ഒരു കോപ്പി അന്നത്തെ ആർമി ചീഫ് ജനറൽ ടി.എൻ. റൈനയ്ക്കും കൊടുക്കുകയുണ്ടായി. ഇതിനായി വലിയപറമ്പ് സിറ്റിസൺ കമ്മിറ്റി പ്രസിഡണ്ടായ ശ്രീ. കെ. പി. സി. അഹമ്മദ് ആണ് മുന്നിട്ടിറങ്ങിയത്. പ്രസ്തുത നിവേദനത്തിന്റെ ഫലമായി ഏഴിമല – മാവിലാ കടപ്പുറം റോഡും പാലവും നിർമ്മിക്കുന്നതിനു സമഗ്ര പരിശോധനക്കായി ക്യാപ്റ്റൻ ആർ.എൻ. പിള്ളയുടെ നേതൃത്വത്തിൽ ഒരു സംഘം മിലിട്ടറി ഉദ്യോഗസ്ഥർ കണ്ണൂരിലെത്തി. കണ്ണൂർ പട്ടാള ക്യാമ്പിൽ വെച്ച് സിറ്റിസൺ കമ്മിറ്റിക്കുവേണ്ടി മൺമറഞ്ഞു പോയ തൃക്കരിപ്പൂർ പട്ടേലർ ശ്രീ. വി.പി.പി. മുഹമ്മദു കുഞ്ഞി, ശ്രീ കെ.പി.സി അഹമ്മദ്, ശ്രീ പി.കെ. അബ്ദുൽ ഗഫൂർ ഹാജി, ശ്രീ ടി.കെ.പി. മുഹമ്മദലി എന്നിവർ കടപ്പുറത്തിന്റെ വിശദമായ രേഖ അവർക്കുമുമ്പിൽ അവതരിപ്പിച്ചു.

ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലൂടെ റോഡും, നീലേശ്വരവുമായി ബന്ധിപ്പിക്കുന്നതിനു അഴിമുഖത്തിനു കുറുകെ പാലവും നിർമ്മിക്കുക വഴി നേവൽ അക്കാഡമി കോമ്പൗണ്ടിനെ മംഗലാപുരെ ഹാർബറുമായി ബന്ധിപ്പിക്കുന്ന റോഡുമാർഗ്ഗം നാവൽ അക്കാഡമി പ്ലാനിന്റെ ബ്ലൂപ്രിൻറിൽ രേഖപ്പെടുത്തുകയും ചെയ്തു. നാവൽ അക്കാഡമിക്കുവേണ്ടി ദിവംഗതനായ പ്രധാനമന്ത്രി ശ്രീ രാജീവ്ഗാന്ധി തറക്കല്ലിട്ടത് പഞ്ചായത്തിൽപ്പെട്ട പൂച്ചാൽ കടപ്പുറത്താണ്. എന്നാൽ ഈ സ്ഥലം ഇന്ന് നാവൽ ആക്കാദമി കോമ്പൗണ്ടിനകത്താണ്.

പിന്നീട് പഞ്ചായത്തിലെ റോഡിനുവേണ്ടി മുന്നിട്ടിറങ്ങി പ്രവർത്തിക്കുകയും, തീരദേശ റോഡിന്റെ സർവ്വേ പ്രവർത്തനം നീക്കുകയും ചെയ്ത മറ്റൊരു സുരണീയ വ്യക്തി അക്കാലത്ത് പടന്നക്കടപ്പുറത്ത് താമസിച്ച് ഹോമിയോ ചികിത്സ നടത്തിയിരുന്ന ഡോ.പി.മൈക്കിളായിരുന്നു. പഞ്ചായത്തിലൊരു റോഡ് എന്ന സ്വപ്നം യാഥാർത്ഥ്യമായത് – അത് കേവലം റോഡിന്റെ സ്കെച്ചാണെന്നിരിക്കിലും – 1978ൽ പഞ്ചായത്ത് രൂപീകൃതമായിട്ടും വർഷങ്ങൾ കഴിഞ്ഞാണ്. പക്ഷെ ഇത് ഒരു പാലം വന്നാൽ മാത്രമെ റോഡ് എന്ന നിർവചനത്തിലെത്തിക്കാൻ സാധിക്കുകയുള്ളു.

ഗതാഗത രംഗത്ത് അല്പമെങ്കിലും ആശാവഹമായ പുരോഗതിക്ക് ആക്കം കൂട്ടിയത് ബണ്ടു നിർമ്മാണത്തോടെയാണ്. മാടക്കാൽ ദ്വീപിനെ മറുകരയുമായി ബന്ധിപ്പിക്കുന്ന ബണ്ട് നിർമ്മാണത്തിനു നാട്ടുകാർ മുന്നിട്ടിറങ്ങുകയും നിരന്തരമായ സേവന പ്രവർത്തനം വഴി അത് പൂർത്തീകരിക്കുകയും ചെയ്തു. തുടർന്ന് ഓരിക്കടവ് ചെമ്മനെറമാട് ബണ്ട് നിർമ്മാണവും ഇടയിലെക്കാട് വെള്ളാപ്പ് ബണ്ടും പഞ്ചായത്തിന്റെ സഹായത്തോടെ നാട്ടുകാർ കമ്മിറ്റി രൂപീകരിച്ച് സന്നദ്ധ സേവനത്തിലൂടെ പൂർത്തീകരിച്ചു. ഇതേ പ്രവർത്തനം പടന്നക്കടപ്പുറം കേന്ദ്രീകരിച്ച് പടന്നക്കടപ്പുറത്തെ തെക്കേക്കാടുമായി ബന്ധിപ്പിക്കുന്ന പടന്നക്കടപ്പുറം – തെക്കേക്കാട് ബണ്ട് നിർമ്മാണത്തിനും നടന്നു. ഈ ബണ്ടുകൾ വഴി ഗതാഗത രംഗത്ത് മറുകരയുമായി ബന്ധപ്പെടുന്നതിനു ഏകദേശം അരകിലോമീറ്റർ വരുന്ന പുഴകടക്കാൻ ഒട്ടൊരാശ്വാസം നൽകിയെന്നതൊഴിച്ചാൽ നിർമ്മാണ സാമഗ്രികൾ, പലവ്യഞ്ജനങ്ങൾ, ഭക്ഷണസാധനങ്ങൾ തുടങ്ങിയവയുടെ കടത്തിനും അടിയന്തിര ഘട്ടങ്ങളിൽ രോഗികളെ മറുകരയിലെത്തിക്കുന്നതിലും,വിദ്യാർത്ഥികളുടെയും തൊഴിലാളികളുടെയും യാത്രാ പ്രശ്നത്തിലും പ്രാദേശികരനുഭവിക്കുന്ന ദുരിതം വർണ്ണനാതീതമാണ്.

ഗതാഗതത്തിന് അല്പമൊരാശ്വാസം യമഹാ എൻജിനുകളുടെ ആവിർഭാവത്തിലുണ്ടായിട്ടുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമല്ല. ഭവന നിർമ്മാണ രംഗത്ത് മറുകരയുടെതിന്റെ രണ്ടിരട്ടി ചെലവും, നഷ്ടവും സഹിച്ചാൽ മാത്രമെ പൂർത്തീകരണം നടക്കുകയുള്ളൂ. ഉദാഹരണത്തിന് പടന്നയിൽ നിന്ന് 3200 രൂപ വരുന്ന ഒരു ലോഡ് ജില്ലി കടപ്പുറം ഭാഗത്തുള്ള ഒരാളുടെ പറമ്പിലെത്തുമ്പോൾ 4500 രൂപയോളം വിലവരും. മാത്രമല്ല തോണിയിൽ ലോഡു ചെയ്യുമ്പോഴും തോണിയിൽ നിന്ന് കരയിലിറക്കി വീണ്ടും പറമ്പിലേക്ക് കടത്തുമ്പോഴും ഇതിന്റെ മുന്നിൽ

ഒരു ഭാഗം നഷ്ടപ്പെടുന്നുണ്ട്.

ഇതിനെല്ലാം പരിഹാരം പഞ്ചായത്തിനെ മറുകരയുമായി ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട വലിയപറമ്പ് - ഇടയിലക്കാട്, മാവിലാക്കടപ്പുറം - ഓരിചെമ്പൻറമാട് പാലം എന്നിവ എത്രയും പെട്ടെന്ന് പണിതീർക്കുക എന്നതും പഞ്ചായത്തിനകത്തുള്ള റോഡുകൾ മെച്ചപ്പെടുത്തുകയുമാണെന്നത് നിസ്തർക്ക വസ്തുതയത്രെ. പാലം യാഥാർത്ഥ്യമായിക്കഴിഞ്ഞാൽ ആരോഗ്യ വിദ്യാഭ്യാസ മേഖലകൾ, കാഷികമേഖല, മത്സബന്ധന മേഖല എന്നിവയിൽ ഇന്നുള്ള അരക്ഷിതാവസ്ഥയ്ക്ക് വലിയൊരു മാറ്റം സംഭവിക്കുകയും ചെയ്യും.

പ്രശ്നങ്ങൾ

1. റോഡുകൾ ഉള്ളത് ഗതാഗത യോഗ്യമല്ല.
2. ബോട്ടുസർവീസില്ല. ഉണ്ടായത് മുടങ്ങിയിരിക്കുന്നു.
3. കടത്തുവള്ളങ്ങൾ രാവിലെ 7 മണിമുതൽ ആരംഭിച്ച് വൈകുന്നേരം 7 മണിക്ക് പ്രവർത്തനം നിർത്തിവെക്കുന്നു. അതുകാരണം രാവിലെ 7നുമുമ്പും വൈകിട്ട് 7ന് ശേഷവും മറുകരയുമായി ബന്ധപ്പെടുക സാധ്യമല്ല.
4. വിദ്യാർത്ഥികൾ ഉപരിപഠനത്തിനു പോകുന്നത് യാത്രാക്ലേശ കാരണവും, പോകുന്നവർക്ക് സമയനിഷ്ട പാലിക്കാനാകാത്ത കാരണത്താലും നിർത്തിവെക്കുന്നു.
5. അടിയന്തിര ഘട്ടങ്ങളിൽ വൈദ്യ സഹായം ലഭിക്കാതെ രോഗികൾക്ക് ജീവനാശം സംഭവിക്കുന്നു.
6. ഭവന നിർമ്മാണ ചെലവ് താങ്ങാനാവാത്ത വിധം വർദ്ധിക്കുന്നു.
7. കാർഷിക ഉല്പന്നങ്ങൾ, മത്സ്യ സമ്പത്ത് എന്നിവയ്ക്ക് അർഹമായ വില ലഭിക്കുന്നില്ല.
8. പഞ്ചായത്തിലെ സർക്കാർ ഓഫീസുകൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ എന്നിവയിൽ നിയമിതരാകുന്ന ഉദ്യോഗസ്ഥർ യാത്രാ സൗകര്യമില്ലാത്തതിനാൽ ചേർന്ന ഉടൻ സ്ഥലം മാറ്റം ലഭിക്കണമെന്ന ചിന്തക്ക് വശംവദരാകുകയും തദ്വാര സേവന മേഖല നിഷ്ക്രിയമാവുകയും ചെയ്യുന്നു.
9. വകുപ്പു മേധാവികൾ, മറ്റു വികസന-ക്ഷേമ വകുപ്പുദ്യോഗസ്ഥർ തുടങ്ങിയവർ പഞ്ചായത്തു സന്ദർശിക്കുന്നതിൽ വിമുഖത കാട്ടുന്നു.
10. വിദ്യാഭ്യാസ - സാംസ്ക്കാരിക മേഖലകളിൽ അനുദിനമുണ്ടാകുന്ന പുരോഗതി പഞ്ചായത്തു പ്രദേശത്തിനു അന്യമായി ഭവിക്കുന്നു.

സാധ്യതകൾ

1. മാവിലാക്കടപ്പുറം-ഓരിചെമ്പൻറമാട് പാലവും, ഇടയിലക്കാട് - വലിയപറമ്പ് പാലവും എത്രയും പെട്ടെന്ന് നിർമ്മിക്കുക.
2. പഞ്ചായത്തിൽ ഇപ്പോൾ ആരംഭിച്ചിരിക്കുന്ന ഏഴിമല - മാവിലാക്കടപ്പുറം റോഡുനിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുകയും ടാർചെയ്ത് ഗതാഗതാ യോഗ്യമാക്കുകയും ചെയ്യുക.
3. പ്രധാന കടവുകളിലേക്ക് ലിങ്ക് റോഡുകൾ ദീർഘിപ്പിച്ചു പണിയുക.
4. ബോട്ടു സർവീസ് പുനരാരംഭിക്കുക.
5. കടത്തുവള്ളങ്ങളുടെ പ്രവർത്തന സമയം രാവിലെ 6 മുതൽ രാത്രി 10വരെ ദീർഘിപ്പിക്കുകയും സമയ വ്യവസ്ഥ പാലിക്കുകയും ചെയ്യുക.
6. രോഗികൾക്കുപയോഗിക്കത്തക്ക രീതിയിൽ സുസജ്ജമായ ഒരു ആംബുലൻസ് ബോട്ട് ഏർപ്പെടുത്തുക.
7. മാടക്കാൽ, ഇടയിലെക്കാട്, വയലോടി, ആയിറ്റി പയ്യന്നൂർ - ആയിറ്റി ഭാഗത്തേക്കും ഓരിക്കടവിൽനിന്ന് ജില്ലാ ആസ്ഥാനത്തേക്കും കെ.എസ്.ആർ.ടിസി. ബസ്സുകൾ ആരംഭിക്കുക.

ഊർജ്ജം

വ്യവസായിക ഭൂപടത്തിൽ സ്ഥാനമില്ലാത്ത വലിയപറമ്പ് പഞ്ചായത്തിൽ പ്രധാനമായും ഊർജ്ജ ഉപഭോഗം നടക്കുന്നത് ഗാർഹിക മേഖലയിലാണ്. ഗാർഹിക മേഖലയിലെ ഉപഭോഗം പ്രധാനമായി പാചകാവശ്യത്തും പ്രകാശാവശ്യവുമാണെന്നു പറയാം.

പാചകാവശ്യത്തിന് പ്രധാനമായും തെങ്ങുല്പന്നങ്ങളാണ് പഞ്ചായത്തിൽ ഏറെയും ഉപയോഗിച്ചുവരുന്നത്. വിറകുശേഖരിക്കുവാനാവശ്യമായ വൃക്ഷങ്ങൾ പഞ്ചായത്തിൽ ഇല്ലെന്നതുതന്നെയാകാം

സുലഭമായി ലഭിക്കുന്ന തെങ്ങുല്പന്നങ്ങളെ ആശ്രയിക്കാൻ കാരണം. പക്ഷേ സുലഭമായി ഇതുലഭിക്കുന്നതുകൊണ്ടുതന്നെയാകാം അതിന്റെ ഉപഭോഗത്തിലും ധാരാളിത്തം പ്രകടമായിക്കാണുന്നു. പാചകാവശ്യത്തിന് ഊർജ്ജം ഉപയോഗിക്കുന്നതിൽ കുറവു വരുത്താൻ ദക്ഷതയേറിയ അടുപ്പുകളെക്കുറിച്ചോ മാറിവരുന്ന പ്രവണതകളോ ഗ്രാമീണർക്കിന്നും അജ്ഞാതമാണ്. വർദ്ധിച്ചുവരുന്ന ജനസംഖ്യയും അതനുസരിച്ചുള്ള പാർപ്പിടവർദ്ധനയും ഇന്ന് തെങ്ങുല്പന്നങ്ങൾ തികയാത്ത സ്ഥിതിയിലേക്ക് നീക്കിക്കൊണ്ടിരിക്കുകയാണ്. അതുകാരണമാകാം ചുരുക്കം ചില വീടുകളിൽ പാചകാവശ്യത്തിനായി മണ്ണെണ്ണ, പാചകവാതകം എന്നിവയെ ആശ്രയിക്കുന്ന പ്രവണത ആരംഭിച്ചുകഴിഞ്ഞു. എന്നാൽ ഊർജ്ജാസൂത്രണം ഈ രംഗത്ത് എങ്ങനെ നടത്തണം എന്നതിൽ ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു.

തുടർന്ന് വരുന്ന പ്രധാനാവശ്യം പ്രകാശത്തിന്റേതാണ്. കൂടുതൽ വീടുകളിലും ഈ ആവശ്യം നിറവേറ്റുന്നത് വൈദ്യുതിയെ ആശ്രയിച്ചാണ്.

മേൽകാണിച്ച പട്ടിക പ്രകാരം പ്രകാശത്തിന് വൈദ്യുതിയെ ആശ്രയിക്കുന്നുവെന്നു സങ്കൽപിക്കാമെങ്കിലും വൈകുന്നേരം 7 മണിമുതൽ രാത്രി 11 മണിവരെ ഈ വീടുകളും പ്രകാശത്തിനായി മണ്ണെണ്ണ വിളക്കുകളേയും മെഴുകുതിരികളേയുമാണ് ആശ്രയിക്കുന്നത്. വലിയപറമ്പ് പഞ്ചായത്തുപ്രദേശത്തിന്റെ തെക്കേ അറ്റത്തുള്ള തൃക്കരിപ്പൂർ കടപ്പുറം വൈദ്യുതി കടന്നുചെന്നിട്ടില്ലാത്ത മേഖലയുമാണ്.

ഉല്പാദനകുറവും ഉപഭോഗം കൂടിയും ഇരിക്കുന്ന വൈദ്യുതരംഗത്തെക്കുറിച്ചു പറയുമ്പോൾ ഊർജ്ജ പ്രസരണരംഗത്ത് വളരെയേറെ നഷ്ടം സംഭവിക്കുന്ന മേഖല കൂടിയാണിത്. ലൈനുകളിൽ വീണുകിടക്കുന്ന ഓലമടലുകളും, തൂങ്ങിനിൽക്കുന്ന ഓലമടലുകളും പ്രസരണനഷ്ടം വർദ്ധിപ്പിക്കുന്നു. മറ്റൊന്ന് ലൈനിന്റെ പഴക്കമേറിയതും അശാസ്ത്രീയവുമായ ലൈൻവലിയും. ഉദാ: ചില പോക്കറ്റുകളിൽ ചുരുക്കം ചില വീടുകൾ ഒറ്റപ്പെട്ടുകിടക്കുന്നുണ്ടെങ്കിൽ അവിടേക്ക് പ്രധാനലൈനുകളിൽ നിന്ന് തൊട്ടടുത്ത് രണ്ടു ഉപലൈനുകൾ സ്ഥാപിച്ച് കണക്ഷൻ നൽകിയതായിക്കാണാം. മിക്കവാറും പോസ്റ്റുകൾ പഴകിദ്രവിച്ചു ഏതുസമയവും വീഴാറായും, ലൈൻ തെങ്ങിൻ തടികളിൽ ഉരസിയും കടന്നുപോകുന്നതായിക്കാണാം. സാക്കിളുകളിൽ നിന്ന് ലൈൻ വിടപറഞ്ഞ് ക്ലോസ്ആ മുകളിൽ നാട്ടുകാർ തിരുകിവെച്ച റബ്ബർ ചെരുപ്പുകളിൽ വിശ്രമിക്കുന്നതായും കാണാം.

മറ്റൊരു പ്രശ്നം വീടുകളിൽ ഉപയോഗിക്കുന്ന വൈദ്യുത ഉപകരണങ്ങൾ പ്രസരണനഷ്ടം വർദ്ധിപ്പിക്കുന്നു എന്നതാണ്. ഉദാഹരണമായി കാലപ്പഴക്കം വന്ന പമ്പുസെറ്റുകളും, ഘർഷണം കൂടുതലുള്ള ഫൂട്ട് വാൾവുകളും, മേനു കുറഞ്ഞ വയറിംഗ് മെറ്റീരിയൽസും വൈദ്യുതോപയോഗത്തോത് വർദ്ധിപ്പിക്കുന്നുവെന്നതും, വൈദ്യുതച്ചെലവുകൂട്ടുന്ന ബൾബുകളുടെ ഉപയോഗവുമാണ്. ഇവ കൂടാതെ ഗൾഫുസമ്പത്തിന്റെ വരവോടെ ഇലക്ട്രോണിക് ഉപകരണങ്ങൾ, ഗ്രൈൻറർ, മിക്സി, ഹീറ്റർ, വൈദ്യുത ഇസ്തിരിപ്പെട്ടി, വാഷിംഗ്മെഷീൻ, ഫ്രിഡ്ജ്, ടി.വി. സെറ്റുകൾ എന്നിവ വ്യാപകമായതും ഒരു കാരണമായി കരുതുന്നു. മറ്റൊന്ന് ആവശ്യമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാത്തതും ഉള്ള ട്രാൻസ്ഫോർമറുകൾക്ക് താങ്ങാനാകാത്ത ലോഡു നൽകുന്നതും കാരണമാകാം. ലൈനുകളിൽ ഫ്യൂസ് കട്ടകൾക്കുപകരം സർവ്വസാധാരണമായി ചെമ്പുകമ്പി കയറ്റി വെക്കുന്നത് ലൂസ് കണക്ഷന് ഇടവരുത്തുകയും പ്രസരണനഷ്ടം വർധിപ്പിക്കുകയും ചെയ്യുന്നു. ഇനിയും പറയാവുന്ന മറ്റൊരു വസ്തുത സ്റ്റെപ്പ് അപ്പുകൾ വ്യാപകമായി ഉപയോഗിക്കുന്നത് ഒരു പരിധിവരെ സ്റ്റെപ്പ് അപ്പില്ലാത്തവർക്ക് 'മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം' പോലും ലഭ്യമല്ലാത്ത അവസ്ഥ വരുത്തുന്നു എന്നതാണ്. പ്രകാശത്തിനായി മണ്ണെണ്ണ വിളക്കുകളെ ആശ്രയിക്കുന്നവർക്ക് ആവശ്യത്തിന് തികയും വിധം ഇന്ധനം ലഭ്യമല്ല എന്നത് മറ്റൊരു പ്രധാന വസ്തുതയാണ്. 'മ'വല്ലത്തിലുറങ്ങുന്ന പട്ടി പുല്ലുതിന്നുകയുമില്ല- തിന്നുന്നവയെ അനുവദിക്കുകയുമില്ല' എന്ന പഴമൊഴി പോലെ വൈദ്യുതീകരിച്ച വീടുകളിൽ വൈദ്യുതി ലഭ്യവുമല്ല മണ്ണെണ്ണ റേഷൻ വർദ്ധിപ്പിക്കുകയുമില്ല എന്ന അവസ്ഥയുണ്ടാക്കുകയും ചെയ്തു.

മണ്ണെണ്ണ, പെട്രോൾ, എഞ്ചിനോയിൽ തുടങ്ങിയ ദ്രാവക ഇന്ധനങ്ങൾ ഉപയോഗിക്കപ്പെടുന്ന മറ്റൊരു മേഖല മത്സ്യബന്ധനരംഗവും, യന്ത്രവൽക്കൃത തോണിഗതാഗതരംഗവുമാണ്. പഴയകാലത്ത്

ഉത്സ്യബന്ധനരംഗത്ത് കാറ്റിന്റെറ ശക്തിയെ ആശ്രയിച്ചിരുന്നെങ്കിലും ഇന്ന് അത് പാടെ മാറിയിരിക്കുകയാണ്. ഉത്സ്യബന്ധനമേഖലയിൽ അനുവദിക്കപ്പെടുന്ന റേഷനുപുറമേ വ്യപകമായി വർദ്ധിച്ച അളവിൽ മണ്ണെണ്ണ വർധിച്ച വിലക്ക് സ്വകാര്യമാർക്കറ്റുകളിൽ നിന്നു വാങ്ങുന്ന അവസ്ഥ നിലനിൽക്കുന്നു.

കാർഷികമേഖലയിൽ പമ്പുസെറ്റുകൾക്ക് വൈദ്യുതി ആവശ്യം നിറവേറ്റാൻ സാധിക്കുന്നില്ല എന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ മണ്ണെണ്ണ ഡീസൽ പമ്പുസെറ്റുകളുടെ പ്രവർത്തനത്തിന് ഇന്ധനം ലഭിക്കുന്നില്ല. പുറം മാർക്കറ്റുകളെ സമീപിക്കുമ്പോൾ അവ വിദൂരങ്ങളായ പയ്യന്നൂർ, നീലേശ്വരം പട്ടണങ്ങളിലാണുള്ളത് എന്നതും വലിയൊരു പ്രതിബന്ധമായിത്തീരുന്നു. പരമ്പരാഗതമായ ജലസേചനരീതികൾ ഇന്ന് നാട്ടിൻപുറങ്ങളിൽ അന്യം നിന്ന സ്ഥിതിയുമാണ്.

വലിയപറമ്പ് ഗ്രാമപഞ്ചായത്ത്

നിലവിൽ ഉള്ള ഉപഭോക്താക്കൾ

	KSEB തൃക്കരിപ്പൂർ സെക്ഷൻ	പിലിക്കോട് മേജർ സെക്ഷൻ	ആകെ
ഗാർഹികം	325	826	1151
വ്യാപാരം	4	28	32
വ്യാവസായികം	12	5	17
കാർഷികം	85	6	91
ആകെ	426	865	1291

(അവലംബം : സെക്ഷൻ ഓഫീസിൽ നിന്നുള്ള കണക്കുകൾ)

കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകർ

ഇനം	തൃക്കരിപ്പൂർ സെക്ഷൻ	പിലിക്കോട് മേജർ സെക്ഷൻ		അവസാനം കണക്ഷൻ നല്കിയ തീയ്യതി
ഓർഡിനറി	10	8	തൃക്കരിപ്പൂർ	പിലിക്കോട്
OTP	5	–	30–10–96	1–8–96
OYEC	12	7		
ആകെ	27	15		

അവലംബം : തൃക്കരിപ്പൂർ, പിലിക്കോട് ഓഫീസുകളിൽ നിന്നുള്ള കണക്കുകൾ

പഞ്ചായത്തിൽ നിലവിൽ വന്ന റോഡ് കേന്ദ്രീകരിച്ച് സ്ട്രീറ്റുലൈറ്റുകൾ സ്ഥാപിക്കണമെന്ന് വാർഡുസഭകളിൽ വന്ന ആവശ്യങ്ങളിൽ പ്രധാനപ്പെട്ട ഒരിനമാണ്. മേൽകണക്കുകൾ ഇക്കാര്യത്തിലേക്ക് വിരൽ ചൂണ്ടുന്നു.

വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ

പിലിക്കോട് **KSEB** മേജർ സെക്ഷൻ	കണക്ഷൻ ലഭിച്ച കുടുംബങ്ങൾ	തൃക്കരിപ്പൂർ **KSEB** സെക്ഷൻ	കണക്ഷൻ ലഭിച്ച കുടുംബങ്ങൾ
1. ഒരിയര ഹരിജൻ കോളനി	30	മാടക്കാൽ ഹരിജൻകോളനി	8
2. പന്ത്രണ്ടിൽ ഹരിജൻ കോളനി (മുഴുവൻ പണം ഒടുക്കി ലഭിച്ചത്)	6	" സൗജന്യം	7

പഞ്ചായത്തിൽ സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമറുകൾ

തൃക്കരിപ്പൂർ **KSEB** സെക്ഷൻ	പിലിക്കോട് മേജർ സെക്ഷൻ	
1. തൃക്കരിപ്പൂർ കടപ്പുറം	1. മാവിലാക്കടപ്പുറം	100 **KVA**
2. മാടക്കാൽ നമ്പർ.1	2. മാവിലാക്കടപ്പുറം ഫൈബർ	100 "
3. മാടക്കാൽ " 2	3. പന്ത്രണ്ടിൽ	100 "
4. ഇടയിലക്കാട്	4. ബീച്ചാർക്കടപ്പുറം	100 "
	5. പടന്നക്കടപ്പുറം നമ്പർ 1	63 "
	6. പടന്നക്കടപ്പുറം " 2	63 "

വലിയപറമ്പ ഗ്രാമ പഞ്ചായത്ത് നടപ്പുവർഷത്തെ കണക്ഷൻ

	തൃക്കരിപ്പൂർ സെക്ഷൻ	പിലിക്കോട് മേജർസെക്ഷൻ
ഓർഡിനറി	ഇല്ല	ഇല്ല
ഒ.ടി.പി.	2	ഇല്ല
ഒ.വൈ.ഇ.സി.	14	9

ഊർജ്ജ രംഗത്ത് ഗ്രാമസഭകളിൽ

പൊതുവെ ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾ

1. വോൾട്ടത കുറവ്. തുടരെതുടരെയുള്ള അപ്രാഖ്യാപിത കട്ടുകൾ
2. ലൈൻ റിപ്പയറുകൾ, തൂൺ മാറ്റി സ്ഥാപിക്കൽ, പൊട്ടിപൊളിഞ്ഞ ഫ്യൂസുകൾ മാറ്റൽ എന്നിവ നടക്കുന്നില്ല.
3. വൈദ്യുത ലൈനുകൾ പലയിടത്തും താഴ്ന്ന് കിടക്കുന്നു. ലൈനിൽ വീണു കിടക്കുന്നതും, മുട്ടി നിൽക്കുന്നതുമായ ഓലമടലുകൾ വിതരണം തടസ്സപ്പെടുത്തുന്നു.
4. ആവശ്യത്തിന് സ്ട്രീറ്റ്ലൈറ്റില്ല, ഉള്ളവ റോഡുമായി ബന്ധപ്പെടുന്നില്ല. പ്രധാന കടത്തു കേന്ദ്രങ്ങളിൽ ലൈറ്റില്ല.
5. ലൈൻമാൻമാരുടെ സേവനം ലഭ്യമാകുന്നില്ല.
6. പുഴയിൽകൂടി വരുന്ന ലൈനുകൾ ടവർ വഴി അല്ലാത്തതിനാൽ പലപ്പോഴും മുറിഞ്ഞു വീഴുന്നു. പ്രത്യേകിച്ച് മഴക്കാലങ്ങളിൽ ആഴ്ചകളോളം വൈദ്യുതി മുടങ്ങുന്നു.
7. വൈദ്യുത ബില്ല് അടക്കുവാൻ വളരെ അകലേക്കുള്ള യാത്ര ദിവസക്കൂലിക്കാരായ തൊഴിലാളികളെ വിഷമിപ്പിക്കുന്നു.
8. മണ്ണെണ്ണ ആവശത്തിന് ലഭിക്കുന്നില്ല.
9. യന്ത്രവൽക്കൃത കടത്തുവള്ളക്കാർക്ക് മണ്ണെണ്ണ പെർമിറ്റ് സമ്പ്രദായമില്ലാത്ത കാരണം കരിഞ്ചന്തക്കാരുടെ ചൂഷണത്തിനിരയാകുന്നു.
10. മണ്ണെണ്ണ ആവശ്യത്തിന് ലഭിക്കാത്തതിനാൽ മത്സ്യബന്ധനത്തിലേർപ്പെട്ട തൊഴിലാളികൾക്ക് ജോലി ദിനങ്ങൾ നഷ്ടപ്പെടുന്നു.
11. പാചകവാതകവിതരണത്തിൽ ഗ്രാമീണമേഖലയെ അവഗണിക്കുന്നു.
12. പരമ്പരാഗതമായ വിറകടുപ്പുകൾ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു.
13. തെങ്ങുല്പന്നങ്ങൾ കുറഞ്ഞുവരുന്നതിനാൽ വർദ്ധിച്ചുവരുന്ന ജനസംഖ്യാനുപാതകമായി വിറക് ലഭ്യത കുറയുന്നു.
14. വ്യാപകമായി വോൾട്ടേജ് സ്റ്റെബിലൈസറുകൾ, സ്റ്റെപ്പപ്പുകൾ എന്നിവ ഉപയോഗിക്കുന്നത് വൈദ്യുതി ഉപഭോക്താക്കളായ ദരിദ്രകുടുംബങ്ങളെ ദുരിതത്തിലാഴ്ത്തുന്നു.
15. കാർഷികമേഖലയിൽ ജലസേചനം നടത്തുന്നതിന് വൈദ്യുതിക്ഷാമം കാരണം തടസ്സം നേരിടുന്നു.

സാധ്യതകൾ

1. വൈദ്യുതിലൈനുകൾ പഴകിയതും, ദ്രവിച്ചതും മാറ്റി സ്ഥാപിക്കുക.
2. ലൂസ് കണക്ഷനുകൾക്കിടവരുത്തുന്ന ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുക.
3. വൈദ്യുത ലൈനുകളിൽ തട്ടുന്ന ഓലമടലുകൾ മുറിച്ചു നീക്കുന്ന പ്രവർത്തനം മാസത്തിൽ ഒരു തവണ വീതം നടത്തുക.
4. മുറിഞ്ഞുവീഴാറായതും പൊട്ടിപ്പൊളിഞ്ഞതുമായ തൂണുകൾ മാറ്റിസ്ഥാപിക്കുക.
5. ലൈൻ റിവർക്രോസിംഗിനിടവരുത്തുന്ന സ്ഥലങ്ങളിൽ ടവറുകൾ നിർമ്മിച്ച് സുരക്ഷിതത്വം ഉറപ്പാക്കുക
6. സ്ട്രീറ്റുലൈറ്റുകൾ റോഡുകേന്ദ്രമാക്കി എണ്ണം വർദ്ധിപ്പിച്ച് സ്ഥാപിക്കുക. കടത്തുകേന്ദ്രങ്ങളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക.
7. കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വിതരണം മെച്ചപ്പെടുത്തുക
8. ലൈൻമാൻമാർ ദ്വീപുപഞ്ചായത്തിൽ താമസിക്കാത്ത സാഹചര്യം ഒഴിവാക്കുക.
9. ഊർജ്ജം ലാഭിക്കുന്ന വൈദ്യുതദീപങ്ങൾ പ്രചരിപ്പിക്കുകയും, സബ്സിഡിനിരക്കിൽ ലഭ്യമാക്കുകയും

ചെയ്യുക.

10. നെൽകൃഷിക്കാർക്ക് നൽകുന്ന വൈദ്യുതി സൗജന്യം കേരകർഷകർക്കും അനുവദിക്കുക.

11. മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ അനുവദിക്കുക

12. യന്ത്രവൽകൃത കടത്തുവള്ളങ്ങൾക്കും മണ്ണെണ്ണ പെർമിറ്റുകൾ അനുവദിക്കുക.

13. അപ്രഖ്യാപിത പവർക്കട്ടുകൾ ഒഴിവാക്കുക

14. ദക്ഷത കൂടിയ വിറകടുപ്പുകൾ, പുകയില്ലാത്ത അടുപ്പുകൾ, സൗരോർജ്ജവിളക്കുകൾ എന്നി പ്രചരിപ്പിക്കുക.

15. ജലസേചനരംഗത്ത് കാറ്റിന്റെ ശക്തി ഉപയോഗിച്ച് പ്രവർത്തിപ്പിക്കാവുന്ന പമ്പ് ഹൗസുകൾ സ്ഥാപിക്കുക.

16. പഞ്ചായത്തിലെ വൈദ്യുതി വിതരണം നിർവഹിക്കാൻ പര്യാപ്തമാകുന്ന വിധം കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന കേന്ദ്രം സ്ഥാപിക്കുക. കടൽത്തീരം ഇതിനനുകൂലമാക്കാം.

17. വൈദ്യുതി അനാവശ്യമായി ചെലവാക്കാതിരിക്കുന്നതിനും, ലാഭിക്കുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുക.

18. ഗ്രാമീണമേഖലകളെ പാചകവാതകവിതരണരംഗത്ത് അവഗണിക്കുന്നത് നിർത്തലാക്കുക.

19. വിറകിന്ന് ഉപയോഗപ്രദമാകുന്നതും കരയിടിച്ചലിനെ ചെറുക്കുന്നതുമായ വൃക്ഷത്തൈകൾ വിശാലമായ കടൽത്തീരത്തും, പുഴപുറമ്പോക്കുകളിലും നട്ടുപിടിപ്പിക്കുക, സന്നദ്ധസേവനം ഉറപ്പാക്കുക.

20. തൃക്കരിപ്പൂർ കടപ്പുറത്തും വൈദ്യുതി എത്തിക്കുക

21. പറമ്പിൽകൂടി കടന്നുപോകുന്ന എൽ.ടി. ലൈൻ റോഡിലേക്ക് മാറ്റിസ്ഥാപിക്കുക.

22. കടൽത്തീരത്ത് പ്രധാനമത്സ്യബന്ധന കേന്ദ്രങ്ങളിൽ ടവർലൈറ്റ് സ്ഥാപിക്കുക.

മേൽപറഞ്ഞ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രമായ ഊർജ്ജാസൂത്രണ പദ്ധതിക്ക് രൂപം നല്കുന്നത് ഈ രംഗത്തെ പരാധീനതകൾക്ക് ആശ്വാസത്തിനിട നൽകുന്നതാണ്.

പൊതുവിതരണം മാർക്കറ്റ്

വലിയപറമ്പ് പഞ്ചായത്തിൽ നിലവിൽ പൊതുവിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് 6 ന്യായവിലഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. പൊതുവേ ഗതാഗതസൗകര്യങ്ങൾ തീരെയില്ലാത്ത പഞ്ചായത്തുപ്രദേശത്ത് അവശ്യസാധനങ്ങൾ വാങ്ങുന്നത് സ്വകാര്യകച്ചവടക്കാരിൽ നിന്നാണ്. കടത്തുകൂലി, യാത്രാച്ചെലവ് ഇനങ്ങളിലായി വലിയതുകയുടെ വർദ്ധനവ് ഇത്തരം കച്ചവടക്കാർ സാധനങ്ങളുടെ മേൽ ചുമത്തുക വഴി മറുകരയുടെ മാർക്കറ്റുവിലയുടെ ഇരട്ടിവില സാധനങ്ങൾക്ക് പഞ്ചായത്ത് പ്രദേശത്ത് നൽകേണ്ടിവരുന്നു. ദിവസക്കൂലി തൊഴിലാളികളായ ജനങ്ങൾ ഇത്തരം കച്ചവടകേന്ദ്രങ്ങളിലൂടെ കടുത്ത ചൂഷണത്തിനിരയാകുന്നുവെന്നത് അനിഷേധ്യമായ ഒരു വസ്തുതയാണ്. വിദൂരകേന്ദ്രങ്ങളിലെ റേഷൻകടകളെ പൊതുവെ ജനങ്ങൾ ആശ്രയിക്കുന്നത് വളരെ കുറവാണെന്നത് ഒരു ദു:ഖ സത്യമാണ്. ഉദാഹരണമായി വീതി കുറഞ്ഞ കരയായതിനാൽ വളരെ ദൂരം നടന്നുതന്നെ റേഷൻകടയിൽ ഏത്തേണ്ടിവരുന്ന സ്ഥിതിയുണ്ട്. പകലന്തിയോളം ജോലി ചെയ്തശേഷം ഇത്തരം കേന്ദ്രങ്ങളിലെത്താനുള്ള അധ്വാനം വലിയൊരു വിഭാഗത്തെ റേഷൻ കടകളെ ഒഴിവാക്കാൻ നിർബന്ധിക്കപ്പെടുന്നുണ്ട്. ഇത്തരം ചൂഷണങ്ങളിൽ നിന്ന് ജനങ്ങളെ രക്ഷിക്കുന്നതിനുള്ള ഏകപോംവഴി പൊതുവിതരണം ശക്തിപ്പെടുത്തുകയും, കാര്യക്ഷമമാക്കുകയും ചെയ്യുകയും അവശ്യസാധങ്ങൾ മുഴുവൻ ന്യായവിലഷാപ്പുകളിലൂടെ വിതരണം നടത്തുകയും ചെയ്യുക എന്നതാണ്.

പ്രധാനപ്രശ്നങ്ങൾ

1. റേഷൻ ഷാപ്പുകളിൽ ആവശ്യാനുസരണം യഥാസമയങ്ങളിൽ സാധനങ്ങൾ ലഭ്യമാകുന്നില്ല.
2. ലഭിക്കുന്ന സാധനങ്ങൾക്ക് ഗുണനിലവാരം കുറവാണ്.
3. ഭക്ഷ്യധാന്യങ്ങൾ ക്രമമായി ലഭിക്കുന്നില്ല.
4. മണ്ണെണ്ണ, പഞ്ചസാര തുടങ്ങിയവ ചിലയവസരങ്ങളിൽ വൈകിയാണ് ലഭിക്കാറുള്ളത്.
5. ആവശ്യത്തിന് സൗകര്യപ്രദമായ കേന്ദ്രങ്ങളിൽ റേഷൻ കടകളില്ല.

സാധ്യതകൾ

1. റേഷൻ കടകളിൽ കൃത്യമായി ധാന്യങ്ങൾ, എണ്ണ, പഞ്ചസാര തുടങ്ങിയവ ലഭ്യമാക്കുക.

2. ലഭ്യമാകുന്ന സാധനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെട്ടതാണെന്നുറപ്പുവരുത്തുകയും, പരിശോധനകൾ കാര്യക്ഷമമാക്കുകയും ചെയ്യുക.

3. നിലവിലുള്ള റേഷൻ കടകളുടെ എണ്ണം വർദ്ധിപ്പിക്കുകയും, ജനവാസകേന്ദ്രങ്ങളെ അടിസ്ഥാനമാക്കി ക്രമീകരിച്ച് അനുവദിക്കുകയും ചെയ്യുക.

4. പഞ്ചായത്തിനെ നാല് മേഖലകളാക്കി 4 മാവേലിസ്റ്റോറുകൾ അനുവദിക്കുക.

5. മണ്ണെണ്ണ പെർമിറ്റ് കാലതാമസം കൂടാതെ നൽകുവാൻ നടപടി സ്വീകരിക്കുക.

ഊർജ്ജരംഗം - ഗൃഹോപകരണങ്ങൾ

ഫ്രിഡ്ജ്	മിക്സി	ഗ്രൈന്റർ	വാഷിംഗ് മെഷീൻ	മറ്റുള്ളവ
144	262	220	47	177

അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വേ

ഊർജ്ജരംഗം - വൈദ്യുതീകരണം സംബന്ധിച്ച വിവരം

വൈദ്യുതീകരിച്ച വീടുകൾ	വൈദ്യുതീകരിക്കാത്ത വീടുകൾ	ആകെ
977	896	1873

അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വേ

വലിയപറമ്പ് ഗ്രാമപഞ്ചായത്ത്

കുടിവെള്ളം - ലഭ്യതയുടെ വിവരം

സ്വന്തമായി കിണറുള്ളവർ	അയൽക്കാരന്റെ കിണർ ഉപയോഗിക്കുന്നവർ	പൊതു കിണർ	വാട്ടർ സപ്ലൈ ഹൗസ് കണക്ഷൻ	പൊതു ടാപ്പ്	ആകെ
967	457	113	34	302	1873

അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വേ

സഹകരണം

സഹകരണ മേഖലയുടെ വളർച്ചയിൽ ഒരു മുന്നേറ്റമാണ് പഞ്ചായത്തിലാകമാനം കാണാൻ സാധിക്കുന്നത്. വലിയപറമ്പ് ഗ്രാമപഞ്ചായത്തിൽ ആറോളം സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിലെ പ്രധാന സഹകരണസ്ഥാപനം വലിയപറമ്പ് പഞ്ചായത്ത് സർവ്വീസ് സഹകരണ സംഘമാണ്. ഇതിന് പുറമെ വലിയപറമ്പ് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘം, കന്നുവീട് കടപ്പുറം നാളികേര ഉല്പാദക വിപണന സഹകരണ സംഘം, തൃക്കരിപ്പൂർ-പടന്നക്കടപ്പുറം മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, പടന്നക്കടപ്പുറം മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, മാവിലാക്കടപ്പുറം സഹകരണ സ്റ്റോറുകൾ എന്നിവയും പ്രവർത്തിച്ചു വരുന്നു. സംഘം മെമ്പർമാരുടെ കാർഷിക, കാർഷികേതര സാമ്പത്തിക ആവശ്യങ്ങൾ പൂർണ്ണമായും പരിഹരിക്കുവാൻ കഴിയുന്നില്ലെങ്കിലും 1995-96 വർഷം 1,46,000രൂപ കാർഷിക വായ്പയായും 12,65,050ക. കാർഷികേതര വായ്പയായും നൽകിയിട്ടുണ്ട്. സംഘത്തിന് കീഴിൽ വളം ഡിപ്പോ, കൺസ്യൂമർ സ്റ്റോറുകൾ എന്നിവയും ഉണ്ടാകേണ്ടതായിട്ടുണ്ട്. യാത്രാ സൗകര്യമാണ് ഇതിനൊരു പ്രധാന വിഷമതയായി നിലനിൽക്കുന്നത്. സംഘങ്ങളെ ഉയർത്തിക്കൊണ്ട് വരുന്നതിന് പ്രവർത്തനം ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. നിലവിലുള്ള സംഘങ്ങളിൽ തന്നെ നാമമാത്രമായി പ്രവർത്തിച്ച് വരുന്നവയും ഉണ്ട്.

മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘങ്ങൾ

24 കിലോമീറ്റർ നീണ്ടു കിടക്കുന്ന കടലോര പ്രദേശവും പുഴയോരവും അപ്പുറവും ഇപ്പുറവുമായി സ്ഥിതിചെയ്യുന്നതിനാൽ മത്സ്യത്തൊഴിൽ ഒരു പ്രധാന ജീവിതോപാധിയായി കഴിയുന്ന നിവാസികൾക്ക് ആവശ്യമായ മത്സ്യബന്ധനോപകരണങ്ങൾ, ലഭ്യമാക്കുന്നതിന് ധനസഹായം വായ്പയായും സബ്സിഡിയായും ലഭ്യമാക്കുന്നതിന് പഞ്ചായത്തിൽ 3 സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. 1. തൃക്കരിപ്പൂർ പടന്നക്കടപ്പുറം മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം. 2. പടന്നക്കടപ്പുറം മത്സ്യത്തൊഴിലാളി വികസന ക്ഷേമ വികസന സഹകരണ സംഘം. 3. വലിയ പറമ്പ് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം.

മേൽപറഞ്ഞ സംഘങ്ങളിൽ നിന്നു മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും വാങ്ങുന്നതിനും വിദ്യാഭ്യാസ ആവശ്യങ്ങൾക്കും വായ്പ നൽകിവരുന്നുണ്ട്. സംഘങ്ങൾ മുഖേനഎൻ.സി.ഡി.സി. വായ്പയും മെമ്പർമാർക്ക് ലഭ്യമാക്കിവരുന്നു. പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ജീവിതവൃത്തിയുമായി കഴിയുന്നവരാകയാൽ പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ടാൽ മാത്രമേ മുഴുവൻ മെമ്പർമാർക്കും പ്രയോജനം ലഭിക്കുകയുള്ളൂ. ഇക്കാര്യത്തിൽ കാര്യമായ ശ്രദ്ധ എല്ലാ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

പൊതുവായ പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ

പഞ്ചായത്തിന്റെ അനുകൂല സാഹചര്യങ്ങൾ കണക്കിലെടുത്ത് കൊണ്ട് കയർ, ക്ഷീര, ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ സഹകരണ മേഖല ശക്തിപ്പെടുത്തേണ്ടതുണ്ട്. ആയതിന്റെ സാധ്യതകൾ പരിശോധിച്ച് ഫലപ്രാപ്തിവരുത്തേണ്ടതാണ്. സഹകരണ മാവേലി സ്റ്റോറുകൾ, പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ സംഘം, മുഴുവൻ കൃഷിക്കാർക്കും കാർഷിക വായ്പ ലഭിക്കാനുള്ള സൗകര്യം വിവിധ തൊഴിൽ മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ആവശ്യമായ പണിയായുധങ്ങൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ സാധിക്കുന്ന വിധത്തിൽ സഹകരണ സ്റ്റോറുകൾ, സഹകരണ ആശുപത്രികൾ, ബീഡിതൊഴിലാളികൾക്ക് സഹകരണ മേഖലയിൽ സംഘങ്ങൾ ഖാദി മേഖലയിൽ സഹകരണ സംഘങ്ങൾ എന്നിവ വളർത്തിയെടുക്കേണ്ടതുണ്ട്.

പട്ടിക

സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	അംഗത്വം	ഓഹരി മൂലധനം	സർക്കാർ ഓഹരി	പിരിഞ്ഞു കിട്ടിയ മൂലധനം
1	വലിയ പറമ്പ് പഞ്ചായത്ത് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 964 പടന്നക്കടപ്പുറം	1984	വലിയ പറമ്പ് പഞ്ചായത്ത്	1927	3,05,000	50,000	1,82,381
2	തൃക്കരിപ്പൂർ,പടന്നക്കടപ്പുറം മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം കിപ്തം നമ്പർ എഫ്(എസ്.)25. വലിയപറമ്പ	1987	വലിയപറമ്പ് പഞ്ചായത്ത് തെക്കെകാട് ഓരി, വടക്കെകാട്	1595	5,00,000	40,000	70,605
3	കന്നുവീട് കടപ്പുറം നാളികേര ഉല്പാദക വിപണന സഹകരണ സംഘംക്ലിപ്തം നമ്പർ എസ്.143	1992	പഞ്ചായത്ത്	147	3,00,000	-	20,650
4	വലിയപറമ്പ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകണസംഘം ക്ലിപ്തം നമ്പർ ഡി.എഫ്.(കെ) 197/93 തൃക്കരിപ്പൂർ കടപ്പുറം	1993	തെക്ക് കന്നു വീട് ഫിഷറീ സ് സ്ക്കൂൾ വടക്ക് പടന്ന കടപ്പുറം ഫിഷ റീസ് യു.പി.. സ്ക്കൂൾ. കിഴ ക്ക് പടന്നപുഴ	335	3,00,000	30,000	48,670
5	പടന്നക്കടപ്പുറം മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി..എഫ്.(കെ)198/93 പടന്നക്കടപ്പുറം						

സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

1. സ്ഥാപനത്തിന്റെ പേര്	:	വലിയ പറമ്പ് പഞ്ചായത്ത് സർവ്വീസ് സഹ:സംഘം
2. പ്രവർത്തന പരിധി	:	വലിയപറമ്പ് പഞ്ചായത്ത്
3. ക്രെഡിറ്റ്/നോൺക്രഡിറ്റ്	:	ക്രെഡിറ്റ്
4. പ്രവർത്തനം ആരംഭിച്ച വർഷം	:	1984
5. ആകെ അംഗങ്ങൾ	:	1927
6. ഒരു ഓഹരിയുടെ വില	:	10രൂപ
7. അംഗീകൃത ഓഹരി മൂലധനം	:	3,05,000രൂപ
8. പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം	:	1,82,381രൂപ
9. സർക്കാർ ഓഹരിയുണ്ടോ	:	ഉണ്ട്.
10. ഉണ്ടെങ്കിൽ ലഭിച്ച തുക	:	50,000രൂപ
11. പരമാവധി കടം എടുക്കാവുന്ന തുക:		36,47,620രൂപ

പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

1. സ്ഥിരം	:	4,88,098രൂപ
2. ഹ്രസ്വകാലം	:	5,64,565രൂപ

നൽകിയിട്ടുള്ള വായ്പകൾ

1. കാർഷിക വായ്പകൾ

ഇനം	തുക
ഹ്രസ്വകാല കാർഷിക വായ്പ	4,54,102.21രൂ
ദീർഘകാല കാർഷിക വായ്പ	84,369രൂ

2. മറ്റു വായ്പകൾ

ഹ്രസ്വകാല കാർഷികേതര വായ്പ	2,12,761രൂ
മദ്ധ്യകാല കാർഷികേതര വായ്പ	9,996.60രൂ
ദീർഘകാല കാർഷികേതര വായ്പ	46,534.55രൂ
ഡെപ്പോസിറ്റ് ലോൺ	15,745രൂ
സ്വർണ്ണപണ്ടം പണയം	9,55,230രൂ

3. പ്രത്യേക വായ്പകൾ

ഐ.ആർ.ഡി.പി. ലോൺ	85,506.80രൂ

സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

സ്ഥാപനം	സ്വഭാവം	തുക
1. ജില്ലാസഹകരണ ബാങ്ക്	ഹ്രസ്വകാല കാർഷിക വായ്പ	2,43,000
2. ജില്ലാസഹകരണ ബാങ്ക്	ഹ്രസ്വകാല സ്വർണ്ണപണ്ട പണയ വായ്പ	4,60,000
3. ജില്ലാസഹകരണ ബാങ്ക്	ഐ.ആർ.ഡി.പി..വായ്പ	32,384
4. ജില്ലാസഹകരണ ബാങ്ക്	ദീർഘകാല കാർഷിക വായ്പ	1,08,331
5. ജില്ലാസഹകരണ ബാങ്ക്	ദീർഘകാല കാർഷികേതര വായ്പ	41,870
6. ജില്ലാസഹകരണ ബാങ്ക്	മദ്ധ്യകാലകാർഷികേതര വായ്പ	42,487

നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞ് കിട്ടാനുള്ളവ

വായ്പാ സ്വഭാവം	തുക
ഹ്രസ്വകാല വായ്പ	4,11,601.31
മദ്ധ്യകാല വായ്പ	37,833.00
ദീർഘകാല വായ്പ	16,767.00

സ്ഥാപനത്തിന്റെ ചെലവുകൾ	
എസ്റ്റാബ്ലിഷ്മെന്റ് ചാർജ്	4,796.00
കണ്ടിൻജനീസ്	5,000.00

വായ്പാ സഹ:സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. ഉത്സവകാല ചന്ത ഏറെറടുത്ത് നടത്തുന്നു.
2. കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല-മദ്ധ്യകാല ദീർഘകാല വായ്പകൾ നല്കി വരുന്നു.
3. ഉയർന്ന പലിശ നിരക്കിൽ ഡെപ്പോസിററുകൾ സ്വീകരിച്ച് വരുന്നു.

സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

1. സ്ഥാപനത്തിന്റെ പേര്	:	കന്നുവീട് കടപ്പുറം നാളികേര ഉല്പാദക വിപണന സഹകരണ സംഘം
2. പ്രവർത്തന പരിധി	:	വലിയപറമ്പ് പഞ്ചായത്ത്
3. ക്രെഡിറ്റ്/നോൺ ക്രെഡിറ്റ്	:	ക്രെഡിറ്റ്
4. പ്രവർത്തനം ആരംഭിച്ച വർഷം	:	1992
5. ആകെ അംഗങ്ങൾ	:	147
6. ഒരു ഓഹരിയുടെ വില	:	50രൂപ
7. അംഗീകൃത ഓഹരി മൂലധനം	:	3,00,000രൂപ
8. പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം	:	20,650രൂപ
9. സർക്കാർ ഓഹരി ഉണ്ടോ	:	ഉണ്ട്.
10. ഉണ്ടെങ്കിൽ ലഭിച്ച തുക	:	-
11. പരമാവധി കടം എടുക്കാവുന്ന തുക	:	-

പൊതു ജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

കെട്ട് തെങ്ങ് നിക്ഷേപം

സേവിംഗ്സ് നിക്ഷേപം

നിത്യനിധി നിക്ഷേപം

നൽകിയിട്ടുള്ള വായ്പകൾ

കാർഷിക വായ്പകൾ

തെങ്ങിന് വളംചേർക്കുന്നതിന്	:	1,35,261.00

സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

1. സ്ഥാപനത്തിന്റെ പേര്	:	തൃക്കരിപ്പൂർ-പടന്നക്കടപുറം മത്സ്യ തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം വലിയ പറമ്പ
2. പ്രവർത്തന പരിധി	:	വലിയ പറമ്പ് പഞ്ചായത്തിൽപെട്ട പ്രദേശങ്ങളും തെക്കേകാട്, വടക്കേകാട്, ഓഹരി
3. ക്രെഡിറ്റ്/നോൺ ക്രെഡിറ്റ്	:	ക്രെഡിറ്റ്
4. പ്രവർത്തനം ആരംഭിച്ച വർഷം	:	1987
5. ആകെ അംഗങ്ങൾ	:	1595
6. ഒരു ഓഹരിയുടെ വില	:	10രൂപ
7. അംഗീകൃത ഓഹരി മൂലധനം	:	5,00,000രൂപ
8. പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം	:	70,605രൂപ
9. സർക്കാർ ഓഹരി ഉണ്ടോ	:	ഉണ്ട്.
10. ഉണ്ടെങ്കിൽ ലഭിച്ച തുക	:	40,000രൂപ
11. പരമാവധി കടം എടുക്കാവുന്ന തുക	:	അടച്ചു തീർത്ത ഓഹരി മൂലധനത്തിന്റെ ഇരുപത് ഇരട്ടി

സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

1. സ്ഥാപനത്തിന്റെ പേര്	:	വലിയപറമ്പ മത്സ്യതൊഴിലാളി വികസനക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പ്ര് ഡി.എഫ്.(കെ)197/93 തൃക്കരിപ്പൂർ കടപ്പുറം പി..ഒ.
2. പ്രവർത്തന പരിധി	:	
3. ക്രെഡിറ്റ്/നോൺ ക്രെഡിറ്റ്	:	ക്രെഡിറ്റ്
4. പ്രവർത്തനം ആരംഭിച്ച വർഷം	:	1993
5. ആകെ അംഗങ്ങൾ	:	335
6. ഒരു ഓഹരിയുടെ വില	:	10രൂപ
7. അംഗീകൃത ഓഹരി മൂലധനം	:	3,00,000രൂപ
8. പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം	:	48,670രൂപ
9. സർക്കാർ ഓഹരി ഉണ്ടോ	:	ഉണ്ട്.
10. ഉണ്ടെങ്കിൽ ലഭിച്ച തുക	:	3,00,001രൂപ
11. പരമാവധി കടം എടുക്കാവുന്ന തുക	:	4,86,8700രൂപ

പൊതു ജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

സ്ഥിരം	:	1,000.00
ഹ്രസ്വകാലം	:	41,665.00

നൽകിയിട്ടുള്ള വായ്പകൾ

കാർഷിക വായ്പകൾ —

മറ്റ് വായ്പകൾ

ഇനം	തുക
മത്സ്യബന്ധനോപകരണങ്ങൾ	1,17,000.00
തോണിവല, മിഷ്യൻ വാങ്ങുന്നതിന്	1,70,000.00

പ്രവർത്തന പരിധി
തെക്ക് - കന്തമിട്ടു ഗവൺമെന്റ് ഫിഷറീസ് സ്ക്കൂൾ
വടക്ക് - പടന്നകടപ്പുറം ഫിഷറീസ് യു.പി. സ്ക്കൂൾ
കിഴക്ക് - പടന്നപുഴ
പടിഞ്ഞാറ് - അറബികടൽ

പൊതു ജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ
ഹ്രസ്വകാലം -

കാർഷിക വായ്പകൾ —

മറ്റ് വായ്പകൾ

ഇനം	തുക
മത്സ്യബന്ധനോപകരണ വായ്പ	1,94,500രൂപ
വിദ്യാഭ്യാസ വായ്പ	15,990രൂപ

നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞ് കിട്ടാനുള്ളവ 86,299.40രൂപ

സഹ: സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. മത്സ്യലേലം
2. മത്സ്യകൃലി
3. അംഗങ്ങളുടെ ഇടയിൽ മിതവ്യയം സ്വയം പര്യാപ്തതാ ബോധം, പരസ്പര സേവന ശുദ്ധി എന്നീ ഗുണങ്ങൾക്ക് പ്രോത്സാഹനം നൽകുകയും ആവിഷ്കരിച്ച് പ്രാവർത്തികമാക്കുകയും ചെയ്യുക.
4. മത്സ്യതൊഴിലാളികൾക്ക് പാർപ്പിട സൗകര്യം വിദ്യാഭ്യാസം ശുചിത്വം ആരോഗ്യം എന്നിവ ഉറപ്പുവരുത്തുക. സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനാവശ്യമായ കൈതൊഴിലുകൾ ഏർപ്പെടുത്തുക.

സഹകരണ മേഖല

വാർഡ് 1

വാർഡിൽ നിലവിൽ സഹകരണസംഘങ്ങൾ ഇല്ല. ചകിരിയുമായി ബന്ധപ്പെട്ട ഏതെങ്കിലും സഹകരണസംഘം ആരംഭിക്കുന്നത് ഉചിതമായിരിക്കും.

വാർഡ് 2

വാർഡിൽ നാളികേര ഉല്പാദക വിപണന സഹകരണ സംഘം, മത്സ്യത്തൊഴിലാളി ക്ഷേമ വികസന സഹകരണസംഘം എന്നിങ്ങനെ രണ്ട് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഈ സംഘങ്ങളിലെ വായ്പാ സംരംഭങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സാമ്പത്തിക നടപടികൾ ചെയ്യുകയും കൂടാതെ ക്ഷീരവ്യവസായ സഹകരണ സംഘം, കയർവ്യവസായ സഹകരണ സംഘം പോലുള്ള സ്ഥാപനങ്ങൾ തുടങ്ങുക. മറ്റുവായ്പാ സഹകരണസംഘങ്ങളും തുടങ്ങാനുള്ള സാഹചര്യം ഉണ്ടാക്കുക.

വാർഡ് 3

ഒരു മത്സ്യ സഹകരണ സംഘം മാത്രമാണുള്ളത്. മത്സ്യശേഖരണ വിപണന കേന്ദ്രം അനുവദിക്കണം.. കയർ വ്യവസായ സഹകരണ സംഘം ആവശ്യമുണ്ട്. വലിയ പറമ്പ് മത്സ്യ സഹകരണ സംഘത്തിന് കൂടുതൽ സാമ്പത്തിക സഹായം അനുവദിക്കണം. നി

ലവിലുള്ള സഹകരണ സംഘത്തിന് മെമ്പർഷിപ്പ് വർദ്ധനവ് ആവശ്യമുണ്ട്. സഹകരണസ്ഥാപനങ്ങളിൽ നിന്നും കൂടുതൽ ലോണുകളും സൗകര്യങ്ങളും ചെയ്തു തരണം.

വാർഡ് 4

വാർഡിൽ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല. തേങ്ങാ വിപണന സഹകരണ സംഘം, മത്സ്യസഹകരണ സംഘം എന്നിവ ആവശ്യമുണ്ട്. കൊപ്ര സംസ്കരണ യൂനിറ്റ് അനുവദിക്കണം. പഞ്ചായത്തിലെ ഏക സഹകരണ സംഘത്തിന് നിക്ഷേപം കുറവായതിനാൽ ലോൺ തുടങ്ങിയവ നൽകാൻ സാധിക്കുന്നില്ല.

വാർഡ് 5

സഹകരണ സംഘങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നുണ്ടെങ്കിലും കൃഷിക്കാരുടെ ആവശ്യങ്ങൾ പൂർണ്ണമായും നിറവേറ്റുന്നതിന് വായ്പ ലഭ്യമല്ല. കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ സംഘത്തെ മാറ്റുക. ക്ഷീരസഹകരണ സംഘങ്ങൾ ആവശ്യമാണ്. നിലവിലുള്ള വായ്പയും വർദ്ധിപ്പിക്കേണ്ടതുണ്ട്.

വാർഡ് 6

ഇപ്പോൾ നിലവിലുള്ള പടന്നക്കടപ്പുറം മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘം ഒരു ബാങ്കിന്റെ രൂപത്തിൽ ഉയർത്തി എല്ലാ വിഭാഗം ജനങ്ങൾക്കും ഉപകാരപ്രദമാക്കുക. മത്സ്യത്തൊഴിലാളി സഹകരണ സംഘവും പ്രവർത്തിക്കുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മത്സ്യ ബന്ധന ഉപകരണങ്ങളും ധനസഹായ വായ്പയും നൽകി വരുന്നു. മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാർത്ഥികൾക്ക് പാഠപുസ്തകവും മറ്റും ലോണായി നല്കി വരുന്നു. സംഘത്തിന്റെ മൊത്തത്തിലുള്ള ഫണ്ട് വളരെകുറവായതിനാൽ കൂടുതൽ വായ്പകൾ വിതരണം ചെയ്യുന്നതിന് വേണ്ടി കൂടുതൽ ഫണ്ട് അനുവദിക്കുക.

വാർഡ് 7

സഹകരണമേഖലയിൽ തൊഴിലധിഷ്ഠിത സഹകരണ സംഘം അനുവദിക്കണം.

വാർഡ് 8

വാർഡിൽ സഹകരണ സംഘങ്ങൾ ഒന്നും ഇല്ല. പാൽ സംഭരണത്തിന് ഒരു സഹകരണ സംഘം വേണം. മുട്ട, കോഴി വളർത്തലിന് ഒരു സഹകരണ സംഘം വേണം. ഖാദി, ചകിരി തുടങ്ങിയ രംഗത്തും സഹകരണ സംഘങ്ങൾ വേണം.

നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് വലിയപറമ്പ് ശാഖ പ്രവർത്തനം ഒറ നോട്ടത്തിൽ

ബാങ്കിംഗ് സാകര്യങ്ങൾ തീർത്തും ഇല്ലാതിരുന്ന ഈ ദ്വീപുനിവാസികളുടെ ചിരകാല അഭിലാഷത്തിന്റെ പൂർത്തീകരണമെന്ന നിലക്ക് 1977 ഡിസംബർ 26-ാം തീയ്യതി നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ ശാഖ വലിയപറമ്പ് ആസ്ഥാനമാക്കി നിലവിൽ വന്നു. ഇന്നും വലിയ പറമ്പ് പഞ്ചായത്തിലെ ഏക ബാങ്കിംഗ് സ്ഥാപനമായി ഈ ശാഖ നിലകൊള്ളുകയാണ്. സർവ്വീസ് ഏരിയ പ്രകാരം മാടക്കാൽ ഇടയിലക്കാട് എന്നീ പ്രദേശങ്ങൾ ഒഴിച്ച് തൃക്കരിപൂർ കടപ്പുറം മുതൽ മാവിലാ കടപ്പുറം വരൈയുള്ള വിസ്തൃതമായ പ്രദേശം ഈ ശാഖയുടെ സേവന പരിധിയിൽ വരുന്നു.. സേവനപരിധിയിലെ ജനതയുടെ ബാങ്കിംഗ് ആവശ്യങ്ങളുടെ 75 ശതമാനവും ശാഖ നിറവേറുന്നു.

പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക വികസനത്തിന് ആവശ്യമായ തോതിൽ വിഭവ സമാഹരണം നടത്തുന്നതിൽ ബാങ്കിന് മുഴുവൻ നാട്ടുകാരുടെയും അകമഴിഞ്ഞ പിന്തുണ കൂടിയേ തീരൂ.. ഇന്ന് ഈ ശാഖയിൽ നിലനിൽക്കുന്നത് 21 ലക്ഷം നിക്ഷേപം, 82 ലക്ഷം വായ്പ എന്ന അനുപാതത്തിലാണ്. നിക്ഷേപതുകയുടെ നാലിരട്ടിയോളം തുക വായ്പയായി വിതരണം ചെയ്യേണ്ടിവന്നിരിക്കുന്നു. നിക്ഷേപം കാര്യമായി വർദ്ധിക്കാതെ ഉദാരവൽകരണത്തിന്റെ ഈ കാലഘട്ടത്തിൽ ബാങ്കിന് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുകയില്ല. അതിനാൽ ചെറുതും വലുതുമായ നിക്ഷേപങ്ങൾ നൽകികൊണ്ട് ശാഖയെ ശക്തിപ്പെടുത്തേണ്ടത് അടിയന്തിര കർത്തവ്യമായി നാം കരുതണം.

സർക്കാരിന്റെ ദാരിദ്രനിർമ്മാർജ്ജന പരിപാടി പ്രകാരമുള്ള ഐ.ആർ.ഡി.പി. പദ്ധതികളിൽ ബാങ്ക് 1980 മുതൽ തന്നെ സജീവമായി പങ്കെടുത്തു വരുന്നു. ഇക്കാലമത്രയും കർഷകരുടേയും മത്സ്യത്തൊഴിലാളികളുടേയും കൈത്തൊഴിൽ കാരുടേയും അത്താണിയായി വർത്തിക്കാൻ ഈ ശാഖക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ വായ്പകളുടെ തിരിച്ചടവിൽ - പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികൾക്ക് തോണിയും വലയും വാങ്ങിക്കാൻ നൽകിയ വായ്പകൾ - കുടിശ്ശികയായി 6 ലക്ഷത്തിൽപരം രൂപ നിലനിൽക്കുന്നു എന്നത് ശാഖയുടെ ആരോഗ്യകരമായ വളർച്ചയെ തടയുന്നു. സാമ്പത്തിക സഹായങ്ങൾ നിർത്തിവെയ്പ്പിക്കുവാൻ കാരണമായി മാറുകയും ചെയ്യുന്നു. ഈ ദുസ്ഥിതി ഒഴിവാക്കുവാൻ ഏവരും ശ്രദ്ധിച്ചേ മതിയാകൂ. മിച്ച സമ്പാദ്യ ശീലത്തിലും വായ്പാ തിരിച്ചടവിന്റെ കൃത്യതയിലും ശാഖയെ വിശ്വാസത്തിൽ എടുത്തുകൊണ്ട് ബാങ്ക് ഇടപാടുകൾ നടത്തുക വഴി ഈ പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക വികസന വികസനത്തിന് ആക്കം കൂട്ടുവാൻ കഴിയുമെന്ന് നമുക്ക് തീർച്ചയായും കരുതാം.

നിക്ഷേപം

സ്ഥിര നിക്ഷേപം	2.18 ലക്ഷം
ഹ്രസ്വകാല നിക്ഷേപം	12.41 ലക്ഷം
മൊത്തം	21.59 ലക്ഷം

വായ്പകൾ

ഹ്രസ്വകാല കാർഷിക വായ്പ	23.67 ലക്ഷം
ദീർഘ/മദ്ധ്യ കാല കാർഷിക വായ്പ	8.72 ലക്ഷം
മൊത്തം കാർഷിക വായ്പ	32.39 ലക്ഷം

കാർഷികേതര വായ്പകൾ

വ്യവസായം, കച്ചവടം, സ്വയം തൊഴിൽ	7.94 ലക്ഷം
സ്വർണ്ണപ്പണയത്തിനുമേൽ	38.53 ലക്ഷം
നിക്ഷേപങ്ങൾക്കുമേൽ	0.50 ലക്ഷം
മറ്റുള്ളവ	2.26 ലക്ഷം
മൊത്തം കാർഷികേതര വായ്പ	32.39 ലക്ഷം

മൊത്തം വായ്പ	81.62 ലക്ഷം
ഐ.ആർ.ഡി..പി.	2.64 ലക്ഷം
സി.സി.ഡി.പി.	1.85 ലക്ഷം
ഷെഡ്യൂൾഡ് കാസ്റ്റ്/ട്രൈബ്	1.89 ലക്ഷം

കാലാവധി കഴിഞ്ഞ് പിരിഞ്ഞുകിട്ടാത്ത വായ്പകൾ

ഹ്രസ്വകാല വായ്പകളുടെ കുടിശ്ശിക	2.80 ലക്ഷം

മധ്യ/ദീർഘ കാല വായ്പ കുടിശ്ശിക

ഐ.ആർ.ഡി.പി	1.16 ലക്ഷം
മറ്റുള്ളവ	2.03 ലക്ഷം
മൊത്തം	5.99 ലക്ഷം

സാമൂഹ്യക്ഷേമം

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സംഘടിത -അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് സാമൂഹ്യ ക്ഷേമ രംഗത്ത് ഇന്ന് പ്രധാനമായും നിലവിലുള്ളത്.

അധഃസ്ഥിത വിഭാഗങ്ങളുടെ ക്ഷേമവും തദ്വാര ദാരിദ്ര്യ നിർമ്മാർജ്ജനവും ലക്ഷ്യമാക്കി, കേന്ദ്ര സംസ്ഥാനഗവൺമെന്റുകൾ തുല്യതോതിൽ ചെലവിടുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഗ്രാമവികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന സംയോജിത ഗ്രാമവികസന പദ്ധതി (ഐ.ആർ.ഡി.പി.)

വലിയപറമ്പ പഞ്ചായത്തിൽ, ആകെയുള്ള 2,522 കുടുംബങ്ങളിൽ 1,110 ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരായി 92ലെ സർക്കാർ കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിൽ 92നുശേഷം 87 കുടുംബങ്ങൾക്കാണ് ഐ.ആർ.ഡി.പി. സഹായം നൽകിയിട്ടുള്ളത്. ആയതിൽ 19 കുടുംബങ്ങൾ എസ്.സി. വിഭാഗത്തിൽപ്പെട്ടതാണ്. പട്ടിക 1 അർഹരെ കണ്ടെത്തുന്നതിനും ബോധവൽക്കരണത്തിനുമുള്ള സമയ പരിധി ലഭിക്കായ്ക, പദ്ധതി നടപ്പാക്കുമ്പോൾ മറ്റു സ്ഥാപനങ്ങളുമായി ബന്ധപ്പെടുമ്പോൾ ഉണ്ടാവുന്ന നൂലാമാലകൾ, ധനകാര്യ സ്ഥാപനങ്ങളുടെ വായ്പ നൽകുന്നതിനുള്ള വിമുഖത, വായ്പ തുകയുടെ അപര്യാപ്തത എന്നിവ പദ്ധതി നടപ്പാക്കുമ്പോൾ നേരിടുന്ന വിഷമതകളാണ്.

1992-93 സാമ്പത്തിക വർഷത്തിൽ 13 കുടുംബങ്ങൾക്കായി 39,000 രൂപ സബ്സിഡിയായും 1,02,000 രൂപ ലോണും 93-94 സാമ്പത്തിക വർഷത്തിൽ 22 കുടുംബങ്ങൾക്കായി (എസ്.സി. 17, സ്ത്രീകൾ 13) 1,16,000രൂപ സബ്സിഡിയും 2,42,000 രൂപ ലോണും 95-96 സാമ്പത്തിക വർഷത്തിൽ 28 കുടുംബങ്ങൾക്കായി 1,01,265രൂപ സബ്സിഡിയും 1,63,209 രൂപ ലോണും വിവിധ പദ്ധതികളിലൂടെ നൽകുകയുണ്ടായി. ജനങ്ങളിൽ ഭൂരിഭാഗവും മത്സ്യതൊഴിലാളികൾ ആയതു കാരണം ആയതുമായി ബന്ധപ്പെട്ട തോണിയും വലയുമാണ് കഴിഞ്ഞകാലങ്ങളിൽ വിതരണം നടത്തിയത്. എന്നാൽ വയ്പ തുക തിരിച്ചടക്കുന്ന കാര്യത്തിൽ ഗുരുതരമായ വീഴ്ചയാണ് ഇന്നും നിലനിൽക്കുന്നത്. ആയതിനാൽ പുതുതായി പ്രസ്തുത സ്കീമിൽ വായ്പ നൽകാൻ ബാങ്കുകൾ മടിക്കുകയാണ്. പഞ്ചായത്തിലെ ഏക ബാങ്കായ നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ ശാഖയും സർവ്വീസ് കോ:ഓപ്പ്: സൊസൈറ്റിയുമാണ് പ്രധാനമായും വായ്പകൾ വിതരണം നടത്തുന്നത്. നിലവിലുള്ള വായ്പാ കുടിശ്ശിക പിരിക്കുന്ന കാര്യത്തിൽ, സത്വര ശ്രദ്ധ പതിയാത്ത പക്ഷം പുതുതായി സ്കീമുകൾ നടപ്പാക്കാൻ വളരെയേറെ വിഷമതകൾ അനുഭവിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഇന്ന് നിലിവിലുള്ളത്.

ഡി.ഡബ്ലു.സി.ആർ.എ.

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന് വേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണ് ഡി.ഡബ്ലു.സി.ആർ.എ. ഈ പദ്ധതി പ്രകാരം ഗ്രാമപഞ്ചാത്തിൽ സ്ത്രീകളുടൈ 2 യൂണിററുകളാണ് പ്രവർത്തിക്കുന്നത്. 5-ാം വാർഡിലും 4-ാം വാർഡിലുമുള്ള കയർ യൂണിററുകൾ. അസംസ്കൃത സാധനങ്ങൾ ലഭ്യമാണ് എങ്കിലും ഉല്പന്നങ്ങളുടെ വിപണന കാര്യത്തിൽ വിഷമതകൾ നേരിടുന്നു.

ട്രൈസം

18നും 35നും മദ്ധ്യേ പ്രായമുള്ള ഗ്രാമീണ യുവജനങ്ങൾക്ക് ചെറുകിട-കുടിൽ വ്യവസായങ്ങൾ

തുടങ്ങുന്നതിനുള്ള സ്വയം തൊഴിൽ പരിശീലനവും അതിനാവശ്യമായ വായ്പയും സബ്സിഡിയും നൽകുന്ന ഐ.ആർ.ഡി.പി.യുടെ ഒരു അനുബന്ധ പരിപാടിയാണിത്. 92-93 വർഷം മുതൽ നാളിതുവരെയായി 28 പേർക്ക് ഈ പദ്ധതിയിൻ പ്രകാരം നമ്മുടെ ഗ്രാമ പഞ്ചായത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. ആയതിൽ ഡി.ഡ്ബ്ലു.സി.ആർ.എ. യൂണിറ്റംഗങ്ങൾ ഒഴികെ മറ്റെല്ലാവരും ബന്ധപ്പെട്ട മേഖലയിൽ വേതന വ്യവസ്ഥയിൽ ജോലി ചെയ്യുകയാണ്.

ഈ പദ്ധതിയുടെ ഒരു പരിമിതി ചുരുക്കം ആളുകൾക്ക് മാത്രമേ ഒരു വർഷം പരിശീലനം നൽകാൻ കഴിയുന്നുള്ളൂ എന്നതാണ്. കൂടുതൽ ആളുകൾക്ക് പരിശീലനം നൽകുവാനുള്ള സൗകര്യം ഉണ്ടാകണം. പരിശീലനം ലഭിച്ച മുഴുവൻ പേർക്കും സ്വയം തൊഴിൽ ചെയ്ത് ജീവിക്കാനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നില്ല എന്നുള്ളതാണ് മറ്റൊരു പരിമിതി. പരിശീലനം കഴിഞ്ഞ മുഴുവൻ പേർക്കും സ്വയം തൊഴിൽ ഏർപ്പെടുത്താനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകണം. ഇപ്പോൾ പരിശീലനം സർക്കാർ സ്ഥാപനങ്ങളിൽ മാത്രമായി പരിമിതിപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ അത്തരം സ്ഥാപനങ്ങൾ ഇല്ലാത്തതിനാൽ പ്രാദേശികാടിസ്ഥാനത്തിൽ ആവശ്യമായ പരിശീലനം നൽകുന്നതിനായി ബദൽ സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

പട്ടിക 2 ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

വാർഡ് നമ്പർ	വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
92-93					
4	ഇലക്ട്രീഷ്യൻ	1	-	1	-
93-94					
1	ഇലക്ട്രീഷ്യൻ	1	-	1	-
3	പ്രിന്റിംഗ്, കമ്പോസിങ്ങ്	1	-	1	-
4	ഇലക്ട്രീഷ്യൻ	3	-	3	-
8	പ്രിഹിംഗ്, കമ്പോസങ്ങ്	1	-	1	-
94-95					
1	പ്രിന്റിംഗ്, കമ്പോസിങ്ങ്	1	-	1	-
5	കയർ നിർമ്മാണം	10	10	-	-
95-96					
4	കയർ നിർമ്മാണം	10	10	–	-

ടൂൾകിറ്റ്

പരമ്പരാഗത ഗ്രാമീണ കൈത്തൊഴിലുകാർക്ക് അവരുടെ പ്രവർത്തന വൈഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനും തദ്വാര വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി നവീന തൊഴിലുപകരണങ്ങൾ നൽകാനുള്ള ഒരു പദ്ധതിയാണിത്. 1992-93 മുതൽ ഇതുവരെയായി ഗ്രാമ പഞ്ചായത്തിൽ 23 പേർക്ക് ഈ പദ്ധതിയുടെ ഗുണം ലഭിച്ചിട്ടുണ്ട്.എന്നാൽ ലഭിക്കുന്ന തെഴിലുപകരണങ്ങളുടെ നിലവാരം

പട്ടിക 1 ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം - ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

വാർഡ് നമ്പർ	സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം 92സർവ്വേ പ്രകാരം	ഇതിൽ എസ്.സി./എസ്.ടി. കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ (92നു ശേഷം)	ഇതിൽ എസ്.സി./എസ്.ടി. കുടുംബങ്ങൾ	സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	2	3	4	5	6	7
1	228	8	14	6	10	218
2	69	-	9	-	9	60
3	153	-	5	-	2	151
4	158	2	23	2	23	135
5	118	-	10	-	10	108
6	85	6	11	3	10	75
7	165	3	6	3	5	160
8	134	5	9	5	6	128
ആകെ	1110	24	87	19	75	1035

വളരെ പരിതാപകരമാണ്. ഗുണഭോക്താവിന് ആവശ്യമുള്ള സാധനം വാങ്ങിക്കുവാനും അതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുവാനും ഉള്ള നടപടി ഉണ്ടായാൽ മാത്രമേ ഈ പദ്ധതി കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാനാവുകയുള്ളൂ.

കേന്ദ്ര ഗ്രാമശുചിത്വ പരിപാടി(സി.ആർ.എസ്.പി)

ഗ്രാമങ്ങളിലെ ശുചിത്വസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി നടപ്പിലാക്കുന്ന പരിപാടിയാണിത്. കക്കൂസ് നിർമ്മിക്കുന്നതിന് 2000രൂപ ധനസഹായം നൽകുന്നു.

92-93 മുതൽ 95-96വരെ നമ്മുടെ ഗ്രാമ പഞ്ചായത്തിൽ 32 കക്കൂസുകൾ ഈ പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഒരു കക്കൂസിന് അനുവദിക്കുന്ന 2000രൂപകൊണ്ട് നിർമ്മാണ പ്രവർത്തി പൂർത്തിയാക്കുന്നതിന് ഗുണഭോക്താക്കൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ആയതിനാൽ പ്രസ്തുത തുക വർദ്ധിപ്പിക്കേണ്ടതാണ്.

വലിയപറമ്പ് ഗ്രാമപഞ്ചായത്ത്

സാമൂഹ്യ ക്ഷേമം - പെൻഷൻ വിവരങ്ങൾ

ട്രാക്ടർ	പമ്പുസെറ്റ്	ട്രില്ലർ	മറ്റുള്ളവ
3	286	7	155

അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വേ 11/96

പട്ടിക 6 കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകൾ (ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം)	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992നു ശേഷം)	പൂർത്തീകരിച്ചവയുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
1	2	3	4	5
92-93	-	-	-	-
1993-94, 1994-95, 1995-96,				
1	171	7	7	164
2	47	-	-	47
3	62	3	3	59
4	74	4	3	71
5	58	-	-	58
6	36	5	5	31
7	72	8	7	65
8	82	5	4	78
ആകെ		32	29	573

പ്രശ്നങ്ങൾ

1. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ വളരെ കുറച്ച് കുടുംബങ്ങൾക്കേ പ്രയോജപ്പെടുന്നുള്ളൂ .
2. ഐ.ആർ.ഡി.പി. ലിസ്റ്റിൽ അനർഹ കുടുംബങ്ങൾ ഉൾപ്പെട്ടിരിക്കുന്ന അവസ്ഥ അതു വഴി അർഹരായവർക്ക് ആനുകൂല്യം കിട്ടാത്ത സ്ഥിതി
3. ഇടത്തട്ടുകാരുടെ ചൂഷണം
4. പദ്ധതി വിവരം പലർക്കും അറിയില്ല. വിവരങ്ങൾ ആവശ്യമുള്ളവർക്ക് എത്തിക്കാന പരിമിതികൾ.
5. ആനുകൂല്യങ്ങൾ തന്നെ യഥാസമയം കിട്ടുന്നില്ല.
6. ധനകാര്യ സ്ഥാപനങ്ങളുടെ വായ്പ നൽകുന്നതിനുള്ള വിമുഖത
7. വായ്പ തുകയുടെ അപര്യാപ്തത.

സാദ്ധ്യതകൾ

1. ഐ.ആർ.ഡി.പി. സർവ്വെ ലിസ്റ്റ് പരിഗണിച്ച് അർഹരായവരിൽ ആനുകൂല്യം ലഭിക്കാത്തവർക്ക് ലഭിക്കാനുള്ള പരിപാടി
2. വനിതകൾക്കായി 5-10 പുതിയ ഡി.ഡ്ബ്ലു.സി.ആർ.എച്ച്. യൂനിറ്റുകൾ സ്ഥാപിക്കൽ.
3. ട്രൈസം പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ സാധ്യതയുണ്ടാക്കാനുള്ള പരിപാടികൾ.
4. ധനസഹായ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനും ആനുകൂല്യം ലഭിക്കുന്നതിനുമുള്ള ജനകീയ സംവിധാനം.
5. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഗ്രാമസഭകളെ ഉപയോഗപ്പെടുത്തൽ.

പാർപ്പിടം

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണല്ലൊ വീട്. പട്ടിണിപ്പാവങ്ങൾ തൊട്ട് സമ്പന്നർ വരെയുള്ളവരുടെ ജീവിത സ്വപ്നമാണ് വീട്. അവനവന്റെ സാമ്പത്തിക നില അനുസരിച്ചല്ല മറിച്ച് വ്യാമോഹങ്ങൾ സഫലീകരിക്കാനുള്ള ശ്രമമാണ് വീട് നിർമ്മാണത്തിൽ ആളുകൾ കാട്ടുന്നത്. വീടിനുവേണ്ടി കടം വാങ്ങി മുടിയുന്നവരാണ് വിവിധ സാമ്പത്തിക ശ്രേണിയിലുള്ള ഭൂരിഭാഗവും. കാരണം വീട്, പാർപ്പിടം എന്നതിലുപരി അന്തസ്സിന്റെയും പൊങ്ങച്ചത്തിന്റെയും ആർഭാടത്തിന്റെയും പ്രതീകമായി മാറിയിരിക്കുന്നു. ഈ വികല സംസ്കാരം വീടുനിർമ്മാണ സാമഗ്രികളുടെ അമിതമായ ധൂർത്തിനും ഉൽപ്പാദനക്ഷമതയില്ലാത്ത മുതൽ മുടക്കിനും ഇടയാക്കുന്നു. ഫലം പാവപ്പെട്ടവന് വീട് എന്നത് കേവലം സ്വപ്നമായി മാത്രം അവശേഷിക്കുന്നു. 'എല്ലാവർക്കും പാർപ്പിടം' എന്ന ലക്ഷ്യം കൈവരിക്കണമെങ്കിൽ ഈ സങ്കല്പം മാറ്റിവെക്കേണ്ടതാണ്.

മത്സ്യത്തൊഴിലാളികളും കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരുമാണ് ഈ പഞ്ചായത്തിൽ കൂടുതൽ ഉള്ളത്. അതുകൊണ്ടുതന്നെ കുടിലുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൾ കൂടുതലുമുള്ളത്.

വീടുകളുടെ തരം തിരിവ് പട്ടിക

വീടിന്റെ തരം

ആകെ വീടുകൾ	പുല്ല് / ഓല	ഓട്	കോൺക്രീറ്റ്	ഷീറ്റ് മേഞ്ഞത്	ഓടും കോൺക്രീറ്റും	മറ്റുള്ളവ
1873	374	897	413	23	164	2

അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വേ

ആകെ വീടുകൾ	സ്വന്തം	വാടക	വീട് സ്ഥിതി ചെയ്യുന്ന സ്ഥലം			
			ആകെ വീട്	പുഴി	ചെമ്മണ്ണ്	ചതുപ്പു നിലം
1873	1852	21	1873	1838	8	27

അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വേ

പട്ടിക 1 ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം 1992ന് ശേഷം	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തികരിച്ച വീടുകൾ
1992-93			
7	MW Scheme	1വീട്	പൂർത്തീകരിച്ചു
1993-94			
4	MW Scheme	1 വീട്	പൂർത്തീകരിച്ചു
8	J R Y	1 വീട്	പൂർത്തീരിച്ചു
1994-95			
8	MW Scheme	1 വീട്	പൂർത്തീകരിച്ചു
1	R A Y	1 വീട്	പൂർത്തീകരിച്ചു
7	R A Y	2 വീട്	പൂർത്തീകരിച്ചു
1995-96			
4	കാലവർഷക്കെടുതി	1 വീട്	പൂർത്തിയായിട്ടില്ല
6	കാലവർഷക്കെടുതി	1 വീട്	പൂർത്തിയായി
7	കാലവർഷക്കെടുതി	1 വീട്	പൂർത്തിയായി
4	MW Scheme	1 വീട്	പൂർത്തിയായി
8	MW Scheme	1 വീട്	പൂർത്തിയായിട്ടില്ല

91-92 വർഷം മുതൽ ഈ കാലയളവ് പഞ്ചായത്തിൽ 8 വാർഡുകളിലായി നിർമ്മിച്ച വീടുകൾ ഏറെകുറേ തുല്യത പുലർത്തുന്നുണ്ടെങ്കിലും കോൺക്രീറ്റ് വീടുകളുടെ നിർമ്മാണ ചെലവ് വർദ്ധിച്ചതായി കാണുന്നു. ഇത് ആർഭാടമായ വലിയ വീടുകൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. വയൽ നികത്തി വീടെടുക്കുന്ന അവസ്ഥയും പഞ്ചായത്തിൽ ഉണ്ട്. കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവർത്തനത്തിൽ പഞ്ചായത്തിലെ ജനങ്ങൾ ആശങ്കാകുലരാണ്.

ഭവന നിർമ്മാണ വായ്പകൾ സാധാരണക്കാരന് ലഭിക്കത്തക്കവിധത്തിൽ ഭവന വായ്പാ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടികൾ വേണം. പലിശ നിരക്ക് 12ശതമാനമായി നിജപ്പെടുത്തണം.

പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോടുകൂടി വീട് നിർമ്മിച്ച് നൽകണം.

ഈ പഞ്ചായത്തിൽ മിക്ക കുടുംബങ്ങളും സ്വന്തമായി വീടില്ലാത്തവരാണെന്നിരിക്കെ സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടിന്റെ എണ്ണം മോശപ്പെട്ടതാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

ഭവന നിർമ്മാണ ബോർഡ് വഴി ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം കാരണം കിട്ടിയ ആനുകൂല്യങ്ങൾ കൊണ്ട് വീട് നിർമ്മിക്കാനും പണി പൂർത്തിയാക്കാനും കഴിയാത്ത അവസ്ഥയാണുള്ളത്.

വർദ്ധിച്ച കൂലി നിരക്കും അതിനെ വെല്ലുന്ന സാധന സാമഗ്രികളുടെ വിലക്കയറ്റവും കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും വായ്പകളുമായ ബ്ലോക്കുവഴിയുള്ള എൻ.ആർ.ഇ.പി., ഐ.എ.വൈ., എം.ഡ്ലു.എസ്. എന്നീ പദ്ധതികളുടെ വായ്പാ പരിധിയും രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയുടെ വായ്പാ പരിധിയും വർദ്ധിപ്പിക്കേണ്ടതും വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കേണ്ടതുമാണ്.

റവന്യൂ വകുപ്പു വഴി പ്രകൃതി ക്ഷോഭത്താൽ വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യങ്ങൾ പഞ്ചായത്തിൽ ലഭിക്കുന്നുണ്ടെങ്കിലും വളരെ മോശപ്പെട്ട കണക്കുകളാണ് ഈ പഞ്ചായത്തിലുള്ളത്. പഞ്ചായത്തിലെ കടൽ തീരത്തുള്ള 8 വാർഡുകളിൽ, കൂടുതലായി അനുഭവപ്പെടുന്ന പ്രകൃതി ക്ഷോഭം തടയാനും അതുവഴി വീടിന്റെ സംരക്ഷണം ഉറപ്പുവരുത്താനും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നഷ്ടപ്പെട്ട വീടുകൾ പുനർ നിർമ്മിക്കാനോ നന്നാക്കാനോ ഈ വായ്പയും സഹായവും കൊണ്ട് കഴിയാത്ത അവസ്ഥയാണുള്ളത്.

പാർപ്പിട രംഗത്ത് പുതിയ തീരദേശ സംരക്ഷണ നിയമം സങ്കീർണ്ണമായ പ്രശ്നങ്ങളാണ് പഞ്ചായത്തിൽ സൃഷ്ടിച്ചിരിക്കുന്നത്. ഈ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഇത് ബാധിച്ചിരിക്കയാണ്. പ്രസ്തുത നിയമം മൂലം നിർമ്മാണ പ്രവർത്തനം തടസ്സപ്പെട്ടിരിക്കുന്ന ഈ വാർഡുകളിൽ ചെറിയ ചെറിയ കുടിലുകൾ കെട്ടുന്നതും തടയുമോ എന്ന ആശങ്ക ജനങ്ങളിൽ ഉണ്ട്.

പാർപ്പിട രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്തുതലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. എഞ്ചിനീയർ മുതൽ തൊഴിലാളികളെ വരെ സംഘത്തിലൂടെ സപ്ലൈ ചെയ്യുക.
2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടുക. (സിമന്റ്, കമ്പി) മുതലായവ.
3. നിർമ്മാണ ചെലവ് 2 ലക്ഷം രൂപക്ക് മുകളിൽ വരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക.
4. സർക്കാർ ലഭ്യമാക്കുന്ന വായ്പകളെ സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.
5. അപേക്ഷകൾ ഗ്രാമ പഞ്ചായത്ത് വഴി വിതരണം ചെയ്യുക.
6. സ്റ്റോറേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.
7. ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.
8. സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.
9. ഐ.എ.വൈ., എം.വി.എസ്., ജെ.ആർ.വൈ. ആർ.എൽ.ഇ.ജി.പി. എന്നിവയിൽ നിന്ന് 30,000 രൂപയായി ഉയർത്തുക.
10. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി 26,400രൂപയിൽ നിന്ന് 50,000രൂപയായി ഉയർത്തുക.
11. പ്രകൃതി ക്ഷോഭ പുനരധിവാസ പദ്ധതി 15,000രൂപയിൽ നിന്ന് 25,000രൂപയായി ഉയർത്തുക.

നമ്മുടെ ലക്ഷ്യം പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായില്ലെങ്കിലും പരമാവധി പരിഹരിക്കലാവട്ടെ. അതിനുള്ള കൂട്ടായ്മക്കായി നമുക്ക് ഒന്നിക്കാം. ഒരുമിക്കാം.

സംസ്കാരം

പഞ്ചായത്തിന്റെ ചരിത്രപരമായ വസ്തുതകൾ ആമുഖത്തിലും, ചരിത്രപശ്ചാത്തലത്തിലും സൂചിപ്പിച്ചിട്ടുണ്ടല്ലോ. പ്രധാന കരയിൽ നിന്ന് വേർപെട്ട് അറബിക്കടലിന്റെ തീരത്ത് സ്വന്തം പരാധീനതകളെല്ലാം ഉള്ളിലൊതുക്കി പരാതികളും പരിദേവനങ്ങളും അധികാരിവർഗ്ഗത്തെ ബോധിപ്പിച്ച് ബോധിപ്പിച്ച് പരിഹാര മാർഗ്ഗങ്ങളോ സഹായങ്ങളോ ലഭിക്കാതെ സ്വന്തം തോടിനകത്ത് ഒതുങ്ങിക്കൂടിയ പഞ്ചയത്തിലെ ജനതയുടെ സാംസ്ക്കാരിക മേഖലയിലേക്ക് കൈ കൊടുത്തുയർത്തിയത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആരംഭവും, അമ്പലങ്ങളും, പള്ളികളും കേന്ദ്രീകരിച്ചുള്ള മതപരമായ ചടങ്ങുകളും അവയോടനുബന്ധിച്ചുവന്ന സാംസ്ക്കാരിക-കലാപ്രവർത്തനങ്ങളുമാണെന്നു പറയാം.

മഹാകവി കുട്ടമത്തിന്റെ ജന്മദേശമായ ചെറുവത്തൂരും, വിദ്വാൻ പി. കേളുനായരുടെ പ്രവർത്തനരംഗമായ നീലേശ്വരം, ചെറുവത്തൂർ, ഉദിനൂർ തുടങ്ങിയ പ്രദേശങ്ങളോടുള്ള സാമീപ്യവും കലാരംഗത്ത് പ്രത്യേകിച്ച് നാടക-കലാരംഗത്ത് പ്രവേശിക്കാൻ പ്രാദേശികർക്ക് അവസരമുണ്ടാക്കിക്കൊടുത്തു. പ്രാദേശികരായ കലാ-സാംസ്ക്കാരിക പ്രവർത്തകരുടെ ആധികാരികമായ ഒരു ചിത്രം ലഭ്യമാകാത്തതിനാൽ അവരെ പേരെടുത്തു പരിചയപ്പെടുത്തിയാലുണ്ടാകാവുന്ന വിഷമതകൾ കാരണം അത് ഒഴിവാക്കിയിരിക്കയാണ്. എന്നാൽ ഇത്തരത്തിലുള്ള ഒരു ലിസ്റ്റ് ശേഖരണം അനിവാര്യമാണ് താനും. ഇനിയും അതാകാമെന്ന പ്രത്യാശയുണ്ട്.

സംസ്ക്കാരമെന്നാൽ സാഹിത്യവും കലയും മാത്രമല്ല, മനുഷ്യരുടെ ധാർമ്മിക വിശ്വാസവും, മൂല്യബോധവും, ആചാരനാചാരങ്ങളും എല്ലാം അതിൽപ്പെടും. സമന്വയമായാലും സംഘർഷമായാലും സമൂഹത്തെ ഘടിപ്പിച്ചു നിർത്തുന്നത് സംസ്ക്കാരത്തിന്റെ കണ്ണികളാണ്. മതത്തിന്റെ പേരിലായാലും, മാനവികതയുടെ പേരിലായാലും മനുഷ്യന്റെ മനസ്സിൽ മാറ്റം വരുത്തി സാംസ്ക്കാരിക പരിവർത്തനത്തിലൂടെ ലോകത്തെ നന്മയിലേക്കും മേന്മയിലേക്കും നയിക്കാനാണ് ലോകോപകാരികളായ നവോത്ഥാന നായകരും, മതപ്രവാചകരും ശ്രമിച്ചുപോന്നിട്ടുള്ളത്.

ഉപഭോഗസംസ്ക്കാരത്തിന്റെ കടമെടുപ്പുകാരായി ഒരു തലമുറയാകെ മാറ്റപ്പെട്ടുകൊണ്ടിരിക്കുന്ന ഭീതിതാവസ്ഥയിൽ ഇന്നലെകളെക്കുറിച്ചുള്ള സാർത്ഥകമായ അന്വേഷണം അനിവാര്യമാകുന്ന. അല്ലെങ്കിൽ തിരിച്ചറിവിന്റെ സംസ്ക്കാരം കാലഘട്ടത്തിന്റെ ആവശ്യകതയാകുന്നു.

ബാഹ്യലോകവുമായി യാതൊരു ബന്ധവുമില്ലാതെ കിടക്കുന്ന വലിയപറമ്പ പഞ്ചായത്ത് തനതായ ഗ്രാമീണ സംസ്ക്കാരത്തിന്റെ വിശുദ്ധി ഇന്നും കാത്തു സൂക്ഷിക്കുന്നു. ഹിന്ദുക്കളും മുസ്ലീംങ്ങളും തിങ്ങിത്താമസിക്കുന്ന ഈ പഞ്ചായത്തിൽ മതപരമായ യാതൊരു അസ്വസ്ഥ്യങ്ങളും ഉണ്ടാകാറില്ലെന്നത് ഇവിടത്തെ ജനങ്ങളുടെ ഐക്യത്തിനും, സഹകരണത്തിനും തെളിവാണ്. പള്ളികളിലെ നേർച്ചകളിലും, അമ്പലങ്ങളിലെ ഉത്സവങ്ങളിലും എല്ലാവരും ജാതി, മതഭേദമന്യേ സഹകരിച്ചു പ്രവർത്തിക്കുന്നു.

തുലാപത്ത് കഴിഞ്ഞാൽ സജീവമാകുന്ന അമ്പലങ്ങളും, മാനവ സ്നേഹത്തിന്റെ ഉൽകൃഷ്ട കേന്ദ്രങ്ങളായ പള്ളികളും ഒരു പ്രദേശത്തിന്റെ ജീവിത നിലവാരത്തെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട് എന്നതിന് തെളിവാണ് നമ്മുടെ പഞ്ചായത്ത്.

അന്ധവിശ്വാസത്തിലധിഷ്ഠിതമായ ആചാരങ്ങൾ, ബാധ നീക്കൽ, കൊതി ഒഴിക്കൽ മുകലായവ ഗ്രാമീണരുടെ ഇടയിൽ ഉണ്ടായിരുന്നു. അനുഷ്ഠാന കലയായ തെയ്യം, നാടൻകലകളായ പൂരക്കളി, ദഫ്മുട്ട്,

കോൽക്കളി, മാപ്പിളപ്പാട്ട് തുടങ്ങിയവ നമ്മുടെ പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്. പൂരക്കളിയിൽ കേരള സംഗീത നാടക അക്കാദമി അവാർഡ് ലഭിച്ച കെ.പി. പൊക്കൻ പണിക്കർ ഇന്നാട്ടുകാരനാണ്.

മനുഷ്യാധ്വാനത്തിലും ജനപങ്കാളിത്തത്തിലും അടിയുറച്ച ഒരു വികസന പ്രക്രിയയിൽ സാംസ്ക്കാരിക മേൽക്കോയ്മയേയും, മലിനീകരണത്തേയും തിരസ്ക്കരിക്കാതെ രക്ഷയില്ല. ജനകീയാസൂത്രണം വേലയും, കൂലിയും, ഭക്ഷണവും, വസ്ത്രവുമുൾപ്പെടെ ഭൗതികനേട്ടങ്ങൾ ഉണ്ടാക്കാൻ മാത്രമുള്ള ഒന്നല്ലെന്നും, നവസംസ്ക്കാരത്തെ പ്രചരിപ്പിക്കാനും, സ്വാംശീകരിക്കാനും ഉള്ളതാണെന്നും മാത്രം മനസ്സിലാക്കിയാൽ പോരാ. ഈ ഭൗതിക നേട്ടങ്ങൾ ഉറപ്പിക്കാനുള്ള മനുഷ്യരുടെ മഹാശക്തി സ്വരൂപിക്കുവാനും, അതിന് ലക്ഷ്യബോധം നൽകാനും നവീന സംസ്ക്കാരവും അതിന്റെ ഘടകമായ നവീന മൂല്യബോധവും അത്യന്താപേക്ഷിതമാണ്.

സാംസ്ക്കാരികമേഖല സമീപകാലത്ത് ക്രമാനുഗതമായ മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുമ്പോൾ അതിന്റെ അനുരണനങ്ങൾ നമ്മുടെ പഞ്ചായത്തിലും പ്രകടമാണ്.

കല

വായനശാലകൾ, കലാസമിതികൾ, ഗ്രന്ഥലയങ്ങൾ, ക്ലബ്ബുകൾ എന്നിങ്ങനെ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. കുറച്ചെങ്കിലും സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട്. പരിമിതികൾക്കിടയിലും പ്രവർത്തനം ഏറ്റെടുക്കുവാൻ തയ്യാറാകുന്നവർ താരതമ്യേന കുറവാണ്. എണ്ണത്തിലധികം വരുന്ന ഈ സ്ഥാപനങ്ങളിലെ ആലസ്യം നീക്കിയുണർന്നാൽ മാത്രമേ നേട്ടങ്ങളുണ്ടാക്കാനാവൂ.

സാമ്പത്തികപരാധീനത തന്നെയാണ് കലാ-സാംസ്ക്കാരിക സ്ഥാപനങ്ങളുടെ മുഖ്യപ്രശ്നം. പഴയ കാലത്ത് സജീവമായിരുന്ന പല സമിതികളും, ഗ്രന്ഥാലയങ്ങളും ഇന്ന് വളരെ പിറകിലാണ്.

സർക്കാർ ധനസഹായം എല്ലാ സമിതികൾക്കും ലഭിക്കുന്നില്ല. കെട്ടിടം നിർമ്മിക്കാൻ സാമ്പത്തികവൈഷമ്യം പ്രശ്നമാകുന്നു.

കോൽക്കളി, ദഫ്മുട്ട് തുടങ്ങിയ നാടൻകലകൾ ഇന്ന് നാമാവശേഷമാകുകയാണ്. ഗ്രാമത്തെ സജീവമാക്കിയ താളവും, പ്രസാദാത്മക ഗീതങ്ങളും ഇന്ന് പുതിയ തലമുറക്കന്യമാകുന്നു. പുതിയ തലമുറക്ക് ഇത് പകർന്നുകൊടുക്കുവാനുള്ള ശ്രമം നടന്നുകാണുന്നില്ല. ഈരംഗത്ത് നാമമാത്രമായ പരിശ്രമം മാത്രമേ കലാസ്വാദകരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളൂ. മുസ്ലീം പള്ളികളിൽ നടന്നുവരാറുള്ള മതപ്രഭാഷണങ്ങൾ പണ്ഡിതോചിതവും ചിന്തോദീപകവുമാണ്.

പഞ്ചായത്തിന്റെ സാംസ്ക്കാരിക നവോത്ഥാന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിൽ ഇന്നാട്ടിലെ കലാസമിതികളും, കായികക്ലബ്ബുകളും, മറ്റ് സന്നദ്ധപ്രസ്ഥാനങ്ങളും വഹിച്ച പങ്ക് വളരെ വലുതായിരുന്നു. ഉൽസവ ദിനങ്ങളിലും, വാർഷികദിനങ്ങളിലും നാടകങ്ങളും, നൃത്തപരിപാടികളും സ്വയം പരിശീലിച്ച് നാട്ടുകാരുടെ മുമ്പിൽ അവതരിപ്പിച്ച് കൊണ്ട് സ്ഥാപനങ്ങളുടെ സജീവത നിലനിർത്തുന്നു.

ആയിരക്കണക്കിന് പുസ്തകങ്ങളുള്ള ഗ്രന്ഥശാലകൾ ഉണ്ടെങ്കിലും ശരാശരി പുസ്തകവായനാനിരക്ക് കുറഞ്ഞുവരികയാണ്. ഗൗരവമേറിയ വായന എന്ന ശീലം തന്നെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ടെലിവിഷൻ പരിപാടികളും ഡിഷ് -കേബിൾ ടി.വി. പരിപാടികളുമാണ് വായനാശീലം കുറഞ്ഞുവരുന്നതിനുള്ള കാരണം. സ്ക്കൂൾ ലൈബ്രറികളുടെ പ്രവർത്തനവും തൃപ്തികരമല്ല.

സർക്കാർ നേരിട്ടു പഞ്ചായത്തു മുഖാന്തിരം നടത്തുന്ന കേരളോത്സവങ്ങൾ സാർത്ഥകമായി നടക്കാത്തതുകൊണ്ട് തന്നെ ഗ്രാമീണ കലാകാരൻമാർക്ക് പ്രോത്സാഹനത്തിനുതകുന്നില്ല.

സ്ക്കൂൾ തലത്തിൽ കലാപരിശീലനം പ്രാഥമികതലം മുതൽ നൽകാനുള്ള സംവിധാനം പരിമിതമാണ്. പാഠ്യേതര പ്രവർത്തനങ്ങൾ ചടങ്ങുതീർക്കലാകുന്നു. സ്ക്കൂൾ യുവജനോത്സവങ്ങൾ അത്കൊണ്ടു തന്നെ നമ്മുടെ പഞ്ചായത്തിൽ താഴ്ന്ന നിലവാരം പുലർത്തുന്നു. വേണ്ടത്ര പരിശീലനവും, ശ്രദ്ധയും കിട്ടിയാൽ ജില്ലാ-സംസ്ഥാന സ്ക്കൂൾ യുവജനോത്സവങ്ങളിൽ നേട്ടങ്ങൾ കൊയ്യാനാകുമെന്ന് ഉറപ്പാണ്. പടന്നക്കടപ്പുറം ഗവ:ഫിഷറീസ് ഹൈസ്ക്കൂളിൽ നിന്ന് സംസ്ഥാന യുവജനോത്സവത്തിൽ സമ്മാനാർഹയായ പി.കെ. സബീന ഇതിനു തെളിവാണ്.

നിർദ്ദേശങ്ങൾ

1. തെയ്യം, കോൽക്കളി, ദഫ്മുട്ട്, മാപ്പിളപ്പാട്ട്, പൂരക്കളി തുടങ്ങിയ പ്രാചീന കലാരൂപങ്ങളെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.
2. കലാസമിതികൾക്കുള്ള ഗ്രാൻറ് പഞ്ചായത്ത് മുഖാന്തിരം നടത്തുക
3. കേരളോത്സവ മത്സരത്തിൽ സാഹിത്യമൽസരങ്ങൾ ഉൾപ്പെടുത്തുകയും, വിജയികൾക്ക് പ്രോത്സാഹനവും ഏർപ്പെടുത്തുക.
4. കലാകായികരംഗത്തെ പരിശീലനത്തിന് ധനസഹായം നല്കുക.
5. സാക്ഷരതാപ്രവർത്തനങ്ങൾ സജീവമാക്കുകയും, ജനവിദ്യാകേന്ദ്രങ്ങൾക്ക് പ്രവർത്തനങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.
6. മികച്ച കലാ സാഹിത്യകാരൻമാർക്ക് പഞ്ചായത്ത് തലത്തിൽ അവാർഡ് ഏർപ്പെടുത്തുക.
7. കലാ–സാംസ്ക്കാരിക സ്ഥാപനങ്ങളുടെയും, ക്ലബ്ബുകളുടെയും കെട്ടിടനിർമ്മാണത്തിന് ധനസഹായം പഞ്ചായത്ത് വഴി നൽകുക.
8. പഞ്ചായത്തിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് അവാർഡ് നല്കുക.
9. വായനശാല, ഗ്രന്ഥശാല എന്നിവ ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കുക.
10. എല്ലാ വായനശാലകൾക്കും പത്രമാസികകൾ പഞ്ചായത്ത് നൽകുക.
11. ആരാധനാലയങ്ങൾക്ക് സൗജന്യമായി വൈദ്യുതി നല്കുക.
12. കന്നുവീട് കടപ്പുറം ബാലവാടി വൈദ്യുതീകരിക്കുകയും ഒരു ടി.വി. സെറ്റ് അനുവദിക്കുകയും ചെയ്യുക.
13. ഇടയിലക്കാട്ടിൽ സാംസ്ക്കാരികകേന്ദ്രം സ്ഥാപിക്കണം.
14. വലിയപറമ്പിൽ സാംസ്ക്കാരികനിലയവും, പഞ്ചായത്ത് ലൈബ്രറിയും സ്ഥാപിക്കുക.
15. പടന്നക്കടപ്പുറം, പന്ത്രണ്ടിൽ എന്നിവിടങ്ങളിൽ ലൈബ്രറി പൊതു കളി സ്ഥലം എന്നിവ നിർമ്മിക്കമം.
16. അവധി കാലങ്ങളിൽ കലാസാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികളുടെ ഒത്തുചേരലിന് അവസരമുണ്ടാക്കുക.
17. സ്ക്കൂൾ തലത്തിൽ നടത്തുന്ന പാഠ്യേതര പ്രവർത്തനങ്ങളിൽ പ്രാദേശിക സാംസ്ക്കാരിക, സന്നദ്ധ സംഘടനകളുടെ സഹകരണം ഉറപ്പു വരുത്തുക.
18. മദ്യപാനം, പുകവലി, മയക്കുമരുന്ന്, അന്ധവിശ്വാസം, അനാചാരം എന്നിവയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സാമൂഹ്യസ്ഥാപനങ്ങളുടെ സഹായത്തോടെ പ്രവർത്തനം ആവിഷ്ക്കരിക്കണം.

കായികരംഗം

കൃഷിയുമായി ബന്ധപ്പെട്ട് കായികാധ്വാനത്തിലെ വിദഗ്ധർ ഏറെയുള്ള പഞ്ചായത്തിൽ കായികരംഗം പൊതുവേ ശുഷ്ക്കമാണ്. കവുങ്ങ് കയറ്റം, തെങ്ങ് കയറ്റം, ഓല മെടയൽ തുടങ്ങിയതൊഴിലുകളിൽ അസൂയാവഹമായ പാടവമുള്ളവർ ഏറെയുണ്ടെങ്കിലും ഇവയൊന്നും കായികമേഖലയുടെ നിർവ്വചനത്തിൽപ്പെടുന്നില്ല. ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ, കബഡി എന്നിവയാണ് കാര്യമായി പ്രചാരത്തിലുള്ളത്. മാവിലാക്കടപ്പുറം, വലിയപറമ്പ, ഇടയിലെക്കാട്, തൃക്കരിപ്പൂർ കടപ്പുറം, പന്ത്രണ്ടിൽ തുടങ്ങിയ പ്രദേശങ്ങളിലായി ഫുട്ബോൾ രംഗത്ത് ഏറെ ശ്രദ്ധിക്കപ്പെട്ട ടീമുകളുണ്ട്. തിരുവനന്തപുരം ടൈറ്റാനിയം താരം എം.ടി. അശ്റഫ് (മാവിലാക്കടപ്പുറം ഗ്രീൻ ചാലഞ്ചേഴ്സ് ക്ലബ്) കാസർകോട് ജില്ലാ ജൂനിയർ ഫുട്ബോൾ ടീം വൈ:ക്യാപ്റ്റൻ കെ.കെ. സൈനുദ്ദീൻ (വലിയപറമ്പ് ന്യൂവൈറ്റ് സ്റ്റാർ സ്പോർട്സ് ക്ലബ്) സംസ്ഥാന കേരളോത്സവത്തിൽ പങ്കെടുത്ത് വിജയിച്ച എം. ജയൻ, കെ.പി. പത്മിനി (ഇടയിലെക്കാട്) എന്നിവരും ഈ പഞ്ചായത്തിന്റെ അഭിമാനങ്ങളാണ്. കൂടാതെ സംസ്ഥാനതല വനിതാ കബഡി ടീമിലേക്ക് നിരവധി താരങ്ങളെ സംഭാവന ചെയ്ത ഇടയിലെക്കാട് റെഡ്സ്റ്റാർ സ്പോർട്സ് ക്ലബും ഇക്കാര്യത്തിൽ അഭിനന്ദനമർഹിക്കുന്നു.

ഇതൊക്കെ സൂചിപ്പിക്കുമ്പോൾ തന്നെ ഈ പഞ്ചായത്തിൽ എവിടെയും എല്ലാവിധ സൗകര്യങ്ങളോടുകൂടിയ ഒരു കളിക്കളമില്ലെന്നത് ഒരു ദു:ഖകരമായ വസ്തുതയാണ്.

പ്രശ്നങ്ങൾ

1. ഇടയിലെക്കാട്, കന്നുവീട്, വലിയപറമ്പ്, മാവിലാക്കടപ്പുറം, തൃക്കരിപ്പൂർ കടപ്പുറം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തുകയും, പോരായ്മകൾ പരിഹരിക്കുകയും ചെയ്യാനുള്ള സംവിധാനമില്ല.
2. പഞ്ചായത്തിലെ ബാലവാടികൾ,നേഴ്സറികൾ എന്നിവയുടെ നടത്തിപ്പിന് പ്രയാസങ്ങൾ നേരിടുന്നു.
3. ഇടയിലെക്കാട് മൈതാനി മഴക്കാലത്ത് വെള്ളം കെട്ടിക്കിടന്ന് ഉപയോഗ ശൂന്യമാകുന്നു.
4. പഞ്ചായത്തിലെവിടെയും പൊതുകളിസ്ഥലങ്ങൾ ഇല്ല.
5. വായനശാലകളും ഗ്രന്ഥാലയങ്ങളും വേണ്ടത്ര പ്രയോജനപ്പെടുന്നില്ല
6. പ്രാചീനങ്ങളായ പല കലാ-കായികരൂപങ്ങളും മൺമറയുകയാണ്.
7. കലാ-സാഹിത്യ-കായിക അഭിരുചിയുള്ള വിദ്യാർത്ഥികളുണ്ടെങ്കിലും – അവരെ വളർത്തിക്കൊണ്ടുവരാനുള്ള സാഹചര്യങ്ങളോ, സംവിധാനങ്ങളോ നിലവിലില്ല.
8. ആകെയുള്ള ഒരു ഹൈസ്ക്കൂളിന്നുപോലും സ്വന്തമായി ഒരു കളിസ്ഥലമില്ല.
9. സ്ക്കൂളുകളിൽ ലൈബ്രറികൾ, റീഡിംഗ് റൂമുകൾ എന്നിവ നിലവിലില്ല.
10. ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള സന്മാർഗ്ഗസീമകൾ അതിക്രമിക്കുന്ന പ്രദർശനങ്ങൾ, അശ്ലീല സിനിമകളുടെ അതിപ്രസരം, തുടങ്ങിയവ വളരുന്ന തലമുറകളെ വഴിതെറ്റിക്കുന്നു.
11. സമൂഹം തിരസ്ക്കരിച്ച അനാചാരങ്ങളും അന്ധവിശ്വാസങ്ങളും തിരിച്ചുവരുന്നു.
12. വർദ്ധിച്ചുവരുന്ന വിവാഹ ആർഭാടങ്ങൾ, സ്ത്രീധന സമ്പ്രദായം എന്നിവ സാംസ്ക്കാരികരംഗം മലീമസമാക്കുന്നു.
13. കായിക വിനോദ സൗകര്യങ്ങളുടെ അപര്യാപ്തതകൾ കാരണം യുവതലമുറ ശീട്ടുകളിപോലുള്ള ദുഷിച്ച പ്രവണതകൾക്കടിമകളാകുന്നു.
14. ആധുനിക വാണിജ്യ സിനിമകളുടെ അതിപ്രസരവും, അശ്ലീല പോസ്റ്ററുകളുടെ ആധിക്യവും സ്ത്രീകളോടുള്ള സാംസ്ക്കാരികമായ സമീപനത്തിന്നും അധ:പതനമുണ്ടാക്കിയിരിക്കുന്നു.
15. വർദ്ധിച്ചുവരുന്ന ഫൈനാർസ്റ്റ് സൊസൈറ്റികളുടെ പ്രവർത്തനങ്ങൾക്ക് വിനോദനികുതികൾ പോലുള്ള നിയമങ്ങൾ കർശനമാക്കാത്തതിനാൽ അവ കൂണുകൾ പോലെ മുളച്ചുയരുകയും നാടൻ കലാകായിക സംഘടനകൾ അധ:പതിക്കുകയും ചെയ്യുന്ന പ്രവണതയുണ്ട്.
16. കലാ-കായിക പ്രവർത്തനത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിൽ ജനകീയ പ്രസ്ഥാനങ്ങൾ കുറ്റകരമായ അനാസ്ഥ പുലർത്തുന്നു.
17. പഞ്ചായത്ത് ലൈബ്രറിയോ, റീഡിംഗ് റൂമോ നിലവിലില്ലാത്തതിനാൽ വിഷമതകൾ ഉണ്ട്.
18. വള്ളം കളി, നീന്തൽ തുടങ്ങിയവ പരിശീലിപ്പിക്കുവാൻ ഭൗതിക സാഹചര്യം ഉണ്ടെങ്കിലും അവ പ്രയോജനപ്പെടുത്തുന്നില്ല.
19. കലാ-കായിക സംഘടനകൾക്ക് വിവിധ ഏജൻസികൾ വഴി നൽകുന്ന സഹായധനങ്ങളും, അക്കാദമിക് സഹായങ്ങളും കൃത്യമായി ലഭ്യമാക്കുകയോ, അത്തരം വിവരശേഖരണ കേന്ദ്രമോ ഇല്ലാത്തത് പ്രധാന പോരായ്മയാണ്.

സാധ്യതകൾ

1. സ്ക്കൂൾ തലത്തിൽ ശാസ്ത്രീയമായ പരിശോധനകളിലൂടെ കലാകായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ സംവിധാനമുണ്ടാക്കുക.
2. പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന കേന്ദ്ര കലാ-കായിക സമിതിയുടെ നേതൃത്വത്തിൽ കലാ-കായിക മേളകൾ സംഘടിപ്പിക്കുക.
3. അവധിക്കാല കോച്ചിംഗ് ക്യാമ്പുകൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ നടത്തുക.

4. കലാ-കായിക സംഘടനകൾക്ക് പഞ്ചായത്ത് പ്രവർത്തന മൂലധനം നൽകുക.
5. വിദ്യാലയങ്ങളിലെ കായികാധ്യാപനം കുറ്റമറ്റതും കാര്യക്ഷമമായതും ആണെന്നുറപ്പു വരുത്തുക.
6. പടന്നക്കടപ്പുറം ഹൈസ്ക്കൂൾ കേന്ദ്രമാക്കി മിനിസ്റ്റേഡിയം, ഓപ്പൺ എയർ തിയേറ്റർ എന്നിവ നിർമ്മിക്കുക.
7. പഞ്ചായത്തിൽ 2 വാർഡുകൾക്ക് 1 എന്ന തോതിൽ മേഖലാടിസ്ഥാനത്തിൽ പൊതുകളിസ്ഥലങ്ങൾ നിർമ്മിക്കുക.
8. പഞ്ചായത്തിലെ മൺമറഞ്ഞുപോയ കലാസാംസ്ക്കാരിക-വിദ്യാഭ്യാസ പ്രവർത്തകർക്ക് സ്മാരകങ്ങൾ നിർമ്മിക്കുക.
9. ഇടയിലെക്കാട്ടിൽ നിലവിലുള്ള കളിസ്ഥലം മെച്ചപ്പെടുത്തി മിനിസ്റ്റേഡിയമാക്കുക.
10. പഞ്ചായത്ത് തലത്തിൽ കലാകായിക സംഘടനകളുടെ സമഗ്രമായ സർവ്വേ നിയതമായ ചോദ്യാവലികളിലൂടെ നടത്തി നിർജ്ജീവമായവയെ തള്ളിക്കൊണ്ട് അർഹമായവയെ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.
11. പഞ്ചായത്തിൽ ഒരു കേന്ദ്ര കലാ-കായിക സമിതി രൂപീകരിച്ച് ജനപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പ്രവർത്തനം നീക്കുക.
12. പഞ്ചായത്തിലെ കലാ-കായിക സംഘടനകളെ പ്രവർത്തനക്ഷമമാക്കാൻ ഒരു പഞ്ചായത്തിലെ കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുക.
13. മെച്ചപ്പെട്ടതും വിദ്യാഭ്യാസ-സാംസ്ക്കാരിക മൂല്യങ്ങൾ ഉള്ളതുമായ സിനിമാപ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിന് വാർഡുതല വീഡിയോ ക്ലബ്ബുകൾ രൂപീകരിക്കുക.
14. അനാചാരങ്ങൾ, ആൾദൈവ സംസ്ക്കാരങ്ങൾ എന്നിവ സാംസ്ക്കാരിക ജീർണ്ണതക്കു കാരണമാകുന്നതിനാൽ അവയെ തിരസ്ക്കരിക്കാനുള്ള ബോധവൽക്കരണങ്ങൾ നടത്തുക.

ഗ്രന്ഥാലയങ്ങളുടെ വിവരങ്ങൾ

1. നവോദയ വായനശാല ആൻറ് ഗ്രന്ഥാലയം ഇടയെലെക്കാട്
2. സഹൃദയ ഗ്രന്ഥാലയം, വലിയപറമ്പ
3. നവധാര ഗ്രന്ഥാലയം, പടന്നക്കടപ്പുറം
4. മൻബഹൂൽ ഉലൂം ലൈബ്രറി, പന്ത്രണ്ടിൽ
5. വേലുമരക്കാർ സ്മാരക വായനശാല ആൻറ് ഗ്രന്ഥാലയം, തൃക്കരിപ്പൂർ കടപ്പുറം
6. തൃക്കരിപ്പൂർ കടപ്പുറം ഗ്രന്ഥാലയം, തൃക്കരിപ്പൂർ കടപ്പുറം
7. കന്നുവീട് കടപ്പുറം വായനശാല ആൻറ് ഗ്രന്ഥാലയം
8. അഹമ്മദ് കുരിക്കൾ മെമ്മോറിയൽ വായനശാല ആൻറ് ഗ്രന്ഥാലയം, വലിയപറമ്പ
9. സബീലുറഷാദ് ലൈബ്രറി, വലിയപറമ്പ
10. മാടക്കാൽ വായനശാല ആൻറ് ഗ്രന്ഥാലയം, മാടക്കാൽ
11. സെൻട്രൽ വായനശാല ആൻറ് ഗ്രന്ഥാലയം, മാവിലാക്കടപ്പുറം

കലാ-സാംസ്ക്കാരിക സ്പോർട്സ് സ്ഥാപനങ്ങൾ

1. എ.കെ.ജി. സ്മാരക കലാസമിതി ഇടയിലെക്കാട്
2. റെഡ്സ്റ്റാർ സ്പോർട്സ് ക്ലബ്ബ്, ഇടയിലെക്കാട്
3. കെ.ജി.എം സ്പോർട്സ് ക്ലബ്ബ്, വലിയപറമ്പ
4. സൂപ്പർസ്റ്റാർ സ്പോർട്സ് ക്ലബ്ബ്, പന്ത്രണ്ടിൽ
5. സൂപ്പർസോക്കർ സ്പോർട്സ് ക്ലബ്ബ്, പന്ത്രണ്ടിൽ
6. യുവചേതന സ്പോർട്സ് ആൻറ് ആർട്സ് ക്ലബ്ബ്, ബീച്ചാരക്കടവ്
7. അൽബദർ ചാരിറ്റബിൾ സൊസൈറ്റി, പന്ത്രണ്ടിൽ
8. റെഡ്ഫോഴ്സ് ക്ലബ്ബ് ഇടയിലെക്കാട്

9. പ്രിയദർശിനി സ്പോർട്സ് ക്ലബ്ബ്, ഇടയിലെക്കാട്
10. ഭഗത്സിംഗ് സ്പോർട്സ് ക്ലബ്ബ്, ഇടയിലെക്കാട്
11. ആശാൻസ്മാരക കലാസമിതി, പടന്നക്കടപ്പുറം
12. സാംസ്ക്കാരിക കലാസമിതി, പടന്നക്കടപ്പുറം
13. റെഡ്സ്റ്റാർ സ്പോർട്സ് ക്ലബ്ബ്, പടന്നക്കടപ്പുറം
14. അൽഅമീൻ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, പടന്നക്കടപ്പുറം
15. കെ.ജി.എം സ്പോർട്സ് ക്ലബ്ബ്, വലിയപറമ്പ .
16. ജി.കെ.എം. സ്പോർട്സ് ക്ലബ്ബ് വലിയപറമ്പ്
17. വലിയപറമ്പ മഹിളാസമാജം
18. പടന്നക്കടപ്പുറം മഹിളാസമാജം
19. ജോളിഫ്രൻറ്സ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, പടന്നക്കടപ്പുറം
20. ന്യൂവൈറ്റ് സ്റ്റാർ സ്പോർട്സ് ക്ലബ്ബ്, വലിയപറമ്പ
21. റെഡ്സ്റ്റാർ സ്പോർട്സ് ക്ലബ്ബ്, വലിയപറമ്പ
22. ചങ്ങമ്പുഴ സ്മാരക കലാസമിതി, പട്ടേൽ കടപ്പുറം
23. വലിയപറമ്പ പ്രതികരണവേദി
24. വലിയപറമ്പ സ്പോർട്സ് ക്ലബ്ബ്
25. നാഗേശ്വരി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്
26. സത്യൻസ്മാരക കലാസമിതി, തൃക്കരിപ്പൂർ കടപ്പുറം
27. നവോദയ സ്പോർട്സ് ക്ലബ്ബ് തൃക്കരിപ്പൂർ കടപ്പുറം
28. വേലുമരക്കാർ സ്മാരക കലാസമിതി, തൃക്കരിപ്പൂർ കടപ്പുറം
29. യുവജനസ്പോർട്സ് ക്ലബ്ബ്, തൃക്കരിപ്പൂർ കടപ്പുറം
30. എ.കെ.ജി സ്മാരക കലാസമിതി, തൃക്കരിപ്പൂർ കടപ്പുറം
31. സെൻട്രൽ സ്പോർട്സ് ക്ലബ്ബ്, തൃക്കരിപ്പൂർ കടപ്പുറം
32. കന്നുവീട് കടപ്പുറം മഹിളാസമാജം
33. വൈക്കം മുഹമ്മദ് ബഷീർ സ്മാരക കലാസമിതി, തൃക്കരിപ്പൂർ കടപ്പുറം
34. ഫ്രണ്ട്സ് സ്പോർട്സ് ക്ലബ്ബ്, തൃക്കരിപ്പൂർ കടപ്പുറം
35. റെഡ്സ്റ്റാർ സ്പോർട്സ്ക്ലബ്ബ്, തൃക്കരിപ്പൂർ കടപ്പുറം.
36. റെഡ്സ്റ്റാർ സ്പോർട്സ് ക്ലബ്ബ് പന്ത്രണ്ടിൽ
37. പ്രിയദർശിനി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, മാവിലാക്കടപ്പുറം
38. ഗ്രീൻ ചാലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്ബ്, മാവിലാക്കടപ്പുറം
39. സെൻട്രൽ സ്പോർട്സ് ക്ലബ്ബ്, മാവിലാക്കടപ്പുറം
40. എ.ബി. മാസ്റ്റർ സ്മാരക കലാസമിതി, മാടക്കാൽ
41. സത്യൻ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, തൃക്കരിപ്പൂർ കടപ്പുറം
42. സി.എച്ച്, മെമ്മോറിയൽ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, മാവിലാക്കടപ്പുറം

വനിതാ ക്ഷേമം

വനിതാ വിമോചനപ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾ ഇതൊന്നുമറിയാതെ ഗ്രാമങ്ങളിൽ ഒതുങ്ങിക്കൂടുകയാണ്. നമ്മുടെ വലിയപറമ്പ പഞ്ചായത്തിലും ഈ പ്രവണത സജീവമായിത്തന്നെ നില നിൽക്കുന്നു എന്നത് ഒരു സത്യം മാത്രമാണ്.

പഞ്ചായത്ത് വികസന പ്രക്രിയയിലെ പ്രധാന ദൗർബല്യങ്ങളിൽ ഒന്നാണ് വനിതകൾ അവഗണിക്കപ്പെടുന്നു എന്നത്. ഇതിനു കാരണങ്ങൾ പലതാകാം. വിദ്യാഭ്യാസക്കുറവ്, മതപരവും സാമൂഹികവും ആയ കാരണങ്ങൾ, പ്രദേശികമായ ചുറ്റുപാടുകൾ എന്നിവയൊക്കെ ഇതിനുദാഹരണമായി ചൂണ്ടിക്കാട്ടാമെങ്കിലും ഏറ്റവും പ്രധാന ഘടകം വനിതകൾ പുരോഗമനാശയങ്ങൾ ഉൾകൊള്ളാനും പ്രാവർത്തികമാക്കാനും മുന്നോട്ടു വരുന്നില്ല എന്നതു തന്നെയാണ്. ഒമ്പതാം പദ്ധതി പ്രധാനമായും ലക്ഷ്യമാക്കുന്ന ഇനങ്ങളിൽ ഒന്ന് ഈ പോരായ്മ നികത്തുക എന്നതാണ്.

തുളുനാടൻ കളരിയിൽ അരയിൽ കച്ചമുറുക്കി പടക്കളത്തിൽ മിന്നൽപ്പിണർപോലെ പറന്നുവീണ ഉണ്ണിയാർച്ചയുടെയും മതിലേരി കന്നിയുടെയും ചരിത്രം തങ്കലിപികളിൽ എഴുതിച്ചേർത്ത അധ്യായങ്ങൾ സ്ത്രീകൾ മറന്നുവോ, സ്ത്രീ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടു എന്ന് മനു പറഞ്ഞപ്പോഴും ഒറക്കെട്ടായി സ്വാതന്ത്ര്യസമരത്തിലും നവോത്ഥാനകാലത്ത് കൈ, മെയ്യ്, മറന്ന നമ്മുടെ മഹതികളായ വനിതകളെ നമുക്കു സ്മരിക്കാം.

അടുക്കളയിലെ തീയും പുകയും കൊണ്ട് ജീവിതം ഹോമിക്കപ്പെടുന്ന സ്ത്രീ അബലകളെന്നും ചപലകളെന്നും വിളിച്ച് സർഗശക്തിയെ വിലങ്ങിട്ടു തളച്ച സ്ത്രീ അവൾ ഒരു കുടുംബത്തിന്റെ അടിത്തറയാണ്.

സ്ത്രീ അവൾ അമ്മയായും, സഹോദരിയായും, ഭാര്യയായും സർവ്വോപരി ശാന്തിയുടെയും സമാധാനത്തിന്റെയും സ്രോതസ്സെന്നുമൊക്കെ ഉൽഘോഷിക്കുമ്പോൾ സമൂഹം തന്നെ അവളെ അടിമയെപ്പോലെ വിഴുപ്പലക്കാൻ വിധിക്കപ്പെട്ടവളായി ഒരു ചോദ്യചിഹ്നംപോലെ തലയുയർത്തി നില്ക്കുന്നു.

സ്വാതന്ത്രലബ്ധിക്കുശേഷം വലിയപറമ്പ് പഞ്ചായത്തിന്റെ പലഭാഗത്തും ജന്മികുടിയാൻ മുതലാളി തൊഴിലാളി കിടമൽസരങ്ങൾ നടക്കുകയുണ്ടായി. 1970-ൽ വലിയപറമ്പ് കേന്ദ്രമാക്കി സ്ത്രീ തൊഴിലാളികൾ വേതന പരിഷ്ക്കരണത്തിനും ജോലി സമയക്ലിപ്തതക്കും വേണ്ടി സമരം നടത്തുകയുണ്ടായി. ദിവസങ്ങളോളം നീണ്ടുനിൽക്കുകയും പല വീടുകളിലും പട്ടിണികൊണ്ട് പൊറിതി മുട്ടുകയും ചെയ്തു. ഈ സാഹചര്യത്തിൽ നാനാതുറകളിലുമുള്ള തൊഴിലാളികൾ സംഘടിച്ചതിന്റെ ഫലമായി ചർച്ചയിലൂടെ സ്ത്രീ തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കുകയും ചെയ്തു. ഈ സംഭവം ചരിത്രത്താളുകളിൽ സ്ഥാനം പിടിക്കേണ്ടതായിരുന്നു.

നമ്മുടെ പഞ്ചായത്ത് മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് യാത്രാക്ലേശവും അവശ്യസാധനങ്ങളെല്ലാം വാഹനങ്ങളേയും കടത്തുതോണികളേയും ആശ്രയിച്ച് കൊണ്ടു വരേണ്ടതിനാൽ നിത്യോപയോഗസാധനങ്ങളുടെ വിലയിൽ കൂടുതലായി ഈടാക്കുന്നു. കൂട്ടുകുടുംബമായി കഴിഞ്ഞിരുന്നവർ പുത്തൻ തലമുറയിൽ ഗൃഹനാഥസ്ഥാനം വഹിക്കേണ്ടിവരുമ്പോൾ ജോലി ചെയ്യാൻ അലസതയും മടിയും കാണിച്ചിരുന്നു. ഇതു കാരണം വനിതകൾക്ക് വീട്ടുഭാരം പൊതുവേ കൂടുതലാണെന്നു പറയാം.

1991-ലെ സെൻസസ് പ്രകാരം 1873 കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്.16.14 ചതുരശ്ര കിലോമീറ്റർ ചുറ്റളവുള്ള ഈ പഞ്ചായത്തിൽ 14766 ജനസംഖ്യയുണ്ട്. മൊത്തം ജനസംഖ്യയിൽ സ്ത്രീകളാണ്

അധികവും.

ഇവരുടെ തൊഴിൽ മേഖല എടുത്തു പരിശോധിച്ചാൽ പുരുഷതൊഴിലാളികൾ 2221 പേർ വരുമ്പോൾ സ്ത്രീ തൊഴിലാളികൾ 1178 മാത്രമാണ്.

തൊഴിൽ മേഖല സ്ത്രീപുരുഷ വ്യത്യാസം

തൊഴിൽമേഖല	സ്ത്രീകളുടെ എണ്ണം	പുരുഷന്മാരുടെ എണ്ണം
കൃഷി	112	354
കർഷകതൊഴിലാളികൾ	1021	1239
മൃഗസംരക്ഷണം	36	109
ചെറുകിട വ്യവസായം	–	3
കെട്ടിട നിർമ്മാണം	27	169
ഗതാഗതം	–	13
വാർത്താവിനിമയം	–	19
വ്യാപാരം	2	315
ആകെ	1178	2221

പഞ്ചായത്തിൽ വിവിധ പെൻഷൻ ലഭിക്കുന്നവരുടെ പട്ടിക

സ്വഭാവം	എണ്ണം
വിധവാ പെൻഷൻ	112
കർഷക തൊഴിലാളി പെൻഷൻ	287

പഞ്ചായത്തിൽ വനിതകൾ സ്വയം തൊഴിൽ പദ്ധതിയിൽ അംഗങ്ങളാകുകയോ അത് വേണ്ടവിധം പ്രയോജനപ്പെടുത്തുകയോ ചെയ്യുന്നില്ല. വേണ്ടത്ര അറിവില്ലായ്മയും അതുമായി പന്ധപ്പെടാൻ പ്രയാസമുള്ളത് കൊണ്ടുമാണ് ഇത്തരം പ്രവർത്തനങ്ങൾ പഞ്ചായത്തിൽ മന്ദീഭവിക്കുന്നത്.

സഹകരണമേഖലയിലായാലും പൊതുമേഖലയിലായാലും സ്ത്രീകളുടെ സാന്നാദ്ധ്യം വളരെ കുറവാണ്. തൃക്കരിപ്പൂർ, നടക്കാവ്, ചെറുവത്തൂർ തുടങ്ങിയ ബീഡി കമ്പനികളിൽ സ്ഥിരമായും ഭാരത് ബീഡി തിരക്കുന്നവരും ടൈലറിംഗ് മേഖലയിലും വനിതകൾ അല്പം ശ്രദ്ധിക്കുന്നു. ഇത് യാത്രാസൗകര്യപ്രശ്നം മൂലം സാമ്പത്തികനഷ്ടത്തിന് കാരണമാകുന്നുണ്ട്. അതുകൊണ്ട് നമ്മുടെ പഞ്ചായത്തിലും ഒരു ദിനേശ് ബീഡി കമ്പനിയും ഒരു ഭാരത് ബീഡി ഡിപ്പോയും തുടങ്ങേണ്ടത് അത്യാവശ്യമാണ്.

തൊഴിൽമേഖല	തൊഴിലാളികളുടെ എണ്ണം
ദിനേശ് ബീഡി	24
ഭാരത് ബീഡി	136
ടൈലറിംഗ്, എംബ്രോയിഡറി	13
ആകെ	173

പ്രശ്നങ്ങൾ

രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്. ഇതിനു കാരണം വേതനത്തിലും ജോലിയിൽ വന്ന യന്ത്രവൽക്കരണവുമാണ്. ചകിരി നാരുണ്ടാക്കി കയർ ഉൽപന്നങ്ങൾ നിർമ്മിച്ചവർ ഇന്നതിനു മാർക്കറ്റില്ലാതെ അത്തരം ജോലികൾ നിർത്തിയിരിക്കയാണ്. കക്കവാരി ജീവിച്ചിരുന്നവർ ഇന്ന് നന്നേ കഷ്ടപ്പെടുന്ന പുഴനികത്തി പറമ്പാക്കുമ്പോൾ ഇതിന്റെ വംശനാശത്തെ നേരിടുന്നതാണ് പ്രധാന പ്രശ്നങ്ങൾ

തുല്യജോലിക്ക് തുല്യവേതനം എന്ന മുദ്രാവാക്യത്തിന് യാതൊരു പ്രസക്തിയും ഇന്നില്ലെന്ന് ചുവടെ ചേർത്ത പട്ടികയിൽ നിന്നും വ്യക്തമാവും.

തൊഴിൽമേഖല

	സ്ത്രീ	പുരുഷനൂർ
കർഷകതൊഴിലാളി	25	50
നിർമ്മാണതൊഴിലാളി	50	100–150
കയർ തൊഴിലാളി	25–35	50–75

പണ്ടുകാലത്ത് സ്ത്രീ വിദ്യാഭ്യാസത്തിന് വേണ്ട രീതിയിലുള്ള പ്രാധാന്യം കൽപ്പിച്ചിരുന്നില്ല അതിനു പ്രധാന കാരണം സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങൾ അവരുടെ ഉപജീവനത്തിനായി ജോലിക്കുപോകുമ്പോൾ പെൺകുട്ടികളെ വീട്ടുവേലക്കും ചെറിയ കുട്ടികളെ സംരക്ഷിക്കുവാനുള്ള ചുമതലയും ഏൽപ്പിച്ചിരുന്നത് കൊണ്ടാണ്.

നമ്മുടെ പഞ്ചായത്തിൽ മുൻകാലത്ത് സ്ക്കൂളുകൾ പരിമിതമായിരുന്നു. ഉപരിപഠനത്തിനായി വളരെ ദൂരം തോണിയാത്രയും കഴിഞ്ഞ് ജനവാസമില്ലാത്ത വഴികളിലൂടെയും യാത്രചെയ്യേണ്ടിവരുന്നതിനാലും രക്ഷിതാക്കൾ മടികാണിച്ചിരുന്നതിൽ കുറ്റം പറയാനില്ല.

ക്രമേണ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ കുറിച്ച് സ്ത്രീകൾ ബോധവാന്മാരായി. സമൂഹത്തിൽ അവൾ വഹിക്കേണ്ട പങ്കിനെക്കുറിച്ചും അവൾ മനസ്സിലാക്കിത്തുടങ്ങി. സ്ത്രീ പങ്കാളിത്തം സാക്ഷരതാ ക്ലാസ്സുകളിൽ സജീവമായിരുന്നു. അതുകൊണ്ടു തന്നെ നമ്മുടെ പഞ്ചായത്തിൽ സ്ത്രീ സക്ഷരതാ നിരക്ക് 95% വരെ എത്തിക്കാൻ കഴിഞ്ഞത് വൻനേട്ടമാണ്.

നിലവിലുള്ള വിദ്യാലയങ്ങളിലെ കണക്കെടുത്തുപരിശോധിച്ചാൽ പെൺകുട്ടികളാണ് മുന്നിലെന്നു കാണാം. ഇങ്ങനെയാണെങ്കിൽപോലും ഉന്നത വിദ്യാഭ്യാസരംഗത്ത് പെൺകുട്ടികളുടെ എണ്ണം തുലോം കുറവാണ്.

പഞ്ചായത്തിലെ മൊത്തം കുടുംബങ്ങളുടെ സ്ഥിതിവിവരം നോക്കുമ്പോൾ 6% സ്ത്രീകൾ ഭരണം ഏറ്റെടുത്ത് നടത്തുന്ന കുടുംബങ്ങളാണ്. സമഗ്രമാതൃശിശുസംരക്ഷണ പരിപാടിയുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ രണ്ട് ബാലവാടിയുണ്ട്.

വനിതകളുടെ സാംസ്ക്കാരിക നിലവാരം ഉയർത്തുന്നതിന് പഞ്ചായത്തിൽ ക്ലബ്ബുകളും വായനശാലകളും ഉണ്ടെങ്കിലും അവ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല.

സ്ത്രീകളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് കുടുംബപരമായ പരാധീനതമൂലവും ജോലിഭാരക്കൂടുതൽകൊണ്ടും സാധിക്കുന്നില്ല.

ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും ആവശ്യമായ ഉപദേശനിർദ്ദേശങ്ങൾ ആരോഗ്യവകുപ്പിൽ നിന്നും ലഭിക്കുവാൻ സ്ത്രീകൾ മുൻകൈ എടുത്തുപ്രവർത്തിക്കുന്നില്ല. ആരോഗ്യകേന്ദ്രത്തിലെ കണക്കുകൾ വ്യക്തമാക്കുന്നത് ഈ പ്രദേശത്ത് സ്ത്രീകളുടെ ആരോഗ്യനില പുരുഷനൂരെ അപേക്ഷിച്ച് മെച്ചപ്പെട്ടതാണ് എന്നാണ്.

മഹിളാസമാജം ഇടയിലക്കാട്, നവധാരാ മഹിളാസമാജം പടന്നക്കടപ്പുറം, വലിയപറമ്പ മഹിളാസമാജം കന്നുവീട് കടപ്പുറം എന്നി വ പേരിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. എന്നിരുന്നാലും കായികപരമായ മത്സരങ്ങളിൽ അവർ തിളങ്ങിയിട്ടുണ്ട്. വലിയപറമ്പിലെ **K.G.M** സ്പോർട്ട്സ് ക്ലബ്ബിന്റെ വനിതാ വിഭാഗം ജില്ലാതല വള്ളം കളി മത്സരത്തിൽ പങ്കെടുത്ത് വിവിധയിനങ്ങളിൽ ഒന്നാം സ്ഥാനംനേടിയത് ശ്രദ്ധേയമാണ്. പഞ്ചായത്തിലെ മറ്റ് പ്രദേശത്തെയും വനിതകൾ ഈ ജില്ലാ മൽസരത്തിൽ പങ്കെടുത്ത് സമ്മാനങ്ങൾ നേടിയിട്ടുണ്ട്.

പിഞ്ചു കുട്ടികളുടെ വിദ്യാഭ്യാസത്തിനാവശ്യമായ പരിപാടികൾ നമ്മുടെ പഞ്ചായത്തിൽ വിരളമാണ്.

സ്വകാര്യബീഡിമേഖലയിൽ മുഴുവൻ ദിവസവും ജോലി ലഭിക്കുന്നില്ല, സ്ത്രീകൾ ഏറ്റെടുത്ത് നടത്തുന്ന **DWCRA** യൂനിറ്റു തുടങ്ങാൻ വനിതകൾ മുന്നോട്ടുവരുന്നില്ല. ഇതിനു കാരണം വായ്പയെടുക്കുന്നതിനുള്ള ആശങ്ക, കൂട്ടായ്മയിലുള്ള അപാകത, വിപണനത്തിനുള്ള സാധ്യതക്കുറവ് എന്നിവയാണ്.

സ്ത്രീധനത്തിന്റെ പേരിൽ വിവാഹപ്രായമായിട്ടും ബുദ്ധിമുട്ടനുഭവിക്കുന്ന നിരവധി വനിതകളും ഈ പഞ്ചായത്തിലുണ്ട്.

സാധ്യതകൾ

തൊഴിലാളികളെ സ്വന്തം അവകാശസംരക്ഷണത്തെപ്പറ്റിയും കടമകളെപ്പറ്റിയും ബോധവൽക്കരിക്കുന്നതിനും അന്ധവിശ്വാസങ്ങൾക്കെതിരെ പ്രചരണം നടത്തുന്നതിനും മഹിളാസംഘടനകളും ക്ലബ്ബുകളും സജ്ജമാകേണ്ടത് വളരെ അത്യാവശ്യമാണ്.

മിതവ്യയം ശീലിപ്പിക്കുന്നതിനും സാമ്പാദ്യശീലം വളർത്തുന്നതിനും സ്ത്രീകളെ ബോധവൽക്കരിക്കുക.

സ്ത്രീധനം, അനാവശ്യ ആഡംബരവസ്തുക്കൾ എന്നിവയ്ക്കെതിരെ പ്രചരണം നടത്തി വനിതകളെ ലളിത ജീവിതം നയിക്കാൻ പ്രേരിപ്പിക്കുക.

പോഷകാഹാര വിതരണം മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും എത്രത്തോളം ആവശ്യമാണ് എന്നതിനെക്കുറിച്ച് അറിവ് നൽകുക.

കാർഷികമേഖലയിലെ സ്ത്രീതൊഴിലാളികൾക്കും പുരുഷതൊഴിലാളികൾക്കും തുല്യവേതനം നടപ്പിലാക്കുക.

ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക, പാസ്സായ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുക.

ഹോം നഴ്സിംഗ് പരിശീലനം ലഭ്യമാക്കുക, മഹിളാസമാജത്തിന്റെ കീഴിൽ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ തുടങ്ങുക, ടൈലറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.

കുടിൽ വ്യവസായം തുടങ്ങുക, തേനീച്ച വളർത്താൻ സ്ത്രീകളെ പ്രേരിപ്പിക്കുക, എല്ലാ വാർഡിലും ഓരോ ബാലവാടി സ്ഥാപിക്കുക, അർഹരായ എല്ലാ വനിതകൾക്കും വിധവാ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, അഗതി പെൻഷൻ എന്നിവ നല്കുക, ദരിദ്രവനിതകൾക്ക് വിവാഹത്തിന് സഹായധനം നൽകുക, സമൂഹവിവാഹം, ജാതിവ്യത്യാസം കൂടാതെ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുക. സ്ത്രീകൾക്ക് ജോലിയിൽ 50% സംവരണം ഏർപ്പെടുത്തുക. എല്ലാ പ്രൈമറി സ്ക്കൂളിനോടനുബന്ധിച്ച് പ്രീപ്രൈമറി സ്ക്കൂൾ തുടങ്ങുക, പോഷകാഹാരം ചിലവുകുറഞ്ഞ രീതിയിൽ എങ്ങനെ ഉണ്ടാക്കാം എന്നതിനെക്കുറിച്ച് അടുക്കളത്തോട്ടത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരിക്കുക.

കൊപ്രസംഭരിച്ച് വിപണനം നടത്തുന്നതിനുള്ള സഹകരണസംഘങ്ങൾ രൂപീകരിച്ച് വനിതകൾക്ക് പ്രത്യേക തൊഴിലവസരം ലഭ്യമാക്കണം. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ വനിതകൾക്കുള്ള കുടുംബാസൂത്രണമാർഗ്ഗങ്ങൾ ലഭ്യമാക്കുക, പഞ്ചായത്തിൽ ഒരു വനിതാകോളേജ് സ്ഥാപിക്കുക, വിധവകളുടെ മക്കൾക്കുള്ള സഹായധനം ഇരട്ടിയാക്കുക, സാമ്പത്തീക പിന്നോക്കം നിൽക്കുന്ന സ്ത്രീകൾക്ക് വിദ്യാഭ്യാസത്തിന് സഹായധനം നൽകുക, കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുവേണ്ട പരിശീലനവും സഹായവും ഏർപ്പെടുത്തുക.

പഞ്ചായത്തിൽ ഒരു ഭാരത് ബീഡി ഡിപ്പോയും ഒരു ദിനേശം ബീഡി കമ്പനിയും തുടങ്ങുക.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 3.2% പട്ടികജാതി വിഭാഗമാണ്. 1991ലെ സെൻസസ് പ്രകാരം 474 പട്ടികജാതിവിഭാഗക്കാർ പഞ്ചായത്തിലുണ്ട്. മൂന്ന് കോളനികളിലായാണ് ഇവർ താമസിച്ചുവരുന്നത്. ഈ വിഭാഗത്തിൽ 52.3% പുരുഷന്മാരും 47.7% സ്ത്രീകളും ഈ വിഭാഗത്തിൽപ്പെടുന്നു.

വിവിധ സർക്കാർ ഏജൻസികൾ മുഖാന്തിരം ഈ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഒട്ടേറെ സഹായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും സാമ്പത്തികരംഗത്തോ സാമൂഹികരംഗത്തോ വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. പല പദ്ധതികളെക്കുറിച്ചും അറിവില്ലാത്തതുകൊണ്ടും പദ്ധതിയുടെ പ്രയാസമേറിയതും, പ്രായോഗികമല്ലാത്തതുമായ നിബന്ധനകളുമാണ് ഇതിന് കാരണം.

സാമൂഹ്യസാമ്പത്തികരംഗത്ത് നിരവധികാലമായി ചൂഷണത്തിനു വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും, പുറമ്പോക്ക് ഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹ്യപുരോഗതി കൈവരിക്കാൻ സഹായകമായിട്ടുണ്ട്. പൊതുവായ ഈ വിഭാഗത്തിന്റെ ഉന്നമനത്തിന് കോളനികളിലൂടെ വിവിധ പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ടെങ്കിലും ഒറ്റപ്പെട്ടു താമസിക്കുന്ന കുടുംബങ്ങൾക്ക് പല ആനുകൂല്യങ്ങളും ലഭിക്കാതെ പോകുന്ന ഒരവസ്ഥയുണ്ട്.

ഈ വിഭാഗക്കാരുടെ പരമ്പരാഗതമായ തൊഴിലുകൾ ഇന്ന് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. ഇത്തരം വിഭാഗത്തെ സാമൂഹ്യസാമ്പത്തിക സാംസ്ക്കാരിക രംഗങ്ങളിൽ ഉയർത്തികൊണ്ടുവരുന്നതിനും ഇവർക്ക് അനുവദിക്കപ്പെട്ട ആനുകൂല്യങ്ങൾ യഥാവസരം വേണ്ടവിധം അറിയി[illegible]കി അർഹരായവർക്ക് ലഭ്യമാക്കുകയും ഇടനിലക്കാരന്റെ ചൂഷണത്തിൽ നിന്നും രക്ഷ

വിദ്യാഭ്യാസം

സാക്ഷരതാപ്രവർത്തനത്തിലൂടെ ഒരു പരിധിവരെ ഈ വിഭാഗത്തിൽപ്പെട്ട നിരക്ഷരരെ സാക്ഷരരാക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും, സാമൂഹ്യവും സാമ്പത്തികവുമായ കാരണങ്ങളാൽ ഇവരിൽ മുഴുവൻ ആളുകളേയും സാക്ഷരതാ കേന്ദ്രങ്ങളിൽ എത്തിക്കുവാൻ പ്രയാസം ഉണ്ടായിട്ടുണ്ട്. തുടർവിദ്യാഭ്യാസത്തിന്റെ അഭാവം കാരണം ഈ വിഭാഗത്തിലെ സാക്ഷരരിൽ കൂടുതൽ പേരും നിരക്ഷരരായി മാറിക്കൊണ്ടിരിക്കുകയാണ്. കുട്ടികളെ സ്ക്കൂളിലെത്തിക്കാൻ രക്ഷിതാക്കൾക്ക് വേണ്ടത്ര താല്പര്യമുണ്ടാവാറില്ല. കുടുംബബാധ്യത ഏറ്റെടുക്കേണ്ടിവരുന്നതുകൊണ്ട് പഠനം നിർത്തേണ്ടിവരുന്ന അവസ്ഥയും ചില കുട്ടികൾക്കുണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനുതകുമാറുള്ള ബോധവൽക്കരണപ്രവർത്തനങ്ങൾ സംഘടിപ്പിച്ചാൽ ഈ അവസ്ഥ മാറ്റിയെടുക്കുവാൻ കഴിയും. എസ്.എസ്.എൽ.സി, പ്രീഡിഗ്രി പരീക്ഷകളിൽ പരാജയപ്പെടുന്ന വിദ്യാർത്ഥികൾ തുടർന്ന് പഠിക്കുവാൻ തയ്യാറാകുന്നില്ല. ഇവരിൽ പലരും നിർമ്മാണ മേഖലയിലേക്കും, കൂലിപ്പണിയിലേക്കും വഴിമാറിപ്പോവുകയാണ്. ഉന്നതവിദ്യാഭ്യാസത്തിനുപോകുന്നവർ മറ്റു വിദ്യാർത്ഥികളെ അപേക്ഷിച്ച് വളരെ കുറവാണ്.
പട്ടികജാതി വിദ്യാർത്ഥികളുടെ കണക്ക് വിദ്യാഭ്യാസകാര്യങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

തൊഴിൽ:-

പായനെയ്ത്ത് മുതലായ പരമ്പരാഗത തൊഴിലിൽ നിന്ന് ഉപജീവനം കഴിച്ചുവന്ന ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം കാരണം ഇന്ന് ഈ തൊഴിൽ തുടർന്ന് ചെയ്യാൻ പറ്റാത്ത അവസ്ഥയിലാണ്. അതുകൊണ്ടുതന്നെ ഇവരിൽ പലരും കൃഷി തൊഴിലിലേക്കും, കെട്ടിടനിർമ്മാണതൊഴിലിലേക്കും മാറിയിട്ടുണ്ട്. ഏങ്കിലും ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പുവരുത്തുന്നതിനാവശ്യമായ പുതിയ തൊഴിൽ സംരംഭങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

പാർപ്പിടം:-

പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ സാധിച്ചിട്ടില്ലെങ്കിലും ഒരളവോളം സർക്കാർ ഏജൻസികൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. ഇന്ന് മിക്ക ഹരിജൻ കോളനികളിലും പരിമിതമായ സൗകര്യങ്ങളാണെങ്കിലും ചെറ്റക്കുടിലുകളിൽ നിന്നും പലരും മോചിതരായിട്ടില്ല. സർക്കാർ ആനുകൂല്യങ്ങൾ വേണ്ടരീതിയിൽ പ്രയോജനപ്പെടുത്താനോ, ലഭിച്ചവ തന്നെ വേണ്ടരീതിയിൽ സംരക്ഷിക്കാനോ അവർ താല്പര്യപ്പെടുന്നില്ല. ഇന്ന് വീടിനും കക്കൂസിനും കൂടി അനുവദിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ പണിപൂർത്തീകരിക്കാൻ പറ്റാത്ത ഒരവസ്ഥ നിലവിലുണ്ട്. സ്വന്തമായിഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് വീടുവെക്കാനാവശ്യമായ സാമ്പത്തികസഹായവും അനുവദിച്ചുകൊടുത്താൽ പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ സാധിക്കുന്നതാണ്.

ഈ വിഭാഗത്തിലെ ഭൂരിഭാഗം കുടുംബങ്ങൾക്കും കക്കൂസ് ഇല്ല. ഓരോ വീടിനും ഓരോ കക്കൂസ് അനുവദിച്ച് കൊടുത്ത് ഈ പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണ്.

പ്രശ്നങ്ങൾ

1. കോളനികളിൽ ശുദ്ധജലക്ഷാമം രൂക്ഷമാണ്.
2. ഭൂരിഭാഗം കുടുംബങ്ങൾക്കും സ്വന്തമായി കക്കൂസ് ഇല്ല.
3. സ്വന്തമായി വീടില്ലാത്ത കുടുംബങ്ങളുണ്ട്.
4. വീടു നിർമ്മിക്കാൻ ആവശ്യമായ സ്വന്തമായി സ്ഥലമില്ലാത്തവരുണ്ട്.
5. വീടും ചുറ്റുപാടും ശുചിത്വമില്ലാത്തവയാണ്.
6. കോളനികളിൽ വൈദ്യുതീകരിക്കാത്ത വീടുകളുണ്ട്.
7. ആരോഗ്യസംരക്ഷണസംവിധാനം മെച്ചപ്പെട്ടതല്ല.
8. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു.
9. കമ്യൂണിറ്റിഹാൾ വൈദ്യുതീകരിച്ചിട്ടില്ല. ഫർണിച്ചറുകൾ ഇല്ല.
10. കോളനികളിൽ ബാലവാടികൾ ഇല്ല.
11. നിർദ്ധനരായ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനു വേണ്ടത്ര ധനസഹായം നല്കുന്നതിന് പ്രാധാന്യം കല്പിക്കുന്നില്ല.

സാധ്യതകൾ

1. പൊതുകിണറുകൾ, ഹാൻറ് പമ്പുകൾ എന്നിവ സ്ഥാപിച്ചും ശുദ്ധജലവിതരണത്തിനാവശ്യമായ കിണറും, പമ്പുഹൗസും നിർമ്മിക്കുകയും പൈപ്പ്ലൈനുകൾ സ്ഥാപിക്കുകയും വേണം.
2. കക്കൂസ് ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം നൽകണം.
3. വീടില്ലാത്തവർക്ക് വീടു നിർമ്മിക്കാനാവശ്യമായ സാമ്പത്തികസഹായവും സ്ഥലവും ലഭ്യമാക്കമം.
4. കോളനികളിലെ വൈദ്യുതീകരിക്കാത്ത വീടുകൾ മുഴുവനും വൈദ്യുതീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.
5. തുടർ സാക്ഷരതാ പ്രവർത്തനം നടത്തണം.

6. പകർച്ച വ്യാധികളും, മാരകരോഗങ്ങളും തടയുന്നതിനാവശ്യമായ ബോധവൽക്കരണ ക്ലാസുകൾ നടത്തണം.
7. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് സഹായകരമായ രീതിയിലുള്ള ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിക്കണം.
8. ഒറ്റപ്പെട്ടു താമസിക്കുന്ന ഈ വിഭാഗത്തിലെ കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ കിട്ടുമെന്ന് ഉറപ്പുവരുത്തണം.
9. ഗവൺമെൻറിൽ നിന്നുള്ള ആനുകൂല്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ യഥാസമയം കോളനി നിവാസികളെ അറിയിക്കുവാനുള്ള സംവിധാനം വേണം. ■

വിഭവസമാഹരണം

തനത് വരുമാനം വളരെ കുറവുള്ള ഒരു രണ്ടാം ഗ്രേഡ് പഞ്ചായത്താണ് വലിയപറമ്പ് ഗ്രാമപഞ്ചായത്ത്. ജനസംഖ്യ 15,000 ആയ പഞ്ചായത്തിന്റെ വിസ്തീർണ്ണം 16.14 **Sq.K. M** ആണ്. ആകെയുള്ള 2522 കുടുംബങ്ങളിൽ ദാരിദ്രരേഖക്ക് താഴെയുള്ളവരായി 1110 കുടുംബങ്ങൾ ഉണ്ട്.

നമ്മുടെ കാർഷികരംഗം ഇന്ന് മുരടിക്കുകയാണ്. കൃഷിനിലങ്ങൾ താമസപറമ്പുകളായി അനുദിനം മാറുകയാണ്. ഉല്പാദന ക്ഷമത അനുദിനം ഇടിയുന്നു. കർഷകർ കാർഷികതൊഴിലാളികളായി മാറുന്നു. രാസവളത്തിന്റെ ഉപഭോഗം ഉണ്ടാക്കുന്ന ദോഷഫലങ്ങൾ ഒഴിവാക്കി ജൈവവളപ്രയോഗത്തിന് പ്രാധാന്യം നൽകണം. അതിനുള്ള മനോഭാവം കൃഷിക്കാരിൽ വളർത്തിയെടുക്കണം. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ വിഭവസമാഹരണം ഈ രംഗത്ത് വർദ്ധിപ്പിക്കാനാവില്ല.

നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന പ്രതിസന്ധികളിൽ ഒന്ന് വ്യാവസായികമേഖലയിലെ നിശ്ചലതയാണ്. കാര്യമായ ഒരു വലിയ വ്യവസായ സ്ഥാപനവും വലിയപറമ്പിലില്ല. ചെറുകിട വ്യവസായങ്ങൾ പേരിനുണ്ട്. ഈ രണ്ടു രംഗത്തും മുന്നേറ്റം നടത്തിക്കൊണ്ട്, വിഭവസമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ വെട്ടിത്തുറക്കാനാകണം. വൈദ്യുതിക്ഷാമം പ്രധാനപ്പെട്ട വെല്ലുവിളിയാണ്. വൈദ്യുതി കണക്ഷൻ കിട്ടാനും ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കാനും വിഷമം ഉണ്ടെന്ന തിരിച്ചറിവ്, വ്യവസായികളെ ഈ രംഗം ശൂന്യമാക്കാനാണ് പ്രേരിപ്പിച്ചത്. ഇതാണ് വ്യവസായരംഗം നേരിടുന്ന പ്രതിസന്ധിയുടെ പ്രധാന കാരണം. ഇത് പരിഹരിക്കാതെ ഈ രംഗത്ത് നിന്ന് പുതിയ വിഭവസമാഹരണത്തിനുള്ള സാധ്യത വളരെ കുറവാണ്.

ഈ രണ്ടു മണ്ഡലങ്ങളിലും ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ, ഗുണഫലങ്ങൾ താമസമന്യേ നേടാനാകും.

സർക്കാർ ഗ്രാൻറുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട നില ഇന്നും മാറിയിട്ടില്ല. ഒരു തരത്തിലുള്ള വിവേചനവും നിലനിർത്താതെ, ഗ്രാൻറുകൾ പിരിക്കുന്ന മേഖലയിൽ വെച്ച് തന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമനിർമ്മാണം നടത്തണം. സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാൻറുകൾ, വെഹിക്കിൾ ടാക്സ് തുടങ്ങിയവ ഉദാഹരണമായി എടുക്കണം. ഒന്നും രണ്ടും വർഷം കഴിഞ്ഞാണ് ഈ ഗ്രാൻറുകൾ പഞ്ചായത്തിലെത്തുന്നത്. ഇത് ഫണ്ടിന്റെ ദുരുപയോഗത്തിന് കാരണമാകുന്നു. ജനസംഖ്യ, ദാരിദ്രരേഖക്കിടയിലെ ജനസംഖ്യ, പട്ടികജാതി ജനസംഖ്യ, സ്ത്രീകളുടെ എണ്ണം എന്നിങ്ങനെ ജനസംഖ്യാനുപാതികമായി മാത്രമേ ഗ്രാൻറുകൾ വിതരണം ചെയ്യാൻ പാടുള്ളൂ. ഗ്രാൻറുകളുടെ നീതിപൂർവ്വകമായ വിതരണത്തിന് ഇതാവശ്യമാണ്.

പഞ്ചായത്തിന്റെ ധനസ്ഥിതി

പരിമിതമായ വരുമാന മാർഗ്ഗങ്ങളാണ് പഞ്ചായത്തിനുള്ളത്. കെട്ടിടനികുതി,തൊഴിൽ നികുതി, ലൈസൻസ് ഫീസ്. സംസ്ഥാന നികുതി വിഹിതം, അൺടൈസ് ഫണ്ട്, വിവിധ ഗ്രാൻറുകൾ തുടങ്ങിയവയാണ് മുഖ്യവരുമാന മാർഗ്ഗങ്ങൾ. എസ്റ്റാബ്ലിഷ്മെൻറ് ചെലവ് കഴിച്ചാൽ വികസനപ്രവർത്തനങ്ങൾക്ക് കാര്യമായ തുകയൊന്നും ബാക്കിയുണ്ടാകാറില്ല. കഴിഞ്ഞ മൂന്ന് വർഷകാലത്തെ വരവ് ചെലവ് കണക്ക് പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 1

വലിയപറമ്പ് ഗ്രാമപഞ്ചായത്ത് വരവ് സംബന്ധിച്ച വിവരങ്ങൾ

ഇനം	1993–94	1994–95	1995–96
എ. തനതുവരുമാനം			
1. കെട്ടിട നികുതി	44628 .30	48768 .00	52152 .00
2. തൊഴിൽ നികുതി	27790 .00	36005 .00	22905 .00
3. ലൈസൻസ് ഫീ	2462 .00	2622 .00	2798 .00
4. ലീസ്‌ലേലം പലവക	82177 .70	31277 .00	37151 .00
ആകെ	157058 .00	118672 .00	115006 .00
ബി. സർക്കാർ ഗ്രാൻറ്			
1. വസ്തുകൈമാറ്റചുങ്കം	207887 .00	171512 .00	27811 .00
2. അടിസ്ഥാനനികുതിഗ്രാൻറ്	24897 .00	28484 .00	28117 .00
3. എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ്	26703 .00	11317 .00	37523 .00
4. വി.ആർ.എം. ഗ്രാൻറ്	3449 .00	4199 .00	4524 .00
5. വി.റ്റി.സി. ഗ്രാൻറ്	–	22997 .00	32128 .00
6. അംബേദ്കർ ഗ്രാമം	77119 .00	–	–
7. എം.ഐ. ഗ്രാൻറ്	21000 .00	21000 .00	21000 .00
8. ബ്ലോക്ക് ഗ്രാൻറ്	5000 .00	–	–
9. മറ്റു ഗ്രാൻറുകൾ	–	3694 .00	28951 .00
ആകെ	366055 .00	263203 .00	178054 .00
സി. മറ്റിനങ്ങൾ			
1. ഉപാധിരഹിതഫണ്ട്	206000 .00	278100 .00	291540 .00
2. ജെ.ആർ.വൈ	256738 .00	142399 .00	240340 .00
3. വരൾച്ച, വെള്ളപ്പൊക്ക ദുരിതാശ്വാസം	100000 .00	–	–
ആകെ	562738 .00	683702 .00	531880 .00
മൊത്തം വരവ്	1085851 .00	1065577 .00	824940 .00

അവലംബം : പഞ്ചായത്ത് ഓഫീസ് രേഖകൾ

പട്ടിക 2

ചെലവ് സംബന്ധിച്ച വിവരങ്ങൾ

ക്രമനമ്പർ	ഇനം	1993–94	1994–95	1995–96
1	ഭരണം	115855 .00	145274 .00	165073 .00
2	പൊതുമരാമത്ത്	442540 .00	405879 .00	478600 .00
3	വിദ്യാഭ്യാസം	8809 .00	14017 .00	57975 .00
4	ജലവിതരണം,ആരോഗ്യം	1144 .00	103989 .00	72474 .00
5	തെരുവ് വിളക്ക്	11484 .00	11484 .00	11484 .00
6	മറ്റുള്ളവ	115175 .00	103996 .00	298114 .00
	ആകെ	695007 .00	784639 .00	918647 .00

നമ്മുടെ പഞ്ചായത്തിൽ കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞവർഷം 2798 രൂപ വസൂലാക്കിയിട്ടുണ്ട്. പക്ഷെ മുഴുവൻ കച്ചവടക്കാരെയും നികുതി കൊടുക്കുന്നവരാക്കാൻ കഴിഞ്ഞിട്ടില്ല. ലോൺ വാങ്ങേണ്ട ആവശ്യമുള്ളപ്പോഴോ, എന്തെങ്കിലും ആവശ്യത്തിന്നായി പഞ്ചായത്തിൽ വരുമ്പോഴോ നികുതി കൊടുക്കുന്ന സമ്പ്രദായമാണിപ്പോഴുള്ളത്.

കാർഷികവും അല്ലാത്തതുമായ കൂലിപ്പണികളിൽ ഏർപ്പെടുന്നവരാണ് നമ്മുടെ ജനങ്ങളിൽ മറ്റൊരു വിഭാഗം. നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും, പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലാണ് നികുതികൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം കൂട്ടാൻ കഴിയും. പഞ്ചായത്തിൽ നിലവിൽ വന്നിട്ടുള്ള ഗ്രാമസഭകളും വാർഡ് പ്രതിനിധികളും കൂട്ടായി പരിശ്രമിച്ച് കൊണ്ട് നികുതി കൊടുക്കേണ്ടവരെല്ലാം നികുതി കൊടുപ്പിക്കുന്ന സ്ഥിതി ഉണ്ടാകണം. എന്നാൽ നമ്മുടെ വികസന പ്രവർത്തനങ്ങൾ വളരെ മെച്ചപ്പെട്ട നിലയിൽ മുന്നേറും.

ഇങ്ങനെ നികുതിയായി തങ്ങളുടെ വരുമാനത്തിന്റെ ഒരു ചെറിയഭാഗം പഞ്ചായത്തിന് കൊടുക്കാൻ സാധ്യമാക്കുന്ന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. വിലക്കയറ്റം ദുസ്സഹമായിരിക്കുന്ന ഈ കാലഘട്ടത്തിൽ നികുതി മറ്റൊരു ഭാരമാവരുത്. വരുമാനത്തിന്റെ ഒരു ചെറിയ ശതമാനമേ നികുതിയായി പാടുള്ളൂ.
2. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കാൻ കഴിയണം.
3. നികുതി കൊടുക്കുന്നതു വഴി തങ്ങളും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്ക് ചേരുകയാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം. അതുകൊണ്ട് തന്നെ ചെലവിന്റെ കാര്യത്തിൽ സുതാര്യത ഉണ്ടായിരിക്കണം.
4. നികുതി പിരിക്കാൻ നേതൃത്വം കൊടുക്കാൻ വാർഡ് പ്രതിനിധികളും വാർഡ് വികസനസമിതിയും തയ്യാറാവണം. ഇതും ഒരു വികസനപ്രവർത്തനമാണെന്ന ധാരണ പഞ്ചായത്തിലെ ബഹുജന നേതാക്കൾക്കുണ്ടാകണം.
5. കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും അത് ജനങ്ങളെ ബോധ്യപ്പെടുത്താനുമുള്ള സംവിധാനം പഞ്ചായത്ത് ഓഫീസിൽ ഉണ്ടാകണം.

കെട്ടിടനികുതി

കെട്ടിടനികുതിയിൽ കഴിഞ്ഞ 10 വർഷങ്ങൾക്കിടയിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 10% നികുതി ചുമത്തുന്നതിന് പഞ്ചായത്തിന് നിയമപ്രകാരം അധികാരം സിദ്ധിച്ചിട്ടുണ്ടെങ്കിലും ഈ നാട്ടിലെ ജനങ്ങളുടെ താഴ്ന്ന സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് 8% കെട്ടിടനികുതി മാത്രമേ ചുമത്തിയിട്ടുള്ളൂ.

ഇപ്പോൾ കെട്ടിടനികുതി കണക്കാക്കുന്നത് ശാസ്ത്രീയമല്ല. നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം മാത്രമല്ല, ആഡംബരത്വവും വിലകൂടുതലുമുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. സ്ഥിരമായ ചുമരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തണം. വീട് നിർമ്മാണത്തിലെ അനാവശ്യധൂർത്ത് ഒഴിവാക്കാൻ നികുതി ഏർപ്പെടുത്തുമ്പോൾ സ്ലാബ് സമ്പ്രദായം ഏർപ്പെടുത്താവുന്നതാണ്. വീട് അസ്സെസ്സ് ചെയ്തത് എങ്ങനെയാണെന്ന് ഓരോ വീട്ടുടമസ്ഥനെയും ബോധ്യപ്പെടുത്താൻ ഉദ്യോഗസ്ഥൻമാർ തയ്യാറാവണം. കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ നികുതി കുറക്കണമെന്ന നിർദ്ദേശം വരുമാനത്തോത് കുറയ്ക്കുമെന്നതിനാൽ ഇപ്പോൾ പ്രായോഗികമല്ല.

വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്. നികുതി പിരിച്ചെടുക്കുവാനുള്ള സംവിധാനം ഒന്നുകൂടി ശക്തമാക്കേണ്ടതുണ്ട്. ഓരോ വാർഡിലും നികുതി പിരിക്കുന്ന ദിവസവും സ്ഥലവും സമയവും മുൻകൂട്ടി അവിടെയുള്ള വികസന സമിതിയെ അറിയിക്കുക. അവരുടെ ഇടപെടലോടെയും സഹകരണത്തോടെയും നികുതി പിരിച്ചെടുക്കുന്നത് കുടിശ്ശിക ഇല്ലാതാക്കാൻ സഹായിക്കും.

തൊഴിൽ നികുതി

പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിലും എയിഡഡ് സ്ക്കൂളുകളിലും മറ്റും ജോലിചെയ്യുന്നവരിൽനിന്നുമാത്രമേ തൊഴിൽ നികുതി ലഭിക്കുന്നുള്ളൂ. കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നുണ്ട്. ഇങ്ങനെയുള്ളവരല്ലാതെ തൊഴിൽ ചെയ്യുന്ന മുഴുവൻപേരും തൊഴിൽ നികുതി നൽകേണ്ടതാണ്. തൊഴിലാളികളെ മുഴുവനും പഞ്ചായത്തടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്ക്കീമിന്റെ കീഴിൽ കൊണ്ടുവരികയും അംഗത്വമുള്ളവരിൽ നിന്ന് തൊഴിൽ നികുതി വസൂലാക്കുകയും ചെയ്യാം. ഇത് കച്ചവടക്കാർക്കും നിർമ്മാണത്തൊഴിലാളിമാർക്കും ബാധകമാക്കാവുന്നതാണ്.

വിനോദ നികുതി

വിനോദ നികുതി ഇനത്തിൽ ഈ പഞ്ചായത്തിൽ വരുമാനം ഒന്നും തന്നെ ലഭിക്കുന്നില്ല. ഇവിടെ സനിമാശാലകൾ ഒന്നും തന്നെ ഇല്ല. ഇവിടെ നടത്തുന്ന പരിപാടികൾ പഞ്ചായത്തിന്റെ അനുമതി കൂടാതെ നടത്തുന്ന ഇന്നത്തെ അവസ്ഥ മാറണം. നടത്തുന്ന പരിപാടിക്ക് നിയമാനുസൃതമായ വിനോദനികുതി പിരിക്കുന്നത് കർശനമാക്കണം. ഇതിൽ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

മറ്റ് ധനാഗമമാർഗ്ഗങ്ങൾ

ലീസ് ഭൂമി :- നമ്മുടെ പഞ്ചായത്തിൽ പുറമ്പോക്കായി ധാരാളം ഭൂമിയുണ്ട്. ഇത് കൃത്യമായി അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള പ്രവൃത്തി അടിയന്തിരമായി നടത്തണം. ഇപ്പോൾ ലീസിനുകൊടുത്ത ഭൂമി തന്നെ ഏകദേശം 200 ഏക്കറോളം വരും. ലീസിന് ഭൂമി ഇനത്തിൽ കഴിഞ്ഞവർഷം 20,000 രൂപയാണ് വരുമാനം. ഇതു വളരെ കുറവാണ്. പ്രകൃതി ഒരുക്കികൊടുത്ത നല്ലൊരു വരുമാന മാർഗ്ഗം പാഴാക്കുകയാണ് ഇതുവരെ ചെയ്തത്.

ചകിരി അഴുക്കാൻ ഉപയോഗിക്കുന്ന ലീസ് ഭൂമിക്കുള്ള നിരക്ക് അടിയന്തിരമായി ഉയർത്തണം. ലീസ് എടുക്കാതെ ചകിരി അഴുക്കുന്നവരെ കണ്ടുപിടിക്കണം. കാരണമില്ലാതെ വെറുതെയിട്ടിരിക്കുന്ന ലീസ് ഭൂമി തിരിച്ചുപിടിക്കാനും ആവശ്യക്കാർക്ക് ലീസ്സിൽ കൊടുക്കേണ്ടതുമാണ്. പഞ്ചായത്ത് ലീസ് ഭൂമി അളന്നുതിട്ടപ്പെടുത്തി സംരക്ഷിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

മണൽവാരൽ

പുഴയിൽ നിന്ന് മണൽ വാരുന്നതിന് ഇപ്പോൾ ഒരു നിയന്ത്രണവും ഇല്ല. പുഴയിൽ നിന്ന് മണൽ വാരുന്നതിന് ലൈസൻസ് ഏർപ്പെടുത്താവുന്നതാണ്. ലേലം ചെയ്തുകൊടുക്കുന്നതും പരിഗണിക്കാവുന്നതാണ്. ഇപ്പോൾ എടുക്കുന്ന മണലിന്റെ അളവിനു പഞ്ചായത്തിനു യാതൊരു നിയന്ത്രണവും ഇല്ല. മണലെടുക്കുന്നത് നിശ്ചിത സമയത്തല്ലാത്തതിനാലും പല വഴിക്കും മണൽ കടത്തുന്നതുകൊണ്ടും ഇതിന്റെ അളവ് നിയന്ത്രിക്കുക സാധ്യമല്ല. പുഴയിൽ നിന്ന് മണൽ വാരുന്നതിനുള്ള കുത്താകാവകാശം മണൽ തൊഴിലാളികളുടെ സഹകരണസംഘങ്ങളുണ്ടാക്കി അവർക്കു കൊടുക്കുക മാത്രമേ, ഇതിന് നിയന്ത്രണം കൊണ്ടുവരുന്നതിന് വഴിയുള്ളൂ.

നമ്മുടെ പഞ്ചായത്തിൽ ഒരു നോർത്ത് മലബാർ ഗ്രാമീണ ബേങ്ക്, അഞ്ച് സഹകരണസൊസൈറ്റികളും മാത്രമാണുള്ളത്. കച്ചവടലൈസൻസുകൾ കച്ചവടം തുടങ്ങുന്നതിനുള്ള ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഇത് ശരിയാംവണ്ണം പിരിച്ചെടുക്കേണ്ടിയിരിക്കുന്നു. ഇത് പിരിച്ചെടുക്കുന്നതിന് വാർഡുതോറും കച്ചവടക്കാരുടെ കണക്ക് ശേഖരിക്കുകയും ലൈസൻസ് ഫീസ് പിരിച്ചെടുക്കുകയും വേണം. നമ്മുടെ പഞ്ചായത്തിൽ ടൂറിസ്സത്തിനു വൻസാധ്യതയുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വരുമാന സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല.
2. ഭരണച്ചെലവിലെ പ്രശ്നങ്ങൾ
3. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിലുള്ള തടസ്സങ്ങൾ

4. പ്രാദേശികാസൂത്രണങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിലുള്ള അസൗകര്യങ്ങൾ
5. വായ്പകളുടെ ലക്ഷ്യംവിട്ടുകൊണ്ടുള്ള വിനിയോഗം
6. സന്നദ്ധ പ്രവർത്തനങ്ങളിലെ താല്പര്യക്കുറവ്.

സാധ്യതകൾ

1. നികുതി പിരിവ് കാര്യക്ഷമമാക്കൽ
2. പുതിയ സേവനങ്ങൾ നല്കി അവയ്ക്ക് ചാർജ്ജ് ഈടാക്കൽ
3. നികുതിയുടെ മിനിമം നിരക്ക് ഉയർത്താനുള്ള നടപടികൾ
4. ഭരണച്ചെലവ് കുറയ്ക്കാൻ സാധ്യതയില്ല. അതുകൊണ്ട് വരുമാനം വർദ്ധിപ്പിക്കാതെ രക്ഷയില്ല.
5. പഞ്ചായത്ത് നിയമം നൽകുന്ന പുതിയ നികുതിയധികാരങ്ങൾ ഉപയോഗപ്പെടുത്തൽ
6. സന്നദ്ധപ്രവർത്തനങ്ങൾ
7. വിദ്യാഭ്യാസ, ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾക്കുള്ള നിധികൾ സ്വരൂപിക്കൽ
8. ധനകാര്യസ്ഥാപനങ്ങൾക്കു വേണ്ടിയുള്ള സ്കീമുകൾ തയ്യാറാക്കാൻ പ്രത്യേക സംവിധാനം.
9. പഞ്ചായത്തിന്റെ ചെലവുകൾ സുതാര്യമാക്കാൻ നടപടികൾ. ഉദാ:- കണക്കുകൾ അച്ചടിച്ച് പ്രസിദ്ധീകരിക്കുക, ഗ്രാമസഭയിൽ അവതരിപ്പിക്കുക.

4341